VIII റിപ്പോർട്ടുസമർപ്പണം

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിയാറും ഇരുപത്തിയേഴും റിപ്പോർട്ടുകൾ

ശ്രീ. പി. രാജു : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഇരുപത്തിയാറും ഇരുപത്തിയേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

ശ്രീ. പി.സി. ജോർജ് : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

IX ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻമേലുള്ള ചർച്ച

ശ്രീ. ആനത്തലവട്ടം ആനന്ദൻ : "2000 ഫെബ്രുവരി 18-ാം തീയതി ഗവർണ്ണർ കേരള നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കണാരൻ : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു'റബ്ബ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ഏറ്റുമുട്ടലുകളിൽ പ്രവർത്തകർ മരണമടയുന്നത് തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടത് സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ യാതൊന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ കേരള സംസ്ഥാനത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള പുതിയ പദ്ധതികളെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന സാമുദായ സംവരണാനുകൂല്യം സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ സി.പി.ഐ. (എം) അനുയായികളും ആർ.എസ്.എസ്., ബിജെ.പിക്കാരും തമ്മിൽ നടത്തുന്നതായി പറയപ്പെടുന്ന കൊലപാതകങ്ങളേയും കൈകാലുകൾ വിച്ഛേദിക്കുന്നതിനെയുംപ്പറ്റി ഒന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ മതന്യൂനപക്ഷങ്ങളായ ക്രൈസ്തവ സഭ സ്ഥാപിച്ചു നടത്തിക്കൊണ്ട് വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായ തൃശ്ശൂർ സെന്റ് തോമസ് കോളേജ്, ആലപ്പുഴ എസ്.ബി. കോളേജ്, കൂത്തുപ്പറമ്പ് നിർമ്മലഗിരി കോളേജ് എന്നിവിടങ്ങളിൽ ക്രമവിരുദ്ധമായ രീതിയിൽ സമരം നടത്തുകയും ക്രൈസ്തവ പുരോഹിതൻമാരേയും സഭയേയും ക്രൈസ്തവ സമൂഹത്തേയും വേദനിപ്പിക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തതായി പറയപ്പെടുന്നതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ കൊല്ലം എസ്.എൻ. കോളേജ് സമരത്തിൽ കരുതിക്കൂട്ടി നടത്തിയതായി പറയപ്പെടുന്ന അക്രമങ്ങളെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ പോലീസ് കസ്റ്റഡിയിൽ വച്ചുണ്ടാകുന്നതായി പറയപ്പെടുന്ന മരണങ്ങൾ ഭയാനകാംവിധം വർദ്ധിച്ചുവരുന്നതിനെപ്പറ്റിയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് മെച്ചപ്പെട്ട തോതിലുള്ള നഷ്ടപരിഹാരം നൽകാത്തതിനെയും പറ്റി പറയാത്തതിൽ ഖേദിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ മാനവീയത്തിന്റെ കേളികൊട്ട് ദിനത്തിൽ വിദ്യാർത്ഥികൾ സത്യാഗ്രഹികളെ കല്ലെറിയുകയും വേട്ടയാടുകയും ചെയ്തതായി പറയപ്പെടുന്നതിനേയും കൂത്തുപറമ്പിൽ സരസ്വതീ ക്ഷേത്രത്തിന്റെ അധിപനെ ദേഹോപദ്രവം ചെയ്തതായി പറയപ്പെടുന്നതിനേയും ഹരിപ്പാടിന് സമീപം ചേപ്പാട് പട്ടാപ്പകൽ പോലീസിന്റെയും ബഹുജനങ്ങളുടെയും മുൻപിൽ വച്ച് മദ്യനിരോധനപ്രവർത്തകനായ സതീഷ് കുമാറിനെ ചവിട്ടിക്കൊന്നതായി പറയപ്പെടുന്ന സംഭവത്തേയുംപ്പറ്റി ഒന്നും സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ലിറ്റിൽ ഫ്ളവർ അധികൃതരെ മർദ്ദിക്കുകയും ആശുപത്രി ഉപകരണങ്ങൾ ചവിട്ടിപ്പൊട്ടിച്ച് അപരിഹാരമായ നഷ്ടം ഉണ്ടാക്കുകയും ചെയ്തതായി പറയപ്പെടുന്ന സംഭവം ഉണ്ടായപ്പോൾ നികുതിദായകന്റെ പണമെടുത്ത് നഷ്ടപരിഹാരം നല്കിയ നടപടിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ കൊല്ലം ശ്രീനാരായണ കോളേജിൽ വിദ്യാർത്ഥി സംഘടന മനഃപൂർവ്വമായി കോളേജിന് നാശനഷ്ടം വരുത്തിയതിന്റെ പേരിൽ പ്രസ്തുത കോളേജിൽ നിന്നും ഒഴിവാക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന ആവശ്യത്തിന്റെ പേരിൽ നടത്തിയതായി പറയപ്പെടുന്ന അക്രമാസക്തമായ സമരത്തെയും എസ്.എൻ. കോളേജിനും കോളേജ് അധികാരികൾക്കും വേണ്ട സുരക്ഷിതത്വം നൽകണമെന്ന ഹൈക്കോടതി വിധിയെ ധിക്കരിച്ചുകൊണ്ട് ആ കോളേജ് പ്രിൻസിപ്പലിനെ ജില്ലാ കളക്ടർ, എസ്.പി. മുതലായ ഉന്നതോദ്യോഗസ്ഥരുടെയും സ്ഥലം എം.പി., എം.എൽ.എ. എന്നിവരുടെയും മുൻപിൽ വച്ച് ബന്ദിയാക്കി നിർബന്ധിച്ച് ഒത്തുതീർപ്പു കരാറിൽ ഒപ്പുവയ്പിക്കുകയും ചെയ്ത നടപടിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ക്രമസമാധാനപാലനത്തിന് നിയോഗിക്കപ്പെടുന്ന പോലീസ് ടി.വി. വാർത്തകളിൽ കാണുംപ്രകാരം വെട്ടുകയും ചുടുകല്ലും പെറുക്കി പൊതുജനങ്ങളെ ആഞ്ഞെറിഞ്ഞ് നിലത്തുവീഴിച്ച് കഠിനമർദ്ദനം നടത്തുന്ന നടപടിയെപ്പറ്റിയോ ഇത്തരം കിരാത നടപടി എന്നെന്നേക്കുമായി അവസാനിപ്പിക്കുന്നതിനെപ്പറ്റിയോ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ക്രമസമാധാന പാലനത്തിന് നിയോഗിക്കപ്പെടുന്ന പോലീസ് രാഷ്ട്രീയ പാർട്ടികളുടെ ഓഫീസിൽ അവിഹിതമായി പ്രവേശിച്ച് അവിടെയിരിക്കുന്നവരെ രോഷത്തോടെ മൃഗീയമായി മർദ്ദിക്കുകയും ഓഫീസ് തല്ലിത്തകർക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന നടപടിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീമതി രാധാ രാഘവൻ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ വ്യാപാരി വ്യവസായി സമരത്തോടനുബന്ധിച്ച് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ചെന്ന കെ.സി. വേണുഗോപാൽ എം.എൽ.എ.യെ സ്റ്റേഷനിലിട്ട് ഹൃദയഭേദകമായി മർദ്ദിച്ച സംഭവത്തിൽ കുറ്റക്കാരുടെ മേൽ ഇതുവരെ കേസെടുക്കാത്ത സംഭവത്തെയും അദ്ദേഹത്തെ കൊല്ലം ഡി.സി.സി. ഓഫീസിൽ എറിഞ്ഞു വീഴ്ത്തി ബൂട്ട്സിട്ട് ചവുട്ടി കൊലപ്പെടുത്താൻ ശ്രമിച്ചതായി പറയപ്പെടുന്ന സംഭവത്തെയും പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ജനകീയാസൂത്രണത്തിന്റെ പേരിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വീതിച്ചുകൊടുത്ത കോടിക്കണക്കിനു രൂപ ദുർവിനിയോഗം ചെയ്തതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ജനകീയ പോലീസ് എന്ന പദ്ധതികൊണ്ടുവന്ന് പാർട്ടി ഭരണവും പാർട്ടിക്കോയ്മയും സ്ഥാപിക്കാൻ പോകുന്നതായി പറയപ്പെടുന്ന ഏർപ്പാടിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ ഈ ഗവൺമെന്റിന്റെ ആവിർഭാവം മുതൽ ഇതുവരെ വാർഷിക പദ്ധതിക്ക് തുക വകയിരുത്തുന്നതിൽ നാമമാത്രമായ വർദ്ധനമാത്രം വരുത്തുകയും സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധനവ് മൂലം പ്രസ്തുത വർദ്ധന യഥാർത്ഥത്തിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തുകയും ചെയ്തതുമൂലം വികസന പ്രവർത്തനങ്ങൾ മുരടിക്കാൻ ഇടയായിയെന്നു പറയപ്പെടുന്ന കാര്യത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പദ്ധതിപ്രവർത്തനത്തിൽ ശുഷ്കാന്തി പ്രദർശിപ്പിക്കാതെ വലിയ ഭാഗം തുകയും ലാപ്സാക്കിക്കളയുവാനുള്ള സാഹചര്യം സൃഷ്ടിച്ചതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ ഭാഗമായി ജാമ്യം കൊടുത്ത വസ്തുവകകൾ നശിപ്പിക്കുകയും ജീവിക്കാൻ മാർഗ്ഗമില്ലാതെ ആത്മഹത്യ ചെയ്യുകയും ചെയ്തവരുടെ കുടുംബങ്ങൾക്ക് ആശ്വാസമെത്തിക്കാത്തതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ നൽകാത്തതിനെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ അനുദിനമെന്നോണം പെരുകി വരുന്ന രാഷ്ട്രീയ സംഘട്ടനങ്ങൾക്കറുതിവരുത്തുമെന്നോ രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുമെന്നോ പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ക്രൈസ്തവ ദേവാലയങ്ങളും കുരിശടികളും നശിപ്പിച്ചവരെ കണ്ടുപിടിക്കുകയോ ഇത്തരം സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകുമെന്ന് പറയുകയോ ചെയ്യാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ വ്യവസായ രംഗം ചലനാത്മകമാക്കുന്നതിനും പുതിയ വ്യവസായങ്ങൾ സ്ഥാപിച്ച് തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നതിനുമുള്ള നിർദ്ദേശങ്ങളൊന്നുമില്ലാത്തതിൽ ഖേദിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ തൊഴിലില്ലാത്തവരുടെ ലിസ്റ്റിന്റെ വലിപ്പം അനുദിനമെന്നോണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കൂടിവന്നിട്ടും ഫലപ്രദമായ തൊഴിൽദാന പദ്ധതികളൊന്നും പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ യുവജനങ്ങളുടെ തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനുള്ള യാതൊരു നിർദ്ദേശവും ഇല്ലാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ അഭ്യസ്ത വിദ്യർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള പദ്ധതികളൊന്നും പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ പ്ലസ് 2 കോഴ്സിലേക്കുള്ള അദ്ധ്യാപക നിയമനത്തിൽ മാനേജ്മെന്റിന്റെയും ഇതുവരെ നിയമിക്കപ്പെട്ട അദ്ധ്യാപകരുടേയും അവകാശങ്ങളെ ധ്വംസിക്കാൻ തക്കവിധത്തിലുള്ള ചട്ടങ്ങൾ നിർമ്മിക്കാൻ പോകുന്നതിനെപ്പറ്റി ഒന്നും പറയാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ പ്ലസ് 2 കോഴ്സ് അനുവദിച്ചതിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകുറ്റങ്ങളെപ്പറ്റി സൂചിപ്പിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ സംസ്ഥാനത്ത് വ്യാജമദ്യം പ്രചരിക്കുന്നതിന്റെ ഫലമായി തൊഴിലാളികളുടേയും താഴ്ന്നവരുമാനക്കാരുടേയും കുടുംബങ്ങൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന പട്ടിണിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ സംസ്ഥാനത്ത് വ്യാജമദ്യം നിയന്ത്രിക്കുവാനോ തടയുവാനോ യാതൊരു നടപടിയും സ്വീകരിക്കാത്തതിനെപ്പറ്റി യാതൊന്നും പറയാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായ മദ്യദുരന്തങ്ങളിൽ ജീവനോ, കാഴ്ചയോ നഷ്ടപ്പെട്ട ആളുകളുടെ ആശ്രിതർക്ക് ധനസഹായം ചെയ്യുന്നതിനുള്ള പദ്ധതികളെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ വൈദ്യുതി ബോർഡിന് താങ്ങാനാവാത്ത കടം വരുത്തിവച്ച് ആ ഋണഭാരം വൈദ്യുതി ഉപഭോക്താക്കളിലേക്ക് കടത്തിവിട്ട് ബോർഡിനെയും ഉപഭോക്താക്കളേയും ഒരേപോലെ അധഃപതിപ്പിക്കുന്ന നയത്തെപ്പറ്റി ഒന്നും പറയാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ സംസ്ഥാനത്ത് പവർകട്ടിലൂടെയും വിലവർദ്ധനവിലൂടെയും പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനെപ്പറ്റി യാതൊന്നും പറയാത്തതിൽ ഖേദിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം ഡി.സി.സി. ആഫീസുകൾ ആക്രമിച്ചതായി പറയപ്പെടുന്ന സംഭവത്തെ കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ കൊല്ലം, കാസർകോട് ജില്ലകളിൽ സി.പി.ഐ. പ്രവർത്തകരെ സി.പി.ഐ. (എം) പ്രവർത്തകർ മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ കൊല്ലത്ത് എ.ഐ.എസ്.എഫ്. വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തെപ്പറ്റി പരാമർശിക്കാതിരുന്നതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ സംസ്ഥാനത്തിന്റെ റവന്യു ചെലവിൽ നിത്യമെന്നോണം ഉണ്ടാകുന്ന വർദ്ധനമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധിയെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

എന്നാൽ മദ്യ നിരോധന പ്രവർത്തകരെ വധിക്കുകയും മൃഗീയമായി മർദ്ദിക്കുകയും ചെയ്യുന്നത് തടയുന്നതിനെപ്പറ്റി യാതൊന്നും തന്നെ പറയാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ വ്യാജമദ്യലോബിക്കെതിരെ പ്രവർത്തിച്ചതിന്റെ ഫലമായി കൊല്ലപ്പെടുകയോ സ്ഥിരവും സ്ഥായിയുമായ ശാരീരികാവശതയുണ്ടാവുകയോ ചെയ്യുന്നവരുടെ ആശ്രിതർക്ക് വേണ്ട സാമ്പത്തിക സഹായം നൽകുന്നതിനെപ്പറ്റി പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു.

നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

എന്നാൽ വ്യാജമദ്യം സാർവ്വത്രികമായതിനെയും മദ്യ ദുരന്തങ്ങൾ ഉണ്ടാകുന്നതിനേയും പറ്റി പരാമർക്കാത്തതിൽ ഖേദിക്കുന്നു.

Shri P. J. Francis : Sir, I move the following ammendments. Add the following at the end of the motion :

But regret to state that nothing is mentioned about the pathetic plight of those engaged in pisci culture of prawns due to the total death of prawns by the attack of an unknown disease.

Add the following at the end of the motion :

But regret to state that nothing is mentioned about giving free ration to the fishermen living in pain and penury on account of bad catch in monsoon season and other seasons.

LIBRARY ARCHIVES Kerala Legislative Assembly

Shri Ezhukone Narayanan : Sir, I move the following ammendments. Add the following at the end of the motion :

But regret to state that nothing is mentioned about the death of members of the Scheduled Tribes owing to starvation and lack of facilities for medical treatment.

Add the following at the end of the motion :

But regret to state that nothing is mentioned about providing full work to the workers engaged in the cashew industry in the State.

Shri P. J. Joy : Sir, I move the following ammendments. Add the following at the end of the motion :

But regret to state that nothing is mentioned about the repression let loose by the workers and followers of the CPI(M) on the one hand and the BJP-RSS Front on the other at Kannur District especially in the Panur-Thalassery belt and the uncountable maiming and chopping of hands and legs and slaughtoring of innocent people and the resort to arson with a view to terrorise and to prevent the followers from deserting their respective parties.

Shri K. Babu : Sir, I move the following ammendments. Add the following at the end of the motion :

But regret to state that nothing is mentioned about the annoyance and heart burn being experienced by the teaching and non-teaching staff of plus 2 course appointed prior to the issuance of the rules governing the qualifications, method of appoint etc. of such staff as it stipulates that they will have to pass the prescribed examination for being regularised in service.

Shri V. Balaram : Sir, I move the following ammendments. Add the following at the end of the motion :

But regret to state that nothing is mentioned in the address about the allegedly ever increasing incidence of crime in the State of geometrical progression and the unwillingness on the part of the Government to curb such crimes.

Add the following at the end of the motion :

But regret to state that nothing is mentioned about the slaughter of human beings allegedly perpetrated by the followers of the CPI(M) on the one side and the RSS-BJP on the other in order to terrorise people and to gain upper hand in the race for enlisting the followers.

Add the following at the end of the motion :

But regret to state that nothing is mentioned about the alleged felory committed by the followers of the CPI(M) on the followers of the CPI.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇൻഡ്യയുടെ അടിത്തറ സഹിഷ്ണതയാണ്. അതിനെ തകർത്ത് ഇൻഡ്യയെ കാവി അണിയിക്കുകയാണ്
12 NOON] ചിലരുടെ ലക്ഷ്യം. കേരളം പലതിലും മാതൃക കാണിക്കുന്ന സംസ്ഥാനമാണ് മതസൗഹാർദ്ദവും ഒരു മാതൃകയാണ്. അതു തകർത്താലേ മതമൗലിക ശക്തികൾക്ക് കേരളത്തെ കീഴ്പ്പെടുത്താനാകൂ. ഇൻഡ്യയെ മറ്റൊരു പാകിസ്ഥാൻ ആക്കുകയാണ് ചിലരുടെ ലക്ഷ്യം അതിന് ഭരണഘടന തന്നെ മാറ്റിത്തീർക്കുവാൻ അവർ ആഗ്രഹിക്കുന്നു. ഇൻഡ്യ ഇത്രയും കാലം നിലനിന്നു. ഇൻഡ്യാ മഹാരാജ്യത്തിന്റെ അന്ത്യം കുറിക്കുവാൻ അന്തകന്മാരുടെ റോളാണ് ബജ്റംഗ്ദൾ-ഉം ആർ.എസ്.എസ്.ഉം ബി.ജെ.പി.യും സ്വീകരിക്കുന്നത്. അതിന് കോൺഗ്രസ് പിന്തുണ നില്ക്കുകയാണ്. മഹാനായ അംബേദ്ക്കർ എന്ന ദളിതൻ ഉണ്ടാക്കിയ "ഭ്രഷ്ട്" ഉള്ള ഭരണഘടനയ്ക്ക് കീഴിൽ ജീവിക്കുവാൻ വിഷമമുണ്ട്. ഇത്രയും കാലം കടിച്ചമർത്തി ജീവിച്ചു. ഇനി അവരെക്കൊണ്ട് അത് താങ്ങുവാൻ ആവില്ല. ആര്യപുത്രന്മാർ തന്നെ ഭരണഘടന ഉണ്ടാക്കണം. ശുദ്ധമായ ഭരണഘടന. അതിന് വെങ്കിട ചെല്ലയ്യ അയ്യരെ ഏല്പിച്ചിരിക്കുകയാണ്. അയ്യർമാർക്ക് മാത്രമേ, ആര്യശ്രേഷ്ഠൻമാർക്ക് മാത്രമേ

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

രാജ്യം ഭരിക്കുവാനുള്ള ഭരണഘടന നിർമ്മിക്കുവാൻ പാടുള്ളു എന്നാണ് അവരുടെ മതവിശ്വാസം. ഇത് നടപ്പാക്കുകയാണ് കേന്ദ്ര ഗവൺമെന്റ്. ഇതിനോടുള്ള കോൺഗ്രസ്സിന്റെ നിലപാട് വ്യക്തമാക്കണം. ചരിത്ര നിയോഗം പോലെ ഒരു ദളിതൻ ഒരു കേരളീയൻ ശ്രീ. കെ.ആർ. നാരായണൻ തന്റെ അഭിപ്രായം നട്ടെല്ല് വളയ്ക്കാതെ വെട്ടിത്തുറന്ന് പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിലാണ് ഗവർണ്ണർ മതനിരപേക്ഷത കാത്തുസൂക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ നയപ്രഖ്യാപനം നടത്തിയത്. എന്നാൽ ഇവിടെ മൗലിക പ്രശ്നങ്ങൾ വിട്ടിട്ട് ഇന്ന് ഈ സഭ ആരംഭിക്കുമ്പോൾ തന്നെ ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. നമ്മുടെ നാടിന്റെ ക്രമസമാധാനത്തകർച്ച ലക്ഷ്യമിട്ട് കൊണ്ട്, ക്രമസമാധാനം തകർക്കേണ്ടത് ഇപ്പുറത്തുള്ളവരുടെ ആവശ്യമല്ല. കാരണം ഭരിക്കുന്നവരാണ്. ക്രമസമാധാനം തകർക്കേണ്ടത് അപ്പുറത്തുള്ളവരുടെ ലക്ഷ്യമാണ്. അതിനാണ് കേരളത്തിൽ ചില സംഭവങ്ങൾ ഉയർത്തിക്കൊണ്ട് വന്നത്. എസ്.എൻ. കോളേജ് പ്രശ്നത്തിൽ നിന്നാണ് ആരംഭം. എസ്.എൻ. കോളേജിൽ ചില ആളുകൾ പ്രിൻസിപ്പാളിനെ ബന്ദിയാക്കി. ആരാണ് ബന്ദിയാക്കിയത് ? കോളേജുകളിൽ പ്രശ്നം ഉണ്ടാകുന്നത് സ്വാഭാവികമാണ്. എസ്.എൻ. കോളേജിൽ മാത്രമല്ല, എല്ലാ കോളേജുകളിലും വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ പ്രശ്നം ഉണ്ടാകാം. എസ്.എൻ. കോളേജിൽതന്നെ 1948 മുതൽ പ്രശ്നം ഉണ്ടായിയിട്ടുണ്ട്. കോളേജിന് ഒരു കുഴപ്പവും സംഭവിച്ചിട്ടില്ല. അതിന്റെ മാഹാത്മ്യവും കുറഞ്ഞിട്ടില്ല. എന്നാൽ ഇപ്പോൾ കോളേജിൽ നടന്ന പ്രശ്നം, ക്രമസമാധാനത്തകർച്ചാ പ്രശ്നമായി ഉയർത്തിക്കൊണ്ടുവരേണ്ടത് അപ്പുറത്തുള്ളവരുടെ ആവശ്യമാണ്. അതിനാണ് കോളേജിലെ റീജിയണൽ കമ്മിറ്റിക്കാരെ ബന്ദിയാക്കിവച്ചത്. കോൺഗ്രസ്സും ബി.ജെ.പി.യും കൂടി ചേർന്നാണ് പ്രശ്നം തീർക്കാതിരുന്നത്. ആ റീജിയണൽ കമ്മിറ്റിക്കാർ പ്രിൻസിപ്പാളിനെ ബന്ദിയാക്കി. അദ്ദേഹത്തെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ് ഫെബ്രുവരി 1-ാം തീയതി വിദ്യാർത്ഥി പ്രതിനിധികൾ, ജനപ്രതിനിധികൾ, കളക്ടർ എന്നിവർ കൂടിച്ചേർന്ന് ആലോചിച്ചത്. അതോടുകൂടി ആ ബന്ധനം അവസാനിച്ചു. ഒരു കോളേജിൽ ഉണ്ടായ സാധാരണ പ്രശ്നം, വിദ്യാർത്ഥികൾക്കും പ്രിൻസിപ്പാളിനും പ്രശ്നം പരിഹരിക്കുവാൻ വിട്ടുകൊടുക്കാതെ, രാഷ്ട്രീയമായ മുതലെടുപ്പിനുവേണ്ടി ബി.ജെ.പി.യും കോൺഗ്രസ്സും ചേർന്ന് കോളേജ് മാനേജ്മെന്റിനെ ബന്ദിയാക്കിവെച്ചു ; ആ കോളേജ് മാനേജ്മെന്റ് പ്രിൻസിപ്പാളിനെ ബന്ദിയാക്കിവെച്ചു. ആ പ്രിൻസിപ്പാളിനെ മോചിപ്പിക്കുക എന്ന കർമ്മം മാത്രമേ അവിടെ നടത്തിയിട്ടുള്ളൂ. അതിനപ്പുറം ഒന്നും നടന്നിട്ടില്ല. അതേത്തുടർന്നാണ് ഹർത്താലും കല്ലെറിയലും തുടങ്ങിയത്. കൊല്ലത്ത് നടന്ന സംഭവങ്ങളെക്കുറിച്ച് പോലീസുകാർ ഭീകരമായ മർദ്ദനം അഴിച്ചുവിട്ടു എന്നാണ് ആക്ഷേപം. 40,000 പോലീസുകാർ അടങ്ങുന്നതാണ് നമ്മുടെ പോലീസ് സേന. അവർ മുഴുവനും മാർക്സിസ്റ്റുകാരല്ല. ശ്രീ. ഇ.കെ. നായനാർ നിയമിച്ചതും അല്ല. ആ പോലീസുകാരെക്കുറിച്ച് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണ് ? ശ്രീ. എ.കെ. ആന്റണിതന്നെ കേരളശബ്ദത്തിൽ ഒരു അഭിമുഖത്തിൽ പറഞ്ഞു. "ഉയർന്ന പോലീസ് ഓഫീസർമാരുടെ നിർദ്ദേശം അവഗണിച്ചുകൊണ്ടാണ് പോലീസ് ഡി.സി.സി. ഓഫീസിൽ കയറി അക്രമം കാട്ടുവാൻ തയ്യാറായതെന്ന്." ഇവിടെ ക്രമസമാധാനം തകർക്കേണ്ടത് ആരുടെ ആവശ്യമാണ് ? സി.പി.എം. അനുഭാവികളായ പോലീസുകാരുടേതാണോ ? ബി.ജെ.പി.ക്കും കോൺഗ്രസ്സിനും അനുഭാവികളായ പോലീസുകാരുണ്ട് അവരും നിങ്ങളും കൂടിച്ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമായിട്ടാണ് ചിലർക്കൊക്കെ തല്ല് കിട്ടിയത്. അതിനെ തുടർന്ന് ഹർത്താൽ സംഘടിപ്പിച്ചു. കൊല്ലം പട്ടണത്തിൽ നടന്ന ഹർത്താൽ ടി.വി.യിൽ നിങ്ങൾ എല്ലാപേരും കണ്ടതാണല്ലോ. വേറെ ഏതെങ്കിലും ഒരു ഗവൺമെന്റാണ് കേരളം ഭരിച്ചിരുന്നതെങ്കിൽ തല്ല് വാങ്ങിക്കൂട്ടുമായിരുന്നു. ശ്രീ. ഇ.കെ. നായനാരുടെ കർശനമായ നിർദ്ദേശം ഈ ഉദ്യോഗസ്ഥന്മാർ പാലിച്ചതുകൊണ്ടാണ് ; അല്ലെങ്കിൽ ഈസ്റ്റ് പോലീസ് സ്റ്റേഷനകത്ത് കയറി എറിഞ്ഞ്, അവിടത്തെ പോലീസുകാർക്ക് പരിക്കേൽപ്പിച്ചാൽ നേരെചൊവ്വേ പോകുമായിരുന്നോ ? എല്ലാപേരും കണ്ടിരിക്കുമല്ലോ ; എന്തെങ്കിലും പ്രകോപനം ഉണ്ടായോ? ഒരു പോലീസുകാരൻ എവിടെയെങ്കിലും അക്രമം നടത്തിയോ ? കൊല്ലം പട്ടണത്തിൽ തെരുവുയുദ്ധം നടത്തിയത്, ക്രമസമാധാനം തകർന്ന് എന്ന് വരുത്തിത്തീർക്കുവാനാണ്, നിങ്ങൾ പ്ലാൻ ചെയ്തത്. ട്രെയിൻഡ് ആർ.എസ്.എസ്.കാരെക്കൊണ്ടാണ് നിങ്ങൾ ആ പണി ചെയ്യിച്ചത്.

ശ്രീ. തമ്പാനൂർ രവി : സൂര്യ ടിവിയും ഏഷ്യാനെറ്റും ഒക്കെ കണ്ടോ ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സൂര്യാ ടിവിയും ഏഷ്യാനെറ്റും ഒക്കെ ഞാൻ കണ്ടതുതന്നെയാണ്. കൊല്ലം മുനിസിപ്പാലിറ്റി മന്ദിരം നിങ്ങളെ എന്തെങ്കിലും ചെയ്തോ ; എന്തിനാണ് അത് എറിഞ്ഞു പൊളിച്ചത് ? മുനിസിപ്പാലിറ്റി മന്ദിരം വന്ന് നിങ്ങളെ ആക്രമിച്ചില്ലല്ലോ ? തിരുവനന്തപുരത്ത് ഞാനും നിങ്ങളും കണ്ടല്ലോ ? സെക്രട്ടേറിയറ്റിന്റെ മുമ്പിലുള്ള കൺസ്യൂമർ ഫെഡറേഷന്റെ ഹെഡ് ഓഫീസിനകത്ത് കല്ലെറിഞ്ഞു. എന്തിന് അത് എറിഞ്ഞ് ഉടച്ചു ? സർക്കാർ ഓഫീസുകൾ സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിൽ കിടന്നാൽ അതിനെ എന്തിനാണ് നിങ്ങൾ എറിയുന്നത് ? ക്രമസമാധാനം തകർന്നു എന്ന് വരുത്താനാണ്. ഇതെല്ലാം ചെയ്തിട്ടും പോലീസുകാരെ

LIBRARY ARCHIVES Kerala Legislative Assembly

എറിഞ്ഞും അടിച്ചും ആശുപത്രിയിൽ കയറ്റിയിട്ടും പോലീസുകാർ തിരിച്ച് ഒന്നും ചെയ്തിട്ടില്ല. ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണ് ? ശ്രീ. എ.കെ. ആന്റണി തന്നെ പറയുകയാണ്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ നിർദ്ദേശം നല്കി തല്ലെരുതെന്ന്. എന്നിട്ട് ആർ.എസ്.എസ്., ബി.ജെ.പി., കോൺഗ്രസ് (ഐ) പോലീസുകാരിൽ ചിലർ കുഴപ്പം ഉണ്ടാക്കുന്നു. അതു നിങ്ങളുടെ ആവശ്യമാണ്. അവരെ കുഴപ്പമുണ്ടാക്കുവാൻ നിങ്ങൾതന്നെ പ്രേരിപ്പിക്കുന്നു. അവർ കല്ലെറിയുന്നു. എന്തിനാണ് ഈ രാജ്യത്ത് കല്ലെറിയുന്നത് ? ഈ ഗവൺമെന്റ് രാജി വയ്ക്കണമെന്ന് കഴിഞ്ഞ ദിവസം നിങ്ങൾ പ്ലക്കാർഡ് എഴുതികാട്ടി. എന്തിന് രാജി വയ്ക്കണം ? ഈ ഗവൺമെന്റ് വന്നതിനുശേഷം ആളുകളെ വെടിവച്ച് കൊന്നോ ? ഈ ഗവൺമെന്റ് വന്നതിനുശേഷം നാടു മുഴുവൻ മർദ്ദനം അഴിച്ചുവിട്ടോ ? ഈ ഗവൺമെന്റ് വന്നതിനുശേഷം നിങ്ങൾ കാട്ടിയ പോലുള്ള അഴിമതി കാട്ടിയോ ? ഈ ഗവൺമെന്റ് വന്നതിനുശേഷം വർഗ്ഗീയ കലാപം ഉണ്ടായോ ? പൂന്തുറ, വിഴിഞ്ഞം, മട്ടാഞ്ചേരി സംഭവം പോലുള്ളവ ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായോ ? ഉണ്ടായില്ല. അതുകൊണ്ട് നിങ്ങൾ കല്ലെറിയുകയാണ്. എന്തിന് നിങ്ങൾ കൺസ്യൂമർ ഫെഡറേഷൻ ഹെഡ് ഓഫീസിന് നേരെ കല്ലെറിഞ്ഞു ? സാധനങ്ങൾ മൊത്ത വിലയ്ക്ക് വാങ്ങി കുറഞ്ഞ വിലയ്ക്ക് നീതിസ്റ്റോറുകൾ മുഖേന വിതരണം ചെയ്ത് വിലനിലവാരം പിടിച്ചു നിർത്തുന്ന സ്ഥാപനമാണ് കൺസ്യൂമർ ഫെഡറേഷൻ. അതുകൊണ്ട് ആ സ്ഥാപനത്തിന് നേരെ കല്ലെറിയുക. നിങ്ങൾക്ക് വില കുറയ്ക്കുവാൻ കഴിയുമോ ? നിങ്ങളുടെ ഭരണകാലത്ത് മാവേലി സ്റ്റോറുകൾ ഇല്ല. നീതി സ്റ്റോറുകൾ ഇല്ല. വിലകുറച്ചു കൊടുക്കുന്ന പൊതുവിതരണ സമ്പ്രദായം ഇല്ല. അതെല്ലാം ഈ ഗവൺമെന്റിന്റെ കീഴിലുണ്ട്. അതുകൊണ്ട് ശ്രീ. ഇ.കെ. നായനാർ രാജി വയ്ക്കണം. ഞങ്ങളുടെ കാലത്ത് ഇല്ലാത്തത് ഇവിടെ എന്തിനാണ് നടപ്പാക്കുന്നത് ? അതാണ് കല്ലെറിയാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന വികാരം. രാജി വെച്ചില്ലെങ്കിൽ എറിയും. ഇതല്ലേ നിങ്ങളുടെ സിദ്ധാന്തം ? ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും പറഞ്ഞു, തലചായ്ക്കാൻ ഇടമില്ലാത്ത രണ്ട് ലക്ഷം ആളുകൾക്ക് സ്വന്തമായി കൂര പണിതുകൊടുക്കും. അതിനുള്ള നടപടിയായി മാർച്ച് മാസം 31 കഴിയുമ്പോഴേയ്ക്ക് ആയിരക്കണക്കിന് ആളുകൾക്ക് കൂരകൾ ഉയർന്നുവരും. അടുത്ത വർഷം മുതൽ കേരളത്തിൽ തലചായ്ക്കാൻ ഇടമില്ലാത്ത ആളുകൾ ഉണ്ടാവില്ല എന്ന് പ്രഖ്യാപനം നടത്തിയാൽ എറിയാതിരിക്കുവാൻ നിങ്ങൾക്ക് കഴിയുമോ ? നിങ്ങളുടെ ഭരണത്തിൽ എവിടെയെങ്കിലും അങ്ങനെ ഒരു സ്ഥിതിവിശേഷമുണ്ടോ ? കല്ല് എറിഞ്ഞോ പറ്റൂ. എറിയോട് എറി. അത് ഇവിടത്തെ ജനങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നിങ്ങൾ നടത്തുന്ന കല്ലെറിയൽ നിങ്ങൾക്ക് എതിരായി ജനങ്ങൾ തിരിച്ചെറിയുന്ന കാലം വരും. മറ്റൊന്ന് ഇവിടെ ചെയ്യുന്നത് പ്രതിമകൾ തകർക്കലാണ്. ഓരോ എം.എൽ.എ.മാർക്കും കാട്ടയിട്ട് കൊടുത്തിട്ടുണ്ട് ഇത്ര പ്രതിമകൾ തകർക്കണമെന്ന്. ചെങ്ങന്നൂരിൽ ശ്രീമതി ശോഭനാജോർജ്ജിന് ഒരു കാട്ട ഉണ്ടായിരുന്നു. അത് തകർത്തു. ആ പ്രതിമ തകർത്തതിന്റെ പ്രതിഷേധത്തിന് വന്നയാൾ തന്നെയാണ് ആറന്മുളയിലെ പ്രതിമ തകർക്കുവാൻ വന്നത്. ഇത് മനോരമ പത്രമാണ്. ഇതിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാളുകളെ പിടിച്ചു. ഒരു ആട്ടോറിക്ഷാക്കാരൻ വണ്ടി പാർക്ക് ചെയ്യുവാൻ പോയപ്പോൾ ഒരു മന്ദിരത്തിനു മുകളിൽ കുശുകുശുപ്പ്. അയാൾ റബ്ബർ മരത്തിൽ കയറി നോക്കി. അപ്പോൾ രണ്ടുപേർ ശ്രീനാരായണമന്ദിരത്തിന് മുകളിൽ ഇരിക്കുന്നു. ആറന്മുള പഞ്ചായത്തിലെ എസ്.എൻ.ഡി.പി. ശാഖാ മന്ദിരത്തിന് നാശനഷ്ടം വരുത്തുവാൻവന്ന രണ്ടു യുവാക്കളെ നാട്ടുകാർ തടഞ്ഞ് പോലീസിൽ ഏൽപ്പിക്കുകയാണ് ചെയ്തത്. ശാഖാമന്ദിരത്തിനോട് ചേർന്നുള്ള ഭജന മഠത്തിന് മുകളിൽനിന്ന് വ്യാഴാഴ്ച രാത്രി 10.30 മണിക്ക് വല്ലന ശശി വിലാസത്തിൽ സതീഷ്, (യൂത്ത് കോൺഗ്രസ്) വിജയ വിലാസത്തിൽ അരുൺ (യൂത്ത് മൂവ്മെന്റ്) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇത് മനോരമ പത്രമാണ്. ഫെബ്രുവരി 19-ാം തീയതിയിലെ മലയാള മനോരമയാണ്. ചെങ്ങന്നൂരിൽ ഗുരുപ്രതിമ തകർത്ത സംഭവത്തിൽ പ്രതിഷേധിച്ച് വ്യാഴാഴ്ച നടത്തിയ ഹർത്താലിൽ പ്രതികൾ സജീവമായി പങ്കെടുത്തിരുന്നതായി പോലീസ് പറഞ്ഞു. ഇത്തരത്തിൽ കൂലിക്ക് ആളിനെ വിട്ടിരിക്കുകയാണ്. ശ്രീ. തമ്പാനൂർ രവിയുടെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിലും പ്രതിമ തകർത്തു. ശ്രീ. രവിയുടെ കാട്ട തികച്ചു. ഇങ്ങനെ ഓരോ സ്ഥലത്തും ലക്ഷ്യമിട്ടുകൊണ്ട് പ്രതിമ തകർക്കുകയാണ്. ഇങ്ങനെ പ്രതിമ തകർക്കുന്നത് മതേതരത്വം തകർക്കലാണ്. ശ്രീ. നരസിംഹറാവുവിന്റെ കാലത്ത് ബാബറി മസ്ജീദ് തകർത്തതിന്റെ ശിക്ഷ അനുഭവിച്ചുകൊണ്ടാണ് നിങ്ങൾ ഈ മൂലയിൽ ഒതുങ്ങിയത്. ഇൻഡ്യയുടെ ദേശീയ താൽപ്പര്യവും ദേശീയ മതേതരത്വവും തകർന്നത് ശ്രീ. റാവുവിന്റെ കാലത്ത് ബാബറി മസ്ജീദ് തകർത്തതോടെയാണ്. അന്നു ശ്രീ. ആന്റണി പറഞ്ഞത് നിങ്ങൾക്ക് ഓർമ്മയില്ലേ ? ശ്രീ. എ.കെ. ആന്റണി അന്ന് പറഞ്ഞത് ഭൂരിപക്ഷ ജനവിഭാഗങ്ങളുടെയും വികാരം മനസ്സിലാക്കണമെന്നാണ്. അതുകൊണ്ട് ബാബറി മസ്ജീദ് തകർത്തതിൽ കുഴപ്പമില്ല. ഇപ്പോൾ ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർക്കുമ്പോഴും ശ്രീ. എ.കെ. ആന്റണിയുടെ അഭിപ്രായം അതുതന്നെയാണോ ? പ്രതിമ തകർത്തുകൊണ്ട് നിങ്ങൾ രക്ഷപ്പെടുമോ ? പ്രതിമ തകർക്കേണ്ടതും ശ്രീനാരായണ ദർശനങ്ങൾക്കെതിരെ ആക്രമണം നടത്തേണ്ടതും ശ്രീനാരായണഗുരു ഉയർത്തിപ്പിടിച്ച മതേതരത്വം തകർക്കേണ്ടതും ഫാസിസ്റ്റു ശക്തികളുടെ ആവശ്യമാണ്. ഒരു കമ്മ്യൂണിസ്റ്റുകാരൻ, കമ്മ്യൂണിസത്തിന്റെ കാറ്റ് ഏറ്റിട്ടുള്ളവൻ ശ്രീനാരായണഗുരു പ്രതിമയ്ക്കു നേരെ കയ്യോങ്ങുകയില്ല. കല്ലെറിയുകയില്ല. എന്തുകൊണ്ടെന്നറിയാമോ ? ശ്രീനാരായണ പ്രസ്ഥാനത്തിൽ നിന്ന് ആവേശം കൊണ്ടവരാണ്. ശ്രീനാരായണദർശനങ്ങൾ ഉഴുതുമറിച്ച മണ്ണിലാണ് കേരളത്തിലെ പുരോഗമന പ്രസ്ഥാനത്തിന്റെ വിത്ത് കമ്മ്യൂണിസ്റ്റു പാർട്ടി വിതറിയിട്ടുള്ളത്. ഞങ്ങൾ വളർന്നത് അതിൽ വിശ്വാസം ഉള്ളവരായിട്ടാണ്. രവീന്ദ്രനാഥ ടാഗോറും സ്വാമി വിവേകാനന്ദനും ബംഗാളിലുണ്ടായിരുന്നതുകൊണ്ടാണ് അവിടെ കമ്മ്യൂണിസം വളരുന്നതിന് സഹായകമായത്. ഫ്യൂഡലിസത്തിന്റെ തായ്വേര് അറുക്കുന്നതിന്.....

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ശ്രീനാരായണ പ്രസ്ഥാനത്തെപ്പറ്റി ആവേശം കൊണ്ട് പ്രസംഗിക്കുന്നതുകൊണ്ട് ഒരു ചോദ്യം ചോദിക്കുകയാണ്. പഴയ കാലത്ത് എസ്.എൻ.ഡി.പി.യിൽ പ്രവർത്തിക്കുന്നു എന്നു പറഞ്ഞാണ് പി. ഗംഗാധരനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയതെന്ന കാര്യം ഓർമ്മയുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : എസ്.എൻ.ഡി.പി. യോഗത്തിൽ പ്രവർത്തിക്കാൻ പി. ഗംഗാധരൻ പോയതും അവസാനം കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനം ഉപേക്ഷിച്ച് എസ്.എൻ.ഡി.പി. യുടെ യോഗത്തിനു മാത്രം പോകുമ്പോൾ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നിൽക്കാൻ പറ്റുകയില്ല എന്നുള്ളത് ശ്രീമതി ഗൗരിയമ്മയ്ക്ക് അറിയാവുന്ന കാര്യമാണ്. ശ്രീമതി ഗൗരിയമ്മ ഇപ്പോൾ എവിടെയാണ് ? എസ്.എൻ.ഡി.പി. യോഗത്തിന് കല്ലെറിയുന്നവരുടെ കൂടെയാണോ ?..... (ബഹളം).....ശ്രീമതി ഗൗരിയമ്മ പ്രതിമ തകർക്കുന്നവരുടെ കൂടെയാണോ ? അതോ അതിനെ എതിർക്കുന്നവരുടെ കൂടെയാണോ ? ഏതിന്റെ കൂടെയാണ് നിൽക്കുന്നത് ? ഞാൻ പ്രതിമ തകർക്കുന്നവർക്കെതിരാണ്. ബംഗാളിലും കേരളത്തിലും ശ്രീനാരായണ ഗുരുദേവന്റെയും രവീന്ദ്രനാഥ ടാഗോറിന്റെയും സ്വാമി വിവേകാനന്ദന്റെയും സംഭാവനകൾ ഉള്ളതുകൊണ്ടാണ് അവിടെയെല്ലാം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക്, ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വളരാനുള്ള വളക്കൂറുള്ള മണ്ണുണ്ടായത്. എന്തുകൊണ്ടാണിത് രാജസ്ഥാനിലുണ്ടാകാത്തത് ? എന്തുകൊണ്ടാണ് ഇടതുപക്ഷ പ്രസ്ഥാനം യു.പി.യിൽ വളരാത്തത് ? മദ്ധ്യപ്രദേശിൽ എന്താണ് വളരാത്തത് ? മഹാരാഷ്ട്രയിൽ എന്താണ് വളരാത്തത് ? ഇടതുപക്ഷപ്രസ്ഥാനങ്ങളും പുരോഗമനപ്രസ്ഥാനങ്ങളും അവിടെയുണ്ടാകാത്തതിന്റെ കാരണം. അവിടെ നവോത്ഥാന നായകൻമാരുണ്ടായില്ല എന്നുള്ളതു തന്നെ. ഇതു മനസ്സിലാക്കുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. അതുകൊണ്ടാണ് ഞങ്ങൾ ശ്രീനാരായണ ഗുരുവിന്റെ പ്രതിമയെ ആക്രമിക്കുന്നവരേയും അതിനു വേണ്ടി നിങ്ങൾ നടത്തുന്ന നടപടികളെയും ശക്തിയുക്തം എതിർക്കുന്നത്. ശ്രീമതി ഗൗരിയമ്മ അടക്കമുള്ള ആളുകൾ അപ്പുറത്തിരിക്കുമ്പോഴല്ലേ ശിവഗിരി തല്ലിതകർത്തത് ? ശ്രീ. എ.കെ. ആന്റണിയും കൂട്ടരുമല്ലേ അത് നടത്തിയത് ? ശ്രീ. എ.കെ. ആന്റണിയുടെ.....(ബഹളം).....നിങ്ങൾക്കൊരു ലക്ഷ്യമുണ്ട്..... (ബഹളം).....നിങ്ങളെന്തിനാണ് ബേജാറാകുന്നത് ? ശ്രീ. എ.കെ. ആന്റണി ശിവഗിരി അടിച്ചു തകർത്തശേഷം പിറ്റേന്ന് ഹർത്താൽ ദിനമാണെങ്കിലും പോയത് എവിടെയാണെന്നറിയുമോ ? ശ്രീമതി മാതാ അമൃതാനന്ദമയിയുടെ മഠത്തിലാണ്. അവിടെയാരാണ് അദ്ദേഹത്തെ സ്വീകരിക്കാനിരുന്നത് ? അമൃതാനന്ദമയിയുടെ ആശ്രമത്തിൽ ശ്രീ. എ.കെ. ആന്റണിയെ സ്വീകരിക്കാൻ ഒരാളുണ്ടായിരുന്നു. ആരാണെന്നറിയാമോ ? ശ്രീ. ഒ. രാജഗോപാൽ. രാജഗോപാലും ശ്രീ. എ.കെ. ആന്റണിയും കോൺഗ്രസ്സും കൂടി ആലോചിച്ചിട്ടാണ്.....

ശ്രീ. കെ. ബാബു : പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. എന്താണ് പോയിന്റ് ഓഫ് ഓർഡർ. മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ പോയി എന്നു പറയുന്നതിൽ എന്തു പോയിന്റ് ഓഫ് ഓർഡറാണുള്ളത്. ഒരു റൂളുമില്ലാത്ത പോയിന്റ് ഓഫ് ഓർഡറാണ്.....ശിവഗിരി മഠം എറിഞ്ഞു തകർത്തിട്ട്.....

ശ്രീ. കെ. ബാബു : സർ, പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ സമൂഹത്തിലെ ഒരു വലിയ വിഭാഗം ആളുകൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മാതാ അമൃതാനന്ദമയിയെ ശ്രീമതി അമൃതാനന്ദമയി എന്ന് ശ്രീ. ആനത്തലവട്ടം ആനന്ദൻ സംബോധനചെയ്തത് ഓർഡറിലാണോ ?.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : എല്ലാ ബഹുമാനത്തോടും കൂടി തന്നെയാണ് ശ്രീ. എ.കെ. ആന്റണി മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ പോയതെന്നു ഞാൻ പറഞ്ഞത്. അതിൽ യാതൊരു തർക്കവുമില്ല. ഇന്ന് ശിവഗിരിയെക്കുറിച്ചും പിന്നോക്ക ജാതിക്കാരെക്കുറിച്ചും ശ്രീനാരായണ ഗുരുവിനെ കുറിച്ചും ഊറ്റം കൊള്ളുന്ന ആളുകൾ അപ്പുറത്തിരിപ്പുണ്ട്. അവരെല്ലാം ഈ സംസ്ഥാനം ഭരിക്കുന്ന അവസരത്തിലാണ് ഇതെല്ലാം നടന്നത്. ശ്രീ. പ്രതാപ് സിംഗ് അന്തരിച്ച ദിവസമാണ് എസ്.എൻ. കോളേജ് പ്രിൻസിപ്പാളിനെ തടഞ്ഞുവച്ചതെന്ന് അപ്പുറത്തുള്ളവർ പറഞ്ഞു. പ്രതാപ് സിംഗിന്റെ മുതുകു തല്ലിപ്പൊളിച്ച ആളുകളാണ് അപ്പുറത്തിരുന്നു പ്രസംഗം നടത്തുന്നത്. പോലീസിനെ വിട്ടാണ് മർദ്ദിച്ചത്. ഞാൻ കണ്ടതാണ്. ആർ. ശങ്കറിന്റെ മകൻ മോഹൻ ശങ്കറിനെ അടിച്ച് ആശുപത്രിയിലാക്കി. ഇപ്പോൾ പ്രതിമ തകർത്തു എന്നു പറഞ്ഞുകൊണ്ട് അവിടെ നിരാഹാരം കിടക്കാൻ പോയ സുവർണകുമാറിന്റെ മുതുകു തല്ലിപ്പൊളിച്ചു. അവിടെയുള്ള പവിത്രാനന്ദ സ്വാമിയെ, വയസ്സായ എൺപതു വയസ്സോളമായ ആളിന്റെ ചുണ്ട് അടിച്ചുമുറിച്ചു. മുതുക് തല്ലിപ്പൊളിച്ചു. ഈ പണി മുഴുവൻ ചെയ്തിട്ടാണ് ശ്രീ. എ.കെ. ആന്റണി ആശ്രമത്തിൽ ചെന്നത്. അപ്പോഴാണ് ശ്രീ. ആന്റണിയെ കൈകൊടുത്തു സ്വീകരിക്കാൻ ഒരാൾ അവിടെ നിൽക്കുന്നത്. ശ്രീ. ഒ. രാജഗോപാൽ. പിന്നോക്കസമുദായങ്ങൾ, അവർ വിശ്വസിക്കുന്ന ആരാധിക്കുന്ന, ബഹുമാനിക്കുന്ന നാരായണഗുരുവിന്റെ ആസ്ഥാനം ആക്രമിച്ചു തകർക്കാനും പിന്നോക്കവിഭാഗത്തെ കീഴ്പ്പെടുത്താനും ശ്രമം നടത്തി പരാജയപ്പെട്ടു. അധികാരം ഉപയോഗിച്ച് സ്വാധീനിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. പിന്നോക്കവിഭാഗക്കാരെയും ദളിതരെയും കേരളത്തിൽ സ്വാധീനിക്കാനുള്ള സ്ട്രാറ്റജി ആണ് ഇന്ന് ബി.ജെ.പി. ആവിഷ്ക്കരിച്ച് കൊണ്ടിരിക്കുന്നത്. ആ സ്ട്രാറ്റജി നടപ്പാക്കാനാണ് ശ്രീ. എ.കെ. ആന്റണിയും നടക്കുന്നത്. ശിവഗിരി പ്രശ്നത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു കൂട്ടർ അന്ന് ജാഥ നടത്തി. ആരാണെന്നറിയാമോ ? കുമ്മനം രാജശേഖരനും ഹിന്ദുമുന്നണിയുടെ നേതാവായ ജെ. ശിശുപാലനും. ഇവിടെയിപ്പോൾ ശ്രീ. കെ. ബാബു രോഷം കൊണ്ടു. കൂർക്കഞ്ചേരിയിൽ നിന്ന് പുറപ്പെട്ട ജാഥയ്ക്ക് സ്വീകരണം കൊടുക്കാൻ പോയ മാന്യനാണ് അദ്ദേഹം. ഇനിയുമുണ്ട് ഒരാൾ. ശ്രീ. കെ.പി. വിശ്വനാഥൻ. രണ്ടാളുകളും എന്തിനാണ് പോയത് ? ശിവഗിരി തല്ലിപ്പൊളിച്ചത് ശരിയാണെന്ന് പറഞ്ഞ് ജാഥ നടത്തിയ സന്യാസിമാരെ സ്വീകരിക്കാൻ പോയ ആളുകളാണ് അവർ രണ്ടുപേരും. എന്നിട്ട് നാരായണഗുരുവിനെ കുറിച്ച് പറയുമ്പോൾ ഊറ്റം കൊള്ളുകയാണ്. പിന്നോക്ക ജാതിക്കാരെ, ഈഴവ സമുദായക്കാരെ വശത്താക്കാനാണ് ഇപ്പോൾ വ്യാമോഹം. ഈഴവ സമുദായക്കാരെ കയ്യിലെടുക്കാൻ നടക്കുന്ന ആളുകളോട് പറയുകയാണ്. മുൻപിലിരിക്കുന്ന രണ്ടുമൂന്നു നേതാക്കൻമാരെ ഇപ്പോൾ കാണാനില്ല. ശ്രീ. കെ.എം. മാണി, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. ആർ. ബാലകൃഷ്ണപിള്ള എന്നിവരുടെയെല്ലാം പാർട്ടിയുടെ ജനനം എങ്ങനെയാണ് ? ശങ്കറിനെ കോൺഗ്രസ് മുഖ്യമന്ത്രിയാക്കാൻ തീരുമാനിച്ചു. ആർ. ശങ്കറിനെ മുഖ്യമന്ത്രിയാക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് കോൺഗ്രസിനെ രണ്ടായി വെട്ടിപ്പിളർന്നു. ഒരു കഷണം കേരളാ കോൺഗ്രസ് ആണെന്നു പറഞ്ഞുപോയ ശ്രീ. മാണിയും, ശ്രീ. ജേക്കബും ശ്രീ. ബാലകൃഷ്ണപിള്ളയും

ഈഴവരോട് വലിയ സ്നേഹം കാണിക്കുന്നു. പാർട്ടിയെ രണ്ടായി വെട്ടിപ്പിളർന്നു. ഈഴവ സമുദായത്തോട് അവഗണന കാണിക്കുന്നു എന്ന് ആക്ഷേപിക്കുന്ന നിങ്ങൾ അതറിയണം. 1958-ൽ സഖാവ് ഇ.എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് Kerala State Subordinate Service Rules പ്രകാരം ക്ലാസ്-4 ഉദ്യോഗങ്ങൾക്ക് ഈഴവർക്ക് 14 ശതമാനം സംവരണം ഏർപ്പെടുത്തിയത്. അത് 11 ശതമാനമായി വെട്ടിക്കുറച്ചത് ആരാണ്? എസ്.എൻ.ഡി.പി.യുടെകൂടി നേതാവായിരുന്ന കോൺഗ്രസ് നേതാവ് എം.കെ. രാഘവൻ മന്ത്രിയായിരുന്ന മന്ത്രിസഭയാണ്, എന്നിട്ടിപ്പോൾ ഈഴവരെ പിടിക്കാൻ നടക്കുകയാണ്. ഈഴവരും ദളിത് വിഭാഗവും ഈ രാജ്യത്തെ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെ നട്ടെല്ലാണ്. അവരെ നിങ്ങളുടെ ചട്ടുകങ്ങളായി കിട്ടുന്നവരല്ല. അവർ ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങളെ മാനിക്കുന്നവരാണ്. ഇന്ത്യയുടെ ഭരണഘടന എഴുതിവയ്ക്കുന്നതിന് ഡോ. അംബേദ്ക്കറിന് പ്രചോദനം നൽകിയ ആളാണ് ശ്രീനാരായണഗുരുദേവൻ. മതേതരത്വം എന്ന സങ്കല്പം ആ ഭരണഘടനയിൽ വന്നുവെങ്കിൽ അതിന് അരനൂറ്റാണ്ടിനുമുമ്പ് ഇന്നേയ്ക്ക് 112 വർഷങ്ങൾക്കുമുമ്പ് അരുവിപ്പുറത്ത് നെയ്യാറിൽനിന്നും ഒരു കല്ലെടുത്ത് പ്രതിഷ്ഠിച്ചപ്പോൾ സവർണ്ണപ്രമാണിവർഗ്ഗം മുഴുവൻ ചോദ്യം ചെയ്യാനെത്തി. അവർണ്ണനെങ്ങനെ പ്രതിഷ്ഠ നടത്തി പൂജാദി കർമ്മങ്ങളില്ലാതെ, മന്ത്രധ്വനിയില്ലാതെ ? ഗുരുദേവൻ മറുപടി പറഞ്ഞു, "ഞാൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചത്." എന്നിട്ട് അവിടെ എഴുതിവച്ചു. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' ഞാൻ ചോദിക്കട്ടെ, ഈ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന പാർട്ടി ഈ ഭൂമുഖത്ത് ഏതാണ് ? ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാലോകത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം ഏതാണ് ? നിങ്ങളിൽ ഏതെങ്കിലുമുണ്ടോ ആ കൂട്ടത്തിൽ ? ബി.ജെ.പി.യുണ്ടോ ? കോൺഗ്രസ് ഉണ്ടോ ? ഏതു പാർട്ടിയുണ്ട് ? അത് കമ്മ്യൂണിസ്റ്റുപാർട്ടിയാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. ശ്രീനാരായണഗുരുവിന്റെ പ്രതിമയ്ക്ക് നേരെ ഇന്നു നിങ്ങളും ആർ.എസ്.എസ്.ഉം കൂടിചേർന്ന് കല്ലെറിയുന്നുണ്ടല്ലോ ? എറിയുന്നത് സൂക്ഷിച്ചുവേണം. ആ എറിയുന്ന കൈകൾ മേലാൽ ഉയരാതിരിക്കാനുള്ള വാൻഗാർഡായി ഇവിടെയുള്ള തൊഴിലാളി പ്രസ്ഥാനം ഉയർന്നുവരും. ശ്രീനാരായണഗുരുവിന്റെ പ്രതിമകളെല്ലാം തകർത്തുകൊണ്ട് ക്രമസമാധാനം തകർന്നു, അതുകൊണ്ട് ഈഴവരുടെ സംരക്ഷകരായി നടക്കാമെന്നാണ് നിങ്ങളുടെ ഭാവമല്ലേ ? അത് നടക്കാൻ പോകുന്നില്ല. അതിനുവേണ്ടി വച്ച വെള്ളം വാങ്ങിവയ്ക്കുന്നതാണ് നല്ലത്. ഇവിടെ നിങ്ങൾ കല്ലെറിയുന്നു, എന്തിനാണ് കല്ലെറിയുന്നത് ? നെൽക്കൃഷിക്ക് നൽകിവരുന്ന 350 രൂപ സബ്സിഡി 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് ഇത്തവണത്തെ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞു. നിങ്ങൾക്ക് കല്ലെറിയാതിരിക്കാൻ കഴിയുമോ ? അതുപോലെ വൈദ്യുതി ഉല്പാദന രംഗത്ത് കൈവരിച്ചനേട്ടം. നിങ്ങൾ എങ്ങനെ എറിയാതിരിക്കും ? ചില മോഷ്ടാക്കളുണ്ട്. അവർക്ക് തെരുവിൽ സ്ട്രീറ്റ്ലൈറ്റ് കിടക്കുന്നത് വലിയ വിഷമമാണ്. അവർ പോയി അത് എറിഞ്ഞുടയ്ക്കും. എന്നാലേ അവർക്ക് തേങ്ങ മോഷ്ടിക്കാൻ പറ്റുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഇവിടെ 56 വർഷം കൊണ്ട് നിങ്ങൾ ഉല്പാദിപ്പിച്ച കറന്റ് എത്രയാണ് ? 1505 മെഗാവാട്ട്. എന്നാൽ നിങ്ങൾ ഉല്പാദിപ്പിച്ചതിന്റെ പകുതി 840 മെഗാവാട്ട് കറന്റ് കേരളത്തിൽ മൂന്നുവർഷംകൊണ്ട് ഉല്പാദിപ്പിച്ചാൽ നാട്ടിൽ വെളിച്ചമുണ്ടാകും. ആ വെളിച്ചം നിങ്ങൾക്ക് അരോചകമാണ്. നിങ്ങൾക്ക് കല്ലെറിയാതിരിക്കാൻ നിർവാഹമില്ല. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ വ്യാവസായിക മേഖലയിൽ 5000 കോടി രൂപയുടെ മൂലധനനിക്ഷേപം ഈ മൂന്നുവർഷം കൊണ്ടുണ്ടായി. 60,000-ൽപ്പരം ചെറുകിട വ്യവസായ യൂണിറ്റുണ്ടായി. ഒരു യൂണിറ്റിൽ 5 ആളുകൾ വീതം പണിയെടുത്താലും മൂന്നുലക്ഷം ആളുകൾക്ക് പുതുതായി ജോലിയുണ്ടാകും. നിങ്ങൾക്ക് കല്ലെറിയാതിരിക്കാൻ സാധിക്കുമോ ? ഇവിടെ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞു, കേന്ദ്രം റേഷനരിയുടെ വില വർദ്ധിപ്പിച്ചാലും ഈ സംസ്ഥാനം വിലവർദ്ധിപ്പിക്കില്ല. എങ്ങനെ നിങ്ങൾ കല്ലെറിയാതിരിക്കും ? അങ്ങനെ കല്ലെറിഞ്ഞ് ഇവിടെ ക്രമസമാധാനത്തകർച്ച യുണ്ടാക്കി അധികാരത്തിൽ വരാമെന്ന് സ്വപ്നം കാണുകയാണ്. പണ്ട് ഒരു കവി പാടിയ വാക്കുകൾ വായിച്ചുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്താണത് ? വളരെ പ്രസിദ്ധമായ ഒരു പദ്യമാണ്.

"രാവിപ്പോൾക്ഷണമങ്ങോട്ടുമിങ്ങോട്ടും
മുഷ്സ്സെങ്ങും പ്രകാശിക്കുമോ,
ദേവൻ സൂര്യനുദിക്കുമിക്കമലയും
താനേവിടർന്നീടുമേ
ഏവെ മൊട്ടിനകത്തിരുന്നളി
മനോരാജ്യം തുടർന്നീടവേ
ദൈവത്തിൻ മനമാരുകണ്ടു
പിഴുതാൻ ദന്തീന്ദ്രനപ്പത്മിനി"

വണ്ട് താമരപ്പൂവിനകത്തു കയറി തേൻ നുകർന്നപ്പോൾ നേരം ഇരുട്ടിപ്പോയി. നേരം പുലർന്നാൽ തനിക്ക് വീണ്ടും സൗകര്യമാകുമെന്ന് കരുതി വണ്ട് കാത്തിരിക്കുമ്പോൾ രാത്രിയായപ്പോൾ ഒരാനവന്ന് താമരയെ പിഴുത് ചവുട്ടിയെറിഞ്ഞു. അതുപോലെ ശ്രീ. എ.കെ. ആന്റണി താമരയ്ക്കകത്ത് സസുഖം ഉറങ്ങുകയാണ്. നേരം പുലരുമ്പോൾ കേരളത്തിൽ മുഖ്യമന്ത്രിയാകാമെന്ന് സ്വപ്നം കണ്ട് കണ്ട്. ഞാൻ ശ്രീമാൻ എ.കെ. ആന്റണിയോടും കോൺഗ്രസ്സിനോടും പറയുകയാണ്, താമരയ്ക്കകത്തിരുന്നുറങ്ങുന്ന നിങ്ങൾക്ക് ഈ കേരളത്തിലെ ബഹുജനങ്ങളാകുന്ന ആനയിറങ്ങിവന്ന് അതിനെ പിഴുത് ചവുട്ടി അരയ്ക്കുന്നതാണ് വരാൻ പോകുന്ന നാളുകൾ. രാജ്യം മുഴുവൻ വിറ്റുതുലയ്ക്കുന്ന ഭരണാധികാരികൾക്കെതിരെ ചെറുവിരൽ അനക്കാതെ രാജ്യത്തിന്റെ ആപത്തെന്താണെന്ന് മനസ്സിലാക്കാതെ, ഇന്ത്യയുടെ ദേശീയ വിമാനത്താവളങ്ങൾ സ്വകാര്യമുതലാളിമാർക്ക് വിറ്റുതുലയ്ക്കുകയാണ്. ഇന്ത്യയിലെ തുറമുഖങ്ങൾ സ്വകാര്യമുതലാളിമാർക്ക് വിൽക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ സിൽക്ക് ആയാലും ഹിന്ദുസ്ഥാൻ ലിവർ ആയാലും മോഡേൺ ഫുഡ്സ് ആയാലും എല്ലാം കണ്ടവിലയ്ക്ക് വിറ്റ് തുലയ്ക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ തകർക്കുകയാണ്. ഇവിടെ സംവരണത്തിന്റെ പേരുപറഞ്ഞുകൊണ്ട് ചില ആളുകൾ മുറവിളി കൂട്ടുന്നുണ്ട്. സംവരണത്തിനുവേണ്ടി വാദിക്കുന്ന ആളുകളോട് ഞാൻ ചോദിക്കട്ടെ പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ വിറ്റുതുലച്ചാൽ, അതിലെ നിയമനം മുഴുവൻ സ്വകാര്യ മുതലാളിമാരെ ഏൽപ്പിച്ചാൽ ആ സ്വകാര്യ മേഖലയിൽ സംവരണമുണ്ടാകുമോ ? സ്വകാര്യ സ്കൂളുകളിൽ സംവരണമുണ്ടോ ? സ്വകാര്യ കോളേജുകളിൽ സംവരണമുണ്ടോ ? സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ സംവരണമുണ്ടോ ? എൽ.ഐ.സി. സ്വകാര്യവൽക്കരിച്ചാൽ അവിടെ പിന്നോക്ക സമുദായത്തിനും സംവരണ സമുദായത്തിനും ഉദ്യോഗം കിട്ടുമോ ? കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടി ബാങ്കുകൾ മുഴുവൻ സ്വകാര്യവൽക്കരിക്കുന്നു. ബാങ്കുകൾ മുഴുവൻ സ്വകാര്യവൽക്കരിച്ചാൽ ബാങ്കുകളിലെ നിയമനങ്ങളിൽ സംവരണമുണ്ടാകുമോ ? ഏതെങ്കിലുമൊരു സ്ഥാപനം സ്വകാര്യവൽക്കരിച്ചു കഴിഞ്ഞാൽ അവിടെ സംവരണമുണ്ടാകുമോ ? അപ്പോൾ സംവരണം വേണമെങ്കിൽ സംവരണത്തിനുള്ള സമരം സ്വകാര്യ വൽക്കരണത്തിനെതിരായ സമരമാകണം. അത് ചെയ്യുന്നതിന് പകരം മേൽത്തട്ടും കീഴ്ത്തട്ടുമായി നടക്കുകയാണ്. ഉദ്യോഗമുണ്ടെങ്കിലല്ലേ മേൽത്തട്ടും കീഴ്ത്തട്ടുമുള്ളൂ ? കീഴ്ത്തട്ടിലുമില്ല ജോലി. മേൽത്തട്ടിലുമില്ല ജോലി. ഉള്ള ജോലി മുഴുവൻ വിറ്റുതുലയ്ക്കുന്ന നയത്തിനെതിരായി സമരം ചെയ്യാതെ പതുങ്ങിയിരിക്കുകയാണ്. എയർപോർട്ട് വിറ്റാൽ അവിടത്തെ നിയമനങ്ങൾക്ക് സംവരണമുണ്ടോ ? തുറമുഖങ്ങൾ സ്വകാര്യവൽക്കരിച്ചാൽ പോർട്ടിലെ നിയമനങ്ങൾക്ക് സംവരണമുണ്ടോ ? എവിടെയാണ് സംവരണം ? തിരുവനന്തപുരത്തെ ഹിന്ദുസ്ഥാൻ ലാറ്റക്സ് സ്വകാര്യമുതലാളിമാർക്ക് വിറ്റാൽ ലാറ്റക്സിലെ നിയമനങ്ങളിൽ സംവരണമുണ്ടാകുമോ ? സംവരണം വേണമെങ്കിൽ പൊതുമേഖലയെ കാത്തുരക്ഷിക്കണം. പൊതുമേഖലയെ തകർക്കുന്നതിനെതിരായി നിൽക്കാൻ കോൺഗ്രസ് തയ്യാറുണ്ടോ ? നിങ്ങൾ സംവരണാനുകൂലികളാണല്ലോ. പൊതുമേഖലയെ തകർക്കുന്നതിനെതിരായി നിൽക്കാൻ ലീഗ് തയ്യാറുണ്ടോ ? ആ കാര്യത്തിൽ നിങ്ങളും അവരും ഒപ്പമാണ്. കേരളത്തിൽ നിന്നും ബി.ജെ.പി. ഗവൺമെന്റിൽ ശ്രീ. ഒ. രാജഗോപാൽ മന്ത്രിയായി. അദ്ദേഹത്തിന് ഡൽഹിയിൽ പണിയില്ല. ഇവിടെ നടക്കുകയാണ്. ഇവിടുത്തെ പിന്നോക്ക ജനവിഭാഗത്തേയും ദളിത് വിഭാഗത്തേയുമെല്ലാം അവരുടെ വശത്താക്കിയെടുക്കാനുള്ള ഗൂഢപ്രവർത്തികളാണ് ഇവിടെ നടക്കുന്നത്. അതിന് അനുനയത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നു. നേരത്തേ ആക്രമണത്തിന്റെ മാർഗ്ഗം സ്വീകരിച്ചു, അതിവിടെ വിലപ്പോകില്ല എന്നുകണ്ടു. ഇപ്പോൾ അനുനയത്തിന്റെ മാർഗ്ഗം സ്വീകരിച്ച് എസ്.എൻ.ഡി.പി.യെ സ്വാധീനിക്കുകയാണ് ലക്ഷ്യം. അതിന് കൂട്ടുനിൽക്കുകയാണ് കോൺഗ്രസ്സും ശ്രീ. എ.കെ. ആന്റണിയും കൂട്ടരുമെല്ലാം. ഒന്നേ ഞാൻ ഓർമ്മിപ്പിക്കുന്നുള്ളൂ. ദേശീയ രാഷ്ട്രീയത്തിൽ മതേതരത്വം കാത്തുസൂക്ഷിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. മതേതരത്വത്തിന്റെ പ്രതീകമായ ബാബറിമസ്ജീദ് തകർത്തപ്പോൾ അത് ജനവികാരമാണെന്ന് പറഞ്ഞ് അതിനെ നിങ്ങൾ അംഗീകരിച്ചുകൊടുത്തു. അതിന്റെ ഫലമായി കോൺഗ്രസ് മൂലയിൽ ഒതുങ്ങി. നിങ്ങൾ ഭരിച്ച ഒറീസ്സയിൽ ഇതുപോലെ മതമൗലിക വാദികൾക്ക് അഴിഞ്ഞാടാൻ സൗകര്യം കൊടുത്തു. അതിന്റെ ഫലം

LIBRARY ARCHIVES Kerala Legislative Assembly

രണ്ടോമൂന്നോ ദിവസം കഴിയുമ്പോൾ തെരഞ്ഞെടുപ്പിന്റെ ഫലം വരുമ്പോൾ കാണാം. ഉള്ള സംസ്ഥാനങ്ങളുടെ ഭരണവും ചിലപ്പോൾ നിങ്ങൾക്ക് നഷ്ടപ്പെട്ടുവെന്നു വരും. അതുപോലെ കേരളത്തിലാകണമെന്നാണോ നിങ്ങളുടെ ലക്ഷ്യം ? കേരളത്തിൽ മതേതരത്വം തകർന്നുവെങ്കിൽ മാത്രമേ ആ ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കൂ. അത് തകർക്കലാണ് ബി.ജെ.പി.യുടെ ആവശ്യം. അതിന് കൂട്ടുനിൽക്കാൻ കൊള്ളാമോ? ഇന്ത്യാരാജ്യത്ത് ഇന്ന് വളർന്നുവരുന്ന ആപത്തിനെതിരെ പൊരുതേണ്ട ഒരു സംസ്ഥാനമാണ് കേരളം. കോൺഗ്രസ്സിന് അന്യമായ ഒന്നുരണ്ട് സംസ്ഥാനങ്ങളാണ് ബംഗാളും ത്രിപുരയും. കോൺഗ്രസ്സിന്റെ സംസ്ഥാന ഗവൺമെന്റുകളും കേരളാ ഗവൺമെന്റും ബംഗാൾ ഗവൺമെന്റും ത്രിപുരയിലെ ഗവൺമെന്റും ഒരുമിച്ചുനിന്നുകൊണ്ട് കേന്ദ്രത്തിലെ ഫാസിസ്റ്റ് വാഴ്ചയ്ക്കെതിരെ പൊരുതണം. രാജ്യത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്നുള്ള വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ആ ഫാസിസ്റ്റു വാഴ്ചക്കെതിരെ പൊരുതാനുള്ള ഗവൺമെന്റുകളെ ദുർബലപ്പെടുത്തുന്നത് ആരെ സഹായിക്കാനാണ് ? ജനാധിപത്യപ്രസ്ഥാനത്തെ സഹായിക്കാനാണോ ? സ്വാതന്ത്ര്യം രക്ഷിക്കാനാണോ ? ഫാസിസ്റ്റു ശക്തികളെ സഹായിക്കാനല്ലേ ? കേന്ദ്ര വിദ്യാലയങ്ങളെയെല്ലാം നിയന്ത്രിക്കുന്ന എൻ.സി.ഇ.ആർ.ടി.യുടെ ഡയറക്ടറായി നിയമിച്ചിരുന്നത് ആരെയാണെന്നറിയാമോ ? ഒരു മുസ്ലീം സഹോദരിയെ സ്വന്തം കൈകൊണ്ട് കശാപ്പുചെയ്യാൻ കഴിഞ്ഞതാണ് എന്റെ ജീവിതത്തിലെ ഏറ്റവും ആഹ്ലാദകരമായ മുഹൂർത്തമെന്നുപറഞ്ഞ ആളാണ് ഡയറക്ടർ. അദ്ദേഹം ഒരാളെ കൊന്നവനാണ്. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വെട്ടി മുറിച്ചു അങ്ങനെ ഒരു പ്രത്യേക പാകിസ്ഥാൻ ഉണ്ടായതാണ് എന്റെ ജീവിതത്തിലെ ആഹ്ലാദ മുഹൂർത്തമെന്നു പറഞ്ഞ ആൾ എൻ.സി.ഇ.ആർ.ടിയുടെ ഡയറക്ടറായിരിക്കുന്ന ഒരു രാജ്യം, ആ രാജ്യത്തിന്റെ ഭരണത്തിനെതിരെ ചെറുത്തു നിൽക്കാൻ ശക്തിയുള്ള ജനങ്ങളെ അണിനിരത്താൻ കഴിവുള്ള സംസ്ഥാനങ്ങളെ ദുർബലമാക്കുന്ന നടപടി രാജ്യനന്മയ്ക്കാണോ അതോ ആ ശക്തിക്കു കീഴടങ്ങലാണോ ? ആ ശക്തികൾക്ക് എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുന്നത് സാമ്രാജ്യത്വ ശക്തികൾക്ക് കീഴടങ്ങലായിരിക്കില്ലേ ? ഇക്കാര്യം നിങ്ങൾ ആലോചിക്കണമെന്നു മാത്രം ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട്, ഈ നന്ദി പ്രമേയത്തിന് പിന്തുണ നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. എന്റെ മാന്യസുഹൃത്ത് ശ്രീ. ആനത്തലവട്ടം ആനന്ദൻ മൈതാനത്ത് പ്രസംഗിച്ചിട്ട് കുറെ നാളുകളായി എന്നെനിക്കു തോന്നുകയാണ്. സഭയ്ക്ക് വെളിയിൽ ചെയ്യേണ്ട നല്ലൊരു പ്രസംഗമാണിത്. സഭയ്ക്കകത്ത് ഇത്തരത്തിലുള്ള ഒരു പ്രസംഗം വേണ്ടായിരുന്നു.

ശ്രീ. ജി. സുധാകരൻ : ഈ സഭയ്ക്കകത്ത് എന്തും പറയാം, വെളിയിൽ മാത്രം മര്യാദയ്ക്കു പറഞ്ഞാൽ മതിയെന്നത് സഭയെ അനാദരിക്കുന്നതിന് തുല്യമല്ലേ ? ഇതു ഓർഡറിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ഞാൻ 20 നയപ്രഖ്യാപനപ്രസംഗങ്ങൾ നിയമസഭയിൽ കേട്ടിട്ടുണ്ട്. ഇത്രത്തോളം മോശമായ ഒരു നയപ്രഖ്യാപന പ്രസംഗം, യാഥാർത്ഥ്യങ്ങൾ മറച്ചുവച്ച ഒരു നയപ്രഖ്യാപന പ്രസംഗം, നയവുമില്ല പ്രഖ്യാപനങ്ങളുമില്ലാത്ത നുണകൾ മാത്രം എഴുതിച്ചേർത്തിട്ടുള്ള ഒരു 'നുണ പ്രഖ്യാപനമാണെന്നു' ഇതിനെ വേണമെങ്കിൽ പറയാം. ഇതുപോലെ മോശമായ ഒരു നയപ്രഖ്യാപന പ്രസംഗം എന്റെ നിയമസഭാ പ്രവർത്തനത്തിൽ ആദ്യമായിട്ടാണ് കേൾക്കുന്നതെന്നു പറയാം. ഗവർണ്ണർ പറഞ്ഞിട്ടുള്ള രണ്ട് മൂന്നു കാര്യങ്ങളെപ്പറ്റി ചില കാര്യങ്ങൾ എടുത്തു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ജനപിന്തുണ വർദ്ധിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു ഭാഗം. ഏറ്റവുമൊടുവിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പു നോക്കിയാൽ, നമ്മുടെ 140 നിയോജകമണ്ഡലങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ 92 നിയോജകമണ്ഡലങ്ങളിൽ ബഹുഭൂരിപക്ഷവും യു.ഡി.എഫ്.ന് അനുകൂലമായിട്ടാണ് ജനങ്ങൾ വിധി എഴുതിയിരിക്കുന്നത്. മൊത്തം അഞ്ച് ലക്ഷത്തിൽപ്പരം വോട്ടുകൾ കൂടുതലായി യു.ഡി.എഫ്-ന് അനുകൂലമായിട്ടാണ് വന്നിരിക്കുന്നത്. ഇതു ഞാൻ പ്രത്യേകം എടുത്തു പറയാൻ കാരണം, തെരഞ്ഞെടുപ്പിനുമുമ്പ് നടന്ന നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശിവദാസമേനോൻ കൺക്ലൂഡ് ചെയ്തത് എന്താണ് ? അദ്ദേഹം പറഞ്ഞു, പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്, ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ ജനങ്ങളുടെ മുൻപാകെ നിരത്തിവച്ചുകൊണ്ട് ഈ നേട്ടങ്ങളുടെ പേരിൽ ഞങ്ങൾ വോട്ട് ചോദിക്കാൻ പോകുകയാണ് എന്ന്. അതിന്റെ അർത്ഥമെന്താണ് ? ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ നിരത്തി വച്ചുകൊണ്ട് വോട്ടു ചോദിച്ചിട്ട് അഞ്ചുലക്ഷം വോട്ട് ഞങ്ങൾക്ക് കൂടുതൽ കിട്ടി. 92 നിയോജകമണ്ഡലങ്ങളിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയെന്നു പറഞ്ഞാൽ ജനങ്ങൾ ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ കണക്കാക്കുന്നില്ല എന്നല്ലേ അർത്ഥം ? അവർ തിരസ്ക്കരിച്ചിരിക്കുന്നുവെന്നല്ലേ അതിന്റെയർത്ഥം ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ബഹുമാനപ്പെട്ട തങ്കച്ചൻ കാര്യങ്ങൾ വളച്ചൊടിച്ചു പറയുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ദേശീയ രാഷ്ട്രീയമാണ് ചർച്ച ചെയ്യപ്പെടുന്നത്. പക്ഷേ, സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും അവിടെ വച്ച് വിലയിരുത്തുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല; ആ വെല്ലുവിളികൾ ഞങ്ങൾ സ്വീകരിക്കുമെന്നല്ലേ പറഞ്ഞത് ?

ശ്രീ. പി. പി. തങ്കച്ചൻ : ഞാൻ അതു തന്നെയാണ് പറഞ്ഞത്. ഗവൺമെന്റിന്റെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനെ നേരിട്ടിട്ട്, ഈ രാജ്യത്തെ ജനങ്ങൾ നിങ്ങളുടെ നേട്ടങ്ങൾ തിരസ്ക്കരിച്ചുവെന്നല്ലേ ഇതിന്റെ അർത്ഥം ? നിങ്ങളുടെ നേട്ടങ്ങൾ അംഗീകരിക്കുന്നില്ല എന്നുള്ളതിനു തെളിവല്ലേ 92 നിയോജക മണ്ഡലങ്ങളിൽ യു.ഡി.എഫ്.ന് ലഭിച്ച ഭൂരിപക്ഷം ? അതൊരു ചെറിയ കാര്യമല്ല.

ശ്രീ. ടി. ശിവദാസമേനോൻ : സ്വാതന്ത്ര്യത്തിനുശേഷം കോൺഗ്രസ് രാജ്യം ഭരിച്ചു ഭരിച്ചു ഒരു പരുവത്തിലാക്കി. എന്നിട്ടും ഇപ്പോഴും അഹന്തയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ഭരിച്ചു ഭരിച്ച് ഒരു പരുവത്തിലായി എന്നു പറയുമ്പോൾ, ഏറ്റവും വലിയ അഴിമതിക്കാരനെന്ന് പറയുന്ന ലല്ലുപ്രസാദിന്റെ കൂടെ കൂടാനുള്ള മനക്കട്ടി ഞങ്ങൾക്ക് ഇല്ലല്ലോ ? അതുണ്ടെന്ന് നിങ്ങളല്ലേ തെളിയിച്ചത് ? ദേശീയ അംഗീകാരം കിട്ടാൻ വേണ്ടിയല്ലേ ശ്രമിച്ചത് ?..... (ബഹളം).....ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിനുവേണ്ടി ചോദിക്കുകയാണ്. ബഹുമാനപ്പെട്ട ഡോ. എ. നീലലോഹിതദാസൻ നാടാർ മന്ത്രി സ്ഥാനത്തു നിന്ന് രാജി വച്ചു. അദ്ദേഹം രാജി വച്ചതിന്റെ പിറ്റേ ദിവസം ഒരു പത്രസമ്മേളനം നടത്തിയപ്പോൾ രണ്ടു വാചകങ്ങൾ മന്ത്രിസഭയെക്കുറിച്ച് പറഞ്ഞു. 'എനിക്ക് ഇനിയും എതിർപ്പുകളുണ്ടാകും, ഈ മന്ത്രിസഭയിലെ ചില മന്ത്രിമാർ എന്നെ എതിർക്കും.' ചന്ദനത്തിന്റെ മാഫിയയുമായി ബന്ധമുള്ള മന്ത്രിമാരാണ് ഈ മന്ത്രിസഭയിലുള്ളതെന്ന് അദ്ദേഹം പറഞ്ഞു. ചന്ദനത്തിന്റെ മണമുള്ള, മാഫിയാ സംഘത്തിന്റെ പിടിയിലുള്ള മന്ത്രിമാരും ഈ മന്ത്രിസഭയിലുണ്ട്. അവർ എന്നെ ഇനിയും എതിർക്കുമെന്ന് പറഞ്ഞത് നേരാണോ ? ആരെക്കുറിച്ചാണ് അങ്ങനെ പറഞ്ഞത് ? ഏതു മന്ത്രിയെക്കുറിച്ചാണ് ? ഡോ. നീലലോഹിതദാസൻ നാടാർ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ജനതാദൾ പാർട്ടിയുടെ പാർലമെന്ററി പാർട്ടി ലീഡറാണ് ഇപ്പോഴും. മുഖ്യമന്ത്രി ഇതിനു മറുപടി പറയട്ടെ. അതുപോലെ മണൽക്കേസിന്റെ കാര്യം പറഞ്ഞു. മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഇതിന് ഉത്തരങ്ങൾ ഉണ്ടാകണം. ഇതാണോ ഒരു കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയെന്നു പറയുന്നത് ? മറ്റു വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം എന്താണെന്നുള്ളതിന്റെ പ്രകടമായ ഒരു തെളിവ് ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. അധികാരം എങ്ങനെ ദുർവിനിയോഗം ചെയ്യാമെന്ന് അധികാരത്തിൽ വന്ന മാർക്സിസ്റ്റു പാർട്ടി ഇപ്പോൾ തെളിയിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. പിണറായി വിജയന്റെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ കൈയിൽ ഒരു രേഖയുണ്ട്. സി.ബി.സി. വാര്യർ എന്നു പറയുന്ന മാർക്സിസ്റ്റ് സഖാവ്, പാർട്ടി സെക്രട്ടറിയായ പിണറായി വിജയന് അയച്ച ഒരുകത്താണ്. 8-11-1999-ൽ എഴുതിയ കത്തിൽ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളാണ് പറയുന്നത്. "സഖാവേ ഈ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി നാം നിയമിച്ചിട്ടുള്ള നൂറ്റിയിരുപതിലധികം വരുന്ന ജീവനക്കാർ മൂന്ന് വർഷത്തിലധികമായി താൽക്കാലിക ജീവനക്കാരായി തുടരുന്നു. അവരെല്ലാവരും തന്നെ നമ്മുടെ പാർട്ടി അനുഭാവി കുടുംബങ്ങളിൽപ്പെട്ടവരാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉത്തരവാദപ്പെട്ട നമ്മുടെ പാർട്ടി കമ്മിറ്റികളുടെ നിർദ്ദേശ പ്രകാരം മാത്രമാണല്ലോ അവരെ നാം നിയമിച്ചിട്ടുള്ളത്. ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ഇതുവരെ യാതൊരു ആത്മാർത്ഥമായ നടപടികളും സ്വീകരിച്ചിട്ടില്ല. എന്തെങ്കിലും കാരണവശാൽ ഒരു തെരഞ്ഞെടുപ്പ് വന്നാൽ രാഷ്ട്രീയ മാറ്റങ്ങളുണ്ടാകാൻ ഇടയുള്ളതിനാലും പിരിച്ചു വിടാൻ സാധ്യതയുള്ളതിനാലും ഉടനെ തന്നെ ഇവരെ സ്ഥിരപ്പെടുത്തേണ്ടതാണ്." സി.ബി.സി. വാര്യർ അയച്ച കത്തിൽ പറഞ്ഞിട്ടുള്ള മൂന്നു നാലു കാര്യങ്ങൾ വളരെ പ്രസക്തമാണ്. ഒന്ന്. നൂറ്റിയിരുപതിലധികം

പേരെ നാം നിയമിച്ചിരിക്കുന്നു. രണ്ട്, നമ്മുടെ പാർട്ടിയുടെ അനുഭാവി കുടുംബങ്ങളിൽപ്പെട്ടവരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. മൂന്ന്, നമ്മുടെ പാർട്ടി ഓഫീസുകളിൽ നിന്നുള്ള ലിസ്റ്റിൽ നിന്നാണ് നിയമിച്ചിരിക്കുന്നത്. നാല്, രാഷ്ട്രീയ മാറ്റം വന്നാൽ ഇവരെ പിരിച്ചു വിടേണ്ടി വരും. നമ്മുടെ രാജ്യത്തെ ഓരോ ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന നിയമനങ്ങളുടെ സ്ഥിതി എന്താണെന്നുള്ളതിന് ഇതിൽ കൂടുതൽ തെളിവെന്താണ് വേണ്ടത് ? എന്താണ് ഈ രാജ്യത്ത് നടക്കുന്നത് ? ഇവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ കുടുംബങ്ങളിലുള്ളവരെ നോക്കി സർക്കാരിന്റെ പണമുപയോഗിച്ച് നടത്തുന്ന ഡിപ്പാർട്ടുമെന്റ് സ്ഥാപനങ്ങളിൽ മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസിൽ നിന്ന് കൊടുത്ത ലിസ്റ്റ് പ്രകാരം മാത്രമേ നിയമിക്കാൻ പാടുള്ളൂവെന്ന് പറഞ്ഞാൽ എന്താണ് ഇതിന്റെയർത്ഥം ? അവരെ പുറം വാതിലിൽക്കൂടി നിയമിച്ചിട്ട് സ്ഥിരപ്പെടുത്തുക എന്നല്ലേ ഈ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ? അധികാരമുണ്ടെന്നു വച്ച് എന്തും ചെയ്യാമെന്നുള്ളതിന് ഇതിൽ കൂടുതൽ തെളിവ് വേണമോ ? അതുപോലെ ഗവർണ്ണർ മറ്റൊരു കാര്യം പറഞ്ഞു. ഇവിടെ ക്രമസമാധാന നില ഭദ്രമാണെന്ന് അദ്ദേഹം പറഞ്ഞു. ഒരുപക്ഷേ, രണ്ടായിരാമാണ്ടിലെ ഏറ്റവും വലിയ തമാശയായിരിക്കും അത് എന്നാണ് എന്റെ വിശ്വാസം. ഞാൻ രണ്ട്, മൂന്ന് പോയിന്റ്സ് മാത്രമേ അതിനെക്കുറിച്ച് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നുള്ളൂ. ഒന്ന് കേന്ദ്ര ഗവൺമെന്റിന്റെ ക്രൈം റിക്കാർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു കണക്ക്, ബീഹാറിനോട് അടുത്തിരിക്കുന്നു കേരളം. കുറച്ച് കേസുകൂടി കഴിഞ്ഞാൽ ബീഹാറിന്റെ കൂട്ടത്തിലാകും കേരളം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിച്ചേരുമെന്നാണ് കേന്ദ്രഗവൺമെന്റിന്റെ ക്രൈം റിക്കാർഡ്സ് ബ്യൂറോ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ്. അപ്പോൾ കേരളം എവിടെ ചെന്നെത്തിയിരിക്കുന്നു ? ദൈവത്തിന്റെ നാട് എന്നാണ് കേരളത്തെ കുറിച്ച് പറയുന്നത്. ഇപ്പോൾ ചെകുത്താന്റെ നാടായി മാറിയില്ലേ ? ബീഹാറാണ് ഇന്ത്യയിലെ ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സ്ഥലം. ഒരു പത്ത്, ഇരുപത് കേസുകൂടി കഴിഞ്ഞാൽ കേരളം ബീഹാറിന്റെ കൂട്ടത്തിലാകും എന്നാണ് അവർ പറയുന്നത്. ശ്രീ. പിണറായി വിജയന്റെയും മുഖ്യമന്ത്രി ശ്രീ. ഇകെ. നായനാരുടേയും നാടാണ് കണ്ണൂർ. ആ ജില്ലയിൽ നടക്കുന്ന കാര്യങ്ങൾ എന്താണ് ? ബി.ജെ.പി.യും മാർക്സിസ്റ്റ് പാർട്ടിയും അങ്ങോട്ടുമിങ്ങോട്ടും മത്സരിച്ച്, ഫുട്ബാൾ മത്സരം പോലെയാണ്, അവിടെ രണ്ട് പേരെ കൊന്നാൽ പിറ്റേദിവസം മൂന്നുപേരെ കൊല്ലും. അടുത്ത ദിവസം നാലുപേരെ കൊല്ലും. അങ്ങനെ നടന്നില്ലേ കൊലപാതകങ്ങൾ. അവസാനം ഒരു സമാധാന ചർച്ച നടന്നല്ലോ, ഞാൻ ചോദിക്കട്ടെ, ആ സമാധാന ചർച്ചയിൽ പ്രധാനപ്പെട്ട തീരുമാനം എന്താണ് ? ഒരു പ്രത്യേക സ്പെഷ്യൽ ടീമിനെ അവിടെ നിയോഗിക്കാം. അവർക്ക് മുഖം നോക്കാതെ, ബി.ജെ.പി.യെന്നോ മാർക്സിസ്റ്റ് പാർട്ടിയെന്നോ, കോൺഗ്രസ്സ് എന്നോ, നോക്കാതെ എവിടെ വേണമെങ്കിലും വീടുകളിൽ കയറി പരിശോധിക്കാം. ആ കുറ്റവാളികളെ കണ്ടുപിടിക്കണ്ടേ ? ആയുധങ്ങൾ കണ്ടുപിടിക്കണ്ടേ ? സർ, ഐ.ജി. വിൻസന്റ് പോളിന്റെ നേതൃത്വത്തിൽ അറുന്നൂറോളം പോലീസ് ഉദ്യോഗസ്ഥൻമാരെ പല ടീമുകളിലായി നിയമിച്ചു. എനിക്ക് അറിയാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിടത്തോളം 60.70 കേസ്സുകൾ അവർ കണ്ടുപിടിച്ചു. അതിൽ പാട്ടിയം പാർട്ടി ഓഫീസിൽ നിന്നാണ് രക്തക്കറ പുരണ്ട വാൾ കണ്ടെടുത്തത്. ബോംബുകൾ, മഴുകൾ എന്നിവ കണ്ടെടുത്തു. ചില പാർട്ടി ഓഫീസുകളിൽ നിന്ന് വടിവാൾ കണ്ടെടുത്തു. ബോംബുണ്ടാക്കുന്ന സാധനങ്ങൾ കണ്ടെടുത്തു. ഞാൻ ഒന്ന് ചോദിക്കട്ടെ നാൾ എത്രയായി. ഈ സ്പെഷ്യൽ ടീമിനെ പത്ത്, അറുപത് ഓഫീസുകളിൽ നിയോഗിച്ച്, പത്ത്, അറുപത് കേസ്സുകൾ കണ്ടുപിടിച്ചിട്ട് ഒരൊറ്റ കേസ് ചാർജ് ചെയ്തിട്ടുണ്ടോ ? മനുഷ്യനെ കൊന്നതിന്റെ ചോര ഉണങ്ങിയിട്ടില്ല. പശുവിനെ അറുത്താലും അതു കഴുകി വയ്ക്കും. മനുഷ്യന്റെ രക്തം കട്ടപിടിച്ചിരിക്കുകയാണ്. ഇതെല്ലാം പാർട്ടി ഓഫീസുകളിൽ നിന്നും വീടുകളിൽ നിന്നും പിടിച്ചെടുത്തിട്ട് ഒരൊറ്റ കേസ് ഇതുവരെ ചാർജ് ചെയ്തിട്ടുണ്ടോ ? ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ? അപ്പോൾ ഇതെല്ലാം വെറും പ്രഹസനമല്ലേ ? അന്വേഷണമെന്നുപറയുന്നത് പ്രഹസനമല്ലേ ? ക്രമസമാധാന നില വളരെ ഭദ്രമാണെന്ന് ഗവർണ്ണർ ചൂണ്ടിക്കാണിച്ചതുകൊണ്ട് പറഞ്ഞതാണ്. ഗവൺമെന്റിനു പറ്റിയ ഗവർണ്ണറാണ്. വേറെ ചില ഉദാഹരണങ്ങൾ പറയാം. ജയകൃഷ്ണന്റെ വധം. പിഞ്ചുകുഞ്ഞുങ്ങളുടെ മുമ്പിൽവച്ച് ഒരു അദ്ധ്യാപകനെ വെട്ടിനുറുക്കിയ ഒരു സംഭവം കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ ? അതിനെ ന്യായീകരിക്കുകയാണെങ്കിൽ കുഴപ്പമില്ല. മാർക്സിസ്റ്റ് പാർട്ടി ജയകൃഷ്ണന്റെ വധത്തെ ന്യായീകരിക്കുകയാണെങ്കിൽ എനിക്ക് കുഴപ്പമില്ല. പക്ഷേ, മനസ്സാക്ഷിയുള്ളവർക്ക് അതിനെ ന്യായീകരിക്കുവാൻ കഴിയുകയില്ല. ജയകൃഷ്ണന്റെ വധം നടന്നിട്ട് ഒരു പ്രതിയെ അറസ്റ്റുചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞോ ? ഇതുൾപ്പെടെയുള്ള എത്രയെത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. ഒറ്റ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടില്ല. മുഖ്യമന്ത്രി ഒരു ചോദ്യത്തിന് ഉത്തരം തന്നിട്ടുണ്ട്. അത് ജനുവരി മാസത്തിലാണ്. അതിനുശേഷം വീണ്ടും കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഉത്തരം അനുസരിച്ച് 1968 രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നു. 38 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. മാരകമായ സംഘട്ടനങ്ങളിൽപ്പെട്ട് മുറിവുകൾ പറ്റിയവർ 3590. ഇതിൽ ഭൂരിപക്ഷം പ്രതികളും മാർക്സിസ്റ്റുകാരാണ്. നേരത്തെ പറഞ്ഞല്ലോ ക്രമസമാധാന നില വളരെ ഭദ്രമാണെന്ന്. 38 രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. മാരകമായി മുറിവുപറ്റിയവർ 3590 ആണ്. 1968 പൊളിറ്റിക്കൽ conflict ഇത് ജനുവരി മാസം വരെ നടന്നതാണ്. അതിനുശേഷം വീണ്ടും നടന്നിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പ്രതികളായി പിടിച്ചുകൊണ്ടുപോയ മാർക്സിസ്റ്റുകാരെ നേതാക്കൻമാർ ബലമായി പിടിച്ചിറക്കിക്കൊണ്ടുവന്ന് സ്റ്റേഷൻ ആക്രമിച്ച കേസ്സുകൾ ഇതിനുമുമ്പ് ഏതെങ്കിലും കാലഘട്ടത്തിലുണ്ടായിട്ടുണ്ടോ? 8-3-1998-ൽ ചിറ്റൂർ പോലീസ് സ്റ്റേഷനിൽ. 14-3-1998-ൽ കമ്പമേട് പോലീസ് സ്റ്റേഷനിൽ, 2-4-1998-ൽ വിതുര പോലീസ് സ്റ്റേഷനിൽ, 25-8-1998-ൽ ഇടക്കിട പോലീസ് സ്റ്റേഷനിൽ, 23-12-ൽ നേമം പോലീസ് സ്റ്റേഷനിൽ, 28-11-ൽ മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ഇതിനുപുറമേ ആറൻമുളയിലും കാട്ടാക്കടയിലും റാന്നിയിലും മണ്ണാർക്കാട് സ്റ്റേഷനുകളിലും ഇത് സംഭവിച്ചു. എങ്ങനെ ഈ രാജ്യത്ത് നീതി നടക്കും? കുറെ മനസ്സാക്ഷിയുള്ള പോലീസ്സുകാരുണ്ട്. മാർക്സിസ്റ്റുകാരെയാണ് പിടിച്ചുകൊണ്ടുവന്നതെങ്കിൽ ഒന്നുകിൽ

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻഷൻ, അല്ലെങ്കിൽ അതിന്റെ പേരിൽ നടപടി, അല്ലെങ്കിൽ സ്ഥലം മാറ്റം, അല്ലെങ്കിൽ അവിടെചെന്ന് ബലമായി പിടിച്ചിറക്കിക്കൊണ്ടുവരും. ഭരണകക്ഷിയ്ക്ക് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലാണ് പോലീസ് സ്റ്റേഷനുകളിൽ പോയി പ്രതികളെ ബലമായി പിടിച്ചിറക്കിക്കൊണ്ടുവരുന്നത്. എന്നിട്ടും ക്രമസമാധാന നില ഭദ്രമാണെന്നാണ് പറയുന്നത്. എനിക്ക് ഇനിയും ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഇവിടെ പറഞ്ഞല്ലോ നമ്മുടെ എം.എൽ.എ.മാരുടെ സ്ഥിതി. ശ്രീ. കെ.സി. വേണുഗോപാലിന്റെ കാര്യം പറഞ്ഞു. ശ്രീ. എഴുകോൺ നാരായണന്റെ കാര്യം പറഞ്ഞു. അദ്ദേഹം പാവം ദളിത് വിഭാഗത്തിൽപ്പെട്ട എം.എൽ.എ.യാണ്. ശ്രീ. ടി.എം. ജേക്കബിന്റെ കാര്യം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാര്യം, ശ്രീ. അടൂർ പ്രകാശിന്റെ കാര്യം. ഈ നിയമസഭയിൽത്തന്നെ എത്രയോ എം.എൽ.എ.മാരോടാണ് പോലീസുകാർ വളരെ മോശമായ രീതിയിൽ പെരുമാറിയിരിക്കുന്നത്; മർദ്ദനമേൽപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരെണ്ണത്തിനുപോലും വേണ്ട രീതിയിൽ കേസ് ചാർജ് ചെയ്യാൻ കഴിഞ്ഞിട്ടില്ല; കേസിൽ നടപടി എടുക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രതിപക്ഷത്തുള്ള എം.എൽ.എ.മാരോടുള്ള സമീപനം ഇങ്ങനെയാണ്. മറ്റൊരു കാര്യം പറയുവാനുള്ളത് കോടതി ഉത്തരവുകൾ ഈ സർക്കാർ അനുസരിക്കാറുണ്ടോ ? പയ്യാവൂരിൽ നടന്നില്ലേ ? ചീഫ് സെക്രട്ടറി ഹൈക്കോടതിയുടെ മുമ്പിൽ പോയി മാപ്പ് പറഞ്ഞില്ലേ ? അതുപോലെ കൊല്ലം എസ്.എൻ. കോളേജിലും കളക്ടറും, എസ്.പി.യും മാപ്പ് പറയേണ്ടി വരും. തർക്കമുണ്ടോ ? ഈ നിലയിൽ കാര്യങ്ങൾ മുന്നോട്ട് പോകുമ്പോഴാണ് ക്രമസമാധാന നില വളരെ ഭദ്രമാണെന്ന് ശ്രീ. ആനത്തലവട്ടം ആനന്ദൻ പ്രസംഗിച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊല്ലത്ത് പ്രസംഗിച്ച കാര്യം കേട്ടല്ലോ. ഞങ്ങൾ ഹൈക്കോടതി വിധി ലംഘിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ പറയാമോ ? ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ ഒരു നേതാവിന് അങ്ങനെ പറയാമോ. ഹൈക്കോടതി ഉത്തരവ് ഞങ്ങൾ ലംഘിക്കുമെന്ന് പറഞ്ഞതിന്റെ മൂന്നാം ദിവസം അത് ലംഘിച്ചില്ലേ ? പറഞ്ഞത് കരുതിക്കൂട്ടിയല്ലേ ? ഭരണകക്ഷിയിലെ നേതാക്കൻമാരിൽ നിന്നും ഇത്തരത്തിലുള്ള പ്രവണതകളുണ്ടായാൽ എങ്ങനെ പോലീസ് നീതി നടപ്പിലാക്കാൻ കഴിയും. സ്വകാര്യ മാനേജ്മെന്റുകൾക്ക് ഈ രാജ്യത്ത് രക്ഷയുണ്ടോ ? മതന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കുനേരെയാണ് ഇവരുടെ പരാക്രമങ്ങൾ മുഴുവൻ. അങ്കമാലി എൽ.എഫ്. ആശുപത്രി മുതൽ സെന്റ് തോമസ് കോളേജ് തൃശ്ശൂർ, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, കൂത്തുപറമ്പിലെ നിർമ്മലഗിരി കോളേജ്, കൊല്ലം എസ്.എൻ. കോളേജ് മതന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഇവരുടെ കീഴിൽ രക്ഷയില്ല. മറ്റൊരു പ്രധാന സംഭവം ഞാൻ സൂചിപ്പിക്കുകയാണ്. കൊല്ലത്ത് നടന്ന അതിക്രമ പ്രവർത്തനങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. പോലീസ് ആക്റ്റിലും പോലീസ് മാനുവലിലും ഒരു വ്യവസ്ഥയുണ്ട്. അതായത് ട്രെയിനിംഗ് കഴിയാത്ത പോലീസുകാരെ ക്രമസമാധാന ഡ്യൂട്ടിക്ക് വിടാൻ പാടില്ല. ഒൻപത് മാസമാണ് പോലീസിന്

LIBRARY ARCHIVES Kerala Legislative Assembly

ട്രെയിനിംഗ്. നാല് മാസംപോലും തികയാത്ത അഞ്ചൂറിൽപ്പരം പോലീസുകാരെ തിരുവനന്തപുരം ക്യാമ്പിൽ നിന്നും, പത്തനംതിട്ട പോലീസ് ക്യാമ്പിൽ നിന്നും പ്രത്യേകം വിളിച്ചുവരുത്തി. കൊല്ലത്തു നടന്ന സംഭവത്തിൽ അവരാണ് അതിക്രമങ്ങൾ കാണിച്ചത്. ഒരിക്കലും ഒരു ഭരണകൂടം ചെയ്യാൻ പാടില്ലാത്തതാണിത്. സകല റൂളുകളും നിയമവും തെറ്റിച്ചാണ് ഒൻപത് മാസം ട്രെയിനിംഗ് പൂർത്തിയാക്കുന്നതിന് മുമ്പ് ട്രെയിനിംഗ് ആരംഭിച്ച് നാല് മാസം കഴിഞ്ഞ അഞ്ഞൂറോളം പോലീസുകാരെ പത്തനംതിട്ട ക്യാമ്പിൽ നിന്നും തിരുവനന്തപുരം ക്യാമ്പിൽ നിന്നും പ്രത്യേക രാഷ്ട്രീയ നിറംനോക്കി തെരഞ്ഞെടുത്തത്. അവിടെ ഒരു സി.ഐ. ഉണ്ട്. ചാത്തന്നൂർ സി.ഐ. സുരേഷ് കുമാർ എന്നാണ് പേര്. പഴയ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ.യുടെ അറിയപ്പെടുന്ന നേതാവ് സുരേഷ്കുമാർ. ആ സുരേഷ് കുമാറാണ് അഞ്ചൂറ് പോലീസുകാരെ അടിക്കെടാ എന്നാക്രോശിച്ച് ഡി.സി.സി. ഓഫീസ് തകർക്കാൻ നേതൃത്വം കൊടുത്തത്. ഈ സി.ഐ. ആണ് ഡി.വൈ.എസ്.പി. മുതൽ എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരേയും നിയന്ത്രിക്കുന്നത്. ഇവിടെ മാത്രമല്ല പാർട്ടി ഫ്രാക്ഷൻസുണ്ടാക്കിക്കൊണ്ട് കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ മുഴുവൻ ഇത്തരക്കാരാണ് നിയന്ത്രിക്കുന്നത്. ചിലയിടത്ത് കോൺസ്റ്റബിളായിരിക്കും. ചിലയിടത്ത് അഡീഷണൽ എസ്.ഐ.യോ, കോൺസ്റ്റബിളോ പറയുന്നത് അനുസരിച്ചാണ് ആ പ്രദേശത്തെ മേൽഉദ്യോഗസ്ഥൻമാർ കേസ് എടുക്കണമോ വേണ്ടയോ, എന്തൊക്കെ ചെയ്യണമെന്നുള്ളത് തീരുമാനിക്കുന്നത്. ഈ ആക്ഷേപം ഞങ്ങൾക്ക് മാത്രമാണോ? ഘടകകക്ഷിയായ സി.പി.ഐ.യാണ് ഞങ്ങളെക്കാളും കൂടുതൽ ആക്ഷേപം ഉന്നയിക്കുന്നത്. അതുകൊണ്ടല്ലേ കൊല്ലത്ത് എസ്.പി. ഓഫീസിന്റെ മുന്നിൽ ജാഥ നയിക്കാൻ അവർ തീരുമാനിച്ചത്. തൽക്കാലം നിയമസഭാ സമ്മേളനം വരുന്നതുകൊണ്ട് മുഖം രക്ഷിക്കാൻ വേണ്ടിയാണ് നാല് എം.എൽ.എ.മാരുടെ കൈയ്യിൽ നിന്നും എഴുതിവാങ്ങിച്ച് അവസാനം ചട്ടത്തിനുവേണ്ടി ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടത്. അത് മുഖം രക്ഷിക്കാൻ വേണ്ടി ചെയ്തതല്ലേ? ഗൗരവതരമായ പരാതി സി.പി.ഐ.ക്കാർക്കും ഉണ്ട്. പോലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. കൂടെയുള്ളവരെ തകർക്കാനും, പ്രതിപക്ഷത്തുള്ളവരെ തകർക്കാനും വേണ്ടി പോലീസിനെ കയറൂരി വിട്ടിരിക്കുന്ന ഈ സംസ്ഥാനത്ത് എങ്ങനെ ക്രമസമാധാന നില ഭദ്രമാകും?

ശ്രീ. എ. കണാരൻ: കൊല്ലത്ത് കോൺഗ്രസ്സ് കമ്മിറ്റി ഓഫീസിന് കല്ലെറിയുന്നത് ഏഷ്യാനെറ്റിൽ കണ്ടു. അതു ശരിയാണോ? വേറെവല്ലവരും വന്ന് എറിഞ്ഞതാണോ അതോ കോൺഗ്രസ്സുകാർ തന്നെ എറിഞ്ഞതാണോ?

ശ്രീ. പി.പി. തങ്കച്ചൻ: ഞാൻ സൂര്യ ടി.വി.യിൽ രണ്ട് കാഴ്ചകൾ കണ്ടു. യൂണിഫോമിട്ട പോലീസുകാർ ജീപ്പും കാറും തല്ലിത്തകർക്കുന്നു. വേറൊരു യൂണിഫോമിട്ട പോലീസുകാരൻ ഇഷ്ടിക ഉടച്ച് കൊടുക്കുന്നു. അത് കൊട്ടയ്ക്കകത്ത് പെറുക്കിയിടുന്നു. മറ്റ് പോലീസുകാർ കല്ല് വലിച്ചെറിയുന്നു. ഇത് ഞാൻ കണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനം തകർന്നു തരിപ്പണമായി കടക്കെണിയിലായിരിക്കുന്നു. 2230 കോടി രൂപയാണ് ഈ മാർച്ച് അവസാനംവരെയാകുമ്പോൾ റവന്യൂ കമ്മി വരുന്നതെന്ന് ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസ്താവന കണ്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന 402 കോടി രൂപയിൽ നിന്ന് 2230 കോടി രൂപയായി റവന്യൂ കമ്മി നാലു വർഷംകൊണ്ട് വർദ്ധിക്കുന്നു എന്നു പറഞ്ഞാൽ 550 ശതമാനം വർദ്ധനയാണ്. അഞ്ചര ഇരട്ടി വർദ്ധന. അതാണ് സ്ഥിതി. ഈ ഗവൺമെന്റ് അധികാരം ഏൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം കട ബാദ്ധ്യത 10, 660 കോടി രൂപയായിരുന്നെങ്കിൽ കഴിഞ്ഞ നാലു വർഷംകൊണ്ട് അത് 19130 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക, കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയൊക്കെ വേറെ. 1956 മുതൽ 40 വർഷക്കാലംകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഒരാൾക്ക് 3000 രൂപയാണ് കടം ഉണ്ടായിരുന്നതെങ്കിൽ കഴിഞ്ഞ മൂന്നര-നാലു വർഷംകൊണ്ട് അത് ആറായിരത്തിൽപരം രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇത് വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയാണോ ? അങ്ങനെയാണെങ്കിൽ മനസ്സിലാക്കാം. വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയല്ല പണം ചെലവഴിച്ചത്. ഈ പണത്തിന്റെ നല്ലൊരു ശതമാനം തുക ധൂർത്ത് നടത്തിയിരിക്കുകയാണ്. ഏറ്റവും വലിയ മുതലാളിയായി ഈ സംസ്ഥാനത്ത് മാർക്സിസ്റ്റ് പാർട്ടി വളർന്നിരിക്കുന്നുവെന്ന് ശ്രീ. എ.കെ. ആന്റണി കഴിഞ്ഞ ദിവസം പറയുകയുണ്ടായി. എന്നു പറഞ്ഞാൽ വലിയ പണക്കാരായി, വലിയ സമ്പത്തിന്റെ ഉടമകളായി എന്നാണ് പറഞ്ഞതിന്റെ അർത്ഥം. എല്ലാ സ്ഥലത്തും എ.സി. ചെയ്ത ആഫീസുകൾ എ.കെ.ജി. സെന്ററിന്റെ കോൺഫറൻസ് ഹാൾ പോലെയുള്ള എ.സി. ചെയ്ത പാർട്ടി ഓഫീസുകൾ എല്ലാ സ്ഥലത്തും. തിരുവനന്തപുരത്ത് സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്ക് താമസിക്കാൻ വേണ്ടി നാലഞ്ചു നിലകളിലുള്ള ബഹുനില കെട്ടിടം ഉയരുന്നു. അതുപോലെ ഫ്ളാറ്റുകൾ, വിദേശ കാറുകൾ ഇതിനൊക്കെ എവിടെനിന്നാണ് പണം ? മാനവീയം, ജനകീയാസൂത്രണം പോലെ പല തരത്തിൽ ധൂർത്ത് നടത്തി അതിൽനിന്നുള്ള വിഹിതവും മദ്യലോബിയുടെ സഹായവും കൊണ്ട് മാർക്സിസ്റ്റു പാർട്ടി ഏറ്റവും സമ്പന്നമായ പാർട്ടിയായി മൂന്നര വർഷംകൊണ്ട് വളർന്നിരിക്കുന്നുവെന്ന് ശ്രീ. എ.കെ. ആന്റണി പറഞ്ഞത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ? അഴിമതിയിൽ കുളിച്ച്, സാമ്പത്തിക രംഗത്ത് വലിയ കുഴപ്പങ്ങൾ വരുത്തി കടക്കെണിയിലേയ്ക്ക് നീങ്ങുന്ന ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. എന്നിട്ടും ഗവർണ്ണർ പറയുന്നത് സാമ്പത്തിക നില ഭദ്രമെന്നാണ്. ഇത്തരം കാരണങ്ങളാൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിക്കാൻ നിവൃത്തിയില്ല. അതിനാൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള നന്ദിപ്രമേയത്തെയും അനുകൂലിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട പി.പി. തങ്കച്ചന് നന്ദി പ്രമേയത്തെ എതിർത്തുകൊണ്ട് പറയാൻ കാര്യങ്ങൾ ഇല്ലാത്തതിനാൽ സി.പി.ഐ.(എം)-നെ ആക്ഷേപിക്കാൻ ആണ് സമയമെടുത്തത് എന്ന് എനിക്കു തോന്നുന്നു. അതിലേയ്ക്ക് ഞാൻ പിന്നെ വരാം. നമ്മുടെ രാജ്യം വളരെ കടുത്ത ഒരു ആപത്ത് നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണ്. രാജ്യത്തിൽ ജനാധിപത്യ-മത-

LIBRARY ARCHIVES Kerala Legislative Assembly

നിരപേക്ഷതയുടെ അടിത്തറയ്ക്ക് ആപത്ത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഈ രാജ്യത്തിലെ ഭരണാധികാരികളിൽ നിന്നുതന്നെയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്; കേന്ദ്ര ഗവൺമെന്റിൽ നിന്നാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിലൊന്നാണ് ഇന്ന് നിലനിൽക്കുന്ന ക്യാബിനറ്റ് സമ്പ്രദായം മാറ്റി പ്രസിഡൻഷ്യൽ സിസ്റ്റത്തിലേയ്ക്ക് നമ്മുടെ രാജ്യത്തെ കൊണ്ടുപോകാനുള്ള നീക്കം. ഇതിന്റെയെല്ലാം പിന്നിൽ ആർ.എസ്.എസ്. ആണ്. ഇവിടെ ആർ.എസ്.എസ്. ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനാണ് ബി.ജെ.പി. ഗവൺമെന്റ് ശ്രമിക്കുന്നത്. ബി.ജെ.പി.ക്ക് തനിച്ച് ഭൂരിപക്ഷം ഇല്ലാതെതന്നെ ആർ.എസ്.എസ്-ന്റെ അജണ്ട നടപ്പിലാക്കാനാണ് പരിപാടി. ഇപ്പോൾ ഇൻഡ്യയിലാകെ സാംസ്കാരിക രംഗത്ത് ശക്തമായ എതിർപ്പ് ഉയർത്തിയ ഒരു സംഭവമാണ് 'വാട്ടർ' സിനിമയുടെ ചിത്രീകരണത്തിനെതിരെ സംഘ് പരിവാർ അഴിച്ചുവിട്ട അക്രമം. ഒരു വലിയ ഹുങ്കോടെ തങ്ങൾ സ്വീകരിച്ച നിലപാടിൽത്തന്നെ സംഘ് പരിവാർ ഉറച്ചുനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ആവശ്യമായ പിന്തുണയും നൽകുകയാണ്. വിദ്യാഭ്യാസ രംഗത്ത് ആർ.എസ്.എസ്. അവരുടെ പരിപാടി നടപ്പിലാക്കാനാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന് ഗവൺമെന്റിനെ നിർബന്ധിക്കുകയാണ്. ആർ.എസ്.എസ്സിന്റെ പരിപാടി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നു. ബി.ജെ.പി. ഗവൺമെന്റ് അത് നടപ്പിലാക്കുന്നു. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലൊക്കെ ആർ.എസ്.എസ്-കാരെ കുത്തിക്കയറ്റുന്നത് ഇതിന്റെ ഭാഗമായിട്ടാണ്. അറുപിന്തിരിപ്പനായ സാമ്പത്തിക നയമാണ് വാജ്പേയി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആഗോളവത്ക്കരണം, ഉദാരവത്ക്കരണ നയങ്ങളുടെ ഭാഗമായി രാജ്യത്താല്പര്യത്തിനെതിരായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സ്വകാര്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുമേഖല തകർത്തുകൊണ്ടിരിക്കുകയാണ്. ഇൻഷുറൻസ് ബിൽ, പാറ്റന്റ് ബിൽ എന്നിവയൊക്കെ ധൃതിപിടിച്ച് പാസ്സാക്കിയത് ഈ നയത്തിന്റെ ഭാഗമായിട്ടാണ്. ബാങ്കിംഗ് മേഖല തകർക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തെ പ്രധാനപ്പെട്ട വിമാനത്താവളങ്ങളൊക്കെ സ്വകാര്യമേഖലയെ ഏല്പിക്കുകയാണ്. ഇൻഡ്യൻ എയർലൈൻസ്, എയർ ഇൻഡ്യയൊക്കെ സ്വകാര്യവത്ക്കരിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്. ഐ.ഒ.സി., ഒ.എൻ.ജി.സി., തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് ഗവൺമെന്റ് ഷെയറുകൾ പോലും പിൻവലിക്കുകയാണ്. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് മൻമോഹൻസിംഗ് നടപ്പിലാക്കിയ സാമ്പത്തിക നയമാണ് ബി.ജെ.പി. ഗവൺമെന്റ് അതിശക്തിയായി പിൻതുടരുന്നത്. ഇത്തരം നടപടികളെയൊക്കെ കോൺഗ്രസ് (ഐ) അനുകൂലിക്കുകയാണ്. ഇൻഷുറൻസ് ബിൽ കോൺഗ്രസ് (ഐ) അനുകൂലിച്ചിരുന്നില്ലെങ്കിൽ പാസ്സാകുന്നതല്ല. ഇൻഡ്യാ ഗവൺമെന്റ് തുടർച്ചയായി പിൻതുടർന്നു വന്ന വിദേശനയത്തിൽ മാറ്റം വരുത്തുക. അമേരിക്കൻ സാമ്രാജ്യത്വത്തിന് വഴിപ്പെടുന്ന നിലപാടാണ് പല കാര്യങ്ങളിലും വാജ്പേയി ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇക്കാര്യം രാവിലെ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ അവതരിപ്പിച്ച കാര്യമാണ്. ഡബ്ല്യു.ടി.ഒ. കരാറിന്റെ ഭാഗമായി യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് 2003-ൽ

LIBRARY ARCHIVES Kerala Legislative Assembly

ഡ്യൂട്ടി ഇളവ് അനുവദിക്കുകയാണ്. പക്ഷേ, അമേരിക്കയുടെ കാര്യത്തിൽ 2001 ഏപ്രിലിൽ ഇളവുകൾ അനുവദിക്കുകയാണ്. നമ്മെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയാണ് വരാൻ പോകുന്നത്. ബി.ജെ.പി. സ്വീകരിക്കുന്ന വർഗ്ഗീയ നിലപാടുകൾക്കെതിരായി ഉറച്ചുനിൽക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിക്കേണ്ടത്.

കോൺഗ്രസ്സ് (ഐ)-ക്ക് പലപ്പോഴും ഒത്തുതീർപ്പ് മനോഭാവമാണ്
1 P.M.] വർഗ്ഗീയതയോടുള്ളത്. ഭരണഘടന പൊളിച്ചെഴുതാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഏകാധിപത്യം സ്ഥാപിക്കുന്നതിനുള്ള മാർക്സിസ്റ്റു മനോഭാവമാണ് ബി.ജെ.പി. പ്രകടമാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ക്രമസമാധാനനില തകർന്നുവെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവും ബഹുമാന്യനായ ശ്രീ. പി.പി. തങ്കച്ചനുമൊക്കെ പറയുന്നത്. ക്രമസമാധാനനില തകരണമെന്ന മോഹം ഇവർക്കൊക്കെ ഉണ്ടാകാം. നമ്മുടെ രാജ്യത്തിലെ പൊതുവായ സ്ഥിതിയെക്കുറിച്ചൊക്കെ ബഹുമാന്യനായ ശ്രീ. പി.പി. തങ്കച്ചൻ ഇവിടെ ഉദാഹരിക്കുന്നത് കേട്ടു. 1997-ൽ പ്രസിദ്ധീകരിച്ചതിന്റെ ഔദ്യോഗിക കണക്ക് എന്റെ കയ്യിലുണ്ട്. അതിൽ കാണുന്നത്, നമ്മുടെ രാജ്യത്ത് ക്രൂരമായ കുറ്റകൃത്യങ്ങൾ, കൊലപാതകങ്ങൾ നടന്നു. ഉത്തർപ്രദേശിൽ 7678 എണ്ണം നടന്നു. ബീഹാറിൽ 5317 എണ്ണം നടന്നു. കേരളത്തിൽ 419 ആണ് നടന്നത്. പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ കൂട്ടിയാലും 419 എണ്ണം മാത്രമാണ് ഇവിടെ നടന്നിട്ടുള്ളത്. ഒറീസ്സയിൽ 1007 എണ്ണമാണ്. ആസ്സാമിൽ 1447 എണ്ണം നടന്നു. എന്തിനാണ് ഉള്ളിലെ കാര്യം മറച്ചു വയ്ക്കാൻ നിങ്ങൾ വ്യഗ്രതപ്പെടുന്നത് ? നമുക്ക് അഭിമാനിക്കാവുന്ന കാര്യമല്ലേ ? ഈ നാടിന് മുഴുവൻ അഭിമാനിക്കാവുന്ന കാര്യത്തെ ഇല്ലാതായി കാണണ്ട. കൊലയോടുകൂടിയ കൊള്ളകൾ നമ്മുടെ സംസ്ഥാനത്ത് 1997-ൽ അഞ്ഞൂറ്റെണ്ണമാണ് നടന്നത്. എന്നാൽ ബീഹാറിൽ 130, ഉത്തർപ്രദേശിൽ 109, മറ്റുള്ളിടത്തെല്ലാം ഇതിനെക്കാൾ കൂടുതൽ ആണ് നടന്നിട്ടുള്ളത്. ഏറ്റവും കുറഞ്ഞു നിൽക്കുന്നത് നമ്മളാണ്. ക്രമസമാധന നില ഭദ്രമാണ്. അതിനു നിരവധി കണക്കുകളുണ്ട്. ഞാൻ കൂടുതലായി അതിലേയ്ക്ക് പോകുന്നില്ല. ഇപ്പോൾ 1996-ന് ശേഷം ഇവിടെ ജീവിക്കുന്നവരാണുള്ളത്. 1996-ന് മുമ്പും ഞങ്ങൾ ഇവിടെയുണ്ടല്ലോ ? 1996-ന് മുമ്പ് ഒരു അഞ്ചുകൊല്ലക്കാലം നിങ്ങൾ ഭരിച്ചല്ലോ. ബഹുമാനപ്പെട്ട ശ്രീ. എ.കെ. ആന്റണിയും കരുണാകരനും മുഖ്യമന്ത്രിയായിരുന്നല്ലോ. അന്നത്തെ സ്ഥിതിയെന്തായിരുന്നു ? നമുക്കെല്ലാം അത് ഓർമ്മ കാണുമല്ലോ. കേരളത്തിലെ ജനങ്ങളെല്ലാം അത് മറന്നുപോയി എന്നാണോ നിങ്ങൾ ധരിക്കുന്നത് ? ക്രമസമാധാനം ഇത്രമാത്രം തകർന്ന ഒരു അവസ്ഥ ആ കാലത്തെപ്പോലെ ഏതെങ്കിലും കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ ? നിങ്ങളുടെ കൂട്ടത്തിലുള്ള പലരും ക്രമസമാധാന നില തകർന്നുവെന്ന് വിളിച്ച് പറഞ്ഞ കാര്യം നിങ്ങൾക്ക് ഓർമ്മയില്ലേ ? എന്തിനാണ് പഴയ ഫയലൊക്കെ എടുത്ത് തുറക്കുന്ന ഒരു നില ഉണ്ടാക്കുന്നത് ? എത്രയോ നേതാക്കൻമാർ വിളിച്ചു പറഞ്ഞ കാര്യമല്ലേ? നമ്മുടെ കേരളത്തിന് നമുക്കെല്ലാം അഭിമാനിക്കാവുന്ന ഒരു കാര്യമാണ് മതസൗഹാർദ്ദം കൊടികുത്തി വാഴുന്ന ഒരു അവസ്ഥ. 1991 മുതൽ 1996 വരെയുള്ള 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്ത് വർഗ്ഗീയ കലാപത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്രപേരാണ് കൊല ചെയ്യപ്പെട്ടത് ? ഒന്നും രണ്ടും പേരാണോ ? നാൽപത് പേരാണ് കൊല ചെയ്യപ്പെട്ടത്. കേരളം പോലുള്ള സ്ഥലത്ത് വർഗ്ഗീയകലാപത്തിൽ കൊല ചെയ്യപ്പെടുന്ന അവസ്ഥ എങ്ങനെ വന്നു ? നിങ്ങളുടെ ഗവൺമെന്റിന്റെ, ആ കാലത്ത് അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രത്യേകിച്ച് കോൺഗ്രസ്(ഐ)യുടെ മനോഭാവമാണ് ഇതിൽ പ്രകടമാകുന്നത്. കേരളത്തിൽ ക്രമസമാധാനനില തകർന്നുവെന്ന് പറയുമ്പോൾ ആ കാലവും ഈ കാലവും തമ്മിലൊന്നു താരതമ്യപ്പെടുത്തി നോക്കൂ. ഇപ്പോൾ നാലു വർഷം തികയാറായല്ലോ. ഈ നാലു വർഷത്തിനിടയ്ക്ക് വർഗ്ഗീയ കലാപത്തിന്റെ ഫലമായി ഏതെങ്കിലും ഒരാൾ കൊലചെയ്യപ്പെടുന്ന അവസ്ഥയുണ്ടായോ ? വലിയ തോതിലുള്ള ഒരു കലാപത്തിനുതന്നെ നമ്മുടെ നാട് സാക്ഷ്യം വഹിക്കേണ്ടി വന്നോ ? എന്തുകൊണ്ടാണ് ? ഈ ഗവൺമെന്റിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണുള്ളത്. വിട്ടുവീഴ്ചയില്ലാത്ത നിലപാട് വർഗ്ഗീയതയോടുണ്ട്. രാജ്യവ്യാപകമായി സംഘ് പരിവാർ, ക്രിസ്ത്യൻ മതവികാരത്തിനു നേരെ കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണയോടെ അക്രമം അഴിച്ചുവിട്ട കാലമാണ്. നമ്മുടെ നാട്ടിൽ സംഘ് പരിവാറിന്റെ ഭാഗമായിട്ട് ആരുമില്ലേ ? നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി കോയമ്പത്തൂർ, വിരാജ്പേട്ട, മംഗലാപുരം ഇവിടങ്ങളിലൊക്കെ കലാപം ഉണ്ടായല്ലോ. അപ്പോഴും കേരളം ശാന്തമായി നിന്നല്ലോ. ഇവിടെ കലാപമുണ്ടാക്കാൻ ശ്രമം നടന്നില്ലേ ? കലാപം ഉണ്ടാക്കണമെന്ന ആഗ്രഹം ഉണ്ടായിട്ടില്ലേ ? വയനാട്ടിൽ ചില പ്രശ്നങ്ങൾ ഉണ്ടാക്കാൻ നോക്കിയില്ലേ ? വടകരയിൽ ചില പ്രശ്നങ്ങൾ ഉണ്ടാക്കാൻ നോക്കിയില്ലേ ? പത്തനംതിട്ടയിൽ ഗവൺമെന്റ് വളരെ ശക്തമായാണ് ഇടപെട്ടത്. വൈക്കം ടി.വി.പുരം സംഭവം, മാരാമൺ കൺവെൻഷൻ ഇതെല്ലാം അലങ്കോലപ്പെടുത്തണമെന്ന് പ്രഖ്യാപിച്ച് കൊണ്ട് വന്നതാരാണ് ? എന്നിട്ട് പിൻവാങ്ങി പോയില്ലേ ? ഈ ഗവൺമെന്റിന്റെ കർക്കശമായ നിലപാടാണ് അതിന് കാരണം. കേരളത്തിൽ ക്രമസമാധാനനില ഭദ്രമായിരിക്കുന്നത് കേരളത്തിലെ ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന് അഞ്ച് വർഷക്കാലം പോലീസ് നടത്തിയ വെടിവെയ്പിൽ കൊലചെയ്യപ്പെട്ടവർ എത്രയാണ് ? അഞ്ചുവർഷക്കാലംകൊണ്ട് 18 പേരെയാണ് കൊന്നത്. ഇപ്പോഴും ശരീരമനക്കാൻ കഴിയാതെ ജീവച്ഛവമായിക്കിടക്കുന്ന കൂത്തുപറമ്പ് വെടിവയ്പിൽ പരിക്കേറ്റ പുഷ്പൻ ഉൾപ്പെടെ 150-ഓളം പേർക്കാണ് മാരകമായി പരിക്കേറ്റത്. എന്തായിരുന്നു ന്യായം ? ഗവൺമെന്റായാൽ വെടിവയ്ക്കേണ്ടി വരില്ലേ എന്ന് ചോദിച്ചവരല്ലേ നിങ്ങൾ ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇപ്പോൾ നാലുവർഷമായില്ലേ ? ഈ നാല് വർഷക്കാലത്തിനിടയിൽ ഈ കേരളത്തിന്റെ ഏതെങ്കിലും ഭാഗത്ത് പോലീസ് വെടിവയ്പ്പിന്റെ ഫലമായിട്ട് ആർക്കെങ്കിലും നേരിയ പരിക്കെങ്കിലും പറ്റി എന്ന ഉദാഹരണം എടുത്തു കാണിക്കാനുണ്ടോ ? ഈ കേരളം പോലെ ക്രമസമാധാനം ഭദ്രമായ ഏതെങ്കിലും സംസ്ഥാനമുണ്ടോ ഇൻഡ്യയിൽ ? ക്രമസമാധാനനില ഭദ്രമായതിൽ നിങ്ങൾക്ക് ബേജാറ് കാണും. നിങ്ങൾ ഇവിടെ ക്രമസമാധാനനില തകർക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെടുകയാണ്. ഇതിന്റെ ഭാഗമായിട്ടുള്ള അരങ്ങേറ്റമാണ് കൊല്ലത്ത് നടന്നത്. ഞാൻ കൊല്ലത്ത് കണ്ടതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കാരണം നമ്മുടെ നാട്ടിലെ പത്രങ്ങൾ ഇത് എഴുതിയിരിക്കുകയല്ലേ? ഏതെങ്കിലും പത്രം നിങ്ങളെ ആക്ഷേപിക്കാതെയുണ്ടോ? നിങ്ങൾ നടത്തിയ ആക്രമണത്തെക്കുറിച്ച് പ്രധാന പത്രങ്ങൾ മുഖപ്രസംഗം അടക്കം എഴുതി നിങ്ങളെ ആക്ഷേപിച്ചില്ലേ? പോലീസിനു നേരെ പലവട്ടം ആക്രമണം നടത്തിയ അവസ്ഥ പല പത്രങ്ങൾക്കും റിപ്പോർട്ട് ചെയ്യേണ്ടിവന്നില്ലേ? കോൺഗ്രസ് (ഐ)യെ പിൻതാങ്ങാൻ നടക്കുന്ന പത്രങ്ങളടക്കം നിങ്ങളെ ആക്ഷേപിക്കുന്ന അവസ്ഥയാണുണ്ടായത്. കോഴിക്കോട് നിങ്ങളുടെ നേതാവ് മുൻകൂട്ടി പ്രഖ്യാപിച്ചല്ലോ. ഐ.ജി. ഓഫീസിനകത്തേക്ക് കടക്കും, തടയാൻ നിൽക്കണ്ട, എന്നെ തടഞ്ഞാൽ പ്രിവിലേജ് ആകും, തടഞ്ഞാൽ നേരിടും എന്നൊക്കെ. എവിടത്തേക്കാണ് നിങ്ങൾ പോകുന്നത്? ബഹുമാനപ്പെട്ട ആന്റണിയുടെ നേതൃത്വം എങ്ങോട്ടാണ് കേരളത്തിലെ കോൺഗ്രസിനെ നയിക്കുന്നത്? വ്യാപകമായ ആക്രമണം നടത്താനോ? ആ പറഞ്ഞ വാക്ക് അവിടെ പാലിച്ചില്ലേ? വ്യാപകമായ ആക്രമണമല്ലേ അഴിച്ചുവിട്ടത്. ക്രമസമാധാന നില തകർന്നു എന്നുവരുത്തി പോലീസിനെ കൊണ്ട് ലാത്തിച്ചാർജ് ചെയ്യിക്കുക. മറ്റുതരത്തിൽ ഇടപെടിക്കുക ഇതാണ് ലക്ഷ്യം. ഇതിനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. എങ്ങനെയെങ്കിലും ഒന്ന് തല്ലി എന്ന മട്ടിലാണ് ഇപ്പോൾ കോൺഗ്രസ്സിന്റെ നീക്കം. ഇതുകൊണ്ടൊന്നും കേരളത്തിലെ ക്രമസമാധാന നില തകർന്നു എന്ന് വരുത്താൻ നിങ്ങൾക്ക് കഴിയുമെന്ന് വ്യാമോഹിക്കണ്ട. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത് വലിയ വിവാദം സൃഷ്ടിച്ച ഒന്നായിരുന്നു ക്രീമിലെയർ പ്രശ്നം. കേരളത്തിൽ ക്രീമിലെയർ ഇല്ല എന്ന നിലപാടായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റേത്. കേരളത്തിൽ പിന്നോക്ക വിഭാഗത്തിൽ ക്രീമിലെയർ ഉണ്ട് എന്ന നിലപാട് ഞങ്ങൾ സ്വീകരിച്ചു. അങ്ങനെ ഒരു നിലപാട് സ്വീകരിച്ചപ്പോൾ ഞങ്ങളെ ആക്രമിക്കുന്നതിനും ഒറ്റപ്പെടുത്തുന്നതിനുമാണ് യു.ഡി.എഫ്. അന്ന് ശ്രമിച്ചത്. ഉദ്ദേശം എന്തായിരുന്നു? ഞങ്ങൾ ക്രീമിലെയർ ഉണ്ടെന്ന് പറയുന്നതുകൊണ്ട് പിന്നോക്ക വിഭാഗത്തെയാകെ ഞങ്ങൾക്കെതിരായി തിരിക്കണം. അതായിരുന്നു കണക്കുകൂട്ടൽ, നിങ്ങളുടെ ദുഷ്ടലാക്ക് അതായിരുന്നു. പിന്നോക്ക വിഭാഗത്തെയാകെ ഞങ്ങൾക്കെതിരായി തിരിക്കുക. ക്രീമിലെയർ പ്രശ്നത്തിലുള്ള ഞങ്ങളുടെ നിലപാട് പിന്നോക്ക വിഭാഗത്തിലോ, കേരള സമൂഹത്തിലോ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം ഉണ്ടാക്കുന്നതായിരുന്നില്ല. പിന്നോക്ക വിഭാഗത്തിലെ വളരെ ചെറിയ ഒരു ന്യൂനപക്ഷമാണ് ക്രീമിലെയറിൽപ്പെടുക. ക്രീമിലെയർ ഉണ്ടെന്ന അഭിപ്രായമായിരുന്നു ഞങ്ങൾക്ക്. പക്ഷേ, വളരെ ചെറിയ ഒരു ന്യൂനപക്ഷമാണ് ഈ ക്രീമിലെയറിൽപ്പെടുക. സംവരണത്തിന്റെ ഭാഗമായ അർഹതയിൽ നിന്ന് അവരെ ഒഴിവാക്കിയാൽ നേട്ടം ഉണ്ടാകുന്നത് പിന്നോക്ക സമുദായത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾക്കാണ്. അവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗവും മറ്റും ലഭിക്കും. അപ്പോൾ ക്രീമിലെയർ വിഭാഗത്തിന് സാമ്പത്തികശേഷിയോടൊപ്പം സമൂഹത്തിലുള്ള പദവിയുണ്ട്. മറ്റ് സൗകര്യങ്ങളുണ്ട്. അതൊക്കെവച്ച് സംവരണത്തിന്റെ അർഹത തട്ടിയെടുക്കാൻ കഴിയുകയാണ്. അത് മാറും. അത് മാറി പിന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആ ആനുകൂല്യം ലഭിക്കുന്ന അവസ്ഥ വരും. അപ്പോൾ ഈ ക്രീമിലെയർ വിഭാഗത്തെ സംവരണത്തിലെ ആനുകൂല്യത്തിന്റെ അർഹതയിൽ നിന്ന് ഒഴിവാക്കുന്നതുകൊണ്ട് മഹാഭൂരിഭാഗം വരുന്ന പാവപ്പെട്ടവർക്ക് അർഹമായ സംവരണാനുകൂല്യം ലഭിക്കുകയാണ് ചെയ്യുക. അതോടൊപ്പം ഞങ്ങൾ ഒരുകാര്യം പറഞ്ഞു. ഏതെങ്കിലും കാരണവശാൽ ക്രീമിലെയറിനെ ഒഴിവാക്കിയതിന്റെ ഫലമായി അർഹതപ്പെട്ട ഉദ്യോഗാർത്ഥികളെ ബന്ധപ്പെട്ട സമുദായത്തിൽ നിന്ന് ലഭിക്കാതെ വരുന്നു എങ്കിൽ നേരത്തെ ഒഴിവാക്കി നിർത്തിയ ക്രീമിലെയറിൽപ്പെട്ട ഉദ്യോഗാർത്ഥികളെ തൽസ്ഥാനത്തേക്ക് പരിഗണിക്കേണ്ടതാണ്. ഇതാണ് ഞങ്ങൾ വച്ച നിർദ്ദേശം. അന്ന് ഞങ്ങൾ പ്രകടിപ്പിച്ച അഭിപ്രായമാണ് ഞാൻ പറയുന്നത്. ഞങ്ങൾ ഈ അഭിപ്രായം പറഞ്ഞു. ഇത്തരത്തിൽ കാര്യങ്ങൾ നടപ്പിലാക്കിയാൽ ക്രീമിലെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമുദായം എന്ന നിലയ്ക്ക് ഏതെങ്കിലും ഒരു പിന്നോക്ക സമുദായത്തിന് ഒരു നഷ്ടവും സംഭവിക്കില്ല. അതേസമയം ഞങ്ങൾ വേറെ ഒരു കാര്യംകൂടി പറഞ്ഞു. മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഒരു നിശ്ചിത ശതമാനം സംവരണം അനുവദിക്കണം. അതും ഞങ്ങൾ നിർദ്ദേശിച്ചു. ഞങ്ങൾ ഉയർത്തിയ ഈ സംവരണ നയത്തിന്റെ ഭാഗമായി കേരളത്തിൽ ഞങ്ങളെ ഒറ്റപ്പെടുത്താനുള്ള ശ്രമമാണ് നിങ്ങൾ നടത്തിയത്. ആ കാലത്ത് ഉയർന്ന വിവാദത്തിന്റെ തുടർച്ചയായി ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നല്ലോ. ആ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങളാകെ ഒറ്റപ്പെട്ടുപോകും എന്നായിരുന്നു നിങ്ങളുടെ ധാരണ. പക്ഷേ, ആ തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ നയം കേരളത്തിലെ ജനത പൊതുവേ സ്വീകരിച്ചു എന്ന് വ്യക്തമാക്കി. അക്കാലത്ത് ക്രീമിലെയർ ഇല്ലെന്ന് വാദിച്ചുകൊണ്ട് നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചാണ് യു.ഡി.എഫ്. ഗവൺമെന്റ് ഒരു ബിൽ പാസ്സാക്കിയെടുത്തത്. ആ ബില്ലിന്റെ ചർച്ച ഈ ഘട്ടത്തിൽ ഓർമ്മിക്കുന്നത് നല്ലതാണ്. ചർച്ച ചെയ്യുന്ന ബിൽ നിയമപരമായി നിലനിൽക്കില്ല എന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. അപ്പോൾ ഞങ്ങളെ ഒറ്റപ്പെടുത്താനായിരുന്നു ശ്രമം. ഇപ്പോൾ ആ ബില്ലിന് എന്താ സംഭവിച്ചത് ? എത്ര ശക്തമായ ഭാഷയിലാണ് ആ നിയമം റദ്ദാക്കിക്കൊണ്ട് സുപ്രീം കോടതിയുടെ ഉത്തരവ് വന്നിട്ടുള്ളത് ? ഞങ്ങൾ അന്ന് ചൂണ്ടിക്കാണിച്ചതല്ലേ ? എന്താണ് ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. "When the State as found guilty of deliberately violating orders of this Court and the order was kept in abeyance and subsequently legislation was passed by passing all norms of reasonableness, should we allow the State to go scot-free or should we punish the perhaps innocent candidates who between the date of Judgement in Indira Sawhney and today had got appointments even though they belonged to the creamy layer ? Is there no way of punishing those who are guilty of wilful disobedience apart from the Chief Secretary ? For the present, we do not wish to go into this question. It will be seen that this Court has stated, as long back as in 1992 that it is imperative to exclude the creamy layer in the Backward Classes from the benefits of reservations.

LIBRARY ARCHIVES Kerala Legislative Assembly

The Kerala Government has been already found to have deliberately violated the directions of this Court in that Judgement and held guilty of contempt of Court. The question of imposing sentence and, if so, on whom was pending when the impugned legislaton was passed in 1995 by the State of Kerala. The legislation unfortunately served dual purposes one to ward off temporarily any sentence being passed in the contempt proceedings and the other for deliberately pulling off the exclusion of creamy layer till this Court could deal with the validity of the Act." അതങ്ങനെ പോകുകയാണ്. അപ്പോൾ ആലോചിച്ചു നോക്കുവിൻ നിങ്ങൾ അധികാരത്തിൽ ഇരിക്കുന്ന സമയത്താണ് ഈ വിധി വന്നതെങ്കിൽ എന്താകും സ്ഥിതി എന്നുള്ളത്. എത്ര കടുത്ത പരാമർശമാണ് നിങ്ങൾക്ക് എതിരായി നടത്തിയിരിക്കുന്നത്. കേരളാ ഗവൺമെന്റ് ശിക്ഷയ്ക്ക് അർഹമായിരിക്കുന്നു എന്ന നിഗമനത്തിലാണ് എത്തുന്നത്. അതാണ് കാണേണ്ടത്. യു.ഡി.എഫ്. ഭരണത്തിന് നേതൃത്വം കൊടുത്തവർക്കെല്ലാം സുപ്രീം കോടതി വിധിയിലെ പരാമർശം ബാധകമായിട്ടുള്ളതാണ്. ഈ വിധിയുടെ അടിസ്ഥാനത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന് തികച്ചും പ്രായോഗികമായ സമീപനം മാത്രമേ സ്വീകരിക്കാൻ പറ്റൂ. അതാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഈ കോടതി വിധിയുടെ നാല് അതിരുകൾക്കുള്ളിൽ നിൽക്കുന്നു. നാല് അതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് ക്രീമിലെയർ കണ്ടെത്തുന്ന ജോസഫ് കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനാണ് ഗവൺമെന്റ് ഇപ്പോൾ നടപടി എടുത്തിട്ടുള്ളത്. സുപ്രീം കോടതി വിധിയോടെ ക്രീമിലെയർ ഉണ്ടോ, ഇല്ലെയോ എന്ന തർക്കത്തിന് പ്രസക്തിയില്ലാതായിരിക്കുന്നു. അത് അവസാനിച്ചു കഴിഞ്ഞു. ക്രീമിലെയർ ഉണ്ടെന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു കഴിഞ്ഞു. കോടതി വിധി നടപ്പിലാക്കാൻ തന്നെയാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുള്ളത്. കാലാനുസൃതമായി അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതേസമയം സംവരണത്തിന്റെ ഭാഗമായി പിന്നോക്ക വിഭാഗത്തിന് ലഭിച്ച ഉദ്യോഗനിയമനത്തോതിനെക്കുറിച്ച് വിവിധ ജനവിഭാഗങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. അത് പരിഗണിച്ചാണ് വിവിധ വിഭാഗങ്ങൾക്ക് ലഭിച്ച ഉദ്യോഗനിയമനത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്താൻ കമ്മീഷനെ ഇതോടൊപ്പം ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ കാര്യത്തിലാകെ യു.ഡി.എഫ്.ഉം ആശയക്കുഴപ്പത്തിലല്ലേ ? നിങ്ങൾ കടുത്ത ആശയക്കുഴപ്പത്തിലാണ് നിൽക്കുന്നത്. സമൂർത്തമായ നിലപാട് നിങ്ങൾക്കെടുക്കാൻ കഴിയുകയില്ല. അടുത്ത കാലത്ത് യു.ഡി.എഫ്. എന്ന് പൊതുവിൽ പറയാമോ എന്നറിയില്ല. കോൺഗ്രസ് (ഐ) വല്ലാതെ പാട്പെട്ട് സഹായിച്ച ഒരു പ്രശ്നമാണ് കൊല്ലം എസ്.എൻ. കോളേജ് പ്രശ്നം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകേണ്ടതില്ലെന്നാണ് തോന്നുന്നത്. 98 ദിവസം നീണ്ടുനിന്ന സമരമാണ് എസ്.എൻ. കോളേജ് സമരം. അതിനിടയ്ക്ക് കോളേജ് പഠിപ്പുമുടക്ക് എന്ന് പറയുന്നത് നടന്നിട്ടില്ല എന്നു പറഞ്ഞാൽ അതാണ് ശരി. ക്ലാസ്സ് ബഹിഷ്കരിച്ച് പഠിപ്പുമുടക്ക് നടത്തുന്നു എന്നുള്ള മട്ടിലായിരുന്നു പ്രചരണം. പക്ഷേ, അത്തരം ഒരു പഠിപ്പുമുടക്ക് അവിടെ നടന്നിരിക്കുകയില്ല. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭകാലം മുതൽക്കുള്ള കാര്യങ്ങൾ അറിയാവുന്ന ചിലരൊക്കെ ഇവിടെ ഉണ്ടല്ലോ ; വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വക്താക്കളായ കുറെയേറെ ആളുകൾ ഉണ്ടല്ലോ ഇവിടെ. ബഹുമാന്യനായ ആന്റണി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ശക്തനായ നേതാവായിരുന്നല്ലോ. അങ്ങനെയുള്ളവർക്കെല്ലാം അറിയാം. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ, എസ്.എൻ. കോളേജ് ആരംഭിച്ചകാലം മുതൽ തന്നെ അവിടെ സംഘടനാ പ്രവർത്തനം ഉണ്ടായിരുന്നു. നിരവധി വിദ്യാർത്ഥി പ്രക്ഷോഭണങ്ങളിലൂടെ, സമരങ്ങളിലൂടെയൊക്കെ കരുത്താർജ്ജിച്ചുവന്ന ഒരു സംഘടനയാണ് എസ്.എഫ്.ഐ., എസ്.എഫ്.ഐ.യുടെ കാര്യത്തിൽ അസൂയപൂണ്ട ചില ശക്തികൾ എസ്.എഫ്.ഐ.യെ ചെറുക്കുന്നതിന് ചില മാർഗ്ഗങ്ങൾ കണ്ടെത്തി. അതിന്റെ ഭാഗമായി ചെയ്ത ഒരു കാര്യം 26 വയസ്സുള്ള ഒരു "കുട്ടിയെ" ഫസ്റ്റ് ഇയർ പ്രീ-ഡിഗ്രിക്ക് പ്രവേശിപ്പിക്കലാണ്. അപ്പോൾ 26 വയസ്സുള്ള "കുട്ടി" എന്നു പറയുന്ന ഈ ആളെക്കുറിച്ച് കേൾക്കുന്നത്, നല്ല തടിയും വണ്ണവുമൊക്കെയുള്ള അപ്പുറത്തുള്ള ഒരു ആളെക്കുറിച്ച് ആലോചിച്ചാൽ മതിയെന്നാണ്. വളരെ വലിയ ഒരു ശരീരക്കാരനാണ്. അവർ പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ് അദ്ദേഹത്തെ ഈ കോളേജിൽ പ്രവേശിപ്പിച്ചത്. കൊല്ലം ടൗണിലെ അറിയപ്പെടുന്ന ക്രിമിനലായ ആ വിദ്യാർത്ഥി എസ്.എഫ്.ഐ. വിദ്യാർത്ഥികളെ ആക്രമിക്കൽ പതിവാക്കി. ഒരു ദിവസം കത്തിയെടുത്ത് പലരേയും കുത്തി. ഒരു എസ്.എഫ്.ഐ. വിദ്യാർത്ഥി കുത്തുകൊണ്ട് വീണു. പലർക്കും പരിക്കുപറ്റി. വലിയ ബഹളമായി കോളേജ് അധികൃതർ ഈ ക്രിമിനലിനേയും നാല് എസ്.എഫ്.ഐ. വിദ്യാർത്ഥികളേയും കോളേജിൽനിന്ന് പുറത്താക്കി. നാല് പേരെ എസ്.എഫ്.ഐ.യിൽ നിന്ന് പുറത്താക്കി. അതാണല്ലേ തെറ്റ്. അതാണല്ലോ പ്രശ്നം. ആസ്വാഭാവികമായ ചോദ്യമാണ് എല്ലാവരിൽ നിന്നും ഉയർന്നത് എന്തിന് ? ഏത് നിഷ്പക്ഷമതിയിൽ നിന്നും ഉയരുന്ന ഒരു ചോദ്യമാണത്. അതാണ് അങ്ങയിൽ നിന്നും ഉയർന്നത്. കോളേജ് മാനേജ്മെന്റ് പിന്നെ ചെയ്തത്, 45 ദിവസത്തേയ്ക്ക് കോളേജ് അടച്ചു. 45 ദിവസം കോളേജ് അടഞ്ഞ് കിടക്കുകയായിരുന്നു. കോളേജ് തുറന്നപ്പോഴാണ് എസ്.എഫ്.ഐ. ഈ പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം ആരംഭിച്ചത്. എന്താ സമരമാർഗ്ഗം ? കോളേജിന് പുറത്ത് റോഡ്സൈഡിൽ പന്തല്കെട്ടി നിരാഹാരം കിടക്കുക. ഇത്തരം ഒരു പ്രശ്നമുണ്ടായാൽ സാധാരണഗതിയിൽ പ്രശ്നം അവസാനിപ്പിക്കാൻ കോളേജ് അധികൃതർ മുൻകൈ എടുക്കില്ലേ ? ബഹുമാന്യനായ ആന്റണി ഇപ്പോൾ രാഷ്ട്രീയം വിട്ട് മനസ്സിൽ ഒന്ന് ആലോചിച്ച് നോക്ക്. സ്വാഭാവികമായിട്ട് മുൻകൈ എടുക്കില്ലേ. വല്ല മുൻകൈയ്യും കോളേജ് അധികൃതരിൽ നിന്നുണ്ടായോ ? ദിവസങ്ങൾ ഇത്രയും ആയിട്ടും കോളേജ് അധികൃതരിൽ നിന്നും ആ സമരം അവസാനിപ്പിക്കാൻ ആരും മുൻകൈ എടുത്തില്ല. എസ്.എഫ്.ഐ. അവിടെയുള്ള ഒരു സംഘടനയല്ലേ ? സസ്പെന്റ് ചെയ്യപ്പെട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കണം എന്ന ആവശ്യം ന്യായമായി ഇവരെ ബോദ്ധ്യപ്പെടുത്താനുള്ള ഒരു സഹനസമരം, നിരാഹാരസമരം നടത്തുകയായിരുന്നു. എസ്.എഫ്.ഐ. ആരംഭിച്ച സമരം ഒരു ജാതിക്കെതിരായ സമരമെന്ന് ചിത്രീകരിച്ച് ജാതിവികാരം ഇളക്കിവിടാനാണ് നിങ്ങൾ ശ്രമിച്ചത്. അതാണ് അവിടെ ഉണ്ടായത്. ഇത്തരമൊരു ഘട്ടത്തിൽ സമരം

LIBRARY ARCHIVES Kerala Legislative Assembly

ഒത്തുതീർപ്പിലെത്തിക്കാനുള്ള താല്പര്യത്തോടുകൂടി ഗവൺമെന്റ് ഇടപെട്ടു. വിദ്യാഭ്യാസമന്ത്രി ഒരു കോൺഫറൻസ് വിളിച്ചു. അതിൽ ബന്ധപ്പെട്ടവർ, ഉത്തരവാദപ്പെട്ടവർ ഹാജരാകില്ലേ ? പക്ഷേ, എസ്.എൻ. കോളേജിന്റെ പ്രധാനികൾ ഹാജരായില്ല. അതുകാരണം അന്നത്തെ കോൺഫറൻസ് മാറ്റിവച്ചു. ഏതെങ്കിലും ഒരു മാനേജ്മെന്റ് ചെയ്യുമോ ? ജനങ്ങളുടെ കാര്യം മറന്നുകള. നിങ്ങളുടെ കാര്യം ഒന്ന് ആലോചിക്ക്. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഗവൺമെന്റ് ഒരു കോൺഫറൻസിന് വിളിക്കുമ്പോൾ ഏതെങ്കിലും ഒരു മാനേജ്മെന്റ് കോൺഫറൻസിൽ പങ്കെടുക്കാതിരിക്കുമോ ? ഇവിടെ പങ്കെടുത്തില്ലല്ലോ. ഗവൺമെന്റ് ഒരു ദുരഭിമാനവും കാണിച്ചില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അതിൽ യാതൊരു ദുരഭിമാനവും കാണിച്ചില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി രണ്ടാമതും ഒരു കോൺഫറൻസ് വിളിപ്പിച്ചു. ആ കോൺഫറൻസിലും മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നും ഉത്തരവാദപ്പെട്ടവർ പങ്കെടുത്തില്ല. എന്ത് ചെയ്യും. എന്ത് ചെയ്യാൻ? ഞാൻ പറയാം എന്ത് ചെയ്തുവെന്ന്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ യോഗത്തിൽ മൂന്ന് നിർദ്ദേശങ്ങൾ വച്ചു. ഒന്ന്, പുറത്താക്കപ്പെട്ട നാല് വിദ്യാർത്ഥികളിൽ പ്രീ-ഡിഗ്രി വിദ്യാർത്ഥികളായ രണ്ടുപേരെ പരീക്ഷ എഴുതാൻ അനുവദിക്കുക. പരീക്ഷ എഴുതുന്നതിന് മാനേജ്മെന്റിന്റെ സമ്മതം വേണമെന്നില്ല ; യൂണിവേഴ്സിറ്റി സമ്മതിച്ചാൽ മതി. എങ്കിലും നിർദ്ദേശം അതാണ് വെച്ചത്. രണ്ടാമത്, ഡിഗ്രി വിദ്യാർത്ഥികളായ രണ്ടുപേരിൽ ഒരാളെ കോളേജിൽ തിരിച്ചെടുക്കുക. മൂന്നാമത്തേത്, ഒരു വിദ്യാർത്ഥിക്ക് മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ കൊടുക്കുക. നാല് വിദ്യാർത്ഥികളിൽ ഒരാളെ തിരിച്ചെടുക്കണം എന്നുള്ള നിർദ്ദേശമാണ്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ സംസാരിക്കുമ്പോൾ സെന്റ് തോമസ് കോളേജിന്റെ കാര്യം പറഞ്ഞല്ലോ. എട്ടിൽ നാല് പേരെ തിരിച്ചെടുത്തതായിരുന്നു ആ സമരം. ഇവിടെ നാലിൽ ഒരാളെ തിരിച്ചെടുക്കണമെന്ന നിർദ്ദേശം മാത്രമാണ് വിദ്യാഭ്യാസവകുപ്പുമന്ത്രി വച്ചത്. ബാക്കി ഒന്നും തിരിച്ചെടുക്കലല്ലല്ലോ. വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ സംബന്ധിച്ച് ഞങ്ങൾ ആലോചിച്ച് മറുപടി നൽകാമെന്ന് പറഞ്ഞ് പങ്കെടുത്ത മാനേജ്മെന്റ് പ്രതിനിധികൾ പോയി. ആലോചിക്കാൻ പോയവർ യോഗം ചേർന്ന് ആലോചിച്ചു. ഇത് അംഗീകരിക്കുന്നില്ല എന്ന് തീരുമാനിച്ചു. എന്നിട്ട് അവരെടുത്ത തീരുമാനം ഒരു ബദൽ സമരം ആരംഭിക്കാനാണ്. ബദൽ സമരം ആരംഭിക്കുന്നു എന്ന് തീരുമാനിച്ചു. ഒരു സമരത്തിന് ഗവൺമെന്റ് വച്ച ഒത്തുതീർപ്പ് നിർദ്ദേശത്തിന് നേരെ മാനേജ്മെന്റ് സ്വീകരിച്ച സമീപനം, മറ്റ് കാര്യങ്ങൾ മറന്നുകൊണ്ട് ഒന്ന് ആലോചിച്ച് നോക്കിയാൽ ഒരു ഗവൺമെന്റ് വച്ച ഒരു നിർദ്ദേശം നാലിൽ ഒരാളെ തിരിച്ചെടുക്കുക. ആ നിർദ്ദേശത്തോട് മാനേജ്മെന്റ് സ്വീകരിക്കുന്ന സമീപനം, അത് അംഗീകരിക്കുന്നില്ല. ബദൽ സമരമാണ്. ധാരാളം വിദ്യാർത്ഥി സമരങ്ങളുടെ അനുഭവം ഉള്ളവരാണല്ലോ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ. ഏതെങ്കിലും മാനേജ്മെന്റ് ഇത്ര വലിയ ധാർഷ്ഠ്യം ഏതെങ്കിലും കാലത്ത് കാണിച്ചിട്ടുണ്ടോ ? അതല്ല ഇവിടെ ഉണ്ടായത്. ഈ ധാർഷ്ഠ്യത്തിന് പിന്നിൽ രാഷ്ട്രീയ ഉദ്ദേശമായിരുന്നോ ? ഞാൻ ആ ഉത്തരം പറയുകയാണ്. ഈ ധാർഷ്ഠ്യത്തിന് പിന്നിൽ രാഷ്ട്രീയ ഉദ്ദേശമായിരുന്നു. കൊല്ലം എസ്.എൻ. ഡി.പി. യൂണിയന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃസ്ഥാനത്തിരിക്കുന്നവർക്ക് വ്യക്തമായ രാഷ്ട്രീയം ഉണ്ട്. ഓരോരുത്തരേയും നിങ്ങളിൽ പലർക്കും അറിയാം. ഞാൻ അവരുടെ പേരൊന്നും എടുത്ത് പറയുന്നില്ല. നിങ്ങളുടെയെല്ലാം സുഹൃത്തുക്കളാണെന്നും എനിക്കറിയാം. ആ രാഷ്ട്രീയം വച്ച് സമരം ഒത്തുതീർപ്പിൽ എത്തിക്കാതിരിക്കുക എന്ന വാശിയാണ് അവർ പ്രകടിപ്പിച്ചത്. കൊല്ലം എസ്.എൻ. കോളേജ് മാനേജ്മെന്റ്, കൊല്ലം എസ്.എൻ.ഡി.പി. യൂണിയന്റെ ഭാരവാഹികൾ, അവരുടെ രാഷ്ട്രീയം വച്ച് സമരം ഒത്തു തീർപ്പിലെത്തിക്കാതിരിക്കുക എന്ന വാശിയാണ് പ്രകടിപ്പിച്ചത്. ഇത്തരമൊരു ഘട്ടത്തിലാണ് എസ്.എഫ്.ഐ.യുടെ സംസ്ഥാന സെക്രട്ടറി നിരാഹാര സമരം ആരംഭിച്ചത്. ആ സമയത്താണ് സമരം അവസാനിപ്പിക്കാനുള്ള യാതൊരു നീക്കവും കോളേജ് അധികൃതരിൽ നിന്ന് ഉണ്ടാകാതിരുന്നത്. അപ്പോഴാണ് എസ്.എഫ്.ഐ. വിദ്യാർത്ഥികൾ പ്രിൻസിപ്പാളിന്റെ റൂമിന്റെ മുന്നിൽ കുത്തിയിരുന്നത്. പ്രിൻസിപ്പാളിന്റെ റൂമിന്റെ മുന്നിൽ കുത്തിയിരിക്കുന്നത് അത്ര വലിയ പാതകമാണെന്ന് പറയാൻ പറ്റുമോ ? നമ്മുടെയെല്ലാം അനുഭവത്തിൽ കേരളത്തിൽ ഒരിടത്തും ഒരു സമരവും നടന്നിട്ടില്ലേ ? എന്തെല്ലാം സമരങ്ങൾ ഈ കേരളത്തിൽ നടന്നിരിക്കുന്നു. ഏതെല്ലാം തരത്തിലുള്ള വിദ്യാർത്ഥി സമരങ്ങൾ നടന്നിരിക്കുന്നു. സമാധാനപരമായി പ്രിൻസിപ്പാളിന്റെ റൂമിന്റെ മുന്നിൽ കുത്തിയിരിക്കുക എന്ന ഒരു സമരമുറയാണ് അവിടെയുള്ള വിദ്യാർത്ഥികൾ സ്വീകരിച്ചത്. ഈ പ്രസംഗം പുറത്തു നടത്തുന്നതിനും എനിക്ക് യാതൊരു വിഷമവുമില്ല. അതിനെപ്പറ്റി ബഹുമാനപ്പെട്ട മാണി വിഷമിക്കണ്ട. ആ ഘട്ടത്തിൽ കോളേജിലെ സ്റ്റാഫ് കൗൺസിലിന്റെ നേതാക്കളും പ്രതിനിധികളുമായ മൂന്ന് പ്രൊഫസർമാരും ഈ പ്രശ്നത്തിൽ ഇടപെട്ടു. അവർ പ്രിൻസിപ്പാളിനെ കണ്ടു സംസാരിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം വച്ചപ്പോൾ തന്നെ സ്റ്റാഫ് കൗൺസിൽ ഒരു നിലപാട് എടുത്തിരുന്നു. അത് മനസ്സിലാക്കണം. വിദ്യാഭ്യാസ മന്ത്രിയുടെ നിർദ്ദേശം സ്വീകരിക്കാത്ത അവസ്ഥ വന്നപ്പോൾ സ്റ്റാഫ് കൗൺസിൽ ചേർന്ന് അവരെടുത്ത നിലപാട് വിദ്യാഭ്യാസ മന്ത്രിയുടെ നിർദ്ദേശം അംഗീകരിച്ച് സമരം ഒത്തു തീർപ്പിലാക്കണമെന്നായിരുന്നു. ആ നിർദ്ദേശം അവർ മാനേജ്മെന്റിനോട് പറഞ്ഞിരുന്നു. അങ്ങനെ ഒരു ബാക്ക് ഗ്രൗണ്ട് ഇതിനുണ്ട്. ആ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസ മന്ത്രിയുടെ നിർദ്ദേശം അംഗീകരിച്ച് സമരം ഒത്തുതീർപ്പിൽ എത്തിക്കണമെന്ന നിലപാട് പ്രിൻസിപ്പാളിനോട് പറയുന്നത്. പ്രിൻസിപ്പാളും സ്റ്റാഫ് കൗൺസിലിന്റെ പ്രതിനിധികളായ പ്രൊഫസർമാരും തമ്മിൽ സംസാരിച്ചപ്പോൾ സമരം ഒത്തുതീർപ്പിൽ എത്തിക്കാനുള്ള ധാരണയാവുകയാണുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ പ്രൊഫസർമാർ വന്ന് വിദ്യാർത്ഥി പ്രതിനിധികളുമായി സംസാരിച്ചു. എസ്.എഫ്.ഐ. പ്രതിനിധികൾക്കും സമരം ഒത്തു തീർപ്പിൽ എത്തിക്കുന്നതിന് തടസ്സമില്ല. അങ്ങനെയാണ് ഈ പറയുന്ന സംഭാഷണത്തിന്റെ വേദി ഒരുങ്ങുന്നത്. അതിന്റെ ഭാഗമായി ജില്ലാ ഭരണാധികാരികളും എം.പി., എം.എൽ.എ തുടങ്ങിയവരും വിദ്യാർത്ഥി പ്രതിനിധികളും സ്റ്റാഫ് കൗൺസിലിന്റെ ആളുകളും പ്രിൻസിപ്പാളും എല്ലാവരും പങ്കെടുത്തുകൊണ്ടുള്ള സംഭാഷണം നടന്നു. പ്രിൻസിപ്പാൾ പൂർണ്ണ സമ്മതത്തോടെയാണ് ഒത്തുതീർപ്പുണ്ടാക്കുന്നത്. ഒത്തുതീർപ്പ് വിദ്യാഭ്യാസ മന്ത്രി വച്ച നിർദ്ദേശം അംഗീകരിച്ചുകൊണ്ടായിരുന്നു. ഒത്തു തീർപ്പു വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രിൻസിപ്പാൾ തന്നെയാണല്ലോ പത്രക്കാരോട് വിശദീകരിച്ചത്. ഒരു മനപ്രയാസവും അദ്ദേഹത്തിന് ഉണ്ടായില്ലല്ലോ. പിറ്റേ ദിവസം സ്റ്റാഫ് കൗൺസിൽ ചേർന്ന് ഈ തീരുമാനം അംഗീകരിക്കും എന്നാണ് പറഞ്ഞത്. പിറ്റേ ദിവസം സ്റ്റാഫ് കൗൺസിൽ ചേർന്നല്ലോ. സ്റ്റാഫ് കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചല്ലോ. സ്റ്റാഫ് കൗൺസിൽ ചേരുന്നതിന് ഒരു നിർബന്ധവും ആരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലല്ലോ. പ്രിൻസിപ്പാൾ തന്നെ സ്റ്റാഫ് കൗൺസിൽ യോഗം വിളിച്ചു ചേർക്കുകയല്ലേ ചെയ്തത്. ഈ ഒത്തു തീർപ്പു വ്യവസ്ഥ അംഗീകരിക്കാൻ കൊല്ലം എസ്.എൻ. കോളേജ് മാനേജ്മെന്റ് തയ്യാറാകുന്നില്ല എന്നതാണ് അവസ്ഥ. ഇവിടെ നാം ഒരു കാര്യം ഓർക്കണം. ഒരു കോളേജിലെ വിദ്യാർത്ഥി പ്രശ്നം പരിഹരിക്കേണ്ട ഉത്തരവാദിത്വം ആർക്കാണ് ? ആ കോളേജിലെ പ്രിൻസിപ്പാളിനും അവിടുത്തെ പ്രൊഫസർമാർക്കും, ആ സ്റ്റാഫ് കൗൺസിലിനും അല്ലേ ? അതിന്റെ ഉത്തരവാദിത്വം മാനേജ്മെന്റിനാണോ ? വിദ്യാർത്ഥി പ്രശ്നം മാനേജ്മെന്റ് നേരിട്ടാണോ കൈകാര്യം ചെയ്യേണ്ടത് ? നിങ്ങൾക്ക് ഞങ്ങളോടുള്ള എതിർപ്പ് വച്ച് ഇതൊന്നും മറന്നുപോകരുത്. ഇത് കേരളത്തിൽ ഉയർന്നു വരുന്ന ഒരു പ്രധാന പ്രശ്നമാണ്. ആ പ്രശ്നത്തിന് നിങ്ങളും ഉത്തരം പറയാൻ ബാദ്ധ്യസ്ഥരാണ്. കാരണം നിങ്ങളുടേതും ഈ സംസ്ഥാനത്തിലെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനമാണ്. മാനേജ്മെന്റാണോ വിദ്യാർത്ഥികളെ അച്ചടക്കം പഠിപ്പിക്കാൻ വേണ്ടി രംഗത്തേക്കു വരേണ്ടത് ? മാനേജർമാരിലും പലതരം ആൾക്കാരില്ലേ. അവരെല്ലാം വിദ്യാർത്ഥികളെ അച്ചടക്കം പഠിപ്പിക്കാൻ പുറപ്പെട്ടാൽ എങ്ങനെയിരിക്കും. അപ്പോൾ കോളേജ് മാനേജ്മെന്റിനല്ല അതിന്റെ ഉത്തരവാദിത്വം എന്നുള്ളത് നാം കാണണം. ഇത് അംഗീകരിക്കാത്ത മാനേജ്മെന്റ് എസ്.എൻ. കോളേജ് പ്രിൻസിപ്പാളിനെ പീഡിപ്പിക്കുകയാണ്. വിദ്യാർത്ഥി പ്രശ്നം അദ്ധ്യാപകരാണ് പരിഹരിക്കേണ്ടത് എന്ന നിലപാട് അംഗീകരിക്കാത്ത എസ്.എൻ. കോളേജ് മാനേജ്മെന്റ് പ്രിൻസിപ്പാളിനെ പീഡിപ്പിക്കുകയാണ്. അങ്ങനെ പീഡിപ്പിച്ചാണ് തന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ ഒത്തു തീർപ്പു വ്യവസ്ഥയെ തള്ളിപ്പറയാൻ നിർബന്ധിച്ചത്. ബന്ദിയാക്കി ഒപ്പിടുവിച്ചു എന്നൊരു ആരോപണമാണല്ലോ ചിലരും നിങ്ങളുമൊക്കെ ഉന്നയിച്ചത്. ഈ ഒരു വിദ്യാർത്ഥിയെ തിരിച്ചെടുത്തല്ലോ. ആ വിദ്യാർത്ഥിയെ തിരിച്ചെടുക്കുന്ന കാര്യത്തിൽ വിദ്യാർത്ഥി പ്രതിനിധികൾ പറഞ്ഞു നിരുപാധികം തിരിച്ചെടുത്തു എന്നാണ് ഒത്തു തീർപ്പിൽ വരേണ്ടത്. പ്രിൻസിപ്പാൾ തന്നെ പറഞ്ഞതായിട്ട് പിന്നീട് പത്രങ്ങളിൽ അച്ചടിച്ചു വന്നു. പ്രിൻസിപ്പാൾ പറഞ്ഞു ഞാൻ അതിനോട് യോജിച്ചില്ല. അടുത്ത കോളേജുകളിലൊന്നും ഫിലോസഫി കോഴ്സ് ഇല്ലാത്തതിനാൽ ഈ കുട്ടിയെ തിരിച്ചെടുക്കുന്നുവെന്ന് എഴുതി വയ്ക്കണം. അങ്ങനെ ഞാൻ നിർബന്ധം പിടിച്ചു. തർക്കിച്ചു. അപ്പോൾ ആ ഒത്തുതീർപ്പു സംഭാഷണത്തിൽ തർക്കിക്കാനും നിർബന്ധിക്കാനും കഴിയുന്ന സാഹചര്യം പ്രിൻസിപ്പാളിനുണ്ടായിരുന്നു. മാത്രമല്ല അതേ ഒത്തുതീർപ്പ് വ്യവസ്ഥ അങ്ങനെതന്നെ എഴുതി വയ്ക്കുകയും ചെയ്തു. ഇത് എങ്ങനെയാണ് ബന്ദിയാക്കലാവുക ? അതെങ്ങനെയാണ് കഴുത്തിന് കത്തി വച്ച് ഒപ്പിടുവിക്കലാവുക. അങ്ങനെയാണെങ്കിൽ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നത് നാലു പേരേയും തിരിച്ച് എടുക്കണമെന്നല്ലേ. ബന്ദിയാക്കി ഒത്തു തീർപ്പ് ഉണ്ടാക്കലാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ നാലു പേരെയും തിരിച്ചെടുത്തു എന്ന് എഴുതി വയ്പിക്കാമല്ലോ അത് ഒപ്പിടുവിക്കാമല്ലോ. ഈ സമരം നടക്കുമ്പോൾ മനക്കോട്ട കെട്ടിയ പല പാർട്ടികളും നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രധാനമായും രണ്ട് പാർട്ടികൾ കോൺഗ്രസ് (ഐ)യും ബി.ജെ.പി.യും. ഈ സമരം ഇങ്ങനെ ദീർഘിച്ചുപോയാൽ അതിലൂടെ ജാതിവികാരം ഇളക്കി വിടാമെന്നും ശ്രീനാരായണീയരിൽനിന്ന് സി.പി.ഐ.(എം)നെ ഒറ്റപ്പെടുത്താമെന്നുമാണ് ഈ രണ്ട് പാർട്ടിയും കരുതിയത്. കോൺഗ്രസ്(ഐ)യും ബി.ജെ.പി.യും കരുതിയത്. സമരം തീർന്നപ്പോൾ ഈ രണ്ടു കൂട്ടരും വലിയ ഇച്ഛാഭംഗത്തിലായിരുന്നു. അതു തീർക്കാൻ രണ്ടുവഴി ഇവർ സ്വീകരിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സമരത്തിന്റെ അദ്ധ്യായം തീർന്നല്ലോ. ഇനി അടുത്ത ഘട്ടം വേറെയല്ലേ. അടുത്ത ഘട്ടത്തിലേയ്ക്കാണ് പ്രവേശിക്കാൻ പോകുന്നത്. കൊല്ലം എസ്.എൻ. കോളേജ് സമരത്തെക്കുറിച്ചും നമ്മളെല്ലാം നയിച്ച വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുമെല്ലാം പറഞ്ഞല്ലോ. കൊല്ലം എസ്.എൻ. കോളേജിൽ ഈ വർഷത്തെ തെരഞ്ഞെടുപ്പിൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട കെ.എസ്.യു.വിന്റെ ചെയർമാനെ അവരുടെ മസിൽപവർ ഉപയോഗിച്ചുകൊണ്ട് സത്യപ്രതിജ്ഞ ചെയ്യാൻ സമ്മതിക്കുന്നില്ല. അതിനു പരിഹാരമുണ്ടാക്കാൻ അങ്ങ് മുൻകൈ എടുക്കുമോ ?

ശ്രീ. പിണറായി വിജയൻ : ഏതു കോളേജിലും തെരഞ്ഞെടുക്കപ്പെട്ട ഏതൊരു വിദ്യാർത്ഥി പ്രതിനിധിക്കും പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടാകണമെന്നും അതനുസരിച്ചുള്ള കാര്യങ്ങൾ നടക്കണമെന്നുമുള്ള അഭിപ്രായമാണ് ഞങ്ങൾക്ക്. ഏതു തരത്തിൽ അതിനെ പിൻതാങ്ങാനും ഞങ്ങൾ തയ്യാറാണ്.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : പ്രതിപക്ഷ നേതാവ് ഇവിടെ കോളേജ് യൂണിയൻ ചെയർമാനെ സത്യപ്രതിജ്ഞ ചെയ്യിച്ചിട്ടില്ല എന്ന് ഒരു തെറ്റിദ്ധാരണ പറഞ്ഞു. ചെയർമാനെ അല്ല കോളേജ് യൂണിയനിലെ ഒരാളെയും പ്രിൻസിപ്പാൾ സത്യപ്രതിജ്ഞ ചെയ്യിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. പ്രിൻസിപ്പാൾ ആണ് ചെയ്യിക്കേണ്ടത്. എസ്.എൻ. കോളേജ് യൂണിയനിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം യൂണിയനിലെ ഒരാളിനേയും സത്യപ്രതിജ്ഞ ചെയ്യിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. പിണറായി വിജയൻ : അപ്പോൾ അതാണ് വസ്തുത.

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മ ഞാൻ പറഞ്ഞത് ശരിയാണെന്ന് സമ്മതിച്ചു. ഏതു യൂണിയന്റേയും സത്യപ്രതിജ്ഞാചടങ്ങ് ആരംഭിക്കണമെങ്കിലും മന്ത്രിസഭയുടെ സത്യപ്രതിജ്ഞയ്ക്ക് മുഖ്യമന്ത്രിയെ വിളിച്ചിട്ടേ മറ്റു മന്ത്രിമാരെ വിളിക്കാൻ പറ്റുകയുള്ളൂ. അതുപോലെതന്നെ കോളേജ് യൂണിയന്റെ സത്യപ്രതിജ്ഞ നടക്കണമെങ്കിൽ ആദ്യം ചെയർമാനെ വിളിക്കണം. ചെയർമാന്റേത് വേണ്ടെന്നു വച്ചതുകൊണ്ടാണ് മറ്റുള്ളവരുടേത് നടക്കാത്തത്. അത് മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

ശ്രീ. പിണറായി വിജയൻ : കോളേജ് യൂണിയൻ വിളിച്ചു ചേർക്കേണ്ടത് പ്രിൻസിപ്പാളാണെന്ന് നമുക്കറിയാം. അതിലൊന്നും എനിക്ക് അഭിപ്രായവ്യത്യാസമില്ല. പ്രിൻസിപ്പാൾ അതിനു മുൻകൈ എടുക്കേണ്ടതായിരുന്നു. കോളേജ് യൂണിയൻ സത്യപ്രതിജ്ഞ ഇതുവരെ നടന്നിട്ടില്ലെങ്കിൽ ഇനിയും അതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഞങ്ങൾക്കും എസ്.എഫ്.ഐ.ക്കും അതിൽ അഭിപ്രായ വ്യത്യാസമില്ല. സമരം ദീർഘിപ്പിച്ചുപോകാൻ രണ്ടു പാർട്ടികളും രണ്ടു വഴി സ്വീകരിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. എസ്.എൻ.ഡി.പി. യൂണിയന്റെ മാർക്സിസ്റ്റു വിരുദ്ധരായിട്ടുള്ള രാഷ്ട്രീയക്കാരായ ഭാരവാഹികളും അവരെ ഉപയോഗിച്ച് ഒത്തുതീർപ്പ് അംഗീകരിക്കുന്നില്ല എന്ന നിലപാട് എടുപ്പിക്കലാണ് ഒരു മാർഗ്ഗം. അതോടൊപ്പം അത്യന്തം ഹീനവും നികൃഷ്ടവുമായ മറ്റൊരു മാർഗ്ഗം സ്വീകരിച്ചു. ശ്രീനാരായണഗുരുദേവന്റെ പ്രതിമ തകർത്തതിന്റെ ഉത്തരവാദിത്വം സി.പി.ഐ.(എം)ന്റെ പിടലിക്ക് വയ്ക്കുകയുണ്ടായി. എസ്.എൻ. കോളേജ് സമരം തീർന്ന ദിവസം അർദ്ധരാത്രി കഴിഞ്ഞപ്പോൾ കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാന മന്ദിരത്തിലുള്ള ശ്രീനാരായണഗുരുദേവന്റെ പ്രതിമ തകർക്കുകയുണ്ടായി. ജന്മഭൂമി പത്രം റിപ്പോർട്ട് ചെയ്തത് മാർക്സിസ്റ്റുകാർ ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്തുവെന്നായിരുന്നു. പ്രതിമ തകർത്ത ആളെ പോലീസ് കണ്ടെത്തി അറസ്റ്റു ചെയ്തു. അതുകഴിഞ്ഞപ്പോൾ അറസ്റ്റു ചെയ്ത ആളെ കുറച്ചുനാൾമുമ്പ് കോൺഗ്രസ്സിൽനിന്ന് പുറത്താക്കിയിരിക്കുകയാണെന്ന് കടവൂർ ശിവദാസന്റെ ഒരു വിശദീകരണം വന്നു. അറസ്റ്റ് ചെയ്യപ്പെട്ടയാൾ കൊല്ലം ടൗണിലെ കോൺഗ്രസ്സ് അനുഭാവിയായ ഒരു ക്രിമിനലാണെന്ന് കൊല്ലം ടൗണിലെ എല്ലാവർക്കുമറിയാം. അതിനെത്തുടർന്ന് മറ്റു പല ഭാഗത്തുമുള്ള പ്രതിമകൾ തകർക്കപ്പെടുകയാണ്. ശ്രീനാരായണഗുരുദേവന്റെ ആസ്ഥാനമന്ദിരമായ ശിവഗിരി പോലീസ് അടിച്ചുതകർക്കുകയും സന്യാസിവര്യരുടെ തല അടിച്ച് പൊളിക്കുകയും ചെയ്തപ്പോൾ, ആ സമയത്ത് അതിനെ ന്യായീകരിച്ച ഒരു രാഷ്ട്രീയ പാർട്ടി മാത്രമേ കേരളത്തിലുള്ളു. അതു ബി.ജെ.പി.യായിരുന്നു. ശ്രീനാരായണഗുരുവിന്റെ ദർശനം അംഗീകരിക്കാൻ കഴിയാത്ത ഒരു സംഘടനയാണ് ആർ.എസ്.എസ്. ശ്രീനാരായണഗുരുവിനോടും അദ്ദേഹത്തിന്റെ ദർശനത്തിനോടും ആർ.എസ്.എസ്. പൂർണ്ണമായും എതിരാണ്. കേരളത്തിന്റെ പല ഭാഗങ്ങളിലും ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർക്കുന്നത് ആർ.എസ്.എസ്സുകാരാണ്. കുരിശ്ശടിയും ഇതിന്റെ ഭാഗമായി തകർക്കാൻ തുടങ്ങിയിട്ടുണ്ട്. ശ്രീ. ബാലകൃഷ്ണപിള്ള ഒരു കുരിശ്ശടി തകർക്കപ്പെട്ട സ്ഥലത്തുപോയിട്ട് അവിടെനിന്നും അദ്ദേഹം പറഞ്ഞതായി പത്രത്തിൽ കണ്ടത് ഇതു ആർ.എസ്.എസ്. തകർത്തതായിരിക്കില്ലെന്നാണ്. എന്താണ് അതിന്റെ ഉദ്ദേശമെന്ന് നിങ്ങൾ ആലോചിച്ചാൽ മതി. ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്തുവെന്ന് കേട്ടപ്പോൾ ബഹുമാന്യനായ ആന്റണി ആ സ്ഥലത്തുപോയിയെന്നും ആ പ്രതിമയുടെ മുമ്പിൽ വല്ലാത്ത മനോവിഷമത്തോടെ നിന്നുവെന്നും വാർത്തവന്നു. അങ്ങനെ മനോവിഷമം തോന്നിയെങ്കിൽ നല്ലതാണ്. ശിവഗിരിയിൽ പോലീസ് ഓപ്പറേഷന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രിയായിരുന്നു അങ്ങ്. ആ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷന്റെ ചൂടാറുന്നതിനുമുമ്പുതന്നെ അങ്ങ് മുഖ്യമന്ത്രിയെന്ന നിലയ്ക്ക് വൻപോലീസ് സന്നാഹത്തോടുകൂടി അതിന്റെ അടുത്ത ദിവസം മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ പോകുകയും അവിടെയുണ്ടായിരുന്ന ബി.ജെ.പി. നേതാവുമായി മുക്കാൽ മണിക്കൂറോളം സമയം രഹസ്യസംഭാഷണം നടത്തുകയും ചെയ്തു. നിങ്ങൾക്കു തമ്മിൽ സംഭാഷണം നടത്താൻ പൊതുവിൽ എന്തു കാര്യമായിരുന്നു ആ ഘട്ടത്തിലുണ്ടായിരുന്നത് ?

ശ്രീ. എ. കെ. ആന്റണി : അങ്ങേക്ക് എന്തും പറയാം. ശിവഗിരി സംഭവത്തിന് മാസങ്ങൾക്കുമുമ്പ് മാതാ അമൃതാനന്ദമയി, അവർ തയ്യാറാക്കിയ പാവപ്പെട്ടവർക്ക് വീടു കൊടുക്കുന്ന പരിപാടിയുടെ താക്കോൽദാനം ഞാൻ നിർവ്വഹിക്കണമെന്ന് നിശ്ചയിച്ച പരിപാടിയനുസരിച്ചാണ് ഞാൻ അന്ന് അവിടെ പോയത്. അവിടെ രാജഗോപാൽ ഉണ്ടായിരുന്നു. ഞാൻ പോകുന്ന പല പരിപാടികൾക്കും ശ്രീ. പിണറായി വിജയൻ കാണും മറ്റാൾക്കാർ കാണും. നിങ്ങളൊക്കെ പോകുന്നിടത്തും ഇവരൊക്കെ കാണും. വള്ളിക്കാവിലെ ആ പരിപാടി നിശ്ചയിച്ചത് മാസങ്ങൾക്കു മുമ്പാണ്. അവിടെ രഹസ്യസംഭാഷണം ഒന്നുമില്ലായിരുന്നു. പത്രക്കാരുൾപ്പെടെ അവിടെ യോഗത്തിലുണ്ടായിരുന്ന ആയിരക്കണക്കായ ആളുകളുടെ മുമ്പിൽ വച്ച് പൊതുവേദിയിൽ വച്ചാണ് ഞാൻ സംസാരിച്ചിട്ടുള്ളത്. രാജഗോപാലുമായി സംസാരിച്ചതുകൊണ്ട് ആകാശം ഇടിഞ്ഞുവീഴുമെന്ന അഭിപ്രായം എനിക്കില്ല.

ശ്രീ. പിണറായി വിജയൻ : മാതാ അമൃതാനന്ദമയിയെ ഞാൻ കുറ്റം പറഞ്ഞില്ല. ഞാൻ ഉദ്ദേശിച്ച കാര്യം ആ സമയത്ത് തന്നെ പത്രവാർത്ത വന്നതാണ്. ശ്രീ. രാജഗോപാലുമായി മുക്കാൽ മണിക്കൂർ നേരം താങ്കൾ രഹസ്യ സംഭാഷണം നടത്തിയെന്നത് പത്രവാർത്ത. അങ്ങനെ രഹസ്യ ചർച്ച നടത്താൻ ശിവഗിരി സംഭവത്തെത്തുടർന്ന് നിങ്ങൾക്കു തമ്മിൽ പൊതുവിൽ എന്താണുണ്ടായിരുന്നതെന്നാണ് ഞാൻ ചോദിച്ചത്. ശ്രീനാരായണഗുരു കേരളത്തിലെ നവോത്ഥാന നായകന്മാരിൽ പ്രഥമഗണനീയനായിട്ടാണ് സി.പി.ഐ.(എം) കരുതുന്നത്. സമൂഹത്തിലെ ഉച്ച-നീചത്വങ്ങൾ അവസാനിപ്പിച്ച് മനുഷ്യനെ മനുഷ്യനായി അംഗീകരിക്കുന്നതിനുള്ള ദർശനമാണ് ശ്രീ. നാരായണഗുരുവിനുള്ളത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാക്കളായിരുന്ന ശ്രീ.കൃഷ്ണപിള്ള, എ.കെ.ജി., ഇ.എം.എസ്. മുതലായവർ സമൂഹത്തിലെ ഉച്ച-നീചത്വങ്ങൾ അവസാനിപ്പിച്ച് സമൂഹത്തിൽ മനുഷ്യന് മനുഷ്യനായി ജീവിക്കുന്നതിനുള്ള വഴിയുണ്ടാക്കാനുള്ള സ്വാതന്ത്ര്യത്തിനും മൂട്ടിനുതാഴെ മുണ്ടുടുക്കാനുള്ള സ്വാതന്ത്ര്യത്തിനും ദൃഷ്ടിയിൽപ്പെട്ടാൽ അപകടമാകുന്ന അവസ്ഥയായിരുന്നല്ലോ അന്ന്. തീണ്ടൽ അതായത് അതിന് എതിരായി വിപ്ലവകരമായ പോരാട്ടമാണ് അവർ ഇവിടെ നടത്തിയത്. സഖാവ് എ.കെ.ജി.യ്ക്ക് ഉലക്കകൊണ്ടാണ് അടികൊണ്ടത്. ഇത്തരമൊരു സംഭവത്തിന് നേതൃത്വം കൊടുത്തതിന്റെ ഫലമായിട്ടായിരുന്നു അദ്ദേഹത്തിന് ഉലക്കകൊണ്ട് അടിയേല്ക്കേണ്ടിവന്നത്. ശ്രീനാരായണഗുരുവിനെപ്പറ്റി 1946-ൽ സഖാവ് ഇ.എം.എസ്. എഴുതിയ ലേഖനം ഞാൻ വായിക്കാം. ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ശ്രീനാരായണഗുരുവിന്റെ സന്ദേശം കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പഴയ സംസ്ക്കാരത്തോടുള്ള വെല്ലുവിളിയായിരുന്നു. പഴയ കേരളത്തെ നശിപ്പിച്ച് പുതിയൊരു കേരളം സൃഷ്ടിക്കാനുള്ള വിപ്ലവ പ്രസ്ഥാനത്തിന്റെ ആദ്യത്തെ കാൽവയ്പായിരുന്നു സ്വാമിയുടേത്. സഖാവ് ഇ.എം.എസ്. കൊച്ചി എസ്.എൻ.ഡി.പി.യുടെ 1946-ലെ സോവനീറിൽ 1946 മേയ് മാസത്തിൽ പ്രസിദ്ധീകരിച്ചതാണ് ഇത്. ആ സ്ഥിതിക്ക് 40 കൊല്ലങ്ങൾക്കുമുമ്പ് തുടങ്ങിയ എസ്.എൻ.ഡി.പി. യോഗവും അതിന്റെ അടിസ്ഥാനത്തിൽ നിൽക്കുന്ന സ്വാമി സന്ദേശവും ഈഴവരുടെ സ്വകാര്യ സ്വത്തല്ലെന്നും അതു കേരളത്തിന്റെ പൊതുസ്വത്താണെന്നും പറയുന്നതിൽ യാതൊരു അസാംഗത്യവുമില്ല. ശ്രീനാരായണഗുരുവിനെ എല്ലാക്കാലത്തും ആദരിക്കുന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. വളരെ വിപ്ലവകരമായ ഒരു നിലപാടാണ് അദ്ദേഹം നമ്മുടെ സമൂഹത്തിൽ എടുത്തിരുന്നത്. ശ്രീനാരായണീയരെ സി.പി.ഐ.(എം) വിരുദ്ധരാക്കാമെന്നുള്ള ചിന്ത വെറും വ്യാമോഹം മാത്രമാണ്. അതൊന്നും നടക്കാൻ പോകുന്ന കാര്യമല്ല. നാട്ടിൽ പ്രശ്നങ്ങളുണ്ടാക്കാനും ബോധപൂർവ്വം കുഴപ്പങ്ങൾ സൃഷ്ടിക്കാനുമുള്ള ശ്രമമാണ് നടത്തുന്നത്. ഇപ്പോൾ കണ്ണൂരിൽ ഒരു പ്രശ്നമുണ്ടായി. നമ്മളെല്ലാവരും അറിയേണ്ട കാര്യമാണ്. പയ്യാംപലത്ത് എ.കെ.ജി., അഴിക്കോടൻ, ചടയൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, എൻ.സി. ശേഖർ അങ്ങനെ പലരുടെയും സ്മാരകങ്ങളുണ്ട്. ശവം സംസ്ക്കരിച്ച സ്ഥലത്ത് സ്മാരകസ്തൂപങ്ങളുണ്ട്. അവിടെ ചടയൻ, എൻ.സി. ശേഖർ മുതലായവരുടെ സ്തൂപങ്ങൾ ഒരു ദിവസം അടിച്ചുതകർത്തു. എന്നിട്ട് അതിൽ എഴുതിവച്ചു, എസ്.എൻ.ഡി.പി. സിന്ദാബാദ്. ബോധപൂർവ്വമാണ്. തകർത്തതും ബോധപൂർവ്വമാണ്. എഴുതിവച്ചതും ബോധപൂർവ്വമാണ്. ഇത് കണ്ട് എസ്.എൻ.ഡി.പി.ക്കാരുടെ നേരെ ഞങ്ങൾ ഏതെങ്കിലും തരത്തിൽ പ്രതികരിച്ചോട്ടെയെന്നുള്ളതായിരിക്കും. എഴുതിവച്ചവർ ഉദ്ദേശിച്ചിട്ടുണ്ടാവുകയില്ല ഇതെല്ലാം ചെയ്യുന്നത് ഫാസിസ്റ്റ് ശക്തികളാണ് എന്ന്. ഫാസിസ്റ്റ് ശക്തികളുടെ വിവിധ രൂപങ്ങൾ നമ്മുടെ നാട്ടിൽ പ്രത്യക്ഷപ്പെടുകയാണ്. ഇപ്പോൾ രണ്ടായിരം ട്രെയിൻഡ് വോളണ്ടിയർമാരെ കണ്ണൂർ ജില്ലയിലേക്ക് അയയ്ക്കാൻ പോകുന്നു. മൂന്നുകോടി രൂപ ആർ.എസ്.എസ്-ന്റെ കണ്ണൂരിലെ പ്രവർത്തനത്തിനായി നൽകുന്നു. കൊല്ലും കൊലയും തുടരാനാണ് ഭാവം എന്ന പ്രഖ്യാപനം വന്നിരിക്കുന്നു. ബഹുമാനപ്പെട്ട തങ്കച്ചൻ നേരത്തേ സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. കണ്ണൂരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് സമാധാന ശ്രമങ്ങൾ നടന്നതിന്റെ ഭാഗമായി പൂർണ്ണ സമാധാനം കൈവരിക്കാൻ കഴിഞ്ഞതാണ്. അതിനുശേഷം ഒറ്റപ്പെട്ട ചില സംഭവങ്ങൾ ആർ.എസ്.എസിന്റെ ഭാഗത്തുനിന്നുണ്ടായി. പക്ഷേ, ഒരു വലിയ സംഭവത്തിലേയ്ക്ക് നീങ്ങുകയില്ലെന്നുള്ള പ്രതീക്ഷയായിരുന്നു എല്ലാവർക്കും. പക്ഷേ, ആർ.എസ്.എസ്. അതിന്റെ തനിനിറം പ്രകടിപ്പിച്ചിരിക്കുന്നു. രണ്ടുദിവസം മുമ്പാണ് ഒരു കാരണവും പറയാനില്ലാതെ സി.പി.ഐ.(എം.) പ്രവർത്തകൻ സജീവനെ ആർ.എസ്.എസ്സുകാർ കൊലപ്പെടുത്തിയത്. നിഷ്ക്രൂരമായ ആ കൊലപാതകത്തെ ന്യായീകരിക്കാനാണ് ആർ.എസ്.എസ്. നേതൃത്വം തയ്യാറായിട്ടുള്ളത്. കണ്ണൂരിന്റെ പേരിൽ കണ്ണുനീരൊഴുക്കുന്ന മാദ്ധ്യമങ്ങളുടെയൊന്നും ശബ്ദം ഈ കൊലപാതകത്തിൽ നാം പ്രതിഷേധിച്ച് കേട്ടില്ല. "മാർക്സിസ്റ്റുകാരൻ വധിക്കാൻ വിധിക്കപ്പെട്ടവൻ"

LIBRARY ARCHIVES Kerala Legislative Assembly

എന്ന പഴയ സമീപനം തുടരുന്നതായി കാണാൻ കഴിയും. കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കുന്നതിൽ സ്വാഭാവികമായും അസഹിഷ്ണുതയുള്ളവർ കാണും. ഒരുതരത്തിലും എൽ.ഡി.എഫ്. ഗവൺമെന്റിനെ ജനങ്ങളിൽനിന്നും ഒറ്റപ്പെടുത്താൻ കഴിയുന്നില്ലെന്ന് വന്നപ്പോഴാണ് ബി.ജെ.പി.യുടെ സഹായം തേടാൻ കോൺഗ്രസ് നേതൃത്വം തീരുമാനിച്ചത്. അതിന്റെ പ്രത്യക്ഷത്തിലുള്ള തെളിവാണ് ശ്രീ. കരുണാകരന്റെ പ്രസ്താവന. 356-ാം വകുപ്പ് ഉപയോഗിച്ചാൽ ബി.ജെ.പി.ക്ക് പിന്തുണ നൽകുമെന്ന കരുണാകരന്റെ പ്രസ്താവന. ഏത് തരത്തിലുള്ള അക്രമസംഭവങ്ങൾ അഴിച്ചുവിട്ടാലും ഈ ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. അപ്പുറത്തിരിക്കുന്ന പലർക്കും അഴിമതിക്കേസുകളിൽപ്പെട്ടതിന്റെ ജാള്യത നല്ലതുപോലെ കാണും. ആ കേസുകൾ തീരുമാനമാകുന്നതിനു മുമ്പ് എൽ.ഡി.എഫ്. ഗവൺമെന്റ് ഒഴിഞ്ഞ് കിട്ടുമെന്നുള്ള ആഗ്രഹവും കാണും. അതിനൊന്നും ജനങ്ങളുടെ പിന്തുണ കിട്ടുകയില്ലെന്നുള്ള സത്യം അംഗീകരിക്കണം. ഇവിടെ ചില മാദ്ധ്യമങ്ങൾക്ക് എൽ.ഡി.എഫ്-ൽ ഭിന്നിപ്പ് ആണെന്ന് വരുത്തിത്തീർക്കാൻ വലിയ താല്പര്യമായിരുന്നു. എൽ.ഡി.എഫ്-നകത്ത് അണിനിരന്നിട്ടുള്ള പാർട്ടികൾ വ്യത്യസ്ത പാർട്ടികളെന്നുള്ള നിലയ്ക്ക് ചില പ്രശ്നങ്ങളിൽ വ്യത്യസ്ത സമീപനം സ്വീകരിച്ചുവെന്നുവരും. അത്കണ്ട് എൽ.ഡി.എഫ് തകരാൻ പോകുന്നുവെന്നുള്ള സ്വപ്നം കണ്ടിരിക്കണ്ട. എൽ.ഡി.എഫ് നല്ല യോജിപ്പോടെ നീങ്ങുകയാണ്. കൂടുതൽ കരുത്താർജ്ജിക്കാനും പോകുകയാണ്. അതിനും സംശയംവേണ്ട. ഇടതുപക്ഷങ്ങൾക്ക് സ്വാധീനശക്തിയുള്ള മൂന്നു സംസ്ഥാനങ്ങളാണ് രാജ്യത്തുള്ളത്. പടിഞ്ഞാറൻ ബംഗാൾ, ത്രിപുര, കേരളം. ഇടതുപക്ഷങ്ങൾക്ക് സ്വാധീനശക്തിയുള്ള മൂന്ന് സംസ്ഥാന നിയമസഭകളിലും ബി.ജെ.പി.ക്ക് പ്രാതിനിധ്യമില്ല. പടിഞ്ഞാറൻ ബംഗാളിൽ ഇപ്പോൾ സംഭവിച്ചതെന്താണ് ? അവിടെ ഉണ്ടായിരുന്ന കോൺഗ്രസ്(ഐ)-യിലെ നല്ലൊരു ഭാഗം പേരുമാറ്റി തൃണമൂൽ കോൺഗ്രസായി. പേര് മാറിയതോടെ അവർ ബി.ജെ.പി.യുമായി കൂട്ടുചേർന്നു. ഒരു പ്രയാസവും അവർക്കുണ്ടായില്ല, പുതിയ പേര് സ്വീകരിച്ച് ബി.ജെ.പി. യോടൊപ്പം ചേർന്നു. പടിഞ്ഞാറൻ ബംഗാളിലെ ഇടതുപക്ഷ മുന്നണിയെ ഇപ്പോൾ ബി.ജെ.പി., തൃണമൂൽ സഖ്യമാണ് നേരിടുന്നത്. ആ ഒരവസ്ഥയിലാണ് അവിടെ കാര്യങ്ങളെത്തിയിട്ടുള്ളത്. കോൺഗ്രസ് (ഐ) ആ തരത്തിൽ ചുരുങ്ങിയിരിക്കുന്നു. ഫലത്തിൽ കോൺഗ്രസ് (ഐ) വലിയ ശക്തിയല്ലാതായി. കഴിഞ്ഞ തെരഞ്ഞെടുപ്പിലും ത്രിപുരയിൽ അത് ആവർത്തിച്ചു. കോൺഗ്രസ് (ഐ)യിലെ മഹാഭൂരിഭാഗം പേരുമാറ്റി ത്രിപുരയിൽ തൃണമൂൽ കോൺഗ്രസായി. തൃണമൂൽ കോൺഗ്രസ്-ബി.ജെ.പി. സഖ്യമാണ് ത്രിപുരയിലെ ഇടതുപക്ഷ മുന്നണിയെ ഇപ്പോൾ നേരിടുന്നത്. കോൺഗ്രസ് പേര് മാറ്റി ബി.ജെ.പി.യോടൊപ്പം കൂടുകയാണ്. ഇതാണ് രണ്ട് സംസ്ഥാനത്തുമുണ്ടായത്. കേരളത്തിൽ ഇവിടത്തെ കോൺഗ്രസ്(ഐ) പേരുമാറ്റി ബി.ജെ.പി.യോടൊപ്പം കൂടുകയില്ലെന്ന് ആർക്കാണ് ഉറപ്പുള്ളത് ? കോൺഗ്രസ്(ഐ) ഒരു മതേതര ശക്തിയാണ്. ഞങ്ങളെ ഇവർക്കാണ് രക്ഷിക്കാൻ കഴിയുകയെന്നുള്ള ധാരണയോടെ കോൺഗ്രസ്സിനോടൊപ്പം നിന്നവർ അവർക്ക് ഇപ്പോൾ ഉറപ്പുണ്ടോ അവർ ബി.ജെ.പി.യോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

കൂടുകയില്ലെന്ന്. പേര് മാറ്റാതെ തന്നെ കഴിഞ്ഞ എത്രയോ തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി.യുമായി രഹസ്യധാരണ ഉണ്ടാക്കിയവരല്ലേ കോൺഗ്രസ്(ഐ). നിരവധി പഞ്ചായത്തുകൾ, സഹകരണസംഘങ്ങൾ, കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി.യും കോൺഗ്രസ്(ഐ)യും യോജിച്ചാണ് മത്സരിക്കുന്നത്. ഇത് യാദൃശ്ചികമല്ല. ഇത് ഒരു നയത്തിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട ആര്യാടൻ കാണേണ്ടത് കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ താൽപര്യങ്ങൾക്കെതിർായിട്ടാണ് നിൽക്കുന്നത്. കേരളത്തെ പൊതുവേ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ആരുടെ കൂടെ കൂടാനും മടിയില്ലാത്ത പാർട്ടിയാണ് അങ്ങയുടെ പാർട്ടി.

ശ്രീ. പിണറായി വിജയൻ : സർ, കേരളത്തെ പൊതുവേ തകർച്ചയിലേക്ക് നയിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇപ്പോൾ റേഷനിംഗ് സമ്പ്രദായം തന്നെ തകർക്കാനുള്ള ശ്രമം നടക്കുകയാണ്. കേന്ദ്രനയം കാരണം കാർഷികോൽപ്പന്നങ്ങളുടെ വില ഇടിയാനാണ് പോകുന്നത്. ഇതിനെല്ലാം കോൺഗ്രസ്(ഐ) ബി.ജെ.പി.യെ എതിർക്കാൻ തയ്യാറുണ്ടോ ? ഇല്ല എന്നുള്ളതാണ് അനുഭവം. ഇപ്പോൾ യു.ഡി.എഫ്-ലെ മറ്റ് ഘടകകക്ഷികൾ കോൺഗ്രസ് (ഐ)യുടെ ഈ ആത്മഹത്യാനിലപാടിനോടൊപ്പം നീങ്ങാനാണോ ഉദ്ദേശിക്കുന്നതെന്ന് അവർ ആലോചിക്കേണ്ട കാര്യമാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ പൂർണ്ണ മനസ്സോടുകൂടി അനുകൂലിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : എത്ര മിനിട്ടായി ശ്രീ. പിണറായി വിജയൻ സംസാരിക്കാൻ തുടങ്ങിയിട്ട് ?

മി. ഡെ. സ്പീക്കർ : ഒരു മണിക്കൂറായി.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർക്ക് സമയം കൊടുത്തതിന് യാതൊരു കുഴപ്പവുമില്ല. അതുപോലെ എല്ലാവർക്കും കൊടുത്താൽമതി.

മി. ഡെ.സ്പീക്കർ : ആർക്കും പ്രത്യേക പരിഗണന കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യവും സംസ്ഥാനവും ഇന്ന് അകപ്പെട്ടിരിക്കുന്ന ഗുരുതരമായ

2 P.M.] സാഹചര്യത്തെക്കുറിച്ച് നമുക്കറിയാം. ഇൻഡ്യയുടെ ഭരണഘടന പോലും മാറ്റണമെന്ന് ആവശ്യപ്പെടുകയും അതിനുവേണ്ടി രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണനെ വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ടു പോകുകയും ചെയ്യുന്ന ഒരു കേന്ദ്ര ഗവൺമെന്റാണ് ഇന്നുള്ളത്. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് ആർ.എസ്.എസിന്റെ യോഗങ്ങളിൽ പങ്കെടുക്കാൻ അനുമതി കൊടുക്കണമെന്ന് ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങൾ പറയുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയം പ്രഖ്യാപിച്ചു, പിന്നെ അത് പിൻവലിച്ചു. ഇതിന്റെ ഗൗരവം നമ്മൾ മനസ്സിലാക്കണം. ഇവിടെ ഭരണപക്ഷത്തുനിന്നും ബഹുമാനപ്പെട്ട രണ്ട് സി.പി.ഐ. അംഗങ്ങൾ സംസാരിച്ചു. ക്രമസമാധാന നിലയെക്കുറിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ 4 വരികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒതുക്കിയിരിക്കുന്നു. 7-ാം പേജിൽ 13-ാം ഖണ്ഡികയിൽ ചേർത്തത് 4 വരികളാണ്. കഴിഞ്ഞ ഒരു കൊല്ലക്കാലത്തിനിടയ്ക്ക് കേരളത്തിൽ എന്തൊക്കെയുണ്ടായിയെന്ന് നമുക്കെല്ലാവർക്കും അറിയാം. കണ്ണൂർ മുതൽ കൊല്ലംവരെ ഈ സംസ്ഥാനത്തുണ്ടായ അക്രമങ്ങളും അതുപോലെതന്നെ തേർവാഴ്ചകളും സംഘട്ടനങ്ങളും അത് ആര് നടത്തിയാലും കേരളത്തിന്റെ സമാധാനാന്തരീക്ഷത്തെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ലല്ലോ ? ബി.ജെ.പി.യും സി.പി.എം.ഉം തമ്മിൽ മത്സരിച്ച് കൊലപാതകങ്ങൾ നടത്തുന്നത് അവസാനിപ്പിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയും അതിന് നേതൃത്വം കൊടുക്കുകയും ചെയ്ത ആളുകളാണ് ഞങ്ങൾ. ബഹുമാനപ്പെട്ട അഹമ്മദ് സാഹിബും ഞങ്ങളുമൊക്കെ. ഞാൻ പറയട്ടെ ഇത് കൂടുതൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് പോകുന്നു. ബഹുമാനപ്പെട്ട പിണറായി വിജയൻ പ്രസംഗിച്ചപ്പോൾ ശ്രദ്ധയിൽ വരാത്തതുകൊണ്ടാകാം ഒരു കാര്യം മറന്നുപോയി. കണ്ണൂർ സംഭവം സംസ്ഥാനം വിട്ട് വ്യാപിച്ചേക്കുമെന്ന് റിപ്പോർട്ട്. കണ്ണൂർ ജില്ലയിൽ മാർക്സിസ്റ്റ് പാർട്ടിയും ബി.ജെ.പി.യും തമ്മിൽ നടക്കുന്ന സംഘട്ടനം ഇനിയും നിയന്ത്രണവിധേയമായില്ലെങ്കിൽ, ഇനിയും തുടരുകയാണെങ്കിൽ അവിടെ മാത്രമല്ല മറ്റ് ജില്ലകളിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിക്കുമെന്ന് ഇന്റലിജൻസ് റിപ്പോർട്ടുണ്ട്. ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. വളരെ ഗൗരവമായ റിപ്പോർട്ടാണ് . അതുപോലെ തന്നെ കൊല്ലം സംഭവം. അത് ഒരുപാട് പറഞ്ഞു. ഒരു കാര്യം നമ്മൾ ആലോചിക്കണം. കൊല്ലത്ത് വിദ്യാർത്ഥികളെ പുറത്താക്കിയ ആ ഒരു സംഭവം ഇത്രയും സങ്കീർണ്ണമാകാൻ എന്താണ് കാരണം. അത് നല്ല നിലയ്ക്ക് പറഞ്ഞ് അവസാനിപ്പിക്കാൻ അവസരമുണ്ടായിരുന്നില്ലേ ? എന്തുകൊണ്ട് ചെയ്തില്ല ? അവിടെ ആളിക്കത്തിയ പ്രതിഷേധവും അതിനോട് എടുത്ത നിലപാടും ചില ആളുകളുടെ പ്രസംഗങ്ങളുമൊക്കെ അതിന് ഏറ്റവും ദോഷം ചെയ്തുവെന്നല്ലേ നമ്മൾ മനസ്സിലാക്കേണ്ടത് ? പ്രിൻസിപ്പാളിനെ ബന്ദിയാക്കിയ കാര്യമൊക്കെ പറഞ്ഞു. ബന്ദിയാക്കിയില്ലെന്നാണ് നിങ്ങൾ പറഞ്ഞത്. ശരി, സമ്മതിക്കാം. പക്ഷേ, അദ്ദേഹം കോടതിയിൽ എഴുതിക്കൊടുത്ത അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത് പ്രിൻസിപ്പാൾ പറഞ്ഞത്, എന്നെ ബന്ദിയാക്കി ; ജീവൻ അപകടപ്പെടുമെന്നുള്ള സ്ഥിതി വന്നപ്പോഴാണ് ഞാൻ ഒപ്പിട്ടു കൊടുത്തതെന്നാണ്. ആര് പറയുന്നതാണ് വിശ്വസിക്കേണ്ടത് ? അതിനെത്തുടർന്ന് അവിടെ യൂത്ത്കോൺഗ്രസ്സുകാർ നടത്തിയ സമരവും യു.ഡി.എഫ്.കാർ നടത്തിയ സമരവുമെല്ലാം നമ്മൾ കണ്ടു. എല്ലാത്തിലും പോലീസ് അക്രമമുണ്ടായി. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നു എന്നുള്ള ആക്ഷേപം ഇടതുപക്ഷജനാധിപത്യമുന്നണി, ഗവൺമെന്റ് സി.പി.എം. നേതൃത്വം കൊടുക്കുന്ന ഭരണകാലങ്ങളിൽ ഇന്നും ഇന്നലെയും ഉണ്ടായതല്ല. മുമ്പും ഉണ്ടായിരുന്നു. ഗുജറാത്ത് ഗവൺമെന്റ് ഗവൺമെന്റ് സർവ്വീസിലെ ഉദ്യോഗസ്ഥൻമാർക്ക് ആർ.എസ്.എസ്-ൽ പ്രവർത്തിക്കാൻ അനുമതി കൊടുക്കുന്നതു പോലെ തന്നെ അപകടകരമാണ് കേരളത്തിലെ പോലീസിനെ സി.പി.എം.ന്റെ ആളുകളാക്കി മാറ്റി രാഷ്ട്രീയവൽക്കരിക്കാനുള്ള നീക്കമെന്നാണ് അക്കാര്യത്തെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത് ഞാൻ പറയുന്നത് മാത്രമല്ല. ഇവിടെ ഇടതുപക്ഷജനാധിപത്യ മുന്നണി ഭദ്രമാണ് ; കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ശക്തമാണെന്നൊക്കെ അവിടെ നിന്നും പറഞ്ഞല്ലോ? ജനങ്ങളെ മുന്നണിയിൽ. നിന്നും അകറ്റുന്ന സംഭവങ്ങൾ ആവർത്തിക്കരുതെന്ന് സി.പി.ഐ.യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവന്റെ പ്രസ്താവനയുണ്ട്. നമ്മൾ ഒപ്പത്തിനൊപ്പം നിൽക്കുന്ന പാർട്ടികളാണ്. രണ്ട് മുന്നണികളും എൽ.ഡി.എഫും യു.ഡി.എഫും ഒപ്പത്തിനൊപ്പമാണെന്നാണ് അദ്ദേഹത്തിന്റെ വാദം. ഞങ്ങളുടെ വാദം യു. ഡി. എഫ്. കുറെക്കൂടി മുന്നിലാണെന്നാണ്. ജനങ്ങളെ അകറ്റി നിർത്തുന്ന സംഭവമുണ്ടാകരുത്. അത് ആവർത്തിക്കരുതെന്നും അങ്ങനെ ഉണ്ടായിയെന്നും ജനങ്ങൾ നിങ്ങളിൽ നിന്ന് അകന്നുപോയിയെന്നും ഘടകകക്ഷികളിൽ ഉത്തരവാദപ്പെട്ട രണ്ടാമത്തെ ഘടകകക്ഷിയായ, ഉത്തരവാദപ്പെട്ട പാർട്ടി അഭിപ്രായപ്പെട്ടിരിക്കുന്നു. പത്രങ്ങളിൽ വന്ന വാർത്തയാണ്. യഥാർത്ഥത്തിൽ അതല്ലേ ശരി ? ഇനിയും ആ സമീപനം മാറ്റമുതോ. ഇവിടെ സംവരണ കാര്യത്തെക്കുറിച്ച് പറഞ്ഞു. എസ്.എൻ.ഡി.പി. യോഗത്തെക്കുറിച്ച് പറഞ്ഞു. പ്രസംഗിച്ച രണ്ട് പേരും വ്യത്യസ്തമായിട്ടാണ് പറഞ്ഞത്. എനിക്ക് ആക്ഷേപമില്ല. പറയട്ടെ. ശ്രീനാരായണ ഗുരുദേവ പ്രതിമ തകർത്തു. തകർത്തത് ആരെന്ന് ആരോപണമുണ്ട്. സി.പി.എം. എന്ന് ഒരു വിഭാഗം ആളുകൾ പറയുന്നു. ബി.ജെ.പി. ആണെന്ന് ഒരു വിഭാഗം പറയുന്നു. ഒരു ഘട്ടത്തിൽ കോൺഗ്രസ് ആണെന്നു പറഞ്ഞു. ആരോ ആയിക്കൊള്ളട്ടെ. ചെയ്തവനെ പിടിക്കാൻ സാധിക്കണ്ടെ ? ഇതുവരെ ഇതിനുത്തരവാദികളായ ആളുകളെ പിടിക്കാൻ സാധിച്ചിട്ടില്ല. സാധിച്ചിട്ടുണ്ടോ ? ഇനിയും തുടരുകയാണ്. അത് സംസ്ഥാനത്ത് എല്ലാ ഭാഗത്തും ഒരു പ്രക്രിയയായി തുടരുകയാണ്. നമ്മളൊക്കെ അവിടെ പോയ ആളുകളാണ്. സ്വന്തം നിലയ്ക്കും പാർട്ടിയുടെ പേരിലും അതുപോലെതന്നെ യു.ഡി.എഫ്, എന്ന നിലയ്ക്കും അവിടെ നടന്ന പ്രവർത്തനം നമുക്കൊക്കെ ആശ്വാസ്യമാണോ ? ചെയ്തത് ആരാണ് ? ഗുരുദേവൻ ഒരു കാലഘട്ടത്തിൽ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ആളാണ്. അദ്ദേഹത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ ? ഇവിടെയുള്ള പിന്നോക്ക വിഭാഗത്തെ, ഈഴവ സമുദായത്തെ ഉയർത്തിക്കൊണ്ടു വരാൻ നേതൃത്വം കൊടുത്ത ഒരു മഹാത്മാവാണ് ശ്രീനാരായണഗുരുദേവൻ. എല്ലാവരും അത് അംഗീകരിക്കുന്നു. അദ്ദേഹത്തിന്റെ പ്രതിമ തകർത്തത് ആരായാലും അത് കണ്ടുപിടിക്കാൻ നടപടി വേണം ഒരു പ്രസ്ഥാനത്തെയും ആ പ്രസ്ഥാനം നടത്തുന്ന സ്ഥാപനങ്ങളെയും തകർക്കുന്ന സമീപനം ശരിയല്ല. അങ്ങനെ പ്രവർത്തിക്കുന്ന ആളുകളെ നമ്മൾ പാഠം പഠിപ്പിക്കണം. ശ്രീ. വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവനയുണ്ട് ഞങ്ങളോടല്ല, കോൺഗ്രസ്സിനോടല്ല, ലീഗിനോടല്ല, യു.ഡി.എഫുമായിട്ട് ബന്ധപ്പെട്ട ആരോടുമല്ല. നിങ്ങൾ വിലയിരുത്തിയാൽ മതി. പാഠം പഠിപ്പിക്കുമെന്നു പറഞ്ഞു. ചില ആളുകൾ ഒരു ഘട്ടത്തിൽ പറഞ്ഞു, കോളേജിൽ നിന്നും പുറത്താക്കിയത് ക്രിസ്ത്യാനികൾ ആയതുകൊണ്ട്, മുസ്ലീംങ്ങൾ ആയതുകൊണ്ടാണെന്ന്. അങ്ങനെ ജാതീയമായിട്ട് ഞങ്ങൾ അതിനെ കണ്ടിട്ടില്ല. അങ്ങനെ പ്രസംഗിച്ച ആളുകളുണ്ടായിരുന്നു. എസ്.എൻ. കോളേജിലുണ്ടായ പ്രശ്നം വളരെ രമ്യതയിൽ അവസാനിപ്പിക്കുന്നതിനുപകരം ആ പ്രശ്നം ഇവിടെ ആളിക്കത്തിച്ച് അതിന്റെ പേരിൽ ഒരുപാട് സംഭവങ്ങളുണ്ടായി. ഗൗരവമായി അതിനെ കാണുന്ന വലിയൊരു ജനവിഭാഗം ഇവിടെ ഉണ്ട്, അത്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കണം. ശ്രീമതി മെഴ്സിക്കുട്ടി അമ്മ അത് മനസ്സിലാക്കിയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇല്ലെന്ന് തുറന്നു പറയാൻ നിങ്ങൾക്ക് സാദ്ധ്യമല്ല. പത്രവാർത്ത അതാണ് തെളിയിക്കുന്നത്. ഏതായാലും ഞാൻ അങ്ങോട്ട് പോകുന്നില്ല. ക്രമസമാധാന നിലയുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങളാണെങ്കിൽ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർത്ഥക്കുളത്തിൽ ആളുകൾ നോക്കി നിൽക്കേ ഒരാളെ മുക്കിക്കൊന്നു എന്നൊന്നും ഞാൻ പറയുന്നില്ല. പത്രങ്ങളൊക്കെ എഴുതിയതാണ്. കേരളത്തിൽ തന്നെ പലയിടത്തും സംഘട്ടനങ്ങൾ ഉണ്ടായി. ഇപ്പോഴും തുടരുകയാണ്. അത് അവസാനിപ്പിക്കണം. പോലീസിന്റെ വിജിലൻസ് റിപ്പോർട്ടും ബന്ധപ്പെട്ട വിവരങ്ങളുമൊക്കെ സൂചിപ്പിക്കുന്നത് കേരളത്തിന്റെ ക്രമസമാധാന നില ഭദ്രമാണെന്നല്ല, മോശമാണെന്നാണ്. നമ്മൾ പരസ്പരം സമർത്ഥിക്കാൻ ശ്രമിച്ചിട്ട് കാര്യമില്ല. വസ്തുത വസ്തുതയായിട്ട് കാണണം. തളിപ്പറമ്പിൽ മുസ്ലീംലീഗ് പ്രവർത്തകർക്കുനേരെ ആക്രമണമുണ്ടായി ; കണ്ണൂരിൽ ഇന്ന് നടക്കുന്നു ; പത്തനംതിട്ടയിൽ ഉണ്ടായി ; പലയിടത്തുമുണ്ടായി. അത് അവസാനിപ്പിക്കണം. അത് അവസാനിപ്പിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് അക്കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ജനകീയ പോലീസിനെ ജനങ്ങൾ ഭയപ്പെടുന്നു എന്ന രീതിയിലാണ്. ഞങ്ങൾ മാത്രമല്ല ഘടകകക്ഷിയിലെ ആളുകളും ഭയപ്പെടുന്നു. ആ സംവിധാനം പാടില്ലെന്ന് അവർ പറയുന്നു. രാവിലെ ചോദ്യോത്തരസമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യത്യസ്തമായ രീതിയിലാണ് മറുപടി പറഞ്ഞത്. ആലോചന നടത്തിയെന്നും ആലോചിക്കാൻ രണ്ടാമത് തരുമെന്നും അദ്ദേഹം പറഞ്ഞു. എങ്ങനെയാണ് ഇതുപോലുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത്. ഈ രാജ്യത്തെ വളരെ മൗലികമായ പ്രശ്നമാണ്. അതുസംബന്ധിച്ച് വിശദമായ ചർച്ച നടത്താനുള്ള അവസരമുണ്ടാകണം. ഞങ്ങൾക്ക് ഞങ്ങളുടെ അഭിപ്രായം പറയാനുള്ള അവസരമുണ്ടാകണം. ഒരു വിഭാഗം മാത്രമായി നടത്തരുതെന്ന് ശ്രീ. വി.പി. രാമകൃഷ്ണപിള്ള പറഞ്ഞതുപോലെ തന്നെയാണ് എനിക്ക് പറയാനുള്ളത്. അത് വേണമോ വേണ്ടയോയെന്നുള്ളതിനെ സംബന്ധിച്ച് നയപരമായി തീരുമാനിക്കേണ്ടതായിട്ടുണ്ട്.

പ്രധാനമായി ചർച്ച ചെയ്യുന്ന മറ്റൊരു കാര്യം സംവരണത്തെ സംബന്ധിച്ചാണ്. ഒരു കാര്യം യു.ഡി.എഫിന്റെ ഭരണകാലത്താണ് അക്രമങ്ങൾ ഉണ്ടായതെന്ന് പറഞ്ഞു. യു.ഡി.എഫ് ഭരിക്കുന്ന കാലത്ത് നിങ്ങൾ സമ്മതിക്കണം, ബാബറിമസ്ജിദ് തകർക്കുന്ന കാലഘട്ടത്തിലാണ് യു.ഡി.എഫ് ഭരിക്കുന്നുവെന്ന് പറയുന്നത്. ആ ഭരണകാലത്ത് രാജ്യം മുഴുവൻ കത്തിയെരിയേണ്ട സാഹചര്യമാണ്. അന്ന് കേരളത്തിൽ വലിയ അനിഷ്ട സംഭവങ്ങളില്ലാതെ ഇവിടെ സമാധാനവും സമുദായസൗഹാർദ്ദവും നിലനിർത്താൻ സാധിച്ചത് ഞങ്ങൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ഉണ്ടായതുകൊണ്ടാണ്. ഞങ്ങളെപ്പറ്റി ഒരു പരിധിവരെ ആക്ഷേപിച്ച പ്രസ്ഥാനങ്ങളുണ്ടിവിടെ. ആർ.എസ്.എസ്-നുപകരം ഐ.എസ്.ഐ. ഉണ്ടായി. പി.ഡി.പി. ഉണ്ടായി പല പ്രസ്ഥാനങ്ങളുമുണ്ടായി. അതിനെയൊക്കെ ഞങ്ങൾ ശക്തിയായി എതിർത്തു. ഞങ്ങൾ ശക്തമായി എതിർത്തതുകൊണ്ടാണ് സാമൂഹ്യ അന്തരീക്ഷം ഭദ്രമാക്കാൻ സാധിച്ചത്. യു.ഡി.എഫ്-ന്റെ ഭരണകാലത്തല്ല എന്ന് പറഞ്ഞ് നിഷേധിക്കാൻ സാധിക്കുമോ ? നിങ്ങളുടെ പല നേതാക്കൻമാരും സർട്ടിഫിക്കറ്റ് തന്നതാണ്. എന്നിട്ടും ആ സംഘർഷവും സംഘട്ടനവും

LIBRARY ARCHIVES Kerala Legislative Assembly

ആക്രമണങ്ങളുമൊക്കെ ഒരു പരിധിവരെ ഇല്ലാതാക്കാനും സമാധാന അന്തരീക്ഷം നിലനിർത്താനും ഞങ്ങളെകൊണ്ട് സാധിച്ചു. അതാണ് യു.ഡി.എഫ്. അന്ന് ചെയ്ത കാര്യം. സംവരണ കാര്യം ഏറ്റവുമധികം തെറ്റിദ്ധരിക്കപ്പെട്ട കാര്യമാണ്. പ്രസിദ്ധ തത്വചിന്തകനായ വോൾട്ടയറിന്റെ വാക്കുകളാണ് എനിക്ക് അക്കാര്യത്തിൽ ഉദ്ധരിക്കാനുള്ളത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്നതാണ്. 'അടിസ്ഥാനരഹിതമായ മുൻവിധികൾ ഒരിക്കൽ മനസ്സിൽ സ്ഥാനം പിടിച്ചാൽ പിന്നീട് അത് നീക്കം ചെയ്യാൻ വളരെ പ്രയാസമായിത്തീരും' വോൾട്ടയർ. ഇന്നത്തെ മാതൃഭൂമിയിൽ ചിന്താവിഷയം എന്ന രീതിയിൽ കൊടുത്തതാണ്. ബഹുമാനപ്പെട്ട സി.പി.ഐ അംഗങ്ങളോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ആ സംവരണകാര്യം വളരെ വസ്തുനിഷ്ടമായി പരിശോധിച്ചാൽ ബോദ്ധ്യപ്പെടുന്ന ചില കാര്യങ്ങളുണ്ട്. ക്രീമിലെയർ കൺസെപ്റ്റ്, സുപ്രീംകോടതി വിധി വന്നു. ആ വിധിയുടെ അടിസ്ഥാനത്തിൽ ക്രീമിലെയർ ഇവിടെ നടപ്പാക്കണമോ വേണ്ടയോ. ഇതിനെ സംബന്ധിച്ചിടത്തോളം അന്ന് നിലവിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് അത് ഗൗരവമായിട്ടെടുത്തു. ബഹുമാനപ്പെട്ട കരുണാകരനായിരുന്നു അന്നത്തെ മുഖ്യമന്ത്രി. അന്ന് ഇവിടത്തെ നിലവിലുള്ള സംവരണ സംവിധാനം തകരാറാകാതെ-തകരാറാകുമെന്ന് ഉറപ്പാണ്-അതിന് കോട്ടം തട്ടാതെ ഈ വിധി നടപ്പാക്കാൻ സാധിക്കുമോയെന്ന് ഞങ്ങളുടെ ഗവൺമെന്റ് കൂടിയിരുന്ന് ആലോചിച്ചതാണ്. പല അഭിപ്രായങ്ങളും ഞങ്ങൾ ശേഖരിച്ചു, പരിഹാരം ഞങ്ങൾ ആലോചിച്ചു, സുപ്രീംകോടതിയിൽ റിവ്യൂ കൊടുക്കണമോ എന്നുള്ള കാര്യത്തെക്കുറിച്ചും ഞങ്ങൾ ആലോചിച്ചു. എല്ലാ സ്റ്റേറ്റുകളിലും ഇതിനെക്കുറിച്ച് പരിശോധിച്ചു. ചില സ്റ്റേറ്റുകൾ നടപ്പാക്കി. ചില സ്റ്റേറ്റുകൾ നടപ്പാക്കിയില്ല. ബീഹാർ, യു.പി. പോലെയുള്ള സ്റ്റേറ്റുകൾ നടപ്പാക്കിയില്ല. അവർ നിയമം പാസ്സാക്കി, ഞങ്ങൾ അവരുമായി ആലോചിച്ചു. അവസാനം സുപ്രീംകോടതി പരാമർശം വന്നു. കേരളാഗവൺമെന്റ് കുറ്റകരമായ അനാസ്ഥകാണിച്ചിരിക്കുന്നു എന്നുപറഞ്ഞു. ഞങ്ങൾ ഒരു നിയമം പാസ്സാക്കി. 1992 സെപ്റ്റംബർ 13-ാം തീയതിയാണ് സുപ്രീംകോടതി ജഡ്ജ്മെന്റ് വന്നത്, 1999 ഡിസംബർ 15-ാം തീയതി വരെ കേരളത്തിൽ ക്രീമിലെയർ വ്യവസ്ഥ ഇല്ലാതെ സംവരണാനുകൂല്യം പിന്നോക്കക്കാർക്ക് ലഭിക്കാനിടയായത് 1995-ൽ ബഹുമാനപ്പെട്ട ആന്റണി നേതൃത്വം കൊടുത്ത അന്നത്തെ ഗവൺമെന്റ് പാസ്സാക്കിയ സംവരണ-സംരക്ഷണ നിയമം കൊണ്ടാണെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. ആ നിയമം പാസ്സാക്കിയതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ആ നിയമം പാസ്സാക്കിയത്, വലിയ അപകടം ചെയ്തുവെന്നാണ് വ്യാഖ്യാനിക്കപ്പെട്ടത്. അന്ന് ആ നിയമം പാസ്സാക്കിയില്ലായിരുന്നുവെങ്കിൽ 1997-ൽ തന്നെ ഇവിടെ ക്രീമിലെയർ നടപ്പാക്കേണ്ട സ്ഥിതിവരുമായിരുന്നു. അത് മാറ്റി വച്ചത്, നീട്ടിക്കൊണ്ടു പോകാൻ സാധിച്ചത് ആ നിയമം ഞങ്ങൾ പാസ്സാക്കിയത് കൊണ്ടാണ്. ആ നിയമത്തിന് എന്തുപറ്റി ? ആ നിയമത്തെ സംബന്ധിച്ചിടത്തോളം അത് സംരക്ഷിക്കേണ്ട ബാദ്ധ്യത പിന്നീട് വന്ന ഗവൺമെന്റിനില്ലേ ? പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ആ കാര്യത്തിൽ കുറ്റകരമായ അനാസ്ഥ കാണിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻ വൈദ്യർ : ആ നിമയത്തിലെ വ്യവസ്ഥ 1958-ൽ ഇവിടെ നിലവിലുണ്ടായിരുന്ന സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥയായിരുന്നു എന്നുള്ളത് അങ്ങേയ്ക്കു വിസ്മരിക്കുവാൻ കഴിയുമോ ?

ശ്രീ. നാലകത്തു സൂപ്പി : ഇത് റിക്രൂട്ട്മെന്റ് വ്യവസ്ഥയാണ്. 1958-ൽ തുടങ്ങി 1979-ൽ അത് പരിഷ്ക്കരിച്ചു കൊണ്ടുവന്നു. അത് റൊട്ടേഷൻ സമ്പ്രദായം, അതിന് മാറ്റമുണ്ട്, ഞാൻ പറഞ്ഞുകൊണ്ടുവരുന്നത് അതാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ആർട്ടിക്കിൾ 16 അനുസരിച്ച് പിന്നോക്ക സമുദായക്കാർക്കുള്ള ജോലിയിലെ സംവരണം ഇന്ത്യയിൽ ആദ്യമായി കൊണ്ടുവന്ന സ്റ്റേറ്റ് കേരളമാണെന്നും 1958-ലാണ് അത് കൊണ്ടുവന്നതെന്നും കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ 25 സമുദായത്തിനാണ് കമ്മ്യൂണൽ റിസർവേഷൻ അനുവദിച്ചതെന്നുമുള്ളത് ഒരു വസ്തുതയല്ലേ ?

ശ്രീ. നാലകത്ത് സൂപ്പി : സംവരണം എന്ന ആ പ്രക്രിയ കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ നമുക്ക് അറിയാം. ഇവിടെ തിരുവിതാംകൂറിൽ രാജാക്കൻമാർ ഭരിച്ചിരുന്ന കാലത്തുതന്നെ ഉദ്യോഗരംഗത്ത് ഈഴവർ-മുസ്ലീങ്ങൾ, അതുപോലെ ലാറ്റിൻ കത്തോലിക്കക്കാർ, ഇതുപോലെ പ്രാതിനിധ്യം ഇല്ലാത്ത വിഭാഗങ്ങൾക്ക് പ്രത്യേകമായി സംവരണം അനുവദിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. വ്യവസ്ഥാപിതമായി സംവരണം ഏർപ്പെടുത്താൻ 1957-ൽ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു. അതിനുശേഷം ഐക്യകേരളം വന്നു. ഐക്യകേരളം വന്നതിനുശേഷം 1958-ലെ കെ.എസ്.എസ്.ആർ. അനുസരിച്ച് റൊട്ടേഷൻ വ്യവസ്ഥാ പ്രകാരം കേരളത്തിൽ നടപ്പിലാക്കിയത് ശരിയാണ്. അതിനുശേഷം 1979-ൽ അത് പരിഷ്ക്കരിച്ചു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : എവിടെയും ക്രീമിലെയർ എന്ന കൺസെപ്റ്റ് ഇല്ല. ആർട്ടിക്കിൾ 16-ന്റെ പ്രാധാന്യം പറയുന്ന ആളുകൾ തന്നെയാണ് ക്രീമിലെയർ എന്നുപറയുന്ന ആശയത്തിന്റെ തുടക്കം കേരളത്തിൽ കുറിച്ചത് എന്നുള്ള കാര്യം അങ്ങ് ഓർക്കുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : അത് വന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ആർട്ടിക്കിൾ 16 കൊൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ അവതരിപ്പിച്ചത് ഡോക്ടർ അംബേദ്ക്കറാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ After some years some of the backward castes will be recruited to the forward state, however small their number may be, If you continue this, it will be equalising the unequals. എന്നുള്ളത് കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിലെ പ്രൊസീഡിംഗ് സിൽ ഞാൻ കാണിച്ചുതരാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇന്ന് 1958-ൽ ഭരണഘടനാ ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് വന്നുവെന്ന് പറഞ്ഞു. അതാണ് ഞാൻ ചോദിച്ചത്. അതായത് ഒരിക്കലുമില്ലാത്ത ഒരു കൺസെപ്റ്റ് ആണ് ക്രീമിലെയർ. ആർട്ടിക്കിൾ 16 (4) പ്രകാരവും അതുപോലെ മാർഗ്ഗനിർദ്ദേശ തത്വങ്ങൾ 46 പ്രകാരവും ഒരിക്കലും ഇല്ലാത്ത കൺസെപ്റ്റ്. ആ ചിന്താധാരയിലേയ്ക്കു കൊണ്ടുവന്നത് ഈ ഗവൺമെന്റാണെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : 1935-ൽ തിരുക്കൊച്ചി സംസ്ഥാന ലെജിസ്ലേറ്റീവ് കൗൺസിൽ, പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1936 മുതലാണ് സംവരണവ്യവസ്ഥ തിരുക്കൊച്ചി സംസ്ഥാനത്ത് ഉണ്ടായിരുന്നത്. മലബാർ ഭാഗം മദ്രാസ് സംസ്ഥാനത്തിന്റെ കീഴിലായിരുന്നു. അന്ന് മലബാറിൽ തീയ്യന്മാർ എന്നാണ് ഈഴവരെ പറയുന്നത്. തീയ്യർക്കും മുസ്ലീംങ്ങൾക്കും സംവരണം കൊടുക്കണം. പ്രാതിനിധ്യം കൊടുക്കണം എന്ന നിയമം കൊണ്ടുവരികയും അത് നടപ്പാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞത് പോലെ അത്രയും പഴക്കമുള്ള, അത്രയും കാലത്തെ നീണ്ട ചരിത്രമുള്ളതാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ആ സംവരണവ്യവസ്ഥയിൽ ക്രീമിലെയർ ഇല്ല. Socially and Educationally backward class-നാണ്. not economically forward or backward class, Socially and Educationally backward class അതാണ് സംവരണം. ആർട്ടിക്കിൾ 16(4). അതാണ് അതിന്റെ സ്പിരിറ്റ്. അതിന് വിരുദ്ധമായി സുപ്രീംകോടതി ജഡ്ജ്മെന്റിൽ ഒരു പരാമർശം വന്നു. സുപ്രീം കോടതി ജഡ്ജ്മെന്റ് വന്നതിനെക്കുറിച്ച് അതിൽപറയുന്നില്ല. ഭൂരിപക്ഷ ജഡ്ജ്മെന്റാണ്. ആ ജഡ്ജ്മെന്റിൽ ബഹുമാനപ്പെട്ട പിണറായി വിജയൻ ഉന്നയിച്ച ഒരു കാര്യം പറയട്ടെ. ജസ്റ്റീസ് പാണ്ഡ്യന്റെ ജഡ്ജ്മെന്റിന്റെ ഒരു ഭാഗമുണ്ട് disagreeing judgement വളരെ വ്യക്തമായി സംവരണം എന്നുപറയുന്നത് പിന്നോക്ക വിഭാഗങ്ങൾക്കുള്ളതാണ് Socially and Educationally backward classes-ന് ഉള്ളതാണ്. അതിൽ ഒരിക്കലും സാമ്പത്തിക മാനദണ്ഡം പാടില്ല. വളരെ വ്യക്തമായി ജസ്റ്റീസ് പാണ്ഡ്യൻ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ കൊണ്ടുവന്ന ക്രീമിലെയർ വ്യവസ്ഥ മറികടന്നതിനെ സംബന്ധിച്ചിടത്തോളം എല്ലാ സംസ്ഥാന ഗവൺമെന്റുകളും ആലോചിച്ച്, നമ്മുടെ ഗവൺമെന്റും ആലോചിച്ച് അങ്ങനെയാണ് ശ്രീമാൻ ആന്റണിയുടെ നേതൃത്വത്തിൽ അന്നത്തെ ഗവൺമെന്റ് ആ നിയമം പാസ്സാക്കിയത്. ആ നിയമം സുപ്രീംകോടതിയിൽ വന്നു. അതിനെ സംബന്ധിച്ചിടത്തോളം പ്രൊട്ടക്ട് ചെയ്യേണ്ട ബാദ്ധ്യത പിന്നീടുള്ള എൽ.ഡി.എഫ് ഗവൺമെന്റിനായിരുന്നു. എൽ.ഡി.എഫ് ഗവൺമെന്റ് ചെയ്യാതെ വന്നു. സുപ്രീംകോടതി വിധിയിൽ പറഞ്ഞൊരു കാര്യം കേരള കൗമുദി റിപ്പോർട്ട് ചെയ്തു. ഞാൻ അത് വായിക്കുന്നില്ല. സംവരണകാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ആത്മാർത്ഥത ഇല്ലായ്മ സുപ്രീംകോടതി നിശിതമായി വിമർശിക്കാനും ഇടയാക്കി. ഞാൻ അതിന്റെ മലയാളം വായിക്കാം. ക്രീമിലെയർ സംബന്ധിച്ച വിധിന്യായത്തിൽ 86-ാം പാരഗ്രാഫിൽ സുപ്രീംകോടതി ഇങ്ങനെ പറയുന്നു. 1995-ൽ കേരള നിയമസഭ പാസ്സാക്കിയ സംവരണ-സംരക്ഷണ നിയമത്തിന്റെ സാദ്ധ്യതയിൽ കേരളഗവൺമെന്റ് വിശ്വാസം അർപ്പിച്ചിരിക്കുന്നുവെന്ന് കരുതാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. സുപ്രീം കോടതി ഈ നിയമത്തെ തകർത്തു കൊള്ളട്ടെ എന്നു കരുതി എല്ലാം കോടതിയുടെ അഭിപ്രായത്തിനായി വിട്ടു കൊടുക്കുകയെന്നുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. സുപ്രീംകോടതി ജഡ്ജ്മെന്റിൽ 86-ാം പാരായിൽ പറഞ്ഞതാണ്. ആരാണ് ക്രീമിലെയർ കൊണ്ടുവരാൻ ശ്രമിച്ചത്? ബഹുമാനപ്പെട്ട വിജയൻ പറഞ്ഞല്ലോ, അന്ന് ഈ ബിൽ പാസ്സാക്കുന്ന സമയത്ത് സി.പി.ഐ. അടക്കം ഞങ്ങളുടെ കൂടെയായിരുന്നു. സി.പി.എം. ആണ് ഒറ്റപ്പെട്ടത്. ഇന്ന് ഒരുപക്ഷേ, സി.പി.ഐ.യിലെ

ഒരു വിഭാഗത്തെ, ശ്രീമാൻ ചന്ദ്രശേഖരൻ നായർ അടക്കമുള്ള ഒരു വിഭാഗത്തെ നിങ്ങൾക്ക് മുന്നോക്കക്കാരിൽ പാവപ്പെട്ടവർക്ക് 10 ശതമാനം കൊടുക്കണമെന്നുള്ള ഉപാധികൂടി അംഗീകരിച്ചുകൊണ്ട് പോകുന്നതിന് കൂടെ നില്ക്കാൻ സാധിച്ചുവെങ്കിൽ ഞങ്ങളുടെ കുറ്റമല്ല, നിങ്ങളുടെ ഇടതുമുന്നണിയ്ക്കകത്താണ് അഭിപ്രായ വ്യത്യാസമുള്ളത്. മറ്റ് പാർട്ടികൾ ആർ.എസ്.പി.യോ, ജനതാദളോ ആയിക്കോട്ടേ. ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ ക്യാബിനറ്റിൽ ഡിസംബർ 22-ാം തീയതി വളരെ ശക്തമായി വാദിച്ചു. ഡിസംബർ 13-ാം തീയതിയും ക്രീമിലെയർ നടപ്പാക്കുന്നതിനെ സംബന്ധിച്ച് ശക്തമായി വാദിച്ച ആളാണ്. അദ്ദേഹം ഇന്ന് ക്യാബിനറ്റിൽ ഇല്ല. പുറത്താണ്. അദ്ദേഹം എന്തുകൊണ്ട് പുറത്തായി എന്നതിനെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. പക്ഷേ, നിഗൂഢത എന്നൊന്ന് നിലനില്ക്കുന്നു. അന്വേഷണത്തിനുശേഷം പുറത്തുവരേണ്ട കാര്യങ്ങളാണ് അവ. ഇപ്പോൾ പറഞ്ഞ ഉപാധിയുടെ പ്രായോഗിക സമീപനം എന്താണ് ? പ്രായോഗിക സമീപനം എന്നു പറയുന്നത് എന്താണ് ? ആ പ്രായോഗിക സമീപനം സുപ്രീംകോടതി നിരാകരിച്ചതാണ്. 1992-ൽ സുപ്രീംകോടതി നിരാകരിച്ചതാണ്. ഇനി ഒരു പ്രമേയം മുഖേന അങ്ങനെ കൊണ്ടുവരാമെന്ന് അപ്പുറത്തുള്ള ആളുകൾ പറയുന്നു. അത് സി.പി.എം-ന്റെ നയം തന്നെയാണോ ; ഇ.എം.എസിന്റെ നയം തന്നെയാണോ. അത് എങ്ങനെ നടപ്പാക്കാൻ സാധിക്കും. സുപ്രീംകോടതിയിൽ ആ ഒരു നയം നടപ്പാക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ചെയ്യേണ്ടിയിരുന്നത് മണ്ഡൽക്കേസ് തുടങ്ങി 1992-ൽ തുടങ്ങിയ കേസ് 1999-ലാണ് വിധി വരുന്നത്. എത്ര കൊല്ലം കഴിഞ്ഞു. സംവരണനിയമത്തെ എൻ.എസ്.എസ്. ചോദ്യം ചെയ്തത് 1995-ലാണ്. ആ 1995 മുതൽ 1999 വരെയുള്ള നാല് കൊല്ലക്കാലം ഈയൊരു ലൈൻ ഓഫ് അപ്രോച്ച് എന്തുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി അവതരിപ്പിച്ചില്ല. പിന്നീട് വന്ന ഗവൺമെന്റിന്റെ വ്യക്താക്കൾ എന്ന നിലയ്ക്ക് ആരും അംഗീകരിച്ചതായി പറഞ്ഞില്ല. നമ്മുടെ കമ്മ്യൂണിറ്റി ഇൻറ്റാറ്റ് വച്ചുകൊണ്ട്, നമ്മുടെ സമുദായങ്ങളുടെ താൽപ്പര്യം വച്ചുകൊണ്ട് എനിക്കത് പറയേണ്ടിവരും. എൻ.എസ്.എസ്. സെക്രട്ടറി നാരായണപ്പണിക്കരുടെ വാദം. അദ്ദേഹം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഇതുപോലുള്ള പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു. അംഗീകരിക്കുന്നു. അംഗീകരിക്കാൻ അദ്ദേഹം സ്റ്റേറ്റ്മെന്റ് ഇറക്കിയ ദിവസം എന്നാണെന്നറിയാമോ ? ജോസഫ് കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഒന്നര ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ചുകൊണ്ട് പി.എസ്.സി. നിയമനങ്ങൾ പുനരാരംഭിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചതിന്റെ പിറ്റേ ദിവസമാണ് അദ്ദേഹം പറഞ്ഞത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നത് നല്ലതുതന്നെ എന്ന്. കാരണം മനസ്സിലായല്ലോ. ജോസഫ് കമ്മീഷൻ റിപ്പോർട്ടാണ്. നരേന്ദ്രന്റേത് നിഷേധിച്ചു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കിട്ടിയിട്ടില്ല. ഇടക്കാല റിപ്പോർട്ട് വന്നാൽ പി.എസ്.സി. നിയമനം തുടരാം എന്നാണ്. ഞാൻ ചോദിക്കട്ടെ. നരേന്ദ്രൻ കമ്മീഷന് ഒരു മാസത്തെ കാലാവധി നീട്ടിക്കൊടുത്തില്ലേ ? ആ ഒരു മാസവുംകൂടി വെയ്റ്റ് ചെയ്ത് നരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷന്റെ ഫൈനൽ റിപ്പോർട്ട് കിട്ടിയതിനുശേഷം ആകാമായിരുന്നില്ലേ പി.എസ്.സി.യുടെ നിയമന നിരോധന ഉത്തരവ് പിൻവലിക്കാൻ. ഈ രണ്ട് മാസത്തിനകം ഉദ്യോഗം നഷ്ടപ്പെട്ടു പോകുന്ന ഒരുപാട് ആളുകളുണ്ട്. ഞങ്ങൾ അംഗീകരിച്ചത് അതുകൊണ്ടൊന്നുമല്ല. ആ ജോലി അവർക്ക് നഷ്ടപ്പെട്ടു. എന്തിനാണ് ഗവൺമെന്റ് രണ്ടുമാസം വെറുതെ കൈയിൽ വച്ചത്. രണ്ടു മാസം കഴിഞ്ഞില്ലേ. ഇനി കണക്കെടുപ്പിന്റെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യസ്വഭാവത്തെ സംബന്ധിച്ച് കണക്കെടുക്കാൻ നിശ്ചയിച്ച കമ്മീഷൻ, അതും ജോസഫ് കമ്മീഷൻ തന്നെയാണ്. അതിൽ തെളിവ് ഹാജരാക്കിയില്ല. ഈ രേഖ തെറ്റായിരുന്നുവെന്നും പി.എസ്.സി. നൽകിയ രേഖയെ സംബന്ധിച്ച് സംശയം ഉണ്ടെന്നും നിയമ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ട് ആ റിപ്പോർട്ട് പരിശോധിക്കാൻ സാധിച്ചോ ? സെക്രട്ടേറിയറ്റിലെ ഉന്നതൻമാരായ ചിലയാളുകൾ, ചില ഉന്നത കേന്ദ്രങ്ങളിലെ ആളുകൾ അവർ കള്ളക്കളി കളിച്ച് ആ റിപ്പോർട്ട് പൂഴ്ത്തി. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ ജോസഫ് കമ്മീഷൻ റിപ്പോർട്ട് കൊടുത്തു. സുപ്രീംകോടതി അങ്ങനെയാണ് പരിശോധിച്ചത്. ഞങ്ങൾ ഇതിന്റെ അപകടം മനസ്സിലാക്കി. ഞങ്ങൾ നേരത്തെ പറഞ്ഞു, പിന്നോക്ക സമുദായ സംഘടനയോട്. ആരും ചെവിക്കൊണ്ടില്ല. തെറ്റായ റിപ്പോർട്ടാണ് പി.എസ്.സി. കൊടുത്തതെന്ന് തെളിഞ്ഞു വന്നിരിക്കുകയാണ്. ഈ രീതിയിലാണ് ക്രീമിലെയർ വന്നത്. ആ അപകടം ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമുള്ള കാര്യമാണ്. നാളെ സംവരണ വിഭാഗവും താഴ്ന്ന വിഭാഗവും. ഞാൻ ചോദിക്കട്ടെ. ആരാണ് ഈ ക്രീമിലെയർ ? ഇന്ന് പി.എസ്.സിയിൽ നിന്ന് മെമ്മോ കിട്ടിയ ആയിരത്തിൽ ചിലാനം ആളുകളുണ്ട്. ക്രീമിലെയറിൽ ഒന്നര ലക്ഷത്തിനു മുകളിൽ ആളുകളുണ്ട്. creamy and non-creamy അത് കാറ്റഗറൈസ് ചെയ്തുകൊണ്ട് എത്ര ആളുകളുടെ ജോലി നഷ്ടപ്പെടും എന്നുള്ള കണക്കെടുക്കാൻ തയ്യാറുണ്ടോ ? തയ്യാറാകണം. അതുപോലെ തന്നെ കഴിഞ്ഞ കാലങ്ങളിൽ പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങളിൽ മെറിറ്റടിസ്ഥാനത്തിലും സംവരണ കാറ്റഗറിയിലും കിട്ടിയ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കണക്ക് ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ ? പി.എസ്.സി. തയ്യാറായിട്ടുണ്ടോ ? അസംബ്ലി കമ്മിറ്റി 1993-ൽ കൊടുത്ത റിപ്പോർട്ടിൽ പറഞ്ഞ കാര്യം ഇതുവരെ നടപ്പാക്കാൻ പി.എസ്.സി. തയ്യാറായിട്ടുണ്ടോ ? ഇന്ന് ഈ കമ്മീഷനാണ് തെറ്റായ രേഖ കൊടുത്തത്. ഇന്നല്ലെങ്കിൽ നാളെ അപ്പുറത്തിരിക്കുന്ന എല്ലാ മാന്യസുഹൃത്തുക്കൾക്കും യാഥാർത്ഥ്യം മനസ്സിലാകും. നിങ്ങൾക്കും ഈ കാര്യത്തിൽ ഞങ്ങളെ അനുകരിക്കേണ്ടിവരും. അനുകൂലിക്കേണ്ടി വരും എന്നാണ് ആ കാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളത്. ഈ കാര്യത്തിൽ ഗവൺമെന്റ് ഒളിച്ചു കളിച്ചിട്ടു കാര്യമില്ല. കാര്യങ്ങൾ വ്യക്തമായി തുറന്നു പറയണം. ഇനി എന്താണ് നിങ്ങൾ ചെയ്യാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് ഒരു വ്യക്തത ഉണ്ടാകേണ്ടിയിരിക്കുന്നു എന്നുകൂടി പറഞ്ഞുകൊണ്ട്, ഈ പ്രമേയത്തെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ : ബഹുമാന്യരായ മെമ്പർമാരോട് എനിക്ക് ഒരു അഭ്യർത്ഥനയും അപേക്ഷയുമുണ്ട്. സഭയിലെ ഒരംഗം ബഹുമാന്യനായ പിണറായി വിജയൻ കൂടുതൽ സമയമെടുത്ത് പ്രസംഗിച്ചു എന്നുള്ളത് സത്യമാണ്. അതുകൊണ്ട് അദ്ദേഹത്തിനു ശേഷം പ്രസംഗിക്കാൻ വരുന്ന എല്ലാവരും ഞങ്ങൾക്കും സമയക്ലിപ്തതയില്ലാതെ സംസാരിക്കാം എന്ന നിലപാട് സ്വീകരിക്കരുത് എന്ന് പ്രത്യേകം നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാന്യനായ കെ.പി. രാജേന്ദ്രനെ ക്ഷണിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗ്രാമീണ ജീവിതത്തിന് പുതിയൊരു മുഖം നൽകിയതാണ് കഴിഞ്ഞ ദിവസം ഗവർണ്ണർ ഈ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട പത്രങ്ങളും വളരെ പ്രാധാന്യത്തോടുകൂടിത്തന്നെ അതു സംബന്ധിച്ച് എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്. ദുർബല ജനവിഭാഗങ്ങൾക്കും അവശതയനുഭവിക്കുന്നവർക്കും സമൂഹത്തിലെ ഏറ്റവും താഴെയുള്ള പാവപ്പെട്ടവർക്കും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള, ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് വേഗത കൂട്ടുന്നതിനുവേണ്ടിയുള്ള പല നടപടികളും ഈ ഗവൺമെന്റ് എടുക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതി, സമ്പൂർണ്ണ കുടിവെള്ളം കൊടുക്കുന്ന പദ്ധതി, ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കാൻ,കയറിക്കിടക്കാൻ ഭൂമി കൊടുക്കുന്ന പദ്ധതികൾ ഉൾപ്പെടെ. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒട്ടുവളരെ കാര്യങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് ഒരുവർഷക്കാലം കൊണ്ട്, സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ശക്തമായ നടപടികൾ എടുക്കും എന്ന് പ്രഖ്യാപിച്ചത് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് പ്രതീക്ഷയും പ്രത്യാശയും ഉണ്ടാക്കിയിട്ടുണ്ട് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൃഷിക്കാരെ സംബന്ധിച്ച് തെങ്ങ് കൃഷിക്കാർക്കും നെൽക്കൃഷിക്കാർക്കും വളരെ വലിയ ആത്മവിശ്വാസം ഉണ്ടാക്കുന്ന നടപടികളാണ് ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രത്യേകിച്ച് നെൽക്കൃഷി മേഖലയിൽ കൂടുതൽ ഉൽപ്പാദന വർദ്ധനവിനു വേണ്ടിയുള്ള ശക്തമായ ചില നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒട്ടുവളരെ ആശങ്കകൾ ഉയർന്നുവന്ന ഈ സാഹചര്യത്തിൽ കേരളത്തിലെ നെല്ലുൽപ്പാദന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന ഈ ശുഷ്കാന്തിയോടുകൂടിയ താൽപര്യം എടുത്തു പറയേണ്ടതാണ്. ഭക്ഷ്യ-പൊതുവിതരണ രംഗത്ത് കേരളം ഗുരുതരമായ ഒരു പ്രതിസന്ധി നേരിടാൻ പോകുന്നു എന്നുള്ളത് വസ്തുതയാണ്. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പല യോഗങ്ങളിലും ആവർത്തിച്ച് പറഞ്ഞത് നമ്മൾ വായിച്ചിട്ടുള്ളതാണ്. ഈ സഭയിലും പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ 31-ാം തീയതി കേന്ദ്ര ഗവൺമെന്റ് വിളിച്ചുകൂട്ടിയ ദക്ഷിണേന്ത്യയിലെ ഭക്ഷ്യ മന്ത്രിമാരുടെ സമ്മേളനത്തിൽ കേന്ദ്രഗവൺമെന്റ് അവരുടെ നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആ നയം കേരളത്തിലെ റേഷൻ സമ്പ്രദായം പതുക്കെ അവസാനിപ്പിക്കാൻ പോകുന്നു എന്നുള്ളതാണ്. ദുർബലരായ പാവപ്പെട്ടവർക്കു മാത്രമായി, ഏറ്റവും ദരിദ്രരായ വർക്കുവേണ്ടി റേഷൻ പരിമിതപ്പെടുത്താനും അവർക്ക് അൽപം റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ കൊടുത്തുകൊണ്ട് മഹാ ഭൂരിപക്ഷം വരുന്നവർക്ക് റേഷൻ അവസാനിപ്പിക്കാനുള്ള നടപടി എന്നുപറഞ്ഞാൽ ഈ കേരള സംസ്ഥാനത്തെ. ഏറ്റവും ഗൗരവമേറിയ, ഗുരുതരമായ ഒരു പ്രതിസന്ധിയായി അത് മാറാൻ പോകുകയാണ്. അതിനെസംബന്ധിച്ച് പ്രതിപക്ഷ നേതാക്കൻമാർ ഒരക്ഷരം പറയുന്നില്ല എന്നത് വളരെ നിർഭാഗ്യകരമായ ഒരു അവസ്ഥയാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ റേഷൻ സമ്പ്രദായത്തിൽ, പൊതുവിതരണ സമ്പ്രദായത്തിന് ഒരു പോറലുമേൽപ്പിക്കാതെ അത് തുടരാനുള്ള ശക്തമായ നടപടിയെടുക്കും എന്നുപറഞ്ഞത് പാവപ്പെട്ട ജനങ്ങൾക്ക് വലിയ ആശ്വാസം പകരുന്നതാണ്. ഏതാണ്ട് 400 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത. ഇന്ന് നമ്മൾ ഒരു രൂപ വില കുറച്ച് അരി കൊടുക്കുന്നതുൾപ്പെടെ കണക്കാക്കിയാൽ ഏതാണ്ട് 111 കോടി രൂപ ചെലവ് വരുന്നതിനു പുറമേ ഒരു 400 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഈ സംസ്ഥാനത്തിന് ഉണ്ടാക്കുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തിനോട് എടുക്കുന്ന ഈ നിലപാടിലൂടെ ഉണ്ടാകാൻ പോകുന്നത്. വരുന്ന ഒരു വർഷക്കാലം വളരെ ശുഷ്കാന്തിയോടുകൂടി കാര്യങ്ങൾ നടപ്പിലാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒറ്റക്കെട്ടായി മുന്നോട്ട് പോകണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ പറഞ്ഞ ദേശീയ രാഷ്ട്രീയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ പ്രതിപക്ഷ നേതാക്കൻമാർ പ്രസംഗിക്കുമ്പോൾ..... ശ്രീ. പി.പി. തങ്കച്ചന്റെ പ്രസംഗം കഴിഞ്ഞു. ഇനി ബാക്കിയുള്ളവരുടെ പ്രസംഗത്തിൽ ഞങ്ങൾ അത് പ്രതീക്ഷിക്കുകയാണ്. അവരുടെ ഭാഗത്ത് നിന്നും വല്ല അഭിപ്രായങ്ങളും വരുമോ ? ഇവിടെ ബി.ജെ.പി.യും കോൺഗ്രസ്സും ഒന്നല്ലേ. ഞങ്ങൾ ഈ സഭയിൽ പല തവണ ആവർത്തിച്ചതാണ്. കോൺഗ്രസ്സിന്റെ നയവും ബി.ജെ.പി.യുടെ നയവും ഇന്ത്യയുടെ സാമ്പത്തിക കാര്യങ്ങളിൽ ഒന്നാണ്. പാർലമെന്റിൽ ലോകസഭയിലും രാജ്യസഭയിലും നിങ്ങളുടെ നേതാക്കൻമാരാണ് ഇൻഷ്യുറൻസ്-ബാങ്കിംങ് ബില്ലുകൾ പാസാക്കി എടുക്കാൻ ശക്തമായി നിലകൊണ്ടത്. കോൺഗ്രസിന്റെ ഒരു എം.പി. എന്നോടു പറഞ്ഞു. നിങ്ങളുടെ സാമ്പത്തികകാര്യസമിതിയുടെ ചെയർമാനാണ് അദ്ദേഹം. അദ്ദേഹത്തെയാണ് സോണിയാഗാന്ധി ഈ കാര്യങ്ങളുടെ ചുമതല ഏൽപ്പിച്ചത്. 8 മണിക്കൂർ കോൺഗ്രസ് എം.പി.മാരോട് തർക്കിക്കുകയും ക്ലാസ്സ് എടുക്കുകയും വിശദീകരിക്കുകയും ചെയ്തിട്ട് മുഴുവൻ എം.പി. മാർക്കും കോൺഗ്രസ്സ് നിലപാട് ബോധ്യമായില്ല. വിപ്പ് കൊടുത്ത് വോട്ട് ചെയ്യിപ്പിച്ചു. ദേശാഭിമാനി പത്രത്തിൽ കഴിഞ്ഞ 18-ാം തീയതി ശ്രീ. വയലാർ രവിയോട് ഈ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് പി. പി. അബൂബേക്കർ നടത്തിയ ഒരു ഇന്റർവ്യൂ ഉണ്ട്. സാമ്പത്തിക നയം മാറ്റാതെ കോൺഗ്രസ് രക്ഷപ്പെടില്ല എന്ന് അദ്ദേഹം പറയുന്നു. പറയുന്നത് ശ്രീ. വയലാർ രവിയാണ്. കഴിഞ്ഞ ഡിസംബറിൽ bank denationalisation-നെ സംബന്ധിച്ച പ്രമേയം വന്ന സമയത്ത് അന്ന് പ്രസംഗിച്ചപ്പോൾ ഞാൻ അത് ചൂണ്ടിക്കാണിച്ചതാണ്. വയലാർ രവി ഏഷ്യാനെറ്റിൽ ഉൾപ്പെടെ നടത്തിയ ഇന്റർവ്യൂ. പാർലമെന്റിൽ അദ്ദേഹം കൊടുത്ത ബില്ലുകളുടെ ചില

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി. പക്ഷേ, നിർണ്ണായക സമയം വന്നപ്പോൾ ആളുമുങ്ങി. പാർട്ടിയുടെ വിപ്പ് എന്തായിരുന്നു. നിർണ്ണായക സന്ദർഭത്തിൽ പാർലമെന്റിൽ നിന്നും വയലാർ രവി ഒഴിഞ്ഞുമാറിപ്പോയി. ഇപ്പോൾ അദ്ദേഹം നടത്തിയ ഇന്റർവ്യൂവിൽ പറയുന്നു ഈ നയം മാറ്റാതെ കോൺഗ്രസ്സ് രക്ഷപ്പെടില്ല എന്ന്. എന്തുകൊണ്ടാണ് ? ഈ നയത്തിന്റെ ഫലമായി ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിക്കുകയല്ലേ ? ഇപ്പോൾ ബി.ജെ.പി.യെക്കാൾ കൂടുതൽ ആവേശത്തോടുകൂടി അത് നടപ്പിലാക്കാൻ നിങ്ങൾ കാണിക്കുന്ന വ്യഗ്രതകൊണ്ട് ചോദിക്കുകയാണ്. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിക്കുകയാണ്. സാമ്പത്തുള്ളവന്റെ സമ്പത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവൻ ഇവിടെ കൂടുതൽ പാവപ്പെട്ടവനും ദരിദ്രനും ആയി മാറുകയാണ്. അങ്ങ് ഒരു പ്രമുഖനായ തൊഴിലാളി നേതാവല്ലേ. 2-ാം ലേബർ കമ്മീഷൻ കേന്ദ്രഗവൺമെന്റ് രൂപീകരിച്ചത് എന്തിനാണ് ? നിലവിലുള്ള തൊഴിൽ നിയമങ്ങളെല്ലാം അവസാനിപ്പിക്കാനാണ്. തൊഴിലാളികൾക്ക് ഇന്ന് കൂലിയില്ല. തൊഴിലാളികൾക്ക് ഇന്ന് ആനുകൂല്യങ്ങളില്ല. എഗ്രിമെന്റുകളില്ല. കരാർ-കോൺട്രാക്ട് അടിസ്ഥാനത്തിൽ പണിയെടുത്താൽ മതിയെന്നാണ് പറയുന്നത്. ആഗോളവൽക്കരണത്തിന്റെ പുതിയ വ്യക്താക്കളായി കോൺഗ്രസ് മാറുകയല്ലേ. ബി.ജെ.പി.യേക്കാൾ പ്രധാനികളായി കോൺഗ്രസ് മാറിക്കൊണ്ടിരിക്കുകയല്ലേ ? നയപ്രഖ്യാപനപ്രസംഗത്തിൽ ഗവർണ്ണർ നടത്തിയ പ്രസംഗത്തിലൊന്ന് കേരളത്തിൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ലേബർ കമ്മീഷനെ രൂപീകരിക്കാമെന്നാണ്. ഞാൻ ഈ സഭയിൽ മൂന്നുപ്രാവശ്യം ആവശ്യപ്പെട്ട കാര്യമാണ്. ഞാൻ അതിന് പ്രത്യേകിച്ച് ഗവൺമെന്റിനോട് നന്ദി പറയുകയാണ്. കേരളത്തിലെ തൊഴിൽ ബന്ധങ്ങളിൽ അത് ഗുണപരമായ മാറ്റം ഉണ്ടാക്കും. കേന്ദ്രത്തിന് മാതൃകയായി പ്രവർത്തിക്കുന്ന വിധത്തിൽ, കേന്ദ്രത്തിലെ ലേബർ കമ്മീഷന്റെ നിലപാടുകളെയും നടപടികളെയും നല്ലവണ്ണം തുറന്നുകാണിക്കത്തക്കവിധത്തിൽ നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കുന്ന ലേബർ കമ്മീഷനെ നമുക്കു മാറ്റണം. ഞാൻ പറഞ്ഞുവരുന്നത് കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തെക്കുറിച്ചാണ്. വയലാർ രവി പറഞ്ഞതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ കോൺഗ്രസ് നിലപാടെടുക്കണം. അദ്ദേഹം പറഞ്ഞിരിക്കുന്നതെന്താണ്. കോൺഗ്രസ് പരാജയപ്പെട്ടപ്പോൾ പരാജയത്തിന്റെ കാരണങ്ങളന്വേഷിക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ശ്രീ. എ. കെ. ആന്റണി ആയിരുന്നല്ലോ. ഇരുപത്തിയഞ്ചോ, ഇരുപത്തിയെട്ടോ ദിവസം സിറ്റിംഗ് നടത്തി ഉണ്ടാക്കിയ ബൃഹത്തായ റിപ്പോർട്ടിൽ ഈ നയങ്ങളെ അനുകൂലിക്കുന്ന നിലപാടിൽ നിന്ന് കോൺഗ്രസ്സ് മാറണം എന്ന് ചൂണ്ടിക്കാണിച്ചതായി പത്രറിപ്പോർട്ടുകൾ വന്നിട്ടുണ്ട്. മൻമോഹൻസിംഗ് രാജിവച്ചുപോകുമെന്ന ഭീഷണിയുടെ മുൻപിൽ തൽക്കാലം അത് അടച്ചുവച്ചതാണോ ? കോൺഗ്രസ്സ് ചിന്തിക്കട്ടെ. ഈ രീതിയിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ കേരളം ഏറ്റവും വലിയ ദുരന്തമനുഭവിക്കാൻ പോകുന്ന സംസ്ഥാനമായി മാറും. നമ്മുടെ കാർഷിക മേഖലയും വ്യാവസായിക മേഖലയും തൊഴിലും അരിയും റേഷനുമെല്ലാം തകരാൻ പോവുകയാണ്. ഇത്തരം സന്ദർഭത്തിൽ ഉണർന്നു പ്രവർത്തിക്കേണ്ട കോൺഗ്രസ്സ് ബി.ജെ.പി.ക്ക് വേണ്ടി ഇത്രയും ശക്തമായ നിലപാട് പാർലമെന്റിൽ എടുക്കേണ്ടതുണ്ടോ ? ചിന്തിക്കണം. ഞങ്ങൾ രാജ്യമാസകലം തൊഴിലാളികളെയും കൃഷിക്കാരെയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അധ്വാനിക്കുന്ന ജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് ഈ നയങ്ങൾക്കെതിരായി അതിശക്തമായ പോരാട്ടം നടത്തിവരികയാണ്. മാർച്ച് 9-ാം തീയതി പാർലമെന്റിനു മുമ്പിൽ ലക്ഷക്കണക്കിന് ബഹുജനങ്ങൾ പങ്കെടുക്കുന്ന ഉജ്ജ്വലമായ പ്രതിഷേധ മാർച്ച് നടക്കുകയാണ്. പ്രക്ഷോഭണങ്ങളുടെ വേലിയേറ്റം അലയടിച്ചുയരാൻ പോവുകയാണ്. നിങ്ങളൊക്കെ അതിൽ പങ്കെടുക്കുക. അതിന്റെ ഭാഗമാവുക. ഈ പ്രക്ഷോഭണത്തിൽ ഇന്ത്യയിലെ ബഹുജനങ്ങളും തൊഴിലാളികളും കൃഷിക്കാരും രാജ്യസ്നേഹികളും ദേശാഭിമാനികളും എല്ലാം കൈകോർക്കുകയാണ്. രാജ്യത്തെ കൊള്ളയടിക്കുന്ന ആഗോളവൽക്കരണത്തിന്റെ, സ്വകാര്യവൽക്കരണത്തിന്റെ ഉദാരവൽക്കരണത്തിന്റെ പേരിൽ ജനങ്ങളെ കൊള്ളയടിക്കുന്ന, പാവപ്പെട്ടവരെ കൂടുതൽ കൂടുതൽ ദരിദ്രരാക്കുന്ന നയങ്ങൾക്കെതിരായി പോരാട്ടത്തിലണിനിരക്കാനുള്ള ആർജ്ജവം കാണിക്കാൻ കോൺഗ്രസ്സ് തയ്യാറുണ്ടോ ? മറിച്ച് നിങ്ങൾ ചെയ്യുന്നതെന്താണ് ? ശ്രീ. പി. പി. തങ്കച്ചൻ പ്രസംഗിച്ചല്ലോ. ഒരുവാക്കു പറഞ്ഞോ ബി.ജെ.പി.യുടെ നയങ്ങൾക്കെതിരായി. ഈ രാജ്യത്ത് ഒരുഭാഗത്ത് സാമ്പത്തികരംഗത്തെ കൊള്ളയാണെങ്കിൽ മറുഭാഗത്ത് വർഗ്ഗീയ ഫാസിസത്തിന്റെ അജണ്ട നടപ്പിലാക്കുന്നു. ഇപ്പോൾ അജണ്ട ക്ലിയറല്ലേ. വർഗ്ഗീയ ഫാസിസ്റ്റ് അജണ്ട. അതുകൊണ്ടല്ലേ ഭീഷണിയുടെ സ്വരത്തിൽ ഉമാഭാരതി കേന്ദ്രമന്ത്രിപദം രാജിവച്ചുകൊണ്ട് പ്രഖ്യാപിച്ചത്. ദീപാമേത്തയുടെ കണ്ണുകുത്തിപ്പൊട്ടിക്കുമെന്ന്. ശബ്നാ ആസ്മി തലമൊട്ടയടിച്ചത് 'വാട്ടർ' സിനിമയിൽ അഭിനയിക്കാനാണ്. ആ തലയിലേയ്ക്ക് കല്ലെടുത്തെറിയാനല്ലേ ഉമാഭാരതി ആഹ്വാനം ചെയ്തത്. അവർ കല്ലെടുത്ത് എറിയുകയും ചെയ്തു. ഈ രാജ്യത്ത് സാംസ്കാരിക രംഗത്ത്, വിദ്യാഭ്യാസ രംഗത്ത് ചരിത്രത്തിന്റെ മേഖലയിൽ എങ്ങനെയൊക്കെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ കടന്നുവരുന്നു. ഉറഞ്ഞു തുള്ളുന്നു എന്നതിന് എത്ര ഉദാഹരണങ്ങൾ വേണം ? തിരുവനന്തപുരത്തു കണ്ടില്ലേ, ഒരു സിനിമയെടുക്കാൻ കഥയെഴുതാൻ, സംസാരിക്കാൻ.....അത്തരം അവകാശങ്ങളെ തടയുകയാണ്, പേടിപ്പിക്കുകയാണ്. ആക്രമിക്കുകയാണ്. തടയുകയാണ്, തല്ലിക്കെടുത്തുകയാണ്. ആ രീതിയിൽ ചരിത്രത്തെയും ഈ രാജ്യത്തെ ഉദാരമായ പാരമ്പര്യത്തെയുമെല്ലാം അപകടപ്പെടുത്തുന്ന വിധത്തിൽ ബി.ജെ.പി.യുടെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ, സംഘപരിവാറിന്റെ ശക്തികൾ ഈ രാജ്യത്ത് ഉറഞ്ഞുതുള്ളുമ്പോൾ എന്തേ തങ്കച്ചേട്ടാ ഒരു വാചകം അതിനെതിരെ പറയാത്തത്, എന്തേ കോൺഗ്രസ്സിന്റെ നേതൃത്വം ഒരു പ്രതിഷേധം പ്രകടിപ്പിക്കാത്തത് ?

ശ്രീ. കെ. സി. വേണുഗോപാൽ : ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുനേരെയുള്ള ശക്തമായ കടന്നാക്രമണങ്ങൾ നടക്കുമ്പോൾ എന്തുകൊണ്ട് കോൺഗ്രസ് ഒരുവരി പറയാത്തതെന്ന് ചോദിച്ചു. സത്യമാണ്. 'വാട്ടർ' സിനിമയെപ്പോലുള്ള സിനിമയുടെ ചിത്രീകരണം തടയുന്ന വിശ്വഹിന്ദു പരിഷത്തിന്റെ നടപടിയെ മദ്ധ്യപ്രദേശിലെ ഗവൺമെന്റാണ് ആദ്യം സ്വീകരിച്ചുവിളിച്ചതെന്ന് അങ്ങ് മനസ്സിലാക്കണം. കുട്ടനാട്ടിൽ ഏഷ്യാനെറ്റിന്റെ 'നാട്ടരങ്ങ്' എന്നൊരു പരിപാടി നടത്തി. വി. കേശവനടക്കമുള്ള സി.പി.എം. നേതാക്കന്മാർ വന്ന് അത് അലങ്കോലപ്പെടുത്തിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നാക്രമണമല്ലേ ? ധർണയ്ക്ക് എതിരായ കാര്യങ്ങൾ പറയുമ്പോൾ അനുവദിക്കാത്ത സി.പി.എം. നിലപാട്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇത്തരം ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണം. മദ്ധ്യപ്രദേശിലെ ഗവൺമെന്റ് ചെയ്തത് ശരിയാണ്. മദ്ധ്യപ്രദേശിലെ കോൺഗ്രസ്സിന്റെ നേതൃത്വം കാണിച്ച ആർജ്ജവം പോലും പ്രിയപ്പെട്ട കെ.സി. വേണുഗോപാലും കേരളത്തിലെ നേതൃത്വവും കേരളത്തിൽ കാണിക്കാൻ കൂട്ടാക്കുന്നില്ലല്ലോ. മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി ചെയ്തതിനെ ഞങ്ങൾ അഭിനന്ദിക്കുന്നുണ്ട്. ഈ വരുന്ന 25-ാം തീയതി അവതരിപ്പിക്കുന്ന റെയിൽവേ ബഡ്ജറ്റും 29-ാം തീയതി അവതരിപ്പിക്കുന്ന പൊതു ബഡ്ജറ്റും കഴിഞ്ഞാൽ എന്താണ് സ്ഥിതി ? ഇന്ന് എല്ലാ പത്രങ്ങളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പാചകവാതകത്തിന്റെ മണ്ണെണ്ണയടക്കമുള്ളതിന്റെ വില വർദ്ധിക്കാൻ പോകുന്നു. ഊഹാപോഹം എഴുതിയതല്ല. കേന്ദ്ര പ്രെട്രോളിയം മന്ത്രി രാം നായിക് ഇന്നലെ പി.ടി.എ.ക്കു നൽകിയ അഭിമുഖസംഭാഷണത്തിൽ പറഞ്ഞതാണ് ഇത്. പാവപ്പെട്ടവന്റെ ചെറ്റക്കുടിലിൽ വിളക്കു കത്തിക്കാനുപയോഗിക്കുന്ന മണ്ണെണ്ണയുടെ വില ഭീമമായി ഡീസലിനൊപ്പം എന്നുപറഞ്ഞാൽ നാലഞ്ചിരട്ടി വർദ്ധിപ്പിക്കാൻ പോകുന്നു. വാജ്പേയി പറഞ്ഞതെന്താണ് ? മുണ്ട് കൂടുതൽ കൂടുതൽ മുറുക്കി ഉടുത്തുകൊള്ളണമെന്ന്. പാവപ്പെട്ടവനെ കൂടുതൽ കൂടുതൽ കഷ്ടപ്പാടിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കും ചവുട്ടിതാഴ്ത്തുകയല്ലേ ? ഈ നടപടിയെയും നയങ്ങളെയുമല്ലേ എതിർക്കേണ്ടത് ? ഒരു ഭാഗത്ത് വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ, മറുഭാഗത്ത് രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്ന ദുരിതപൂർണ്ണമായ രാജ്യമാക്കി രാജ്യത്തെ മാറ്റുന്ന സാമ്പത്തിക നയങ്ങൾ. ഈ നയങ്ങൾക്കെതിരായി ഒരു പോരാട്ടം ഈ രാജ്യത്ത് ഉയർന്നുവരണം. ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കുന്നത് ആരെയാണ് ? ഇത്തരം വർഗ്ഗീയ ശക്തികളെയും സാമ്പത്തിക നയങ്ങളെയും എതിർക്കുന്നവരാരാണ് ? അവരെയാണ് നോക്കുന്നത്. ഞങ്ങൾ അഭിമാനത്തോടുകൂടി പറയുന്നു. ഇടതുപക്ഷജനാധിപത്യമുന്നണി ഇത്രാം വിപുലമായ ജനവിഭാഗത്തെ അണിനിരത്തി, മാർച്ച് 9-ലെ സമരമായാലും ഇനി തുടർന്നു വരുന്ന പ്രജണ്ഡമായ പ്രക്ഷോഭണ പരമ്പരകളുമായി ഞങ്ങൾ മുന്നോട്ടുപോവുകയാണ്. ആ സമരത്തിലേയ്ക്ക് വരൂ, ചരിത്രത്തിന്റെ, കാലഘട്ടത്തിന്റെ ഈ ഉറച്ച മുദ്രാവാക്യം കേൾക്കാൻ തയ്യാറാകാതെ ഇരുന്നാൽ നാളെ ചരിത്രം നിങ്ങൾക്ക് മാപ്പുതരില്ല. മറിച്ച് ഇവിടെ എന്താണു ചെയ്യുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. പി.പി. തങ്കച്ചനും ശ്രീ. എ.കെ. ആന്റണിയുമൊക്കെക്കൂടി ചെയ്യുന്നതെന്താണ് ? ഈ നിയമസഭയിൽ. ഈ പുതിയ സഭയിൽ മാത്രമല്ല കേരളത്തിന്റെ അഭിമാനകരമായ ചരിത്രമെന്താണ് ? തിരുകൊച്ചിയായാലും അതിനു മുമ്പായാലും ഈ കേരളം പിറന്നതിനു ശേഷമായാലും ഈ നിയമസഭയ്ക്കകത്ത് സംഘപരിവാറിന്റെ ഒരാൾ, ഒരു ബി.ജെ.പി. പ്രതിനിധി വന്നിട്ടില്ലായെന്നത് ഈ സഭയുടെ ചരിത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി കാണുന്നവരാണ് ഞങ്ങൾ. ഈ സഭയിലേയ്ക്ക് ബി.ജെ.പി.യെ കൊണ്ടുവരണം. ചുവന്ന പട്ടുപരവതാനി വിരിച്ച ബി.ജെ.പി. പ്രതിനിധികളെ സംഘപരിവാറിന്റെ ആർ.എസ്.എസിന്റെ പ്രതിനിധികളെ ഈ നിയമസഭയ്ക്ക് അകത്ത് കൊണ്ടുവരാനുള്ള കരാറും അച്ചാരവും വാങ്ങിയിട്ടാണോ നിങ്ങളിരിക്കുന്നത് ? ബി.ജെ.പി.യും അവരുടെ പ്രതിനിധികളും പറയുന്നത്

അതല്ലെ. അതായത് ബി.ജെ.പി. നേതാവ് സുഷമാ സ്വരാജ്-ഉം കേന്ദ്രമന്ത്രിമാരും ബി.ജെ.പി. നേതാക്കളും ഒന്നടങ്കം പറയുന്നത് ഒരു ദക്ഷിണേന്ത്യൻ പദ്ധതിയായി എങ്ങനെയെങ്കിലും ബി.ജെ.പി.ക്ക് ഈസഭയിൽ അക്കൗണ്ട് തുറക്കാൻ കഴിയില്ല എന്നാണ്. കാസർഗോഡ് വഴിയാണെങ്കിൽ കാസർഗോഡു വഴി, ഏതു വഴിയായാലും ഈ നിയമസഭയിൽ വരണം. ഈ നിയമസഭയിൽ ബി.ജെ.പി.ക്ക് അക്കൗണ്ട് തുറക്കണം. അനുവദിക്കണോ ? മുസ്ലീം ലീഗുൾപ്പെടെയുള്ളവർ ഉറക്കെ ചിന്തിക്കണം. ആവശ്യമുണ്ടോ ? ബി.ജെ.പി. ഇൻഡ്യാരാജ്യത്തെ മറ്റുള്ള സംസ്ഥാനങ്ങളിൽ അക്കൗണ്ട് തുറന്നപ്പോൾ കേരളത്തിൽ നവോത്ഥാന പ്രസ്ഥാനത്തിന്റെയും സാമൂഹ്യവിപ്ലവത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും വളർച്ചയിലൂടെ വിപ്ലവകരമായ മുന്നേറ്റത്തിലൂടെ മുന്നേറിയ ഈ കേരള സംസ്ഥാനത്തിന്റെ ഏറ്റവും വലിയ കഴിഞ്ഞ നൂറ്റാണ്ടിന്റെ സംഭാവന ഏതാണെന്നു ചോദിച്ചാൽ ഒരു വർഗ്ഗീയ ശക്തിയുടെ പ്രതിനിധി ഈ സഭയ്ക്ക് അകത്തില്ല എന്നതല്ലേ ?

ശ്രീ. പി. ജെ. ജോയി : സി.പി.എം.ന്റെ പ്രവർത്തനങ്ങളാണ് ബി.ജെ.പി.ക്ക് മുതൽക്കൂട്ട് എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞങ്ങൾ ശക്തമായി പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളിൽ അത് കേരളമായാലും ബംഗാളായാലും ബി.ജെ.പി. അങ്ങനെ മുന്നോട്ടുപോവുകയില്ല. മറിച്ചുള്ള സംസ്ഥാനങ്ങളിൽ വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അനുഭവം അതല്ലേ ജോയീ ? ചരിത്രം അതല്ലേ. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തിപ്പെടുത്തി, വിപുലപ്പെടുത്തി വിശാലമായ അടിത്തറയോടുകൂടി ഈ ശക്തികൾക്കെതിരായ പോരാട്ടം ശക്തമാക്കി മുന്നോട്ടുകൊണ്ടുപോകണം എന്നാണ് ഞങ്ങളുടെ അഭിപ്രായം. എൽ.ഡി.എഫ്. ശക്തിപ്പെടുത്തണമെന്ന് പറയുമ്പോൾ ഇവിടെ പ്രശ്നങ്ങൾ കാണാതിരിക്കുന്നില്ല. ഇവിടെ പലരും സൂചിപ്പിച്ചു, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാനസെക്രട്ടറിയുടെ പ്രസ്താവന, ഞങ്ങളുടെ പാർട്ടിയുമായി ബന്ധപ്പെട്ട ചില സ്റ്റേറ്റ്മെന്റുകളുമൊക്കെ ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. ജനങ്ങളുടെ വിഷയങ്ങൾ ബഹുജന പ്രശ്നങ്ങൾ, രാജ്യത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങൾ, പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ അതുപോലുള്ള വിവിധങ്ങളായ പ്രശ്നങ്ങൾ ഇതെല്ലാം ഉയർത്തിക്കൊണ്ട് വരുന്നതിൽ എന്നും മുമ്പന്തിയിൽ നിന്നിട്ടുള്ളത് ഇടതുപക്ഷജനാധിപത്യ മുന്നണിയാണ്. ആ രീതിയിൽ കേരളത്തിൽ വിവിധ പ്രശ്നങ്ങളുമായും നിരന്തരമായ പ്രക്ഷോഭണങ്ങളുമായും സമരവുമായും മുന്നോട്ടുപോകുന്ന ഒരു പാർട്ടിയാണ് ഞങ്ങളുടേത് എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ഏതെങ്കിലും വിധത്തിൽ വിള്ളലുണ്ടാകുമെന്ന് അവിടെ ഇരിക്കുന്നവർക്കു തോന്നുന്നുണ്ടെങ്കിൽ ആ പൂതി മനസ്സിൽ വെച്ചേയ്ക്ക്, ആ വെള്ളം അങ്ങ് വാങ്ങി വെച്ചേയ്ക്ക്. ഇടതുപക്ഷ ജനാധിപത്യ മുന്നണി 1979-ൽ, ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് സഖാവ് പി.കെ. വാസുദേവൻ നായർ അന്ന് മുഖ്യമന്ത്രി സ്ഥാനം രാജിവച്ച് കൊണ്ട് കേരളത്തിൽ ഇടതു പക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

രൂപികരിച്ചത് ആ മുന്നണിയെ ശക്തിപ്പെടുത്തുവാൻ വിപുലപ്പെടുത്തുവാൻ കേരളത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങളുമായി മുന്നോട്ടുപോകാനുള്ള തീരുമാനം എടുത്ത് മുന്നോട്ടുപോകുന്ന ഒരു പാർട്ടിയാണ് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്നത് അർത്ഥ ശങ്കയ്ക്ക് ഇടയില്ലാത്തവിധം സൂചിപ്പിക്കുകയാണ്. ഞങ്ങളുടെ പ്രമേയത്തിൽ പറയുന്നതും അതാണ്. തെറ്റുണ്ടെങ്കിൽ തിരുത്തണം. കമ്മ്യൂണിസ്റ്റുകാരുടെ സ്വഭാവം നിങ്ങൾക്ക് അറിയില്ല. ഞങ്ങൾ പരിചയിച്ച ഒരുകാര്യം അല്ലെങ്കിൽ ഞങ്ങൾ തുടർന്നുവരുന്ന ഒരു കാര്യം നിങ്ങൾക്ക് ഇല്ലാത്തത്, വിമർശനങ്ങൾ മാത്രം പോരാ സ്വയം വിമർശനങ്ങൾ വേണം. തെറ്റുകൾ കണ്ടുപിടിക്കുവാൻ കഴിയണം. തെറ്റുകൾ കണ്ടുപിടിച്ചാൽ തിരുത്താനുള്ള ആർജ്ജവവും കൂടിവേണം. തെറ്റുകൾ തിരുത്തിമുന്നോട്ടുപോകണം. വിമർശനവും വേണം. സ്വയം വിമർശനവും വേണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ടോർച്ച് മുന്നോട്ട് അടിച്ചാൽ മാത്രംപോരാ. ടോർച്ച് ഉള്ളിലേയ്ക്കും അടിക്കണം. തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തണം. പോരായ്മകൾ ഉണ്ടെങ്കിൽ കണ്ടുപിടിക്കണം. തെറ്റുകൾ തിരുത്തി പോരായ്മകൾ പരിഹരിച്ച് കൂട്ടായ ചർച്ചയിലൂടെ കേരളത്തിലെ വമ്പിച്ച ജനവിഭാഗം ആഗ്രഹിക്കുന്ന, പാവപ്പെട്ട ജനങ്ങൾക്ക് കരുത്ത് പകരാനുള്ള മഹത്തായ ഒരു പ്രസ്ഥാനമായി മുന്നോട്ടുപോകണം എന്നുള്ളതുകൊണ്ടാണ് ചില പ്രശ്നങ്ങൾ സി.പി.ഐ. ചൂണ്ടിക്കാണിക്കുന്നതും ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതും. ചില വിഷയങ്ങളിൽ പ്രക്ഷോഭണം ഉയർത്തികൊണ്ടുവരുന്നതും. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ശക്തിപ്പെടുത്തുവാൻ വേണ്ടിയാണെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. അങ്ങ് വടക്കുനിന്നും വരുന്ന ആളല്ലേ; അങ്ങ് പന്തുകളിയിൽ താല്പര്യമുള്ള ആളല്ലേ; നല്ലൊരു ഫുട്ബോൾ കളിയാണെന്ന് വയ്ക്കുക, നല്ല ടീം ആയിരിക്കും, നല്ല കളിക്കാരും ആയിരിക്കും ടീം സ്പിരിറ്റോടുകൂടി 11 പേർ ഗ്രൗണ്ടിൽ കളിക്കുവാനിറങ്ങിയാൽ എതിരാളി എത്ര ശക്തനായാലും 11 പേരും ഒരേ മനസ്സോടുകൂടി ഒരേപോലെ, ഗോളി മുതൽ ബാക്കിൽ നിൽക്കുന്നവനും, മിഡിൽ ഫീൽഡിൽ കളിക്കുന്നവനും ഫോർവേഡ് നിരയിൽ കളിക്കുന്നവനും ഒന്നിച്ച് ഒത്തൊരുമയോടുകൂടി കളിച്ചാൽ എത്ര വമ്പൻ ടീമിനെയും അടിച്ചുപരത്തി ഗോളടിച്ച് വിജയിപ്പിക്കുവാൻ കഴിയും. അതുകൊണ്ട് ഒത്തൊരുമയോടുകൂടി ഒരുമിച്ച്നിന്ന് ഐക്യത്തോടുകൂടി ശക്തമായി ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകണം എന്ന് ഒന്നുകൂടി സൂചിപ്പിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നേരത്തെ സഭയിൽ ഇല്ലായിരുന്നു അതുകൊണ്ട് ആവർത്തിക്കുകയാണ് ബി.ജെ.പി.ക്ക് അക്കൗണ്ട് തുറക്കുവാൻ ബി.ജെ.പി. മെമ്പർക്ക് ഈ സഭയിൽ കടന്നുവരാൻ കോൺഗ്രസ് അതിന് അവസരം ഒരുക്കിക്കൊടുത്താൽ ചരിത്രം ഒരിക്കലും നിങ്ങൾക്ക് മാപ്പ് തരുകയില്ല എന്ന് ഒരിക്കൽക്കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : നന്ദിപ്രമേയത്തെ എതിർക്കുന്നു. സർ, വർത്തമാനം പറഞ്ഞ് പുരോഗമനത്തിൽക്കൂടി മിടുക്കന്മാരാകുവാൻ പരിശ്രമിക്കുന്ന ആളുകൾ ധാരാളം നമ്മുടെ നാട്ടിലുണ്ട്. പക്ഷേ, അത്തരമാളുകൾ നിയമസഭയിലും ഉണ്ടോ എന്നാണ് ഇപ്പോൾ സംശയിക്കേണ്ടത്. പറഞ്ഞിട്ടുള്ള എല്ലാപേരും പരിശുദ്ധമായ സംശുദ്ധമായ രാഷ്ട്രീയത്തെപ്പറ്റി പറയുകയും കൈയിലിരിപ്പ് നേരെമറിച്ചും. ഇവിടെ നടന്ന എല്ലാ പ്രസംഗങ്ങളും ഇപ്പോൾ പ്രസംഗിച്ച് അവസാനിപ്പിച്ചതു വരെയുള്ളവരിൽ ബി.ജെ.പി.യുമായി കൂട്ടുകൂടരുതേ എന്ന് ഇങ്ങോട്ടു ചൂണ്ടി പറഞ്ഞു. ആരാണ് ഒരിക്കലെങ്കിലും കൂട്ടുകൂടിയത് ? ആരാണ് ഒരിക്കലെങ്കിലും ബി.ജെ.പി.യുടെ ഭരണത്തിന് കുടപിടിച്ചത് ? ഞങ്ങൾ ആണോ ? നിങ്ങൾ ആണോ ? അത് ആലോചിക്കണം. വളരെയേറെ വിശാലമായ പുരോഗമനപരമായ കാര്യങ്ങൾ പറഞ്ഞാലും ആളുകൾ പുരോഗമനക്കാരാണെന്ന ധാരണ ആർക്കും ഇല്ല. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ഈ വിധത്തിൽ പറയിപ്പിക്കണമായിരുന്നോ എന്നൊരു സംശയം. വെറും ഗ്രാമീണ കാര്യങ്ങളിൽ വരെ അദ്ദേഹം അതീവ ശ്രദ്ധേയനായിരുന്നു എന്ന് വായിക്കുന്ന മഠയന്മാർക്ക് തോന്നിപ്പോകും. അതൊക്കെ മാറ്റി വലിയ വലിയ കാര്യങ്ങൾ, സ്റ്റേറ്റിന്റെ പൊതുവായ കാര്യങ്ങളെപ്പറ്റി അദ്ദേഹത്തെക്കൊണ്ട് പറയിപ്പിക്കാമായിരുന്നു. ധാരാളം കാര്യങ്ങൾ പറയുവാൻ ഇല്ലെങ്കിലും തവിടും കോഴിയും പറയുന്നത് പോലെ ഇതൊക്കെ പറഞ്ഞ് പോയതാണെന്ന് ഞങ്ങൾക്ക് അറിയാം. അദ്ദേഹം പറഞ്ഞ ഒരു വാചകം, 'സംസ്ഥാനത്തെ ക്രമസമാധാനനില പൊതുവേ ശാന്തമായിരുന്നു. അപ്പോൾ പൊതുവേ ശാന്തമായിരുന്നു എന്ന് പറഞ്ഞതിന്റെ മിടുക്ക് രാജ്യം ഭരിക്കുന്നവരുടേതല്ല മറു ഭാഗത്ത് കുഴപ്പം ഉണ്ടാക്കുന്നവർ പ്രതിപക്ഷക്കാരാണ്. ഞങ്ങൾ എപ്പോഴൊക്കെ ഭരിച്ചിട്ടുണ്ടോ അപ്പോഴൊക്കെ ക്രമസമാധാനനില ഇല്ലാതാക്കാൻ ശ്രമിച്ചവരാണ് ഇന്ന് അവിടെ ഇരിക്കുന്നത്. നിങ്ങളെപ്പോലുള്ള ആളുകളാണ് അന്നിവിടെ ഇരുന്നത്. അങ്ങനെ എഴുതാനും പറയാനും പറയിപ്പിക്കുവാനും കഴിയുകയില്ലായിരുന്നോ? ഒരിക്കലും ആവശ്യമില്ലാത്ത ശബ്ദം ഒരു കോലാഹലം, ഒരു ഒച്ചപ്പാട്.....

ശ്രീ. ജി. സുധാകരൻ : കഴിവില്ലാത്ത പ്രതിപക്ഷമാണോ ഇത് ചൂണ്ടിക്കാണിക്കുന്നത് ?

ശ്രീ. കെ. നാരായണക്കുറുപ്പ് : ചൂണ്ടിക്കാണിക്കേണ്ടതെല്ലാം ചൂണ്ടിക്കാണിക്കുകയല്ലേ വേണ്ടത്. അതൊക്കെ ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയല്ല. മിണ്ടാതിരിക്കുന്നത് കഴിവുകേടാണോ ? ഒച്ച ഉണ്ടാക്കാതെ ഇരിക്കുന്നത് കഴിവുകേടാണോ ? ഉറക്കെക്കാറിയാൽ മിടുക്കാണ് എന്നുള്ള ധാരണയൊന്നും സമർത്ഥന്മാർക്ക്, വിവരമുള്ളവർക്ക് ഉണ്ടാവില്ല. അതു കളയൂ. ഇവിടെ പല കാര്യങ്ങളും അദ്ദേഹത്തെക്കൊണ്ട് പറയിപ്പിച്ചു. അതെടുത്ത് നിരൂപണം ചെയ്യുവാൻ ഞാൻ ഒരുങ്ങുന്നില്ല. പക്ഷേ, അദ്ദേഹത്തെക്കൊണ്ട് പറയിപ്പിക്കുവാൻ പാടില്ലാത്ത പലതും പറയിപ്പിച്ചു എന്ന് മാത്രമേ പറയുന്നുള്ളൂ. ഏതായാലും അഞ്ചാമത്തെ വർഷം തികയുവാൻ പോകുകയല്ലേ പറഞ്ഞേയ്ക്കാം എന്ന് അദ്ദേഹം വിചാരിച്ചു. നിങ്ങളെ ഒക്കെ പറയേണ്ട കാര്യമില്ല. സർക്കാരിനെപ്പറ്റി അദ്ദേഹം പറഞ്ഞ കാര്യങ്ങൾ, അദ്ദേഹം പറഞ്ഞ വാചകങ്ങൾ, അതൊക്കെ

നിർവചിക്കുവാൻ പോയാൽ അദ്ദേഹത്തെ ചതിക്കുകയായിരുന്നു എന്ന് മാത്രമേ പറയുന്നുള്ളൂ. ഈ വർഷം ലോക്കപ്പ് മർദ്ദനമരണമോ വെടിവെയ്പോ ഒന്നും ഉണ്ടായിട്ടില്ല എന്ന് അദ്ദേഹത്തെക്കൊണ്ട് പറയിപ്പിച്ചിട്ടുണ്ട്. മരണം ഉണ്ടായിട്ടില്ല എന്ന് അദ്ദേഹത്തെക്കൊണ്ട് പറയിപ്പിക്കുവാൻ കഴിയുകയില്ല. വെടിവെയ്പ് ഉണ്ടായിട്ടില്ല എന്ന് പറയിപ്പിച്ചു. വെടിവെയ്പാണോ ഒരു രാജ്യത്ത് പ്രധാനപ്പെട്ട സമാധാനക്കുറവ് ഉണ്ടാക്കാനുള്ള കാരണം ? ഇവിടെ ആർക്കാണ് സമാധാനം ഉള്ളത് ? ഈ രാജ്യത്തെ ഏത് വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ് സമാധാനം ഉണ്ടാക്കിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളത് ? ഏതെങ്കിലും മേഖലയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിഞ്ഞോ ? വളരെയേറെ ഒച്ചപ്പാട് ഉണ്ടാക്കി സമ്പദ്‌വ്യവസ്ഥയെപ്പറ്റി പറഞ്ഞു. കാർഷിക മേഖലയിലായാലും വ്യാവസായിക മേഖലയിലായാലും എല്ലാ മേഖലയിലും ഇന്ന് പട്ടിണിമാത്രമാണ്. എല്ലാ നിത്യോപയോഗ സാധനങ്ങളും അടുത്ത വർഷം കൂടുതൽ ഉല്പാദിപ്പിക്കും. ഈ വർഷം നിങ്ങൾക്ക് കൂടുതൽ തരും. അവിടെ കുട്ടികൾക്ക് അത് കൊടുക്കും ഇതു കൊടുക്കും എന്ന് പറഞ്ഞതല്ലാതെ ഒരു ഗുണവും ഇവിടത്തെ പാവപ്പെട്ടവർക്കോ ഇവിടത്തെ പാവപ്പെട്ട വിദ്യാർത്ഥികൾക്കോ ആർക്കും കിട്ടിയിട്ടില്ല. ആശ കൊടുക്കുവാൻ ആർക്കാണ് കഴിയാത്തത് ? ആശ പുരോഗമനമാണെന്ന ബുദ്ധിമുട്ടേയുള്ളൂ. ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ പറഞ്ഞതുപോലെ ഞങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് ഈ ഭാഗത്ത് ഇരിക്കുന്ന ആളുകൾ ബി.ജെ.പി.യോട് അടുക്കുന്നു അടുക്കുന്നു എന്ന് പറഞ്ഞാൽ അതിനുവേണ്ടിയിട്ടല്ല അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കൂടെയുള്ള ആളുകൾക്കും കൂടുതൽ പരിഗണന ഉണ്ടാകുമെന്ന് കാണിക്കുവാൻ വേണ്ടി പറഞ്ഞു എന്ന് മാത്രമേയുള്ളൂ. ഞങ്ങൾക്ക് ആരോടും വിരോധമില്ല. നിങ്ങൾ ബി.ജെ.പി.യുമായി ഒന്നിച്ചിരുന്ന് ഡൽഹിയിൽ ഭരിച്ച കാലത്തും ഇത്രയും നിങ്ങളെപ്പറ്റി ഞങ്ങൾ പറഞ്ഞില്ല. പക്ഷേ, നമ്മൾ എല്ലാപേരും ആലോചിക്കേണ്ടതാണ്. ഈ രാജ്യത്ത്....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ശ്രീ. കെ. നാരായണക്കുറുപ്പ് എന്താണ് പറയുന്നത് ? ബി.ജെ.പി. ഇടതുപക്ഷത്ത് ആയിരുന്നു എന്നാണോ ? ഇപ്പോഴും ബി.ജെ.പി.ക്ക് ഭരിക്കുവാൻ സീറ്റ് ലഭിച്ചത് കോൺഗ്രസ്സ് ഭരിച്ച സംസ്ഥാനങ്ങളിൽനിന്ന് കോൺഗ്രസ്സുകാർ വോട്ട് ചെയ്തിട്ട് അല്ലേ ബി.ജെ.പി. ഭരിക്കുന്നത് ? അതോ കമ്മ്യൂണിസ്റ്റുകാർ വോട്ട് ചെയ്തിട്ടോ ?

ശ്രീ. കെ. നാരായണക്കുറുപ്പ് : കമ്മ്യൂണിസ്റ്റുകാർ വോട്ട് ചെയ്തിട്ടോ ; കോൺഗ്രസ്സുകാർ വോട്ട് ചെയ്തിട്ടോ എന്നുള്ളതല്ല. ഒരിക്കലെങ്കിലും അവർ ഭരിച്ച കാലത്ത് അവരോട് ഒന്നിച്ച് അകലെ നിന്നുകൊണ്ട് അവരെ സഹായിക്കുവാൻ കൂട്ടു നിന്നവരാണ് നിങ്ങൾ. മറന്നുപോയോ ? അതുപോലും ഞങ്ങൾ ചെയ്തില്ല എന്നാണ് ഞങ്ങൾ പറഞ്ഞത്. നിങ്ങൾ പറയുന്നതുപോലെ ബി.ജെ.പി.യെ കൂടെക്കൂടെ എതിർത്താൽ ബി.ജെ.പി.യുടെ ശത്രുക്കളാണെന്ന് ആളുകൾ തെറ്റിദ്ധരിക്കും. ആവശ്യം വരുമ്പോൾ അവരുടെ കൂടെ പോവുകയും ചെയ്യും. ആരുടെ കൂടെയാണ് പോകാത്തത് ? ഇവിടത്തെ ചരിത്രങ്ങൾ വായിച്ചുനോക്കിയാൽ വളരെ വിശേഷമാണ്. ആരും ആരോടും എപ്പോഴും അധികാരം കിട്ടുമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പോകുവാൻ മടികാണിക്കുന്നവരല്ല. ഇപ്പോഴത്തെ ചില കൂട്ടുകെട്ടിനെപ്പറ്റി ആലോചിച്ചാൽ നാണംകെട്ടുപോകുകയില്ലേ ? വേണ്ടിവന്നാൽ ഒരുപക്ഷേ, ഈ ഭാഗത്തുള്ള ചില ആളുകൾ ആ ഭാഗത്തുള്ള പഴയ ആളുകളിൽനിന്ന് മാറിനിൽക്കേണ്ടിവന്നാൽ അവർ ആരോടുംകൂടും. അത് ശ്രീ. കെ.പി. രാജേന്ദ്രനും അറിയാം. അതൊക്കെ മറച്ചുവെയ്ക്കുവാൻ വേണ്ടി ഞങ്ങളെ ചൂണ്ടിക്കാണിച്ച് കൊണ്ട് കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ രാവിലെ പറഞ്ഞതൊക്കെ ഞങ്ങൾ വിശ്വസിച്ചിരിക്കുകയല്ല. അദ്ദേഹത്തിന് പറയുവാനുള്ള ആഗ്രഹം കൊണ്ടല്ലേ പറഞ്ഞോട്ടേ എന്ന് വിചാരിച്ചു. അദ്ദേഹം പറഞ്ഞതോ അദ്ദേഹത്തെക്കൊണ്ട് വായിപ്പിച്ചതോ ഒന്നുംതന്നെ ഇന്ന് ഈ രാജ്യത്ത് ഇല്ല എന്ന് അറിയാം. സർ, ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. പ്രസംഗത്തിലും പ്രസ്താവനയിലും നിങ്ങളെ ജയിക്കാൻ ആരുമില്ല. പരസ്യത്തിലൂടെ മാത്രം ജീവിക്കുന്ന ഒരു സർക്കാർ മറ്റൊരിടത്തും കാണാൻ കഴിയുകയില്ല. എന്തു പരസ്യമാണ് ? ടി.വി. കണ്ടാൽ മുക്കാൽ ഭാഗം പരസ്യവും കാൽഭാഗം കഥയുമെന്നു പറഞ്ഞതുപോലെ ഇവിടെയെല്ലാം പരസ്യമല്ലേ ? ഒരു ദിവസം പോലും പരസ്യമില്ലാത്ത പത്രങ്ങളുണ്ടോ ? സർക്കാരിന്റെ ഗുണഗണങ്ങളെപ്പറ്റി, സർക്കാർ ചെയ്യാൻ പോകുന്നതിനെപ്പറ്റി.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ടി.വി.യിലെ പരിപാടികളെല്ലാം കാണാറുണ്ടോ ?

ശ്രീ. കെ. നാരായണക്കുറുപ്പ് : പത്തു മണിവരെയുള്ള പരിപാടികൾ ഞാൻ കാണും. അതിനപ്പുറത്തുള്ളതില്ല. എനിക്കു പറയാനുള്ളത്, ഭരണകക്ഷികൾ സത്യം പറഞ്ഞാൽ മതി. ഞങ്ങൾക്ക് ഒരു കുഴപ്പവുമില്ല. ഇവിടെ ശരിയായ ഒരു ഭരണമുണ്ടോ ? ആർക്കെങ്കിലും സമാധാനത്തോടെ നടക്കാൻ കഴിയുമോ ? വീട്ടിൽ നിന്ന് ഇറങ്ങി നാടു ചുറ്റി സഞ്ചരിച്ച് വരുമെടി എന്ന് ഭാര്യയോട് പറഞ്ഞിട്ടുപോകാൻ ആർക്കെങ്കിലും കഴിയുമോ ? കഴിയില്ല. ഇവിടെ സൽഭരണം എന്നൊരു ഭരണമില്ല. അതു പറഞ്ഞ് എപ്പോഴും നിങ്ങളോട് വഴക്കടിച്ചിട്ട് കാര്യമില്ല. അതൊക്കെ തെറ്റാണെന്നു വ്യാഖ്യാനിക്കാൻ പോകുന്നില്ല. ഇവിടെ ആരും ശരിയല്ല. ഏതു മേഖലയിലാണ് ശരിയായിട്ടുള്ള ഭരണമുള്ളത്. കൃഷി മേഖല ശരിയാണോ ? വ്യവസായ മേഖല ശരിയാണോ ? ഇവിടെ ഒരുപാട് വ്യവസായം വരുമെന്നു പറഞ്ഞു. വ്യവസായ രംഗം മുൻപോട്ടു പോയി എന്നാണ് പറയുന്നത്. എനിക്ക് ദുഃഖം തോന്നുകയാണ്. അതുകൊണ്ട് ഒന്നും പറയുന്നില്ല. എല്ലാ മേഖലയും തകർന്നു. ഇവിടെ ജീവിക്കണ്ടേ ; തുടരണ്ടേ ; പ്രസംഗിക്കണ്ടേ ; അടുത്ത തെരഞ്ഞെടുപ്പ് വരികയല്ലേ ? എങ്ങനെയെങ്കിലും പത്തു വോട്ടു ചോദിക്കണ്ടേ ? അതിനു കുറേ കാര്യങ്ങൾ പറയുന്നു. അപ്പോൾ പറയുന്ന കള്ളങ്ങൾക്ക് മറുപടി പറയാൻ കഴിയാഞ്ഞിട്ടല്ല. കള്ളം കൊണ്ടു തന്നെ സംസ്ഥാനത്തെ ഭരിക്കാം, പിടിച്ചുനിർത്താം എന്നു വിചാരിക്കുന്ന ഒരു സംഗതി ഇപ്പോഴാണ് ഞാൻ കാണുന്നത്. എല്ലാം കള്ളമാണ്. എന്തെങ്കിലും ശരിയായിട്ട് പറഞ്ഞിട്ടുണ്ടോ ? ഇല്ലാത്തതു പറയാൻ യാതൊരു മടിയുമില്ല. എന്തെങ്കിലും ശരിയായിട്ടു പറഞ്ഞിട്ടുണ്ടോ ? ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു പ്രത്യേകതയും

LIBRARY ARCHIVES Kerala Legislative Assembly

കണ്ടില്ല. കഴിഞ്ഞ പ്രാവശ്യം പറഞ്ഞത് തന്നെയാണ്. അല്പം ക്ലാവു പിടിച്ചത്. പിത്തളപ്പാത്രങ്ങളെ ബ്രാസ്സ് പുരട്ടി കൊണ്ടുവരുന്നതുപോലെയാണ് ഇവിടെ നയപ്രഖ്യാപന പ്രസംഗം കൊണ്ടുകാണിച്ചത്. അന്നും പറഞ്ഞു, ആയിരം രൂപയെന്ന്. ഇപ്പോഴും പറയുന്നു ആയിരം രൂപയുടെ കാര്യം. പുതുമയ്ക്കുവേണ്ടി ബ്രാസ്സ് പുരട്ടി ക്ലാവു കളഞ്ഞതല്ലാതെ ഒരു പുതുമയും ഇപ്രാവശ്യത്തെ പ്രസംഗത്തിലില്ല. മറ്റൊന്ന്, ക്രമസമാധാനത്തിന്റെ കാര്യമാണ്. അതൊന്നും നമുക്കു അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. ഇല്ലാത്തതു പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിച്ച് ഒരിക്കൽക്കൂടി കക്ഷത്തിൽ വയ്ക്കാമെന്നാണ് വ്യാമോഹമെങ്കിൽ ദീർഘകാലം കഴിയുമെന്നു തോന്നുന്നില്ല. ഈ രാജ്യത്ത് സാധാരണക്കാരന് ജീവിക്കാൻ കഴിയുന്നില്ല. രാഷ്ട്രീയക്കാരൻ ജീവിക്കുന്നോ എന്നെനിക്കറിഞ്ഞുകൂടാ. സാധനങ്ങൾക്കൊക്കെ വില കൂടുതലാണ്. പണ്ടൊക്കെ റോഡിൽ ഒരുപാട് ബോർഡുകൾ കാണാമായിരുന്നു. അരിവില, കപ്പ വില, മാങ്ങാ വില എന്നൊക്കെ പറഞ്ഞ് ബോർഡുകൾ കാണാം. ഇപ്പോൾ ആ ബോർഡുകളൊന്നും വേണ്ടേ ? അതോ സാധനങ്ങൾക്ക് അന്നത്തക്കാളും വില കുറഞ്ഞോ ? അതൊന്നുമില്ല. ബഹളമുണ്ടാക്കാനും നാട്ടിൽ പട്ടിണിയാണെന്നു കാണിക്കാനും ഇവിടെ അരാജകത്വം ഉണ്ടാക്കാനുമൊക്കെ ശബ്ദമുയർത്തിയ നിങ്ങൾ, ഇന്നിപ്പോൾ ക്രമസമാധാനം ഉണ്ടെന്നു പറയുന്നതു നിങ്ങളുടെ മെച്ചം കൊണ്ടൊന്നുമല്ല. അങ്ങനെയാരും ധരിക്കേണ്ട. ഒരു പക്ഷേ, ക്രമസമാധാനമുണ്ടെന്നു നിങ്ങൾക്ക് പറയാൻ കഴിയുന്നത് മറ്റൊന്നും കൊണ്ടല്ല. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് എല്ലാ കാര്യങ്ങളും വിളിച്ചുപറയാനോ, കൂകി വിളിക്കാനോ പ്രതിപക്ഷ ബഹുമാനമില്ലാതെ സംസാരിക്കാനോ കഴിയാത്തതുകൊണ്ടാണ്. എല്ലായിടത്തും പോയി എല്ലാ വീടിന്റെ പടിക്കലും പോയി കുത്തിയിരിക്കാനും നിങ്ങൾ മടി കാണിച്ചിട്ടില്ല. നിവൃത്തിയില്ലാത്ത സന്ദർഭത്തിൽ മാത്രമാണ് അത് നേടിയെടുക്കാൻ വേണ്ടി സമരത്തിലേയ്ക്ക് ഈ ഭാഗത്തുള്ള ആളുകളിറങ്ങുന്നത്. പണ്ട് നിങ്ങൾ ഇങ്ങനെയായിരുന്നു. അന്നു നമുക്കു പറയാൻ കഴിയുമായിരുന്നു, ക്രമസമാധാനം കേരളത്തിലുണ്ടെന്ന്. അപ്പോൾ ക്രമസമാധാനമില്ലെന്ന് വരുത്താൻ വേണ്ടി നിങ്ങൾ തന്നെ ശബ്ദമുണ്ടാക്കി കൂകിവിളിച്ചു നടന്നു. ഇവിടെ ക്രമസമാധാനമില്ലെന്നു വരുത്തുന്നത് അല്ലാതെ നിങ്ങളുടെ ഭരണത്തിന്റെ മെച്ചംകൊണ്ടോ മനുഷ്യർ സുഖിച്ചതുകൊണ്ടോ സന്തോഷിച്ചതുകൊണ്ടോ ഒന്നുമല്ല. അങ്ങനെ പറഞ്ഞ് ഈ ഭാഗത്തുള്ള ആളുകളെ കൈചൂണ്ടി വർത്തമാനം പറയരുതെന്നു മാത്രമേ പറയുന്നുള്ളൂ. യാതൊരു പുതുമയുമില്ലാത്ത ഒരു പ്രസംഗം അദ്ദേഹത്തെക്കൊണ്ട് നാലാം വർഷത്തിലും ചെയ്യിച്ചത് മോശമായിപ്പോയി എന്നൊരു അഭിപ്രായമുണ്ട്. അദ്ദേഹത്തിനു പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പറയുന്നു. ഒരു ഗവർണ്ണറെക്കൊണ്ട് ഇതുപോലെ ഒരുകാലത്തും പറയിപ്പിക്കാൻ പറ്റാത്ത കാര്യങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാണ് പറയാനുള്ളത്. പൊതുവെയുള്ള കാര്യങ്ങളെപ്പറ്റി, എന്റെ ഗവൺമെന്റിന്റെ ആഗ്രഹങ്ങളെന്നു പറഞ്ഞതല്ലാതെ.....ചട്ടിയിട്ടു പൊട്ടിച്ചതും കുപ്പി പൊട്ടിച്ചതുമെല്ലാം ഒരു ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ പോയതെന്നത് മോശമാണ്. വ്യക്തിപരമായി എനിക്ക് ആരോടും വിരോധമില്ല. ശ്രീ. ആനത്തലവട്ടം ആനന്ദനോടുമില്ല. ചില

LIBRARY ARCHIVES Kerala Legislative Assembly

രീതികൾ, ചില പ്രയോഗം കാണുമ്പോൾ നമുക്കു പുച്ഛം തോന്നുന്നു. ഗവർണ്ണറെപ്പോലെയുള്ള വലിയൊരാൾ ഇതുപോലുള്ള നിസ്സാരകാര്യങ്ങളൊക്കെ പറഞ്ഞ്, എന്റെ ഗവൺമെന്റ് ഈ പ്രാവശ്യം കുറഞ്ഞ വിലയ്ക്ക് കപ്പ വിൽക്കുന്നു, അതു വിൽക്കുന്നു, ഇതു വിൽക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി പറയരുതെന്നു മാത്രമേ പറയുന്നുള്ളൂ. ഇവിടെയുള്ള എല്ലാ സംവിധാനങ്ങളിലും നമുക്കു മെച്ചമുണ്ടാക്കാൻ കഴിഞ്ഞു എന്നു നിങ്ങൾ പറയുന്നതല്ലാതെ ഒരു മെച്ചവുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള അനുഭവം ഞങ്ങൾ തെളിയിക്കുകയാണ്. ഒരു മാറ്റവുമില്ല. എല്ലാം ജനകീയമാണ്. ജനകീയം, ജനകീയം. ഈയിടെ ഓപ്പറേഷൻ ജനകീയമാക്കുമെന്നാണ് പറഞ്ഞത്. ആശുപത്രി ജനകീയം, ഡോക്ടർമാർ ജനകീയം, ഓപ്പറേഷൻ കൂടി ജനകീയമാക്കിയാൽ വളരെ ബുദ്ധിമുട്ടിപ്പോകും. ജനകീയമെന്നൊരു വാക്കുപയോഗിച്ച് എന്തു 'കീയവും' കാണിക്കാമെന്നു വിചാരിക്കുന്നത് ശരിയല്ല. എല്ലായിടവും ജനകായമാണ്. ജനാധിപത്യം ഞങ്ങൾക്കുമുണ്ട്. ഒരാളിന്റെ കരണക്കുറ്റിക്ക് അടിച്ചാലും ജനാധിപത്യപരമായി പ്രയോഗിച്ചു എന്നാണ്. അതേ പറയാവൂ. അങ്ങനെ പറഞ്ഞാൽ മതി. ഈ രീതിയാണ് പൊതുവേ കാണുന്നത്. എല്ലാ നല്ല കാര്യങ്ങളും പറഞ്ഞ് മിടുക്കൻമാരാകാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഈ പ്രസംഗത്തിലുൾക്കൊള്ളുന്ന ഭരണത്തിന്റെ സംവിധാനത്തോട്, അതിനു കാരണക്കാരായ നിങ്ങളോട് യോജിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. മറ്റൊരു വിരോധവുമില്ല. ഈ നയപ്രഖ്യാപനത്തിൽ പറയുന്ന വാചകത്തോട് യോജിക്കാൻ നിവൃത്തിയില്ലാത്തതാണ്. ഇതിൽ പറയുന്ന എല്ലാ വാചകങ്ങളോടും അസത്യ പ്രസ്താവനയുടെ പ്രത്യക്ഷലക്ഷണമാണ് എന്ന് ഉറക്കെ പറയുന്നതിന് മടിയില്ലാത്തതുകൊണ്ട് ഈ പ്രസംഗത്തിൽ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അതു നടന്നിട്ടുള്ളതല്ല. നടക്കാൻ തടസ്സവുമുള്ളതല്ല. ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. സി. ജോർജ്ജ് : സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തു നിന്ന് ചർച്ച തുടങ്ങിവച്ച കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. പി. പി. തങ്കച്ചൻ ഗവർണ്ണറുടെ പ്രസംഗത്തിൽ ഒന്നുമില്ലെന്ന ആരോപണമാണ് ഉന്നയിച്ചത്. വളരെ വിശദമായി ഈ ഭാഗത്തു നിന്ന് അതിനെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട തങ്കച്ചൻ ഈ നയപ്രഖ്യാപനപ്രസംഗം വായിച്ചിട്ടേയില്ല എന്നാണ് എനിക്കു തോന്നുന്നത്. അദ്ദേഹം ഇവിടെയില്ലായിരുന്നു. അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇറങ്ങിപ്പോയ വഴി ആ പുസ്തകം കിട്ടിക്കാണും; വായിക്കാൻ സമയം കിട്ടിക്കാണുകയില്ല. നയപ്രഖ്യാപന പ്രസംഗം വായിച്ചിരുന്നുവെങ്കിൽ ഇത് പറയുകയില്ലായിരുന്നു. ശ്രീ. നാരായണക്കുറുപ്പ് പറഞ്ഞത്, ധാരാളം എഴുതിയിട്ടുണ്ട് എന്നാണ്. കൂടിപ്പോയി എന്നാണ് അദ്ദേഹം പറഞ്ഞത്. എഴുതിയത് കൂടിപ്പോയി, ഇത്രമാത്രം എഴുതാമോ എന്നുള്ളതാണ് അദ്ദേഹത്തിന്റെ തർക്കം. ശ്രീ. തങ്കച്ചന്റെ അഭിപ്രായം ശരിയല്ലെന്ന് അദ്ദേഹത്തിന്റെ മുന്നണിയിലെ പ്രമുഖനായ ഒരു എം.എൽ.എ. പറയുന്നു എന്ന വസ്തുത അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാല്

LIBRARY ARCHIVES Kerala Legislative Assembly

വർഷമാകുന്നു. ഈ ഗവൺമെന്റിന്റെ ആദ്യത്തെ നിയമസഭാസമ്മേളനം ഞാൻ ഓർക്കുന്നു. അന്നു പ്രതിപക്ഷനേതാവ് പറഞ്ഞത് ഒരു ക്രിയാത്മക പ്രതിപക്ഷമായി ഞങ്ങൾ പ്രവർത്തിക്കും എന്നായിരുന്നു. ആറു മാസം കഴിയുന്നതിനു മുമ്പ് അദ്ദേഹം ഈ സഭയിൽ നൽകിയ ഉറപ്പുകൾ ലംഘിച്ചുകൊണ്ട്, കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാക്കുകൾ മറന്നുകൊണ്ട് ഒളിഞ്ഞും തെളിഞ്ഞും ഈ ഗവൺമെന്റിനെ തകർക്കണമെന്ന ഗൂഢലക്ഷ്യത്തോടെ, അദ്ദേഹത്തിന് കൈവിട്ടുപോയ മുഖ്യമന്ത്രി കസേര തിരിച്ചു കിട്ടിയേ മതിയാകൂ എന്ന ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടി പ്രവർത്തനം തുടങ്ങി എന്ന സത്യം നമുക്കു നിഷേധിക്കാൻ കഴിയുകയില്ല. ഇവിടെ ക്രമസമാധാനം തകർന്ന് എന്നുള്ളതുമാത്രമാണ് അവർ ഇപ്പോഴും പറയുന്നത്. ആരാണ് ക്രമസമാധാനനില തകർക്കുന്നത് ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിക്ഷ്പക്ഷമായി പറയണം. ഇവിടെ പലരും കണക്കുകൾ ഉദ്ധരിച്ചു. ഞാൻ സമയക്കുറവുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഒരുസത്യം സമ്മതിക്കുകയാണ്. ഈ ഫെബ്രുവരിമാസം കേരളത്തിൽ വ്യാപകമായ തോതിൽ ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഞാൻ സമ്മതിക്കുന്നു. ആരാണ് അതിനുത്തരവാദി ? ഈ നാല് വർഷക്കാലത്തിനിടയിൽ എത്ര ഉപതെരഞ്ഞെടുപ്പുകൾ നടന്നു ? ഒരു ഉപതെരഞ്ഞെടുപ്പിലും നിങ്ങൾക്ക് ഞങ്ങളെ പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല പാർലമെന്റ് തെരഞ്ഞെടുപ്പിൽ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ വോട്ടുചെയ്യുന്നത്. എല്ലാ കാലഘട്ടങ്ങളിലും ജനങ്ങൾ ഈ രണ്ട് തെരഞ്ഞെടുപ്പിനേയും രണ്ടായിത്തന്നെയാണ് കാണുന്നത്. ഇതുപോലെ കോൺഗ്രസ് അനുകൂല തരംഗമുണ്ടെന്ന് പ്രതീക്ഷിച്ചിരുന്ന ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽപ്പോലും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ പുറകോട്ടുമാറ്റാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. 9 സീറ്റുകൾ നിലനിർത്താൻ ഞങ്ങൾക്കു കഴിഞ്ഞു. ഇപ്പോൾ ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. ഒരുകാരണവശാലും നിങ്ങൾക്ക് അധികാരത്തിലേയ്ക്ക് കടന്നുവരാൻ കഴിയില്ല. 92 സീറ്റ് അവർ കൂടുതലാണെന്ന് പറയുന്നു. 1996-ലെ തെരഞ്ഞെടുപ്പിൽ ഞാൻ 10,000-ൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി വിജയിച്ച് ഈ നിയമസഭയിൽ വന്നിരിക്കുകയാണ്. പാർലമെന്റിലേയ്ക്കും അസംബ്ലിയിലേയ്ക്കും ഒരേ ദിവസമാണ് ബാലറ്റ് പേപ്പർ കൊടുത്തത്. അസംബ്ലിയിൽ 10,000-ൽപ്പരം വോട്ടിന്റെ ഭൂരിപക്ഷം എനിക്ക് കിട്ടിയപ്പോൾ പാർലമെന്റിലേയ്ക്ക് ശ്രീ. കെ.എം. മാണിയുടെ സ്ഥാനാർത്ഥിക്ക് 11,000 വോട്ടിന്റെ ഭൂരിപക്ഷം കിട്ടി. ഒരുമിച്ചു ബാലറ്റ് പേപ്പർ കൊടുത്തതാണ്. അത് നിഷേധിക്കാൻ ശ്രീ. ജോണി നെല്ലൂരിന് കഴിയുമോ ? ആ സത്യമൊന്നും കണ്ടില്ലെന്നു നടിച്ച് വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ ? ഇപ്പോൾ കേരളത്തിലെ പ്രശ്നമെന്താണ് ? ഈ നാലുവർഷക്കാലത്തെ ഭരണംകൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഈ രാജ്യത്തെ പാവപ്പെട്ടവരോട്, അധ്വാനിക്കുന്നവരോട്, പിന്നോക്ക വിഭാഗങ്ങളോട് കേരളത്തിലെ മുഴുവൻ ജനങ്ങളോടും നീതികാണിച്ചുകൊണ്ട് സത്യസന്ധമായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്ന ഉത്തമവിശ്വാസത്തോടുകൂടിയാണ് ഞാനിവിടെ സംസാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

3 P.M.] പക്ഷേ, ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുന്നു, നിങ്ങൾക്ക് കയറിപ്പറ്റാൻ കഴിയില്ല, ഈ തെരഞ്ഞെടുപ്പിലൊന്നും നിങ്ങൾക്ക് വിജയം കിട്ടില്ല എന്നു മനസ്സിലാക്കിയപ്പോൾ അരാജകത്വം കേരള സംസ്ഥാനത്ത് ഉണ്ടാക്കിക്കൊണ്ട് ഈ രാജ്യത്തെ കുട്ടിച്ചോറാക്കിക്കൊണ്ട് ആണെങ്കിൽപ്പോലും അധികാരം കയ്യേറാനുള്ള അവസരം ലഭിക്കണമെന്ന ദുഷ്ടലാക്കോടുകൂടി കോൺഗ്രസ് പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത് ദുഃഖകരമാണ്. ഞാൻ മറ്റു കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല. ഫെബ്രുവരിമാസം ഒന്നാം തീയതി മുതൽ 16-ാം തീയതിവരെയുള്ള 16 ദിവസം കൊണ്ട് കേരള സംസ്ഥാനത്ത് കോൺഗ്രസ് പ്രവർത്തകർ തകർത്ത വാഹനങ്ങളുടെ കണക്കാണിത്. ബഹുമാന്യനായ എ.കെ. ആന്റണി മനസ്സിലാക്കണം. കെ.എസ്.ആർ.ടി.സി.യുടെ 132 ബസ്സുകളാണ് അങ്ങയുടെ കുട്ടിക്കുരങ്ങൻമാർ ഫെബ്രുവരിമാസം ഒന്നാം തീയതിമുതൽ 16-ാം തീയതിവരെയുള്ള 16 ദിവസം കൊണ്ട് അടിച്ചുതകർത്തിരിക്കുന്നത്. പോലീസ് വാഹനങ്ങൾ 12 എണ്ണം തകർത്തു ; അതുപോലെതന്നെ പാവപ്പെട്ട ജനങ്ങൾ ഉപയോഗിച്ച 30 വണ്ടികൾ തകർത്തു. അത് നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ ? ഈ 16 ദിവസം കൊണ്ട് എത്ര പോലീസുകാരാണ് മുറിവേറ്റ് ആശുപത്രിയിലായത് ? 91. നിഷേധിക്കാൻ പറ്റുമോ ? ആരാണ് ഇത് ചെയ്യുന്നത് ? അതുപോലെ പബ്ലിക് ഇൻജുവേർഡ് എത്രയാണ് ? 9 എണ്ണം, ആരാണ് ഇത് ചെയ്തത് ? എന്താണ് സത്യാവസ്ഥ ? ഈ അടുത്ത കാലത്തൊന്നും നിങ്ങൾക്ക് അധികാരത്തിൽ വരാൻ കഴിയില്ല, ഇനിയൊരു തെരഞ്ഞെടുപ്പുണ്ടെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ വീണ്ടും അധികാരത്തിൽ കൊണ്ടുവരുമെന്ന് ബോധ്യമുള്ള നിങ്ങൾ അത് തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടുകൂടി അക്രമരാഷ്ട്രീയം അഴിച്ചുവിട്ടിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട എ.കെ. ആന്റണി. കോൺഗ്രസ്സിന്റെ പ്രവർത്തകസമിതി അംഗമാണ്. വലിയ നേതാവാണ്. ഗുജറാത്ത് മഹാത്മാഗാന്ധിയുടെ നാടല്ലേ ? ആ സംസ്ഥാനത്ത് ആരാണ് ആർ.എസ്.എസ്.നെ നിരോധിച്ചത് ? രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വെടിവെച്ചുകൊന്നപ്പോൾ ആർ.എസ്.എസ്-നെ നിരോധിച്ചത് ഇന്ത്യയിലെ ഉരുക്കുമനുഷ്യനായ സർദാർ വല്ലഭായി പട്ടേലായിരുന്നു. അദ്ദേഹം ആർ.എസ്.എസ്.ന്റെ അനുഭാവിയായിരുന്നുവെന്ന് നമുക്കറിയാം. എങ്കിൽപ്പോലും ആ കൊലപാതകം കഴിഞ്ഞപ്പോൾ ആർ.എസ്.എസ്.നെ നിരോധിക്കാൻ സർദാർ വല്ലഭായി പട്ടേൽ തയ്യാറായി. നിങ്ങൾക്കത് നിഷേധിക്കാൻ കഴിയുമോ ? എന്നിട്ട് ഗുജറാത്തിൽ ഇപ്പോഴുണ്ടാക്കിയ നിയമമെന്താണ് ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, സർദാർ വല്ലഭായി പട്ടേൽ ആർ.എസ്.എസ്.ന്റെ അനുഭാവിയായിരുന്നു എന്നുപറയുന്ന പരാമർശം ശരിയല്ല.

ശ്രീ. പി. സി. ജോർജ് : അത് ഡോ. നീലലോഹിതദാസൻ നാടാരുടെ അഭിപ്രായമാണ്, എന്റെയല്ല. ഇത് എന്റെ അഭിപ്രായമായി അവിടെ കിടക്കട്ടെ.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, സർദാർ വല്ലഭായി പട്ടേൽ ആർ.എസ്.എസ്.ന്റെ അനുഭാവി എന്നുപറയുന്ന പരാമർശം ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, സർദാർ വല്ലഭായി പട്ടേൽ ആർ.എസ്.എസ്.കാരൻ ആണെന്നല്ല ഞാൻ പറഞ്ഞത്. അദ്ദേഹം ആർ. എസ്. എസ്. നോട് മൃദുസമീപനമുണ്ടായിരുന്ന കോൺഗ്രസ്സുകാരനായിരുന്നു എന്ന എന്റെ അഭിപ്രായമാണ് ഞാൻ രേഖപ്പെടുത്തിയത്. അതെല്ലാ കാലഘട്ടത്തിലും ഉള്ളതല്ലേ ?

മി. ചെയർമാൻ : ആദ്യത്തെ വാചകം ഒരു മൃദുലമായ സമീപനമെന്ന് മാറ്റിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ അദ്ദേഹത്തെ അപമാനിക്കാൻ പറഞ്ഞതല്ല. അദ്ദേഹം ആർ.എസ്.എസ്.നെ നിരോധിച്ചു എന്നാണ് ഞാൻ പറഞ്ഞത്, അതിൽ തർക്കമുണ്ടോ ? ആർ.എസ്.എസ്.നോട് മൃദുല സമീപനം ഉണ്ടായിരുന്ന കോൺഗ്രസ് നേതാവായിരുന്ന സർദാർ വല്ലഭായി പട്ടേൽ എന്നാണ് ഞാൻ പറഞ്ഞത്. എന്നിട്ടും അദ്ദേഹം ആർ.എസ്.എസ്.നെ നിരോധിച്ചു. ഇപ്പോൾ കേരളത്തിൽ വന്നിരിക്കുന്ന ജനകീയ പോലീസ് എന്ന ആശയത്തെ കോൺഗ്രസ് പാർട്ടി എതിർക്കുന്നു. എല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും ആർ.എസ്.എസ്.ൽ അംഗത്വമെടുക്കാൻ എന്തുകൊണ്ട് ഗുജറാത്തിൽ നിയമം കൊണ്ടുവന്നു ? നിങ്ങൾ എതിർത്ത് ഒരുവാക്ക് മിണ്ടിയോ ? നിങ്ങൾ എന്തുകൊണ്ട് എതിർത്തില്ല ? കോൺഗ്രസ് നേതാക്കന്മാർ അതിനെ എതിർക്കണ്ടേ ? പോലീസ് ഡിപ്പാർട്ടുമെന്റിലെ ഐ.ജി.ക്കുവേണമെങ്കിലും ആർ.എസ്.എസിൽ പോയി മെമ്പർഷിപ്പ് എടുത്തുകഴിഞ്ഞാൽ ആർഎസ്.എസ്.ന്റെ ക്യാമ്പിൽ പോയി സ്റ്റഡിക്ലാസ് നടത്തുന്നതിന് അദ്ദേഹത്തിന് അവകാശമില്ലേ ? എന്തുകൊണ്ട് അത് നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഈ നടപടി തെറ്റാണെന്നു പറയാനുള്ള മര്യാദ, ധാർമ്മികതയെങ്കിലും കോൺഗ്രസ് പാർട്ടി കാണിക്കാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട പി.സി. ജോർജ് പ്രസംഗിച്ച് കത്തിക്കയറുകയാണ്. ആർ.എസ്.എസ്-ന് എതിരെയുള്ള പോരാട്ടത്തിൽ ഞങ്ങൾ എന്തുചെയ്യണമെന്നാണ് ? ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് കോൺഗ്രസ് പാർട്ടിയുടെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിയും വർക്കിംഗ് കമ്മിറ്റി പ്രസിഡന്റായ ശ്രീ. എ.കെ. ആന്റണിയുമടക്കമുള്ള ആളുകൾ കഴിഞ്ഞ ഒരാഴ്ചമുമ്പ് ജാഥ നടത്തി അറസ്റ്റുവരിച്ച് ജയിലിൽ പോയി. ഡൽഹിയിലും ഗുജറാത്തിലും ജാഥ നടത്തി, ഇതൊന്നും കാണാതെ കോൺഗ്രസ് എന്തുചെയ്തുവെന്ന് ചോദിക്കുന്നത് വലിയ കഷ്ടമാണ്.

ശ്രീ. പി.സി. ജോർജ് : സർ, ഇതൊരു ഒത്തുകളിയല്ലേ? ഈ ഒത്തുകളി കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. നിങ്ങളിവിടെ ഗുരുദേവന്റെ പ്രതിമയും തകർത്തുകൊണ്ട് നടക്കുകയല്ലേ ? നാലു വർഷക്കാലത്തെ മുഖ്യമന്ത്രിയുടെ പോലീസ് ഭരണത്തെപ്പറ്റി ഒരു വാക്കുപറയാം. കേരളത്തിലെ സാമൂഹ്യ വിരുദ്ധൻമാരെല്ലാം മാറിനിൽക്കാൻ രക്ഷയില്ലാതെ അവരെല്ലാം കോൺഗ്രസ്സിന്റെ ഡി.സി.സി. ഓഫീസിൽ ഇപ്പോൾ അഭയം പ്രാപിച്ചിട്ടുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ നിഷേധിക്കരുത്. അവർക്കെല്ലാം സംരക്ഷണം കൊടുത്തുകൊണ്ട് ഈ രാജ്യത്തിറക്കി കലാപം സൃഷ്ടിക്കാൻ ശ്രമിച്ചാൽ ആര് അംഗീകരിച്ചുകൊടുക്കും ? അത് അംഗീകരിച്ചു കൊടുക്കണമെന്നാണ് നിങ്ങൾ പറയുന്നത് ? കൊല്ലത്ത് ഉണ്ടായ സംഭവമെന്താണ്? കൊല്ലം ഡി.സി.സി. ഓഫീസിൽ അക്രമമുണ്ടായി. അതിന്റെ പേരിൽ സഭ നിർത്തി വച്ച് ചർച്ച ചെയ്യാൻ ആവശ്യപ്പെട്ടു. ശ്രീ. കെ.സി. വേണുഗോപാലിന് ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലാക്കിയിരുന്നു. അദ്ദേഹത്തെ പരിശോധിച്ച ഡോക്ടറുടെ റിപ്പോർട്ട് ഞാൻ വായിക്കാം. ഉപാസനാ ആശുപത്രി കൊല്ലം, കെ.സി. വേണുഗോപാൽ, വയസ്സ് 36. എം.എൽ.എ. ഹോസ്റ്റൽ, തിരുവനന്തപുരം. Accident Register-cum-wound certificate. Details of injuries. 1 Abration 2 cm x 1 cm on the Right forearm ഒരു പോറൽ, ഒരു കൊതുക് കടിച്ചപ്പോൾ അടിച്ച പാട്. രാഷ്ട്രീയമായ കള്ളപ്രചരണമുണ്ടാക്കി, ജനപ്രതിനിധികളെ ആക്രമിച്ചുവെന്ന് പറഞ്ഞ് നിങ്ങൾ പ്രസംഗിച്ചു നടക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ഈ രേഖ വായിച്ചത് 2 Abration 1 cm x 0.5 cm on the right side of Abdomen.

Signature of the Medical Officer
Dr. Bipin. B.
Casuality Medical Office,
Upasana Hospital, Kollam.

ഇതാണ് വലിയ പരിക്ക്. ഇതാണ് ശ്രീ. കെ.സി. വേണുഗോപാലിന് പറ്റിയത്. ഇതു വച്ചിട്ടാണ് ശ്രീ. കെ.സി. വേണുഗോപാലിന് വലിയ പരിക്കേറ്റ് എന്നു പറഞ്ഞ് സഭയിൽ വലിയ വർത്തമാനം പറയുന്നത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരിപാടിയാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. കാർത്തികേയൻ : ഈ നിയമസഭയിൽ ശ്രീ. കെ.സി. വേണുഗോപാൽ തന്നെ തനിക്കു സംഭവിച്ച പരിക്കിനെ സംബന്ധിച്ച് പറയുകയും അതിൽ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. മർദ്ദനമേറ്റ് അഞ്ചു മിനിട്ടാകുന്നതിനുമുമ്പ് ഞാൻ ഉപാസനയിൽ ചെന്നപ്പോൾ കെ.സി. വേണുഗോപാലിന് ബോധമില്ലായിരുന്നു. യൂറിൻ പോലും പോകുന്നില്ലായിരുന്നു. അത്രയ്ക്ക് ഗുരുതരമായ പരിക്കേൽക്കുകയും അത് ഈ നിയമസഭയിൽ വന്ന് അദ്ദേഹം പറയുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഖേദം പ്രകടിപ്പിക്കുന്നുവെന്ന് പറയുകയും ചെയ്തശേഷം ശ്രീ. പി.സി. ജോർജ്ജ് നിയമസഭയിൽ ഇങ്ങനെ സംസാരിക്കുന്നത് ഓർഡറിലാണോ? അതു രേഖയിൽ കാണുമോ ?

ശ്രീ. പി. സി. ജോർജ് : പി.സി. ജോർജ് ഇത്തരം സത്യങ്ങൾ പറയും, പക്ഷേ, കുഴപ്പങ്ങളൊന്നുമില്ല. ഇതു ഉപാസനാ ഹോസ്പിറ്റലിലെ ഡോക്ടർ ബിപിന്റെ ചികിത്സാ സർട്ടിഫിക്കറ്റാണ്. ഈ സർട്ടിഫിക്കറ്റ് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ? കണ്ണിൽ കുത്തി വെള്ളം വരുത്തുന്ന പരിപാടി നിങ്ങൾ നിർത്തണം. ഈ രാജ്യത്ത് മുഴുവൻ കലാപമാണെന്നു പറഞ്ഞുണ്ടാക്കി, അഴിമതിയാണെന്ന് പറഞ്ഞുണ്ടാക്കി, ഈ രാജ്യത്ത് ഒന്നും നടക്കുന്നില്ലെന്ന് വരുത്തി തീർക്കുകയാണ് നിങ്ങൾ. ഈ പരിപാടി നിങ്ങൾ നിർത്തണം.

LIBRARY ARCHIVES Kerala Legislative Assembly

വികസന രംഗത്ത് ഇതുപോലൊരു കുതിച്ചുകയറ്റം നടത്തിയ കാലഘട്ടം ഇടതുപക്ഷ ജനാധിപത്യ മുന്നണിഗവൺമെന്റിന്റെ കാലത്തല്ലാതെ ഉണ്ടായിട്ടില്ല. എന്നിട്ടും കുറ്റം പറയുകയാണ്. കണ്ണിൽ കുത്തി വെള്ളം വരുത്തുന്ന ഈ പരിപാടി നിർത്തണം, നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതു നല്ലതാണെന്ന് അംഗീകരിക്കാനുള്ള മര്യാദ നിങ്ങൾ പ്രകടിപ്പിക്കണം. അതിനുശേഷം വേണം നിങ്ങൾ ജനങ്ങളുടെയടുത്ത് ചെന്ന് രാഷ്ട്രീയം പറഞ്ഞ് വോട്ടു ചോദിക്കാൻ. അതാണ് മര്യാദ. നിങ്ങളുടെ ബി.ജെ.പി.യുമായുള്ള രാഷ്ട്രീയ ഗൂഢാലോചന, ഈ രാജ്യത്തെ തകർക്കാനുള്ള നിങ്ങളുടെ പോക്കാണ്. കേരളത്തിലെ ജനങ്ങളെ തകർക്കാനുള്ള നിങ്ങളുടെ പോക്കാണ്. കേരളത്തിലെ പിന്നോക്ക വിഭാഗങ്ങളെ, ന്യൂനപക്ഷങ്ങളെ തകർക്കാനുള്ള പോക്കാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. പി.പി. തങ്കച്ചൻ, താങ്കളും വലിയൊരു അപകടത്തിലാണ്. നിങ്ങൾ നന്നാകണമെന്നു മാത്രം അഭിപ്രായപ്പെട്ടുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. ഈ നന്ദി പ്രമേയത്തെ എതിർക്കാൻ കാര്യമുണ്ടെന്നു തന്നെ പറയാം. 1999 ജനുവരി മാസം 22-ാം തീയതി ഇതേ ഗവർണ്ണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട്. ഈ വർഷം ഫെബ്രുവരി മാസം 18-ാം തീയതി നടത്തിയ നയപ്രഖ്യാപന പ്രസംഗവും എന്റെ കൈയിലുണ്ട്. ഏതായാലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ നയങ്ങളിൽ കുറെ മാറ്റം വന്നിട്ടുണ്ട്. അത് ഈ പ്രസംഗത്തിൽ നിന്നുതന്നെ മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ പ്രാവശ്യം ശ്രീ. സുഖ്ദേവ് സിംഗ് കാംഗിനെക്കൊണ്ട് ഇവിടെ വന്നു പറയിപ്പിച്ചത് 36 പാരഗ്രാഫുള്ള പ്രസംഗമായിരുന്നുവെങ്കിൽ ഇപ്രാവശ്യം അതു 43 പാരഗ്രാഫായി വർദ്ധിച്ചു. ഞങ്ങൾ ഈ നയപ്രഖ്യാപന പ്രസംഗത്തെ എതിർക്കുന്നതിന് കാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് നയവുമില്ല, പ്രഖ്യാപനമുവില്ല എന്നതുകൊണ്ടാണ്. അതാണ് സത്യവും. അപ്പുറത്തു നിന്ന് നയപ്രഖ്യാപനത്തെ പിൻതാങ്ങിക്കൊണ്ട്, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ശ്രീ. ആനത്തലവട്ടം ആനന്ദനും, അതിനുശേഷം മാർക്സിറ്റു പാർട്ടിയുടെ സെക്രട്ടറി ബഹുമാന്യനായ പിണറായി വിജയനും പ്രസംഗിച്ചത് മുഴുവനും കേട്ടു. അതിനുശേഷം നടന്ന പ്രസംഗങ്ങൾ, അത് രാജാവിനെക്കാൾ വലിയ രാജഭക്തി കാണിക്കുന്ന തരത്തിലുള്ളതായിരുന്നു. അതു കേട്ടപ്പോൾ ഞാൻ ലജ്ജിച്ചു തലതാഴ്ത്തിയിരിക്കുക ആയിരുന്നു. അത്രമാത്രമേ ഞാൻ അതേക്കുറിച്ച് പറയുന്നുള്ളു. ഇപ്പോൾ ഈ സംസ്ഥാനത്തെ സ്ഥിതി എന്താണ് ? രാഷ്ട്രീയ തിമിരം ബാധിക്കാത്ത ആളുകൾ, നിഷ്പക്ഷമതികളായ ആളുകൾ, സംസ്ഥാനത്ത് ഇന്നത്തെ നിലയിൽ മനംനൊന്തു കഴിയുകയാണ്. സമസ്ത മേഖലകളേയും മുരടിപ്പിച്ചു. ശ്രീമതി മെഴ്സിക്കുട്ടി അമ്മ പ്രതിനിധാനം ചെയ്യുന്ന കുണ്ടറ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള സകല പ്രദേശങ്ങളിലേയും സാധാരണക്കാരായ ജനങ്ങൾ പറയുന്നു, കേരളം മരവിച്ചു നിൽക്കുന്നുവെന്ന്. ക്രമസമാധാനം തകർന്നുവെന്ന് ഞങ്ങൾ പറയുമ്പോൾ, സമാധാനം തകർന്നില്ല എന്ന് അപ്പുറത്തു നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുണ്ടല്ലോ ഇവിടെ ബഹുമാന്യനായ പിണറായി വിജയൻ പ്രതിപക്ഷനേതാവ് എ. കെ. ആന്റണിയെ പരിഹസിച്ചുകൊണ്ട് പറഞ്ഞു. കൊല്ലത്തെ ശ്രീനാരായണ ഗുരുദേവന്റെ പ്രതിമ തകർന്നതിന്റെ മുന്നിൽ പോയി കരഞ്ഞുകൊണ്ടു നിൽക്കുന്ന ചിത്രം കണ്ട് അദ്ദേഹത്തിന് ലജ്ജ തോന്നി എന്ന്. ഇത് ആരാണ് പറയുന്നത് ? ശ്രീ. പിണറായി വിജയൻ. 2-ാം തീയതിയാണ് ബഹുമാന്യനായ എ.കെ. ആന്റണി കൊല്ലത്ത് പോയി ശ്രീനാരായണ ഗുരുദേവന്റെ പ്രതിമ തകർത്ത സ്ഥലം സന്ദർശിച്ചത്. ഞാനും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. 13-ാം തീയതി കടപ്പാക്കടയിൽ മണിയൻകടവ് എന്നു പറയുന്ന സ്ഥലത്ത് ഒരു ഗുരുദേവ പ്രതിമ തകർത്തപ്പോൾ ശ്രീമതി മെഴ്സിക്കുട്ടി അമ്മ അടക്കമുള്ള ആളുകൾ അവിടെ പോയി നിന്നു കരഞ്ഞു. 14-ാം തീയതി ശ്രീ. പിണറായി വിജയൻ കടപ്പാക്കടയിലുള്ള ഗുരുദേവ പ്രതിമ തകർത്തതിന്റെ മുന്നിൽ പോയി നിന്നു കരയുന്ന കാഴ്ച ചിത്രത്തിൽക്കൂടി മാത്രം കണ്ടതല്ല ഞാൻ, അദ്ദേഹം അവിടെ നിന്നു പോയി അര മണിക്കൂർ കഴിഞ്ഞ് ഞാൻ അവിടെ ചെന്നപ്പോൾ ശ്രീ. പിണറായി വിജയന്റെ കള്ളക്കണ്ണീർ വീണ കഥകൾ ആളുകൾ എന്നോടു പറയുകയുണ്ടായി. അപ്പുറത്ത് നിന്നു പറഞ്ഞല്ലോ ഗുരുദേവ പ്രതിമകൾ തകർത്തത് കോൺഗ്രസ്സുകാരാണെന്ന്. നിങ്ങൾക്ക് ഇങ്ങനെ പറയാൻ നാണമില്ലേ ? കോൺഗ്രസ്സുകാരാണെങ്കിൽ നിങ്ങൾ പിടിക്കണം. അതിനുള്ള ചങ്കൂറ്റം നിങ്ങൾ കാണിക്കണം. ഇന്നലെ വരെ 14 പ്രതിമകൾ തകർക്കപ്പെടുകയുണ്ടായി. പോലീസ് പറയുന്നതെന്താണ് ? പ്രതിമ തകർത്ത ആളുകളെ ഞങ്ങൾക്കറിയാം. പിന്നെ എന്തേ പിടിക്കാത്തത് ? ഒരു രാജനെ പിടിച്ചു, അതെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. എന്നാൽ അതിനുശേഷം തകർത്ത വിഗ്രഹങ്ങളിൽ, ഒരാളെപ്പോലും നിങ്ങൾ പിടിച്ചിട്ടില്ല. ആളുകളെ അറിയാമെന്ന് നിങ്ങളുടെ പോലീസ് പറഞ്ഞല്ലോ ? നിങ്ങൾക്ക് പിടിക്കാൻ കഴിഞ്ഞോ ? കോൺഗ്രസ്സുകാരാണെങ്കിൽ പിടിക്കണം. അതിനല്ലേ മുഖ്യമന്ത്രിയുടെ ആഭ്യന്തരവകുപ്പ്. എന്നിട്ട് ഇവിടെ വന്നു പറയുന്നു ക്രമസമാധാന നില ഭദ്രമാണെന്ന് കുരിശ്ശടികൾ തകർക്കപ്പെട്ടു. കുറ്റവാളികളാരാണെങ്കിലും പിടിക്കണം. കോൺഗ്രസ്സോ, ബി.ജെ.പി.യോ, കേരളാ കോൺഗ്രസ്സോ, ആർ.എസ്.എസ്-ഓ മുസ്ലീം ലീഗോ ആരാണെങ്കിലും പിടിക്കണം. എന്തുകൊണ്ട് പിടിക്കുന്നില്ല. ദിവസങ്ങൾ ഇത്രയായില്ലേ ? 1-ാം തീയതി തുടങ്ങിയതാണ്. ഇന്ന് 21 ദിവസമായി, പ്രതികളെ പിടികൂടാൻ നിങ്ങൾക്കു കഴിഞ്ഞോ ? ക്രമസമാധാനനില ഭദ്രമാണോ ? മനഃസാക്ഷിയുള്ള മുഴുവൻ ആളുകളെയും വേദനിപ്പിച്ച പാനൂരിലെ ജയകൃഷ്ണനെന്നു പറയുന്ന അദ്ധ്യാപകന്റെ വധം, അതിനുശേഷം അരങ്ങേറിയ കൊലപാതങ്ങൾ പ്രതികളെ പിടിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ ? മാസമെത്രയായി ? ഒരു ഭരണമുണ്ടോ ഇവിടെ ? ഒരാളെപ്പോലും പിടിക്കാൻ കഴിയാത്ത കേരളത്തിലെ ഭരണരംഗം ഇന്ന് ഒരു പറ്റം മാഫിയമാരുടെ പിടിയിൽ അമർന്നിരിക്കുന്നു. ഇതു ഞങ്ങൾ പറയുന്നതല്ല, കേരളത്തിലെ ഭരണം മാഫിയ സംഘങ്ങളുടെ പിടിയിലമർന്നിരിക്കുന്നുവെന്ന് ദിവസങ്ങൾക്കുമുമ്പ് മന്ത്രിസഭയിൽ കൂട്ടുത്തരവാദിത്വത്തോടുകൂടി ഭരണം നടത്തിയിരുന്ന ഡോ. നീലലോഹിതദാസൻ നാടാർ പത്രസമ്മേളനത്തിൽ പറഞ്ഞതാണ്. കേരളത്തെ നിയന്ത്രിക്കുന്നത് വനം മാഫിയ, മദ്യമാഫിയ എന്നാണ് പറഞ്ഞത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് ഉൾപ്പെടെ പ്രതിപക്ഷത്തുള്ള പലരും പറഞ്ഞു ഇവിടെ വനം മാഫിയ പ്രവർത്തനമുണ്ട്. അന്വേഷിക്കണമെന്ന്. എവിടെ വനം മാഫിയ ഉണ്ടെന്നു ചോദിച്ച് ഡോ. നീലലോഹിതദാസൻ നാടാർ ഉറഞ്ഞു തുള്ളി. നീലലോഹിതദാസൻ നാടാർ തന്നെ മന്ത്രിസഭയിൽ നിന്ന് രാജി വച്ചതിനുശേഷമുള്ള ആദ്യ പത്രസമ്മേളനത്തിൽ പറഞ്ഞു ; എന്നെ ബലിയാടാക്കിയത് വനം മാഫിയ ആണെന്ന്. കേരളത്തെ ഇന്നു നിയന്ത്രിക്കുന്നത് വനം മാഫിയയാണ്. ഉത്തരവാദിത്വമുള്ള, കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റാണോ ഇത് ? മുഖ്യമന്ത്രി അന്വേഷിക്കാൻ തയ്യാറുണ്ടോ ? ഡോ. നീലലോഹിതദാസൻ നാടാരുടെ ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറാണോ ? ക്രമസമാധാനനില ഭദ്രമാണെന്നാണ് പറയുന്നത്. നിങ്ങൾക്ക് നിങ്ങൾ പറഞ്ഞ നയമുണ്ടോ? ആരാണ് നയമുണ്ടാക്കുന്നത്. ഇവിടെ ഇന്ന് രാവിലെ ജനകീയ പോലീസ് സംബന്ധിച്ച ചോദ്യം വന്നല്ലോ ; എന്താണ് ശ്രീ. കെ.പി. രാജേന്ദ്രന്റെ പാർട്ടിയുടെ സെക്രട്ടറി വെളിയം ഭാർഗ്ഗവൻ പറഞ്ഞത്. ഞങ്ങളുടെ മുന്നണിയുമായി ആലോചിച്ചിട്ടില്ല എന്നാണ്. മുഖ്യമന്ത്രി പറഞ്ഞെങ്കിൽ അത് എ.കെ.ജി. സെന്ററിലായിരിക്കും ആലോചിച്ചത്. ജനകീയ പോലീസ് എന്ന പദ്ധതി ഈ ഗവൺമെന്റിന്റെ നയമാണോ ? ഗവൺമെന്റിന്റെ നയമാണെങ്കിൽ ഗവൺമെന്റിനെ നിയന്ത്രിക്കുന്നത് എൽ.ഡി.എഫ്. അല്ലേ ? ആ മുന്നണിയിൽ നിങ്ങൾ ചർച്ച ചെയ്തോ ? മറ്റുള്ള ആളുകളോട് ചർച്ച ചെയ്തോ ? ചെയ്തില്ല. അങ്ങനെ ചർച്ച ചെയ്യാതെ നിങ്ങളുടെ പരിപാടി ഇവിടെ അടിച്ചേൽപ്പിക്കുന്നു. ഇവിടെ ശ്രീ. ആനത്തലവട്ടം ആനന്ദന്റെയും ശ്രീ. പിണറായി വിജയന്റേയും സംസാരത്തിൽ മുഴങ്ങി കേട്ടത് എന്താണ് ? ഞങ്ങൾ പറയുന്നത് കേട്ടില്ലെങ്കിൽ ഞങ്ങൾ കേൾപ്പിക്കും. അഹങ്കാരം ആയിരുന്നില്ലേ അത് ? ധിക്കാരമല്ലേ ? ഞങ്ങൾ പറയുന്നത് കേട്ടില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ കൊണ്ട് ചെയ്യിപ്പിക്കും. അതല്ലേ ഈ സംസ്ഥാനത്ത് നടക്കുന്നത് ? എസ്.എൻ. കോളേജിലെ സമരം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പ്രിയപ്പെട്ട സുഹൃത്ത് കെ.പി. രാജേന്ദ്രന് ലജ്ജയില്ലേ ഇവിടെ ഇങ്ങനെ പ്രസംഗിക്കാൻ. തൊട്ടടുത്തിരിക്കുന്ന ശ്രീ. പി.എസ്. സുപാൽ, ശ്രീ. എം. നാരായണൻ, ശ്രീ. കെ. പ്രകാശ് ബാബു, ശ്രീ. എൻ. അനിരുദ്ധൻ, ശ്രീമതി ആർ ലതാദേവി ഇവരുടെയൊക്കെ അഭിപ്രായങ്ങൾ ഓരോ ദിവസവും പത്രത്തിൽ അച്ചടിച്ച് വന്നത് എന്റെ കൈയ്യിലുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. എന്താ സാർ, ഈ നിയമസഭയെപ്പോലും നോക്കുകുത്തിയാക്കി ഭരണം മുന്നോട്ട് കൊണ്ടുപോകുകയാണ്. അങ്ങും ഞാനും ഉൾക്കൊള്ളുന്ന നിയമസഭാംഗങ്ങൾക്ക് അവകാശങ്ങളുണ്ട്. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ ഉത്തരം ലഭിക്കണം. ഈ നിയമസഭയെപ്പോലും നോക്കുകുത്തിയാക്കികൊണ്ട് ഉത്തരം നൽകുന്ന മുഖ്യമന്ത്രി. പ്രതിപക്ഷ നേതാവ് എ.കെ. ആന്റണി രാവിലെ പറഞ്ഞു, ക്യാബിനറ്റിനെ നോക്കുകുത്തിയാക്കിയെന്ന്. നിയമസഭയെ നോക്കുകുത്തി ആക്കിയതിന്റെ ഏറ്റവും ഒടുവിലത്തെ തെളിവാണ് ഇന്ന് നിയമസഭയിൽ ഉത്തരം ലഭിക്കേണ്ടിയിരുന്ന 4-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യം. ചോദ്യം എന്താണെന്നോ ; ശ്രീ. ടി.എം. ജേക്കബും, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ഞാനും ചോദിച്ച ചോദ്യമാണ്. 2000 ജനുവരി 1-മുതൽ ഫെബ്രുവരി 7 വരെ ഏതെല്ലാം സ്ഥലങ്ങളിൽ പോലീസ് ബലപ്രയോഗങ്ങളും ലാത്തിച്ചാർജ്ജും

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടുണ്ട് ; ജനുവരി മാസം 19-ാം തീയതി പാവപ്പെട്ട പിള്ളേരെ നിഷ്ഠൂരമായി തല്ലിച്ചതച്ചു. ഉത്തരമെന്താണെന്നറിയാമോ ? കൊല്ലം പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽവച്ച് യൂത്ത് കോൺഗ്രസ്സുകാർ നടത്തിയ ഒരേ ഒരു മാർച്ച്, ആ ഒരേ ഒരു സമരം, ആ ഒരേ ഒരു ലാത്തിച്ചാർജ്ജ്. ഈ നിയമസഭയെ ഇങ്ങനെ നോക്കുകുത്തിയാക്കാമോ ? സി.പി.ഐ.ക്കാർ പറയണം. നിങ്ങൾ ആശുപത്രിയിൽ പോയി കണ്ടതല്ലേ ? അതുപോലും നിയമസഭയിൽ തന്ന ഉത്തരത്തിൽപ്പറയാൻ തയ്യാറാകാത്ത മുഖ്യമന്ത്രി ഈ നിയമസഭയെ നോക്കുകുത്തിയാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് ? ഉത്തരം 35-ഓളം പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്കുപറ്റി. 2000 ഫെബ്രുവരി 3-ന് തിരുവനന്തപുരത്ത് യു.ഡി.എഫ്. നേതാക്കൾ നയിച്ച മാർച്ച് പോലീസ് തടയുകയോ ബലപ്രയോഗം നടത്തുകയോ ചെയ്തിട്ടുണ്ടോ, ഇതിൽ ആർക്കൊക്കെ പരിക്കേറ്റിട്ടുണ്ട്, ഇതിൽ എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു ; അവർ ആരെല്ലാം ? ദേശാഭിമാനി ഉൾപ്പെടെ ഈ സംസ്ഥാനത്തെ മുഴുവൻ വാർത്താ മാധ്യമങ്ങളും ഒരുപോലെ റിപ്പോർട്ട് ചെയ്ത വാർത്ത. ആ മാർച്ചിനെ പോലീസ് അന്യായമായി തടഞ്ഞു. നിയമപ്രകാരം ജനാധിപത്യ വ്യവസ്ഥിതിയിൽ സമരം ചെയ്യാനുള്ള അവകാശം മാർക്സിസ്റ്റ് പാർട്ടി അത് നിഷേധിക്കുമോ ? ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും ജനകീയ സമരങ്ങളിലൂടെ വളർന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്ന നിങ്ങളുടെ പാർട്ടി ഇപ്പോൾ ജനകീയ സമരങ്ങളോടുള്ള നിങ്ങളുടെ സമീപനം എന്താണ് ? അടിച്ചമർത്തുന്നു. അതല്ലേ ? തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിലേയ്ക്ക് പോയ ജാഥ പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ നടന്നുനീങ്ങിയ മാർച്ചിനെ ബലം പ്രയോഗിച്ച് പോലീസ് നിഷ്ഠൂരമായി മർദ്ദിച്ചു. അതിന് ഉത്തരം നൽകിയിരിക്കുന്നത് എന്താണെന്നോ, ഈ നിയമസഭയിൽ അങ്ങയുടെ സുഹൃത്തുക്കളായ നാലുപേർ ശ്രീ. ടി.എം. ജേക്കബ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ.സി. വേണുഗോപാൽ പിന്നെ ഞാൻ. ഞങ്ങൾക്ക് നാലുപേർക്ക് പരിക്കുപറ്റി. അതിനിഷ്ഠൂരമായി പോലീസ് മർദ്ദിച്ചു. എന്റെ കാലിൽ ബൂട്ടിട്ട് സർക്കിൾ ഇൻസ്പെക്ടർ ചവിട്ടി. നഖം പൊട്ടി ചോര ഒഴുകി. പ്രതിപക്ഷനേതാവ് ചോര ഒഴുകുന്നത് കണ്ടപ്പോൾ എന്നോട് പറഞ്ഞു എത്രയും പെട്ടെന്ന് ആശുപത്രിയിൽ പൊയ്ക്കോ ഇനി ഇവിടെ നിൽക്കണ്ടയെന്ന്. ഞാൻ ആളുകളെ ശാന്തരാക്കാൻ നിൽക്കുകയായിരുന്നു. ഇതിന് മറുപടി എന്താണെന്ന് അറിയാമോ യു.ഡി.എഫ്. പ്രവർത്തകർ തള്ളിക്കയറാൻ ശ്രമിക്കുകയും തുടർന്ന് ഉന്തും തള്ളുമുണ്ടാകുകയും ചെയ്തു. ഇതിൽപ്പെട്ട് ശ്രീ. ടി.എം. ജേക്കബ് എം.എൽ.എ.യ്ക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടാകുകയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. പിന്നെ ജോണി നെല്ലൂർ എം.എൽ.എ.യുടെ വലതുകാലിലെ പെരുവിരലിന് ചതവ് പറ്റിയതായും അറിവായിട്ടുണ്ട്. മറ്റ് രണ്ട് എം.എൽ.എ.മാരുടെ കാര്യം വെളിപ്പെടുത്തിയിട്ടില്ല. എന്താണ് സർ, ഈ നിയമസഭയിലെ ഒരു എം.എൽ.എ. ശ്വാസം കിട്ടാതെ മരണത്തിലേയ്ക്ക് നീങ്ങുന്നത് കണ്ടവരാണ് ഞങ്ങൾ. നീലനിറത്തിൽ അദ്ദേഹത്തിന്റെ കണ്ണുകൾ മറഞ്ഞ് അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചപ്പോൾ ഓക്സിജൻ കൊടുത്ത് രണ്ട് മണിക്കൂർ ഇന്റൻസീവ് കെയർ യൂണിറ്റിൽ പ്രവേശിപ്പിച്ചു. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പി.സി. ജോർജ് ഒരു കടലാസ്സുകൊണ്ടുവന്ന് വായിച്ചല്ലോ ? പി.സി. ജോർജിന് ആത്മാർത്ഥതയുണ്ടെങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ ബാഹുലേയനെ ചെന്നുകാണണം. ഡോക്ടറോട് ചോദിക്കണം ദേഹാസ്വാസ്ഥ്യമായിരുന്നോ പോലീസിന്റെ മർദ്ദനമായിരുന്നോയെന്ന്. ജനനേതാക്കൻമാരെ അടിച്ചമർത്തിക്കൊണ്ട് ജനകീയ സമരങ്ങൾ അടിച്ചമർത്തിക്കൊണ്ട് ഞങ്ങൾ ചെയ്യുന്നത് നടപ്പാക്കും. ഇത് ആരുടെ നയമാണ്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയമാണോ ? കണ്ണൂർ നയം നടപ്പാക്കുന്നു ; അതല്ലേ ? കോടതി ഉത്തരവുകൾ ലംഘിക്കുന്നു, കോളേജുകൾ പിടിച്ചെടുക്കും. ഞങ്ങളെ ധിക്കരിച്ചാൽ ഞങ്ങൾ അടിക്കും. ശ്രീ. പിണറായി വിജയന്റെ സ്വരം അതല്ലേ. ഞങ്ങളെ എതിർത്താൽ ഞങ്ങളുടെ ഗവൺമെന്റിന്റെ ചെയ്തികളെ എതിർത്താൽ ഞങ്ങൾ അടിക്കും. അത് ധിക്കാരമല്ലേ? അഹങ്കാരം മൂത്ത് ജനനേതാക്കൻമാരെ അടിച്ചൊതുക്കിക്കൊണ്ട് മുന്നോട്ട് പോകുന്ന നയമാണ്. കേരളത്തിലെ ജനങ്ങൾ ബസ്സിൽ യാത്രചെയ്യുമ്പോൾ, ട്രെയിനിൽ യാത്രചെയ്യുമ്പോൾ നാല്ക്കവലയിൽ ചെല്ലുമ്പോൾ ഈ കേരളത്തിലെ ഗവൺമെന്റിനെക്കുറിച്ച് നല്ലതുപറയുന്ന ഒരാളെപ്പോലും കണ്ടിട്ടില്ല. സി.ഐ.റ്റി.യു.വിന് മുദ്രാവാക്യം വിളിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മുദ്രാവാക്യം വിളിച്ച് ഈ പാർട്ടി അധികാരത്തിലെത്താൻ ആഗ്രഹിച്ചവർ പോലും പറയുന്നത് ഇതൊന്ന് അവസാനിച്ചു കിട്ടിയാൽ മതിയായിരുന്നുവെന്നാണ്. എന്നിട്ടും പറയുന്നു ക്രമസമാധാന നില ഭദ്രമെന്ന്. ഇവിടെ ആർക്കാണ് രക്ഷയുള്ളത്. ഇങ്ങനെ സമസ്ത മേഖലകളും മുരടിച്ചു മദ്യരാജാക്കൻമാരുടെ പിടിയിൽ അമർന്നിരിക്കുന്ന ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്ന നയമില്ലാത്ത നയപ്രഖ്യാപനം നടത്തിയത് കേരളത്തെ സ്നേഹിക്കുന്ന ഒരു വ്യക്തിയെന്നുള്ള നിലയിൽ ഇതിനെ പിൻതാങ്ങാൻ സാധിക്കാത്തതുകൊണ്ട് ഞാൻ ഇവിടെ ഇതിനെ എതിർക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഈ നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ശ്രീ. പി.പി. തങ്കച്ചനും ശ്രീ. ജോണി നെല്ലൂരും ഞാൻ മന്ത്രിസഭയിൽ നിന്ന് രാജിവെച്ചുകൊണ്ട് നടത്തിയ പ്രസ്താവനയെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന നിലയിൽ ഇവിടെ പരാമർശിക്കുകയുണ്ടായി. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് എന്റെ രാജികത്ത് നൽകിക്കൊണ്ട്, അത് ഉള്ളടക്കം ചെയ്തുകൊണ്ടെഴുതിയ കത്ത് അതിന്റെ പൂർണ്ണ രൂപത്തിൽ പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. അതിൽ പറയുകയോ പരാമർശിക്കുകയോ ചെയ്യാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പരാമർശനമുണ്ടായതിൽ ഞാൻ ഖേദിക്കുന്നു. ഏതായാലും അതുമായി ബന്ധപ്പെട്ട പ്രശ്നത്തെക്കുറിച്ച് എന്റെ പാർട്ടിയുടെ അഭ്യർത്ഥനപ്രകാരം ഗവൺമെന്റ് ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ചെയ്തിരിക്കുന്നത് കൊണ്ട് അതിന്റെ മറ്റുവശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ പാർട്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരു അവിഭാജ്യ ഘടകമാണ്. അതിൽ അഭിവന്ദ്യനായ പി.ആർ. കുറുപ്പ് മന്ത്രിയായിരിക്കുന്നോ, ഞാൻ മന്ത്രിയായിരിക്കുന്നോ, ശ്രീ. സി.കെ. നാണു മന്ത്രിയായിരിക്കുന്നോയെന്നുള്ളത് ഒരു ചെറിയ കാര്യമാണ്. അതിനെക്കാളും വലിയ വലിയ പ്രശ്നങ്ങളാണ് ഇൻഡ്യാ മഹാരാജ്യം നേരിട്ടുകൊണ്ടിരിക്കുന്നത്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തുടക്കത്തിൽ പറയുന്നു, സാമ്രാജ്യത്വത്തിന്റെ തകർച്ചയോടൊപ്പംതന്നെ നമ്മുടെ റിപ്പബ്ലിക്കിന്റെ രൂപീകരണത്തിനും.....അത് കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന ഒരു വലിയ സംഭവമാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിന്ന് തിരിഞ്ഞ് നോക്കുമ്പോൾ ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അടിസ്ഥാന സ്തംഭങ്ങൾ എന്താണ് ? എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി. ജുഡീഷ്യറിക്കും എക്സിക്യൂട്ടീവിനും ലെജിസ്ലേച്ചറിനും ഇൻഡ്യൻ ഭരണഘടനയിൽ പ്രത്യേകം പ്രത്യേകം അധികാരങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്ന് മറ്റൊന്നിന്റെ അധികാരത്തിലേയ്ക്കു കടന്നുകയറുന്നത് ശരിയല്ല. 50 വർഷങ്ങൾ പിന്നിട്ട ഇൻഡ്യൻ റിപ്പബ്ലിക്കിൽ ഈ സഭയായാലും മറ്റേതെങ്കിലും നിയമസഭയായാലും പാർലമെന്റായാലും ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇന്നലെകളെ വിലയിരുത്തുമ്പോൾ അടിസ്ഥാനപരമായ ഈ ഭരണഘടനാ ഘടകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തേണ്ട സമയം ആയിരിക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. *** ഉദ്യോഗ സംവരണത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 16(4)-ൽ പറഞ്ഞിട്ടുള്ളത് യൂണിയൻ ഗവൺമെന്റ് സർവീസിലും സംസ്ഥാന സർവീസുകളിലും മതിയാവോളം പ്രാതിനിധ്യം ഇല്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്നാണ്. അതാണ് ഭരണഘടനാ വ്യവസ്ഥ. ആ ഭരണഘടനാ വ്യവസ്ഥ നിലനിൽക്കുന്നിടത്തോളംകാലം, ആ ഭരണഘടനാ വ്യവസ്ഥയനുസരിച്ച് സംവരണം അനുഭവിച്ചു പോരുന്ന പിന്നോക്ക വിഭാഗങ്ങളിൽ ഏതെങ്കിലും ഒരു വിഭാഗത്തെ സംവരണാനുകൂല്യത്തിൽനിന്നും മാറ്റണമെങ്കിൽ ആ വിഭാഗത്തിന് മതിയായ പ്രാതിനിധ്യം യൂണിയൻ സർവീസിലോ സംസ്ഥാന സർവീസിലോ കിട്ടിയിരിക്കണമെന്നുള്ളത് വ്യക്തമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പിന്നോക്ക സമുദായത്തിന് സംസ്ഥാന സർവീസിൽ അങ്ങനെ മതിയായ പ്രാതിനിധ്യം കിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. മാത്രവുമല്ല കേരള നിയമസഭയുടെ പിന്നോക്കസമുദായക്ഷേമ സമിതി നടത്തിയ പഠനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യം കേരള സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കിട്ടിയിട്ടില്ലായെന്ന് വ്യക്തമാക്കുകയും അത് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് ശുപാർശ ചെയ്യുകയും ചെയ്തിരിക്കുകയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 16(4) അനുസരിച്ച് കേരളത്തിലെ ഒരൊറ്റ പിന്നോക്ക വിഭാഗത്തിനും സംസ്ഥാന സർവീസിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. യൂണിയൻ സർവീസിനെ സംബന്ധിച്ചിടത്തോളം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് അടുത്ത കാലത്ത് നടപ്പിലാക്കി തുടങ്ങിയതേയുള്ളൂ. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് 1991 നവംബർ 16-ാം തീയതിയിലെയും 1999 ഡിസംബർ 13-ാം തീയതിയിലെയും സുപ്രീം കോടതി വിധികളെ കാണേണ്ടത്. സംവരണത്തെ സംബന്ധിച്ചും ക്രീമിലെയർ സംബന്ധിച്ചും സുപ്രീം കോടതി വിധികൾ അവസാന വാക്കാണ് എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് അവസാന വാക്കല്ലായെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 16(4)-ൽ പറയുന്നത്, സംവരണം ബാക്ക് വേഡ് ക്ലാസ്സസ്സിന് നൽകണമെന്നാണ്. ബാക്ക് വേഡ് Persons-നു നൽകണമെന്നല്ല. അതുകൊണ്ട്

*** സഭാദ്ധ്യക്ഷന്റെ 22-2-2000-ത്തിലെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ബാക്ക് വേഡ് ക്ലാസ്സിൽപ്പെട്ട ഏതെങ്കിലും വ്യക്തികളെ ക്രീമിലെയറിന്റെ മുദ്രകുത്തി സംവരണ ആനുകൂല്യത്തിൽനിന്നും ഒഴിവാക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. *** ഇതു മാത്രമല്ല ആരാണ് പിന്നോക്ക സമുദായങ്ങൾ എന്ന് തീരുമാനിക്കണം. ഇവിടെ ആരോ നേരത്തെ ഡോ. അംബേദ്ക്കറെ കൂട്ട് ചെയ്തല്ലോ. ഡോ. അംബേദ്കർ വളരെ വ്യക്തമായി ഭരണഘടന നിർമ്മാണ സമിതിയിൽ പറഞ്ഞിട്ടുണ്ട്. "As I said, the Drafting Committee had to produce a formula which would reconcile these three points of view, firstly that there shall be equality of opportunity; secondly that there shall be reservations in favour of certain communities which have not so far had a "proper look-in" so to say into the administration.....somebody asked me: What is a backward community? Well, I think any one reading the language of the draft itself will find that we have left it to be determined by each local government. A backward community is a community which is backward in the opinion of the Government." അതാതു പ്രാദേശിക സർക്കാരുകളുടെ തീരുമാനം അനുസരിച്ച് പിന്നോക്ക സമുദായങ്ങൾ ആരാണ് എന്ന് നിശ്ചയിക്കണമെന്ന് ഭരണഘടനാ ശില്പിയായി അറിയപ്പെടുന്ന ഡോ. അംബേദ്കർ പറയുമ്പോൾ സുപ്രീം കോടതിയിൽ ചില ആളുകൾ ക്രീമിലെയറാണ്. ഒഴിവാക്കണമെന്ന് പറയുന്നത് ഭരണഘടനാ തത്വങ്ങൾക്ക് നിരക്കാത്തതാണ്. സുപ്രീം കോടതി കാലാകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സംവരണ സമുദായങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കും ദ്രോഹകരമായ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഞാൻ വായിക്കാം. Reservation is not permissible on the basis of caste alone. കൂടെക്കൂടെ നിർദ്ദോഷകരമായ പരാമർശങ്ങൾ നടത്തിപ്പോരുകയാണ്. പിന്നൊരിക്കൽ പറയുകയുണ്ടായി: Reservation may be made on grounds of caste along with other factors. പിന്നൊരിക്കൽ സുപ്രീം കോടതി പറഞ്ഞു ; A State Government may or may not make reservation. പിന്നീടൊരിക്കൽ പറഞ്ഞു: If a State Government makes reservation in excess of 50 percent excess is unconstitutional. ഭരണഘടനയിൽ ഒരിടത്തും 50 ശതമാനം റിസർവേഷനേ പാടുള്ളുവെന്ന് പറഞ്ഞിട്ടില്ല. സുപ്രീം കോടതി ഒരിക്കൽ ഇങ്ങനെ പറഞ്ഞുവിട്ടിരിക്കുകയാണ്. Reservation on the basis of economic consideration is permissible. സുപ്രീം കോടതി മറ്റൊരവസരത്തിൽ ഇങ്ങനെ പറയുകയുണ്ടായി : Reservation is not a fundamental Right. പിന്നീടൊരിക്കൽ പറഞ്ഞു: No reservation for OBCs after 2000. പിന്നീടൊരിക്കൽ സുപ്രീം കോടതി ഇപ്രകാരം പറഞ്ഞു : Even for SC/ST economic criterion is a must after the year 2000. ***നമ്മുടെ ഭരണഘടന അനുസരിച്ച് ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിന്റേയും ലെജിസ്ലേച്ചറിന്റേയും തലവൻ എന്നു പറയുന്നത് രാഷ്ട്രപതിയാണ്. ഭരണഘടന സംരക്ഷിക്കേണ്ട ചുമതല അദ്ദേഹത്തിനാണ്. ***അതിനുവേണ്ടി സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് വീണ്ടും കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്ന് ആവശ്യപ്പെടാൻ രാഷ്ട്രപതിക്ക് അർഹതയുണ്ട് അവകാശമുണ്ട്. ആ അവകാശം രാഷ്ട്രപതി ഉപയോഗിക്കണമെന്നാണ് ഞങ്ങൾ

*** സഭാദ്ധ്യക്ഷന്റെ 22-2-2000-ത്തിലെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രപതിയോട് ആവശ്യപ്പെടുന്നത്. അതുപോലെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. സാമ്രാജ്യത്വത്തിന്റെ തകർച്ച. തകർന്ന സാമ്രാജ്യത്വം വീണ്ടും പുതിയ രൂപത്തിൽ, പുതിയ ഭാവത്തിൽ, ജൈവ സാങ്കേതിക വിദ്യയുടെ രൂപത്തിൽ, ബഹുരാഷ്ട്രകുത്തക കമ്പനികളുടെ രൂപത്തിൽ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് അറുപതിൽപ്പരം രാജ്യങ്ങളെ തകർത്ത് തരിപ്പണമാക്കിയ ആഗോളവത്ക്കരണമാണ് ഇന്നാട്ടിലും സമസ്ത മേഖലകളിലും നടത്തികൊണ്ടിരിക്കുന്നത്. കഴിഞ്ഞ എട്ടു വർഷങ്ങൾക്കുള്ളിൽ ഒൻപത് ദശലക്ഷം ആളുകൾ പുതിയ നയങ്ങളുടെ ഭാഗമായി ദാരിദ്ര്യരേഖയുടെ അടിത്തട്ടിലേയ്ക്കു നീക്കപ്പെടുകയുണ്ടായിട്ടുണ്ട്. പൊതുമേഖലകളിൽ മാത്രം പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി ഏതാണ്ട് രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര മൂലധന താല്പര്യങ്ങൾക്ക് അനുസൃതമായി രാജ്യത്തെ നിയമങ്ങൾ സത്വരമായി മാറ്റി എഴുതപ്പെട്ടുകൊണ്ടിരിക്കുന്നു. അമേരിക്കൻ പ്രസിഡന്റ് ക്ലിന്റന്റെ ഇന്ത്യൻ സന്ദർശനത്തോടെ സാമ്രാജ്യത്വ നയങ്ങൾക്ക് ഇന്ത്യ പൂർണ്ണമായും അടിയറ വയ്ക്കാൻ പോകുകയാണ്. ഇതിനെതിരെ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് ഒന്നും മിണ്ടുന്നില്ല. അതാണ് പരാതി. ഡിസംബർ അവസാനവാരം അമേരിക്കയുമായി ഒപ്പുവച്ച വ്യാപാര കരാർ അനുസരിച്ച് 1429 ഉല്പന്നങ്ങളുടെ മേൽ ഇറക്കുമതി നിയന്ത്രണം ഒഴിവാക്കും. ഈ കരാർ അനുസരിച്ച് 716 ഉല്പന്നങ്ങളുടെ മേൽ നിലനിൽക്കുന്ന ഇറക്കുമതി നിയന്ത്രണങ്ങൾ ഈ വർഷം ഏപ്രിലിലും 715 ഉല്പന്നങ്ങൾക്കുള്ള നിയന്ത്രണം 2001 ഏപ്രിലിലും അവസാനിപ്പിക്കാൻ പോകുകയാണ്. രാജ്യത്ത് ഭക്ഷ്യ സ്വയംപര്യാപ്തത സൃഷ്ടിച്ച കോടിക്കണക്കിന് കൃഷിക്കാരെ മുതലാളിത്ത രാജ്യങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ദുരിതത്തിലേയ്ക്ക് വലിച്ചെറിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് ഒന്നും ചെയ്യാൻ ഇന്ത്യാ മഹാരാജ്യം ഭരിക്കുന്ന ബി.ജെ.പി. മുന്നണി ഗവൺമെന്റ് തയാറാകുന്നില്ല. ജനതാദൾ നേതൃത്വം നല്കിയ ദേശീയ മുന്നണി ഭരിച്ചുകൊണ്ടിരുന്ന കാലത്ത് പതിനായിരം രൂപവരെയുള്ള കാർഷിക കടം എഴുതിത്തള്ളാനുള്ള നടപടിയെങ്കിലും സ്വീകരിച്ചു. അങ്ങനെയൊന്ന് ചെയ്യണമെന്ന് ആവശ്യപ്പെടാൻ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് തയാറാകുന്നുപോലുമില്ല. പൊതുമേഖലയുടെ ലക്ഷക്കണക്കിന് കോടി രൂപയുടെ ആസ്തിയിൽ കണ്ണുവച്ചുകൊണ്ട് ആഗോള മൂലധനം നടത്തിയ നീക്കങ്ങൾക്ക് മുന്നിലും ഗവൺമെന്റ് പരിപൂർണ്ണമായും വഴങ്ങിക്കൊടുത്തുകൊണ്ടിരിക്കുന്നു. തന്ത്രപ്രധാനമായ പൊതുമേഖലാസ്ഥാപനങ്ങൾ പോലും സ്വകാര്യമുതലാളിമാർക്കും ബഹുരാഷ്ട്ര കുത്തകകാർക്കും എറിഞ്ഞുകൊടുക്കുന്ന സമീപനമാണ് കോൺഗ്രസ്സിന്റെ പിൻതുണയോടുകൂടി കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഇൻഡ്യയുടെ ആഭ്യന്തര വിമാനസർവ്വീസായ ഇൻഡ്യൻ എയർലൈൻസിന്റെ 51 ശതമാനം ഓഹരികൾ വിൽക്കുന്നതിന് തീരുമാനമായിക്കഴിഞ്ഞു. ബാക്കി 49 ശതമാനം അടുത്ത ആറുമാസത്തിനുള്ളിൽ കൈമാറുമെന്നാണ് കേൾക്കുന്നത്. മദ്രാസ്, ബോംബെ, കൽക്കട്ട, ഡൽഹി തുടങ്ങിയ വിമാനത്താവളങ്ങൾ പാട്ടത്തിന് കൊടുക്കുന്നതിനു പുറമേയാണിത്. അതുപോലെ തന്നെ നമ്മുടെ പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും അതിന്റെ ഓഹരികൾ ബഹുരാഷ്ട്ര കുത്തക കമ്പനിക്കാർക്കു വിറ്റുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തിലെ ആസ്തി മൊത്തം പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സിന്റെ ഒത്താശയോടുകൂടി ബി.ജെ.പി. വിറ്റുകൊണ്ടിരിക്കുന്നു. അതിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാനാണ് ഇപ്പോൾ ഈ ഭരണഘടനാ ഭേദഗതി പ്രശ്നങ്ങൾ എല്ലാം. പൊതിക്കാത്ത തേങ്ങ. എല്ലാവരും അതിൽകിടന്ന് കടിച്ചോടെ. ഈ രാജ്യത്തെ മൊത്തം വിറ്റുകൊണ്ടിരിക്കുന്നു. ജനദ്രോഹകരമായ, രാജ്യദ്രോഹകരമായ സാമ്പത്തിക നയങ്ങൾ, അപമാനകരമായ പ്രവർത്തനങ്ങൾ.....വിമാനം റാഞ്ചിക്കൊണ്ടു പോയി. ഇൻഡ്യയ്ക്കകത്ത് വച്ചു തന്നെ അത് തടഞ്ഞു നിർത്താമായിരുന്നു. അത് ചെയ്തില്ല. എന്നിട്ട് ഇവിടെ അവർ ആവശ്യപ്പെട്ടതനുസരിച്ച് വിദേശകാര്യമന്ത്രി നമ്മുടെ തടവിലായിരുന്ന ഭീകരരെ അവിടെക്കൊണ്ടു ചെന്ന് അവരുടെ മുമ്പിലിറക്കിക്കൊടുത്തു. ഇങ്ങനെ അപമാനകരമായ പ്രവർത്തനങ്ങളിൽ നിന്നും രാജ്യദ്രോഹകരമായ പ്രവർത്തനങ്ങളിൽ നിന്നും ജനശ്രദ്ധതിരിച്ച് മറ്റ് കാര്യങ്ങളൊക്കെ മറച്ചു വയ്ക്കാനാണ് പ്രധാനമായും ഭരണഘടനാ ഭേദഗതി എന്ന പ്രശ്നം എടുത്തിട്ടുള്ളത്. ഈ അപകടത്തിൽ ചെന്ന് ചാടരുതേയെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ എസ്.എൻ. കോളേജ് പ്രശ്നം പറഞ്ഞു. ശ്രീ. എ.കെ. ആന്റണി പഴയ കെ.എസ്.യു നേതാവാണ്. കാർത്തികേയൻ പഴയ കെ.എസ്.യു. നേതാവാണ്. ഞാനും പഴയ ഒരു വിദ്യാർത്ഥി നേതാവാണ്. പഴയ വിദ്യാർത്ഥി നേതാക്കൾ പലരും ഇവിടെയുണ്ട്. ഈ എസ്.എൻ. കോളേജ് പ്രശ്നം കൈകാര്യം ചെയ്തതുപോലെ ഒരു സാമൂദായിക പ്രശ്നമായി ഏതെങ്കിലും കാലഘട്ടത്തിൽ ഏതെങ്കിലും കോളേജിലെ വിദ്യാർത്ഥികളുടേയോ വിദ്യാർത്ഥി സംഘടനകളുടേയോ പ്രശ്നം കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോ? മഹാനായ എം.പി. മൻമദൻ മഹാത്മാഗാന്ധി കോളേജ് പ്രിൻസിപ്പാൾ ആയിരുന്നു. ഞാൻ മഹാനെന്നു അദ്ദേഹത്തെ വിളിക്കുന്നത് അടിയന്തിരാവസ്ഥയ്ക്കെതിരെ പോലും അദ്ദേഹം പോരാടിയത് കൊണ്ടാണ്. അന്ന് ഒരു വിദ്യാർത്ഥി സമരം ഉണ്ടായപ്പോൾ, അവസാനം അദ്ദേഹത്തിന് യോജിക്കാത്ത ഒരു ഒത്തുതീർപ്പ് ഉണ്ടായപ്പോൾ അദ്ദേഹം പ്രിൻസിപ്പാൾ സ്ഥാനം രാജിവച്ച് ഇറങ്ങിപ്പോയി. പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുത്തു. എൻ.എസ്.എസിന് എതിരായ സമരമാണെന്നു അന്ന് ആരും പറഞ്ഞില്ല. എത്രയെത്ര വിദ്യാർത്ഥി സമരങ്ങൾക്കു നമ്മൾ ഒരുമിച്ചു പ്രവർത്തിച്ചിട്ടുണ്ട്. നേതൃത്വം കൊടുത്തിട്ടുണ്ട്. 1972-ൽ ഡയറക്ട് പേമെന്റ് വന്നപ്പോൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ പ്രകമ്പനം കൊള്ളിച്ച എത്രയെത്ര സമരങ്ങൾ ഉണ്ടായിട്ടുണ്ട് ? അന്നൊക്കെ ആവശ്യത്തിൽ കവിഞ്ഞ സാമുദായിക നിറം കൊടുക്കാൻ ആരെങ്കിലും തയ്യാറായിട്ടുണ്ടോ? അപകടമായ രീതിയിൽ ചില ആളുകൾ ഈ എസ്.എൻ. കോളേജ് പ്രശ്നം കൈകാര്യം ചെയ്തു. അത് ശരിയല്ലയെന്നാണ് എന്റെ അഭിപ്രായം. അത് കേവലം വിദ്യാർത്ഥികൾ, വിദ്യാർത്ഥി സംഘടനകൾ, പ്രിൻസിപ്പാൾ സ്റ്റാഫ് കൗൺസിൽ അവയിൽ ഒതുക്കി നിർത്തി കൈകാര്യം ചെയ്യേണ്ട പ്രശ്നമായിരുന്നു. അങ്ങനെ കൈകാര്യം ചെയ്യപ്പെടാതെ പോയതിൽ ഖേദമുണ്ട്. ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ തകർത്ത കാര്യം ഇവിടെ പറഞ്ഞു. ഇവിടെ പലരും പോയി കണ്ണീർ ഒഴുക്കിയെന്നു പറയുകയുണ്ടായി. ഞാൻ പോകാത്ത ഒരാളാണ്. കാരണം

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമകൾ തകർത്തതുകൊണ്ട് ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങൾക്ക് ഒന്നും സംഭവിക്കുമെന്നു ഞാൻ കരുതുന്നില്ല. കാലഘട്ടങ്ങളെ, നൂറ്റാണ്ടുകളെ അതിജീവിക്കാൻ കഴിയുന്ന, വരാൻ പോകുന്ന ഈ നൂറ്റാണ്ടിലെ, ഈ സഹസ്രാബ്ദത്തിലെ കേരളത്തിലും ഇൻഡ്യയിലും നടക്കാൻ പോകുന്ന സാമൂഹിക നവോത്ഥാനത്തിന്റെ സാംസ്ക്കാരിക വിപ്ലവത്തിന്റെ ശക്തിസ്രോതസ്സായി ശ്രീനാരായണ ദർശനങ്ങൾ നിലകൊള്ളുമെന്നു ഞാൻ കരുതുന്നു. രാഷ്ട്രീയമായി ഗൂഢോദ്ദേശത്തോടുകൂടി ശ്രീനാരായണ പ്രതിമകൾ തകർത്താൽ അത് സംഘപരിവാർ ആയാലും ബി.ജെ.പി. ആയാലും വിശ്വഹിന്ദുപരിഷത്ത് ആയാലും അവരുടെ വാടക ഗുണ്ടകളായാലും ശ്രീനാരായണ ദർശനങ്ങൾക്ക് ഒരു ചുക്കും സംഭവിക്കാൻ പോകുന്നില്ല. ശിവഗിരിയിൽ അന്നു ശ്രമിച്ചല്ലോ ശ്രീനാരായണ ദർശനത്തിന് എന്തെങ്കിലും സംഭവിച്ചോ ? ഒന്നും സംഭവിച്ചില്ല. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. വർഗ്ഗീയ ഫാസിസം അതിന്റെ എല്ലാ അർത്ഥത്തിലും പത്തിവിടർത്തി ആടുകയാണ്. അതിനെ നേരിടാൻ കോൺഗ്രസ്സിനു കഴിയുന്നില്ല, കഴിയുകയില്ല. കോൺഗ്രസ്സിനു കഴിയുമെന്ന തെറ്റിദ്ധാരണ ചില ആളുകൾക്കു ഉണ്ടായിരുന്നു. കോൺഗ്രസ്സിന് കഴിയാത്തതെന്താണ് ? ആന്റണിയുടേയോ കാർത്തികേയന്റേയോ കുഴപ്പം കൊണ്ടല്ല. നിങ്ങൾ ഇപ്പോഴും കുടുംബാധിപത്യത്തിന്റെ വംശാധിപത്യത്തിന്റെ ഹാങ്ങ്ഓവറിൽ നിന്നും മോചിതരായിട്ടില്ല. അതിൽ കുടുങ്ങിക്കിടക്കുന്നത് കൊണ്ടാണ് നിങ്ങൾക്ക് ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയാത്തത്. കോൺഗ്രസ്സിതര ബി.ജെ.പി.യിതര രാഷ്ട്രീയ ശക്തികളുടെ മുന്നേറ്റത്തിന് മാത്രമേ ഈ രാജ്യത്ത് അടിസ്ഥാന വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ, തൊഴിലാളികളുടെ പ്രശ്നങ്ങൾ കൃഷിക്കാരുടെ പ്രശ്നങ്ങൾ, ദളിതരുടെ പ്രശ്നങ്ങൾ, പിന്നോക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ഇവയൊക്കെ കൈകാര്യം ചെയ്യാൻ കഴിയുകയുള്ളു എന്നുള്ളത് ഒരു അടിസ്ഥാന രാഷ്ട്രീയ സത്യമാണ്. ചെറിയ ചെറിയ കാര്യങ്ങളെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ, വിശാലമായ ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ രാഷ്ട്രീയത്തെ കാണുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്നുള്ള നിലയിലാണ് ഞങ്ങളുടെ പ്രസ്ഥാനം ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അഭേദ്യഘടകമായി നിൽക്കുന്നത്. അല്ലാതെ കൊല്ലത്ത് എന്തു സംഭവിച്ചു ? കണ്ണൂരിൽ എന്തു സംഭവിച്ചു? ഞങ്ങളുടെ പ്രവർത്തകരെ ആരെങ്കിലും ചീണ്ടിയോ ? തിരിച്ചു ചീണ്ടിയോ ? പോലീസ് ആരെയെങ്കിലും നോക്കിയോ ? അങ്ങനെയുള്ള അടിസ്ഥാനത്തിൽ അല്ല ഞങ്ങൾ കേരള രാഷ്ട്രീയത്തെ കാണുന്നത്. ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലാണ്. ആ വിശാലമായ ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ രാഷ്ട്രീയത്തെ കാണുമ്പോൾ വ്യക്തികൾ പ്രശ്നമല്ല. വ്യക്തികൾക്കുണ്ടാകുന്ന ജയാപജയങ്ങളും പ്രശ്നമല്ല. പ്രസ്ഥാനമാണ് പ്രശ്നം. 1936-ൽ മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 'Wither India' എന്ന ലേഖനത്തിൽ പറഞ്ഞു. "Leaders and individuals may come and go. They may get tired and sclaken off. They may compromise and betray. But the working class should carry on their struggle for their drill sergeant is hunger." നേതാക്കളും വ്യക്തികളും

LIBRARY ARCHIVES Kerala Legislative Assembly

വരുകയും പോവുകയും ചെയ്യും. ക്ഷീണിച്ച് അവശരായി അവർ പ്രവർത്തനം അവസാനിപ്പിച്ചുവെന്നു വന്നേക്കാം. ഏത് ലക്ഷ്യത്തിനു വേണ്ടിയാണ് പ്രവർത്തിക്കുന്നത് ആ ലക്ഷ്യത്തെ മറന്ന് ലക്ഷ്യത്തിന്റെ ശത്രുക്കളുമായി ഒരു ഒത്തുതീർപ്പ് ഉണ്ടാക്കിയെന്ന് വന്നേക്കാം. അതുകൊണ്ട് ഒന്നും മടിക്കാതെ യഥാർത്ഥ അടിസ്ഥാന വർഗ്ഗം പട്ടിണി മാറ്റാനുള്ള തങ്ങളുടെ സമരവുമായി മുന്നോട്ടു പോകണമെന്ന് 1936-ൽ ഇൻഡ്യൻ യുവാക്കളുടെ ആരാധനാ പാത്രമായിരുന്ന ഇൻഡ്യൻ യുവാക്കളെ സോഷ്യലിസത്തെക്കുറിച്ച് പഠിപ്പിക്കാൻ ശ്രമിച്ച പ്രധാനമന്ത്രി അല്ലായിരുന്ന പണ്ഡിറ്റ് നെഹ്റു 1936-ൽ പറഞ്ഞതാണ്. അതുകൊണ്ട് വ്യക്തികൾക്ക് അവരുടെ ചെയ്തികൾക്ക്, അവരുടെ പ്രവർത്തനങ്ങൾക്ക് എവിടെയെങ്കിലും പാകപ്പിഴകളും പോരായ്മകളും സംഭവിച്ചിട്ടുണ്ടെങ്കിൽ ആ പോരായ്മകൾ ചരിത്രത്തിൽ തെളിയിക്കപ്പെടേണ്ടതാണ്. ഈ നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിന്നിട്ട വർഷങ്ങളിലെ പ്രധാനപ്പെട്ട നേട്ടങ്ങളുടെ രൂപരേഖയുണ്ട്. ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഈ നയപ്രഖ്യാപനം അവതരിപ്പിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നമ്മുടെ നാട്ടിലെ വിവിധ വിഭാഗങ്ങളിലുള്ള ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ വളരെയേറെ ഊർജ്ജസ്വലമായി മുമ്പോട്ട് പോയിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകളിലൊക്കെ വമ്പിച്ച പുരോഗതിയുണ്ടാക്കുവാൻ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. അതുപോലെ തന്നെ സാമൂഹികമായി അവശതയനുഭവിക്കുന്ന വിഭാഗങ്ങളെ, ക്രമാനുഗതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് വളരെ സമൃദ്ധമായി മുന്നോട്ടുകൊണ്ടു പോകാൻ ഈ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളെല്ലാം കൈവരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിലെ അവശത അനുഭവിക്കുന്ന അടിസ്ഥാന തൊഴിലാളി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജസ്വലമായ ഊന്നൽ നൽകിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിൽതന്നെ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ കാര്യക്ഷമമായ സമന്വയം ഉറപ്പുവരുത്തിക്കൊണ്ട് അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ടി പുതുതായി നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള ലേബർ അതോറിറ്റിയുടെ രൂപീകരണം നമ്മുടെ നാട്ടിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു ചുവടുവയ്പാണ്. മറ്റൊരു കാര്യം വിവിധ തരത്തിലുള്ള തൊഴിലാളികളുടെ, അസംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം വിപുലപ്പെടുത്തുവാൻ വേണ്ടിയുള്ള പരിശ്രമം എന്ന നിലയിൽ ഒരു ലേബർ അക്കാഡമി രൂപീകരിക്കുമെന്ന് നയപ്രഖ്യാപനപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതെല്ലാം നല്ല നല്ല നിർദ്ദേശങ്ങളാണ്. ഇതൊക്കെ ആണെങ്കിലും പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്ന് യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ടുള്ള വിമർശനങ്ങളാണ് ഉയരുന്നത്. അതിൽ ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. എന്തെല്ലാം പ്രവർത്തിച്ച് മുന്നോട്ടു പോയാലും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജനങ്ങൾക്ക് ഫലപ്രദമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നുവരില്ല. കാരണം ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഒരു ചെറിയ സംസ്ഥാനാണ് കേരളം. ആ സംസ്ഥാനങ്ങളിലെ പൊതു പ്രശ്നങ്ങളുമായി, ഇന്ത്യയുടെ പൊതുവളർച്ചയുമായി, വികസനവുമായി തട്ടിച്ചു നോക്കുമ്പോൾ ചിലപ്പോൾ അത് വളരെ അപാരമാണ് എന്ന് തോന്നാൻ കഴിയില്ല. പക്ഷേ, പ്രശ്നം വളരെ ഗൗരവതരമായി പരിശോധിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന തകർന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് വിലക്കയറ്റം മൂർച്ഛിച്ചുകൊണ്ടിരിക്കുന്നു, വ്യാവസായിക മേഖലയിൽ മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക മേഖല കടുത്ത പ്രതിസന്ധിയെ തരണം ചെയ്യുകയാണ്. ഇറക്കുമതി നയങ്ങൾ സൃഷ്ടിക്കുന്ന അപകടങ്ങൾ വേറെ. കാർഷിക സമ്പദ്ഘടന, നമ്മുടെ ദേശീയ സമ്പദ് ഘടന ഇതിനെല്ലാം അപകടം ഏറ്റുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ആരാണ് അത്തരത്തിലുള്ള ഒരു സാഹചര്യം ഉണ്ടാക്കിയിട്ടുള്ളത് ? നമ്മുടെ രാജ്യം ലോകത്തിലെ മറ്റെല്ലാ രാജ്യങ്ങളെക്കാളും അതിവിപുലമായ ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന ഏറ്റവും വലിയ ഒരു രാജ്യമാണ്. ചൈന കഴിഞ്ഞാൽ എത്രയോ കൂടുതൽ ജനസംഖ്യയുള്ള ഒരു രാജ്യമാണ് ഇന്ത്യ. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം 53 വർഷങ്ങൾ നമ്മൾ പിന്നിടുന്നു. എന്നിട്ട് നമ്മുടെ രാജ്യത്തെ ഇന്നത്തെ സ്ഥിതി എന്താണെന്ന് നാം കാണണ്ടേ ? കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ നമ്മുടെ രാഷ്ട്രപതിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ച ഒരു വാചകം ഞാൻ ഓർക്കുകയാണ്. നമ്മുടെ രാജ്യത്തിലെ 50 ശതമാനം ആളുകൾ നുരഞ്ഞുപൊങ്ങുന്ന, പതയുന്ന പാനീയം കുടിക്കുമ്പോൾ 50 ശതമാനം ആളുകൾ ഓടയിലെ അഴുക്കുവെള്ളമാണ് കുടിക്കുന്നത്. നമ്മുടെ രാജ്യത്തുനിന്ന് ദാരിദ്ര്യം തുടച്ചുനീക്കുവാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിൽ സമ്പത്ത് ഓരോ സംസ്ഥാനത്തും എത്രയോ അധികം നിക്ഷേപിച്ചിരിക്കുന്നു. സമുദ്ര സമ്പത്ത്, വനസമ്പത്ത് ഓരോ സംസ്ഥാനത്തുമുള്ള ധാതുക്കളുടെ സമ്പത്ത് ഇതെല്ലാം ഏത് സംസ്ഥാനങ്ങൾ എടുത്ത് പരിശോധിച്ചാലും ഉണ്ട്. നമ്മുടെ സംസ്ഥാനത്തിൽ തന്നെ ചവറയിലെ കറുത്ത മണൽ, ആറ്റം ബോംബുവരെ നിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള വസ്തുക്കൾ, അറബിക്കടലിലെ പെട്രോളിയം ഖനനം ചെയ്ത് എണ്ണരാജ്യങ്ങളെ തോൽപ്പിക്കാൻ പറ്റിയവിധത്തിലുള്ള എണ്ണ സമ്പത്ത് അനുഗ്രഹിക്കപ്പെട്ട നമ്മുടെ രാജ്യത്തിന് ഈ സമ്പദ്ഘടന ഉപയോഗിക്കുവാൻ 1947-നുശേഷം ഇന്നോളം കഴിഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്തിന്റെ ഈ സമ്പദ്ഘടനയുടെ സമസ്ത അവകാശങ്ങളും വിദേശീയ മുതലാളികൾക്ക് വിദേശീയ കൂട്ടുകെട്ടിന്, ദേശീയ മുതലാളിത്തത്തിന് അടിയറ വച്ചുകൊണ്ടുള്ള ഈ സ്ഥിതിവിശേഷം ആരുണ്ടാക്കി? വർഷങ്ങളായി നീണ്ടുനിന്ന കോൺഗ്രസ്സിന്റെ ഭരണത്തിന്റെ ഫലമായിട്ടാണ് അത് സംഭവിച്ചത്. അതുകൊണ്ട് ഞാൻ ചുരുക്കിപ്പറയുന്നത്, വർഷങ്ങളായി തുടർന്നുവന്നിരുന്ന തെറ്റായ സാമ്പത്തിക നയങ്ങൾ, കോൺഗ്രസ്സിന്റെ ഭരണത്തിന്റെ അവസാന നാളുകളിൽ അവർ സ്വീകരിച്ചിട്ടുള്ള കടുത്ത സാമ്പത്തിക നയങ്ങൾ തിരുത്തുവാൻ കോൺഗ്രസ് തയ്യാറാകണം എന്നാണ്. നമ്മുടെ സമ്പദ്ഘടന വിദേശികൾക്ക് അടിയറവയ്ക്കുവാൻ പര്യാപ്തമായ വിധത്തിൽ കോൺഗ്രസ്സിന്റെ അവസാന നാളുകളിൽ സ്വീകരിച്ചിട്ടുള്ള തെറ്റായ സാമ്പത്തിക നയങ്ങളുടെയും

LIBRARY ARCHIVES Kerala Legislative Assembly

സമീപനങ്ങളുടെയും കരാറുകളുടെയും അടിസ്ഥാനത്തിൽ ഇന്ത്യൻസമ്പദ് വൈദേശിക മുതലാളിത്തത്തിന് അടിയറ വച്ചിരിക്കുകയല്ലേ ? അതുകൊണ്ടല്ലേ ഇന്ത്യ ദരിദ്രരാഷ്ട്രമായത്. അതുകൊണ്ടല്ലേ ഇന്ത്യയുടെ സമ്പത്ത് ഇന്ത്യയിലെ ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തത്. അതുകൊണ്ടല്ലേ നമ്മുടെ രാജ്യം ലോകത്തിലെ ഒന്നാമത്തെ ദരിദ്രരാജ്യമായി മാറുന്നു എന്ന് പറയേണ്ടിവരുന്നത് ? അതിന്റെയെല്ലാം തുടക്കം എന്നുപറയുന്നത്, അടിസ്ഥാനപരമായ കാരണം, നീണ്ടുനിന്ന കോൺഗ്രസ്സിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമാണ്. ആദ്യകാലങ്ങളിൽ കോൺഗ്രസ് സ്വീകരിച്ചിട്ടുള്ള നയങ്ങൾ അതിവിപുലമാണ്. സ്വാഗതാർഹമാണ്. അവർ സ്വീകരിച്ചിട്ടുള്ള സമ്മിശ്ര സമ്പദ്ഘടന സ്വകാര്യ സമ്പദ്ഘടന പടുത്തുയർത്തുക, പൊതുമേഖലാ സംരംഭങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ്. എന്നാൽ പൊതുമേഖലയിൽ തന്നെ അനവധി, അനവധി സംരംഭങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിൽ മാത്രമേ നിലനിർത്താവൂ എന്ന് നിഷ്ക്കർഷിക്കുന്ന നെഹ്റു ഗവൺമെന്റിന്റെ തുടക്കത്തിലുള്ള ആ നയങ്ങൾ കോൺഗ്രസ് അന്ത്യവേളയിൽ ഇല്ലാതാക്കി എന്നുമാത്രമല്ല, ആ സമ്മിശ്ര സമ്പദ്ഘടന തകർക്കുകയും സ്വകാര്യ സമ്പദ്ഘടനയ്ക്ക് പ്രാധാന്യം കൊടുക്കുകയും ഒരു പടികൂടി മുന്നോട്ടുപോയിട്ട് പൊതുമേഖലാ സ്ഥാപനങ്ങളും, സംരംഭങ്ങളും സ്വകാര്യ മേഖലയ്ക്കു അടിയറ വയ്ക്കുകയും ചെയ്തുകൊണ്ടുള്ള അതിവിപുലമായ കടുത്ത ഒരു സാമ്പത്തിക നയമാണ് കോൺഗ്രസ് സ്വീകരിച്ചത്. കോൺഗ്രസ് ഇനിയെങ്കിലും അധികാരത്തിൽ നിന്ന് മാറിയപ്പോഴെങ്കിലും വിവിധ സംസ്ഥാനങ്ങളിൽ നിന്ന്, കേന്ദ്രത്തിൽ നിന്ന് നിഷ്ക്കാസിതരായപ്പോൾ എങ്കിലും അവരുടെ തെറ്റായ സാമ്പത്തിക നയങ്ങൾ മാറ്റുവാൻ തയ്യാറുണ്ടോ ഇല്ലയോ എന്നുള്ളത് അതിപ്രധാനമായ ഒരു ചോദ്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ കോൺഗ്രസ് ഇടതുപക്ഷങ്ങളോട് കൂടുതൽ ചായ്വ് കാണിക്കണമെങ്കിൽ, ആ തരത്തിൽ പുരോഗമന പ്രവർത്തനങ്ങളിലേക്ക് കേന്ദ്രീകരിച്ച് തിരിച്ചുപോകണമെങ്കിൽ കോൺഗ്രസ്സിന്റെ തെറ്റായ സാമ്പത്തിക നയങ്ങളിൽ ഒരു തിരുത്തൽ വേണമെന്ന് അവർ അംഗീകരിക്കുന്നുണ്ടോ ? കോൺഗ്രസ്സിന്റെ ആ കടുത്ത സാമ്പത്തിക നയങ്ങൾ പിൻതുടരുന്ന ബി.ജെ.പി. ഗവൺമെന്റ് കോൺഗ്രസ് (ഐ) എവിടെയെല്ലാം പരാജയപ്പെട്ടുവോ, ഭരണത്തിൽ ഇല്ലാതിരുന്നുവോ അവിടെ ബി.ജെ.പി. ഗവൺമെന്റും അവരുടെ വർഗ്ഗീയ കൂട്ടാളികളും അധികാരത്തിൽ വരുന്നുണ്ട്. അതിന്റെ ഫലമായി അവർ ചെയ്ത നടപടികളിൽ കോൺഗ്രസ്സിന്റെ ഒത്താശയും കൂടി അവർക്ക് ലഭിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി ഒന്നുകിൽ കോൺഗ്രസ്, അല്ലെങ്കിൽ ബി.ജെ.പി. സഖ്യം ഇതാണ് വരുന്നത്. കോൺഗ്രസ്സിന് പകരമാണോ ബി.ജെ.പി., അല്ല. ബി.ജെ.പി. മുന്നണിക്ക് ബദലാണോ കോൺഗ്രസ് ഗവൺമെന്റ്, അല്ല. ഇത് രണ്ടും യഥാർത്ഥത്തിൽ പലപ്പോഴും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളെപ്പോലെയാണ്. യാതൊരു വ്യത്യാസവുമില്ല. ഭൂരിപക്ഷ വർഗ്ഗീയതയായാലും ന്യൂനപക്ഷവർഗ്ഗീയതയായാലും അത് വളർത്തുന്ന കാര്യത്തിൽ കോൺഗ്രസ് മോശമായിരുന്നില്ല. അതുകൊണ്ട് അവസരം കിട്ടുമ്പോൾ പുരോഗമന വേഷമണിഞ്ഞ കോൺഗ്രസ് ന്യൂനപക്ഷ വർഗ്ഗീയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുവാൻ പരിശ്രമിച്ചിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, ബാബ്റി മസ്ജിദ്

LIBRARY ARCHIVES Kerala Legislative Assembly

തകർത്തപ്പോൾ കേന്ദ്രത്തിൽ ആരാണ് ഭരണാധികാരികൾ ? ആ ഭരണകൂടത്തെ പിൻതാങ്ങി നിർത്തുന്ന ന്യൂനപക്ഷ സമുദായങ്ങളുടെ പ്രതിനിധികൾ അവർ ആലോചിക്കുന്നുണ്ടോ ; അവർ മറുപടി പറയുന്നുണ്ടോ ? ഈ വർഗ്ഗീയ ന്യൂനപക്ഷ അവകാശങ്ങൾ ചവിട്ടി മെതിക്കുകയും ന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നത് ബി.ജെ.പി. മാത്രമല്ല. ബി.ജെ.പി.യുടെ അപ്രഖ്യാപിത നയവും നടപടിയും സ്വീകരിച്ചിട്ടുള്ളത് കോൺഗ്രസിന്റെ ഭരണവേളയിലാണ് എന്ന് കണ്ടുകഴിഞ്ഞവരാണ് നമ്മൾ. ബാബ്റി മസ്ജിദ് തകർത്തപ്പോൾ ബി.ജെ.പി. അല്ല ഭരണത്തിൽ ഇരുന്നത്. അപ്പോൾ ഞാൻ ചൂണ്ടിക്കാണിക്കുന്നത്, ബി.ജെ.പി. ആയാലും കോൺഗ്രസ് ആയാലും ആ പ്രശ്നങ്ങളിൽ എടുത്തിട്ടുള്ള നിലപാടുകൾ ഒന്നുതന്നെയാണ്. ഇപ്പോഴാണെങ്കിൽ ബി.ജെ.പി.യുടെ ഭരണം കോൺഗ്രസ് തുടങ്ങിവച്ചിട്ടുള്ള തെറ്റായ സാമ്പത്തിക നയങ്ങൾ അതിശക്തമായി പിൻതുടരുന്നു. എൽ.ഐ.സി. നിയമം വന്നപ്പോൾ പാർലമെന്റിൽ നിങ്ങൾ എന്താണ് ചെയ്തത് ? ഞാൻ ചോദിക്കുന്നു, താമര ചിഹ്നത്തിൽ ജയിച്ചിട്ടുള്ള ആളുകൾ കൊണ്ടുവന്നിട്ടുള്ള എൽ.ഐ.സി. നിയമം പാസ്സാക്കുന്നതിനുവേണ്ടിയുള്ള വോട്ടെടുപ്പിൽ ബി.ജെ.പി.യുടെ അംഗങ്ങൾ കൈപൊക്കിയപ്പോൾ സ്വകാര്യവൽക്കരണത്തിന് അനുകൂലമായി ബി.ജെ.പി. വോട്ട് ചെയ്തപ്പോൾ, കേരളത്തിൽ നിന്നല്ല ഇന്ത്യയിൽ നിന്നും ജയിച്ചുപോയിട്ടുള്ള കോൺഗ്രസ് എം.പി.മാർ ആ താമര ചിഹ്നത്തിൽ ജയിച്ചുവന്നവരോടൊപ്പം കൈപ്പത്തിയിൽ ജയിച്ചുവന്നിട്ടുള്ള പ്രതിനിധികളും ഒരുമിച്ചല്ലേ പാർലമെന്റിൽ വോട്ട് ചെയ്തത് ? ഇത് കാണിക്കുന്നത് എന്താണ്. കോൺഗ്രസ്സിന്റെയും ബി.ജെ.പി.യുടെയും സാമ്പത്തിക നയങ്ങളും വർഗ്ഗീയ നയങ്ങളും ഒന്നുതന്നെയാണ് എന്നതാണ്. ഇത് ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഈ രണ്ടു പ്രസ്ഥാനങ്ങളെയും അധികാരത്തിൽ നിന്ന് അകറ്റിനിർത്തിയാലല്ലാതെ നമ്മുടെ രാജ്യം രക്ഷപ്പെടുകയില്ല. ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനങ്ങളുടെ ഒരു മൂന്നാം മുന്നണിക്കുമാത്രമേ ഇന്ത്യയിലെ ജനങ്ങളെ, ഇന്ത്യയെ മുന്നോട്ടു നയിക്കാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ ഇന്ത്യയിൽ ജനാധിപത്യം സംരക്ഷിക്കപ്പെടുകയുള്ളൂ. അപ്പോൾ മാത്രമേ ഇന്ത്യൻ ഭരണഘടന സുസ്ഥിരമായി നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. കോൺഗ്രസ് നടത്തുന്ന ഭരണത്തിന്റെ ഫലമായി ജനാധിപത്യ വ്യവസ്ഥയിൽ വരുത്തിയിട്ടുള്ള കുഴപ്പങ്ങൾ അറിയാം. ബി.ജെ.പി. ഇപ്പോൾ പ്രസിഡൻഷ്യൻ ഭരണത്തിലേയ്ക്കാണ് നീങ്ങുന്നത്. അപ്പോൾ ഭരണഘടനയുടെ കുഴപ്പമല്ല. രാഷ്ട്രപതി ചൂണ്ടിക്കാണിച്ചതുപോലെ ഭരണഘടനയുടെ കുഴപ്പമല്ല ഭരണം കൈയാളുന്ന ആളുകളുടെ കുഴപ്പം കൊണ്ടാണ് നമ്മുടെ രാജ്യം വളരെ അപകടം പിടിച്ച പരിതസ്ഥിതിയിലേക്ക് നീങ്ങുന്നത് എന്ന് അനുഭവങ്ങൾകൊണ്ട് അന്വർത്ഥമാകുന്നു. അതിൽനിന്നും രക്ഷപ്പെടണമെങ്കിൽ, നമ്മുടെ രാജ്യത്ത് ജനാധിപത്യം നിലനിൽക്കണമെങ്കിൽ, ഇവിടത്തെ ആളുകളെ സംരക്ഷിക്കണമെങ്കിൽ ദാരിദ്ര്യം ഇല്ലായ്മ ചെയ്യണമെങ്കിൽ നമ്മുടെ ദേശീയ അഖണ്ഡത നിലനില്ക്കണമെങ്കിൽ, നമ്മുടെ സമ്പദ്ഘടന ജനങ്ങൾക്കുവേണ്ടി ഉപയോഗിക്കണമെങ്കിൽ തീർച്ചയായും കോൺഗ്രസ്സിനേയും ബി.ജെ.പി.യേയും മാറ്റിനിറുത്തിക്കൊണ്ട് മൂന്നാമത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഇടതുപക്ഷ മതേതര ശക്തികളുടെ ഭരണമുണ്ടാകണം. അതിനായി ഇനിയെങ്കിലും കോൺഗ്രസ്സുകാർ തയ്യാറാകണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. കോൺഗ്രസ്സിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്ക് വ്യതിയാനം വരുത്താൻ കോൺഗ്രസ്സ് തയ്യാറാകണം. അപ്പോൾ കേരളത്തിൽ നടപ്പാക്കുന്ന നടപടികൾ ഇവിടത്തെ പ്രവർത്തനങ്ങൾ എത്രയോ ശ്ലാഘനീയമാണ്. അതുകൊണ്ടാണ് കേരളത്തിൽ കോൺഗ്രസ്സ് പരാജയപ്പെടുന്നിടത്ത് ബി.ജെ.പി. വരാത്തത്. അതുപോലെ ത്രിപുരയിലും വെസ്റ്റ് ബംഗാളിലും ബി.ജെ.പി. വരുന്നില്ല. അവിടെയെല്ലാം ഇടതുപക്ഷ ന്യൂനപക്ഷ പ്രസ്ഥാനങ്ങൾ ശക്തിയായി ജനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. അങ്ങനെയില്ലാത്തിടത്താണ് ബി.ജെ.പി. സർക്കാർ വരുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കാർഷിക രംഗത്തും തൊഴിലാളിക്ഷേമത്തിനുവേണ്ടിയും പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടിയും സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടിയുമൊക്കെ നടപ്പാക്കുന്ന പ്രവർത്തനങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി വിലയിരുത്താൻ നമുക്ക് കഴിയണം. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടു പോകും. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4 P.M.]

ശ്രീ. പാലോട് രവി : സർ, തകർന്നുകൊണ്ടിരിക്കുന്ന ഒരു തറവാട്ടിലെ വൃദ്ധനായ ഒരു കാരണവരുടെ ഗദ്ഗദ ശബ്ദമാണ് കഴിഞ്ഞ ദിവസം കേരള നിയമസഭ കേട്ടത്. മനസ്സിൽ ദുഃഖവും ശരീരത്തിൽ കറുത്ത വസ്ത്രവുമായി നമ്മുടെ ഗവർണ്ണർ സഭയിൽ എഴുന്നേറ്റു നിന്നപ്പോൾ നാലു വർഷത്തെ ബാലൻസ് ഷീറ്റിന്റെ നേട്ടത്തിന്റെ കോളം ശൂന്യമായി തകർന്ന ഒരു സർക്കാരിന്റെ ദയനീയമായ ചിത്രം വരച്ചു കാണിക്കാനെന്ന കുറ്റബോധം അദ്ദേഹത്തെ വേട്ടയാടുന്നുണ്ടായിരുന്നു. കേരള നിയമസഭ ശ്രദ്ധിച്ച ഏറ്റവും ശോകപൂർണ്ണമായ പ്രസംഗമായിരുന്നു ഗവർണ്ണറുടേത്. ഗവർണ്ണറെ ഈ ദയനീയ സ്ഥിതിയിലാക്കിയതിന് മറുപടി പറയുന്നത് നായനാർ ആയിരിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ശ്രീ. പിണറായി വിജയൻ മറുപടി പറഞ്ഞു. അർത്ഥശൂന്യമായ ആത്മാർത്ഥതയില്ലാത്ത കുറെ വാചകങ്ങൾ എന്നുമാത്രമല്ല കഴിഞ്ഞ നാലു കൊല്ലത്തെ ഈ ഗവൺമെന്റിന്റെ തകർച്ചയുടെയും തളർച്ചയുടെയും ദയനീയമായ ചിത്രമാണ് ഗവർണ്ണറുടെ പ്രസംഗത്തിലുടനീളം കണ്ടത്. നന്ദി അർഹിക്കാത്ത ഗവർണ്ണറുടെ പ്രസംഗത്തിന് ചടങ്ങിനുവേണ്ടി മാത്രം നന്ദി പ്രകടിപ്പിക്കാൻവേണ്ടി അവതരിപ്പിച്ച അർത്ഥശൂന്യമായ ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഈ സഭയിലെ പിണറായി വിജയന്റെ വൈകിയുള്ള രംഗപ്രവേശവും പ്രഖ്യാപനങ്ങളും മാർക്സിസ്റ്റു പാർട്ടിയെ നായനാരും അച്ചുതാനന്ദനുമല്ല നിയന്ത്രിക്കുന്നത് എന്ന വ്യഗ്രതയിലാണ് വളരെയേറെ സമയമെടുത്ത് ശ്രീ. പിണറായി വിജയൻ ഈ സഭയിൽ പ്രസംഗിച്ചത്. സി.പി.ഐ.(എം)-ലെ മറനീക്കി പുറത്ത് വരുന്ന ആഭ്യന്തര സംഘർഷങ്ങൾ കാണാതിരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾക്ക് നേരെ വിരൽ ചൂണ്ടുന്നത്. മാർക്സിസ്റ്റു പാർട്ടിയ്ക്കകത്തുള്ള ആഭ്യന്തര സംഘർഷങ്ങൾ ഇന്ന് പുകഞ്ഞുകൊണ്ടിരിക്കുകയാണ്. അതു ഇവിടെ മാത്രമല്ല

പശ്ചിമ ബംഗാളിൽ സുഭാഷ് ചക്രവർത്തിയുടെയും സെയ്ഹുദ്ദീൻ ചൗധരിയുടെയും നേതൃത്വത്തിൽ കേരളത്തിൽ സി.ഐ.ടി.യു. പക്ഷത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന നവീകരണ പ്രസ്ഥാനങ്ങൾ അതൊരു ഭിന്നിപ്പിലേക്ക് നീങ്ങുമെന്നതിന്റെ ധ്വനികളാണ് ഇന്ന് ഈ സഭയിൽ ശ്രീ. പിണറായി വിജയന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. സർ, ഞങ്ങളെ പശ്ചിമ ബംഗാളിലെ ചില കാര്യങ്ങളുമായി ഉപമിച്ചുകൊണ്ട് ചില സംഗതികൾ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം പറയുകയുണ്ടായി. ഞങ്ങൾ ആർ.എസ്.എസിനും ബി.ജെ.പി.ക്കും എതിരാണെന്നുള്ള മാർക്സിസ്റ്റു പാർട്ടിയുടെ സർട്ടിഫിക്കറ്റ് ഞങ്ങൾക്കു വേണ്ട. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഇക്കഴിഞ്ഞ പാർലമെന്റു തെരഞ്ഞെടുപ്പിൽ രണ്ട് അസംബ്ലി സെഗ്മെന്റ് സിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മൂന്നാം സ്ഥാനത്തേക്കു പോയി. ഒന്ന് തിരുവനന്തപുരം ഈസ്റ്റിലും മറ്റൊന്ന് മഞ്ചേശ്വരത്തും. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സെക്രട്ടറിയേറ്റ് സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ഈസ്റ്റിലും മഞ്ചേശ്വരത്തും സംസ്ഥാനം ഭരിക്കുന്ന മുന്നണി മൂന്നാം സ്ഥാനത്താണ്. ഇതിൽ ഒരു സ്ഥലത്ത് ഞങ്ങൾ ജയിച്ചു. മറ്റേ സ്ഥലത്ത്

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഞങ്ങൾ ഒന്നാം സ്ഥാനത്തേക്കു പോയി. ഇവിടെ പലരും വെല്ലുവിളികൾ നടത്തി. രാംദുലാരി സിൻഹ കേരളത്തിൽ ഗവർണ്ണറായിരുന്നപ്പോൾ മതന്യൂനപക്ഷങ്ങളുടെ പേരിൽ കേരളാ സെനറ്റിലേക്ക് ഒരാളെ നോമിനേറ്റുചെയ്തു. കേരളത്തിലെ ഫെഡറൽ സംവിധാനം ചോദ്യം ചെയ്തിരിക്കുന്നു എന്നുപറഞ്ഞുകൊണ്ട് കേരളത്തിലുടനീളം സമരം ചെയ്തു. ഇപ്പോൾ ബി.ജെ.പി.യുടെ ജില്ലാ നേതാക്കളിൽ ഒരാളായ ശേഖറെ കഴിഞ്ഞ ഒരു മാസം മുമ്പ് കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് നോമിനേറ്റു ചെയ്തപ്പോൾ എന്തേ നിങ്ങൾ ചെറിയൊരു ശബ്ദം ഉരിയാടാത്തത് ? അപ്പോൾ നിങ്ങൾ കൂടി ശുപാർശചെയ്തിട്ടായിരിക്കും ശ്രീ. ശേഖറെ സെനറ്റിലേക്ക് നോമിനേറ്റു ചെയ്തത്.

ശ്രീ. ജി. കാർത്തികേയൻ : രാംദുലാരി സിൻഹ ഇവിടെ ഗവർണ്ണർ ആയിരുന്നപ്പോൾ കോൺഗ്രസ്സ് പാർട്ടിയുമായി ബന്ധപ്പെട്ട ഒരാളെ സെനറ്റിലേക്ക് നേമിനേറ്റ് ചെയ്തപ്പോൾ രാജ്ഭവനു മുമ്പിൽ ഒരാഴ്ച നീണ്ടുനിന്ന സമരമാണ് എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യും നടത്തിയതെന്ന് അങ്ങേയ്ക്ക് അറിയാമോ ? ഇപ്പോൾ അങ്ങ് സൂചിപ്പിച്ച നോമിനേഷൻ നടന്നതിന് മാർക്സിസ്റ്റ് പാർട്ടി പ്രതിഷേധിച്ചില്ല. അപ്പോൾ മാർക്സിസ്റ്റു പാർട്ടി കൂടി അറിഞ്ഞിട്ടുള്ള ഡീൽ ആയിരുന്നില്ലേ അത് ?

ശ്രീ. പാലോട് രവി : മാർക്സിസ്റ്റു പാർട്ടിയുടെ ദൂതൻ രാജ്ഭവനിൽ പോയി ശേഖർ വരണമെന്നു പറഞ്ഞതായി പുറത്തു സംസാരമുണ്ട്. അല്ലെങ്കിൽ പ്രതിഷേധിക്കുമായിരുന്നു. കേരള സർവകലാശാലയിൽ ഈ നിയമസഭയിൽ പ്രാതിനിധ്യമില്ലാത്ത യു.ഡി.എഫിലെ ഒരാൾപോലുമില്ലാത്ത ബി.ജെ.പി.യുടെ അറിയപ്പെടുന്ന സംസ്ഥാന നേതാക്കളിൽ ഒരാളായ ശേഖറെ സെനറ്റിലേക്ക് നോമിനേറ്റു ചെയ്യണമെങ്കിൽ നിങ്ങളുടെ ഹിഡൻ അജണ്ട കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാക്കാം. ആ നിങ്ങളാണോ ഞങ്ങളോട് പറയുന്നത് നിങ്ങൾ ബി.ജെ.പി. സഖ്യത്തിലാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റിൽ ബി.ജെ.പി. മെമ്പറെ കൊണ്ടുവന്നതിനു സമ്മാനം വല്ലതുമുണ്ടെങ്കിൽ അതിന് നായനാരും മാർക്സിറ്റു പാർട്ടിയുമാണ് അർഹരായിട്ടുള്ളത്. അതിനാൽ ഇക്കാര്യങ്ങൾക്കുവേണ്ടി വല്ലതും ചെയ്യുമെന്ന് അങ്ങ് സംശയിക്കുന്നുണ്ടോ ?

ശ്രീ. പാലോട് രവി : അതൊക്കെ കണ്ണൂർ ഫോർമുലയുടെ ഭാഗമാണ്. യാതൊരു സംശയവുമില്ല. പ്രസംഗം മാത്രമേയുള്ളു. സെനറ്റിൽ ആദ്യമായി ബി.ജെ.പി.യെ കൊണ്ടുവന്നതുപോലെ കേരള നിയമസഭയിലേയ്ക്കും അവർ ബി.ജെ.പി.യെ കൊണ്ടുവരും. ഇന്ത്യയിൽ ബി.ജെ.പി.യെ എതിർത്തു പരാജയപ്പെടുത്തിയ എല്ലാ സംസ്ഥാനങ്ങളിലും ബി.ജെ.പി.യെ ഒന്നുമല്ലാതാക്കിയ കോൺഗ്രസ്സിനു നേരെ വിരൽചൂണ്ടുന്ന നിങ്ങൾ രഹസ്യമായി ഹിഡൻ അജണ്ട ഉണ്ടാക്കിയിരിക്കുകയാണ്. ചുവരുണ്ടെങ്കിലേ ചിത്രമെഴുതു എന്നു നമ്മുടെ സംസ്ഥാനത്ത് സാധാരണയായി പറയാറുണ്ട്. കേരളത്തിൽ കൂട്ടുത്തരവാദിത്വമുള്ള കെട്ടുറപ്പുള്ള പരസ്പര വിശ്വാസമുള്ള ടീംവർക്കുള്ള സംവിധാനമാണോ നിലനിൽക്കുന്നത് ? നിങ്ങൾ ഐക്യമുന്നണിക്കെതിരായി എന്തെല്ലാം വാദമുഖങ്ങളുയർത്തിയിട്ടുണ്ട്. എന്നിട്ടല്ലേ നിങ്ങൾ ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്നത്. നിങ്ങൾ തമ്മിൽ പരസ്പര വിശ്വാസമുണ്ടോ, നിങ്ങൾക്ക് ഐക്യമുണ്ടോ. എത്ര ഭീഷണിക്കത്തുകൾ. നിങ്ങളുടെ ക്യാബിനറ്റിൽ നടക്കുന്ന കാര്യങ്ങൾ ഓരോന്നും ഇന്ന് അങ്ങാടിപ്പാട്ടല്ലേ. നിങ്ങളുടെ ക്യാബിനറ്റിലെ അഭിപ്രായ വ്യത്യാസങ്ങൾ ഓരോന്നും ഇന്നു പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ടീമുമില്ല. ടീം സ്പിരിറ്റുമില്ല, ടീം ലീഡറുമില്ല. ഒരു ചീട്ട് കൊട്ടാരം പോലെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി തകർന്നുകൊണ്ടിരിക്കുന്ന ചിത്രമാണ് ഇന്ന് കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. അവിടെ മാത്രമാണോ ? നമ്മുടെ പാവപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും യുദ്ധം പൊട്ടിപ്പുറപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രൈവറ്റ് സെക്രട്ടറിയോട് വീട്ടിൽ പോകാൻ പറഞ്ഞിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നാലുവർഷക്കാലത്തെ നായനാർ സർക്കാരിന്റെ ബാക്കി പത്രമാണ് ജനങ്ങളുടെ മനസ്സിൽ പതിഞ്ഞുകഴിഞ്ഞിരിക്കുന്നത്. എവിടെയും ഭരണത്തകർച്ചയാണ്. അതാണ് നിങ്ങളുടെ മുഖമുദ്ര. ഇന്ന് ഈ സംസ്ഥാനത്ത് ഭരണത്തകർച്ചയാണ്. ഇവിടെ ഭരണകൂടമുണ്ട്. പക്ഷേ, ഭരണമില്ല. കൂടമാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം കൂടമടിയാണ്. ഈ ഭരണത്തകർച്ചക്ക് ആരാണ് ഉത്തരവാദി ? അതിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ പാർട്ടിക്ക് മാത്രമാണ് അതിനുള്ള ഉത്തരവാദിത്വം. ഞാൻ സി.പി.ഐ.യെ കുറ്റപ്പെടുത്തുന്നില്ല. ഇടതുപക്ഷ മുന്നണിയിലെ ഒരു ഘടകകക്ഷികളേയും കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല. നിയമ വാഴ്ച തകർന്നുവെന്നുള്ള ആരോപണം ശരിവച്ചുകൊണ്ടുള്ള ഗവർണ്ണറുടെ ഒരു പരാമർശം ഞാൻ ഇവിടെ വായിക്കാം. എന്താണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഏഴാമത്തെ പേജിൽ രണ്ടാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് ? 'രാഷ്ട്രീയ സംഘട്ടനങ്ങളുടെ വർദ്ധനയുണ്ടായിയെങ്കിലും' എന്നാണ്. നാലാംവർഷം ഇറക്കിയിരിക്കുന്ന

നയപ്രഖ്യാപനമാണ്. ഇവിടെ ക്രമസമാധാനം ഞങ്ങളാണ് തകർക്കുന്നതെന്ന് പറഞ്ഞ് ശ്രീ. പിണറായി വിജയൻ പ്രസംഗിച്ചുപോയ ഈ സഭയിൽ ഗവർണ്ണറുടെ പ്രസംഗത്തിൽ ഏഴാമത്തെ പേജിൽ രണ്ടാമത്തെ ഖണ്ഡികയിൽ ഗവർണ്ണർ എഴുതി വായിച്ചതിൽ പറയുന്നത് രാഷ്ട്രീയ സംഘട്ടനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിയെങ്കിലും....അത് പോരേ? ഞങ്ങൾ സംയോജിതമായി ഇടപെട്ട് തീർക്കുന്നുവെന്നാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലം എന്തായിരുന്നു ? കൊല്ലുന്നതും കൊല ചെയ്യപ്പെടുന്നതും അക്രമിക്കുന്നതും ആക്രമിക്കപ്പെടുന്നതും അടിക്കുന്നതും അടി കൊള്ളുന്നതും ഇതെല്ലാം നിങ്ങളുടെ ഒരു പാർട്ടിയല്ലേ ? അധികാരത്തിലിരിക്കുന്നുവെന്നുള്ള ഒരൊറ്റ കാരണത്താൽ അല്ലേ ഇവിടെ വന്നിരുന്നുകൊണ്ട് ഞങ്ങൾ ഒന്നാണ് എന്ന് പറയുന്നത്? അതാണോ സ്ഥിതി ? സംസ്ഥാനത്ത് നടക്കുന്ന എല്ലാ സംഘട്ടനങ്ങളിലും നിങ്ങൾ പ്രതിയോ വാദിയോ അല്ലേ ? ഏത് സംഘട്ടനം എടുത്താലും അതാണ് അവസ്ഥ. ഞാൻ അതിന്റെ കണക്കുകളിലേക്ക് വരാം. ശ്രീ. പിണറായി വിജയൻ ഇപ്പോൾ ഈ സഭയിൽ ഇല്ല. ഏത് സംഘട്ടനം എടുത്താലും ഒന്നുകിൽ നിങ്ങൾ വാദിയോ അല്ലെങ്കിൽ പ്രതിയോ ആയിരിക്കും. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട, ഒരു പോലീസ് വകുപ്പ് ഭരിക്കുന്ന ഒരു പാർട്ടി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അക്രമങ്ങളെ അമർച്ച ചെയ്യേണ്ട നിങ്ങൾ അക്രമികളായി മാറുന്ന ഭീകര ചിത്രമല്ലേ ഈ കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും നിഷ്പക്ഷരായ ആളുകളും കണ്ടുകൊണ്ടിരിക്കുന്നത്. പോലീസ് ഇത്രയേറെ കാഴ്ചക്കാരായി മാറുന്ന ഒരവസ്ഥ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ ? ഇല്ല. നിങ്ങൾ ഒഴികെ എല്ലാവർക്കും ആക്രമിക്കപ്പെടുന്നവർക്ക് ഇവിടെ നീതി നിഷേധിക്കപ്പെടുന്നു. നിങ്ങൾക്ക് ആരേയും ഘെരാവോ ചെയ്യാം. നിങ്ങൾക്ക് ആരേയും ബന്ദികളാക്കാം. അവിടെയെല്ലാം ഒന്നുകിൽ പോലീസ് നോക്കുകുത്തിയായിരിക്കും. അല്ലെങ്കിൽ കാഴ്ചവസ്തുവായി മാറിനിൽക്കും. കാരണം, നിങ്ങളാണ് ബന്ദിയാക്കുന്നത്. ഘെരാവോ ചെയ്യുന്നത്. നിങ്ങളാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അര ഡസനിലേറെ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെടുകയുണ്ടായി. മുമ്പ് നക്സലൈറ്റുകൾ ചെയ്തിരുന്ന പണിയാണിത്. ഞങ്ങളുടെ നാട്ടിൽ വിതുരയിലും ഒരു പോലീസ് സ്റ്റേഷൻ ആക്രമിച്ചു. കാട്ടാക്കടയിലും പോലീസ് സ്റ്റേഷൻ ആക്രമണമുണ്ടായി. പത്തനംതിട്ടയിലുമുണ്ടായി. ഈ സംസ്ഥാനത്തുടനീളം എത്രയെത്ര പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുകയുണ്ടായി. അത് നടത്തിയത് സി.പി.ഐ.ക്കാരാണോ ? ജനതാദൾ ആണോ ? കോൺഗ്രസ്സുകാരാണോ ? ഞങ്ങൾ ക്രമസമാധാനം തകർക്കുന്നുവെന്ന് പറയുന്നു. നിങ്ങളാണ് പോലീസ് സ്റ്റേഷൻ ആക്രമിച്ചത്. നിങ്ങളാണ് കേരളത്തിലെ ക്രമസമാധാനില തകർക്കുന്നത്. നിങ്ങളാണ് അക്രമമുണ്ടാക്കുന്നത്. നിങ്ങളാണ് പോലീസിനെ നോക്കുകുത്തികളാക്കി മാറ്റുന്നത്. കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകമത്സരം നിങ്ങളാണ് സംഘടിപ്പിച്ചത്. അതിൽ ഒരു ഡി.ഐ.ജി.യെ റഫറിയാക്കി. കൊല ചെയ്യപ്പെട്ടവന്റെ പൂർവ്വകാല ചരിത്രമല്ല ജനങ്ങൾ തിരക്കിയത്. കൊലപാതകത്തിന്റെ പിന്നിലുള്ള ക്രൂരതയാണ്. കൊലപാതകത്തിന്റെ പിന്നിൽ ഇത്രയും ക്രൂരത. മാനവീയപരിപാടി ശരിയാണ്,

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ആയിരം മാനവീയം ആഘോഷിച്ചാലും നിങ്ങളുടെ ക്രൂരതയും രാക്ഷസീയവും കേരളത്തിലെ ജനങ്ങൾ പൊറുക്കുകയില്ല. ഇത്രയേറെ ക്രൂരമായി, ഇത്രയേറെ പൈശാചികമായി ജനങ്ങളെ കൊല ചെയ്യുന്ന ഒരു ഭരണകക്ഷി ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. എന്നിട്ട് നിങ്ങൾ പറയുന്നു, കഴിഞ്ഞ രണ്ടാഴ്ചയായി കേരളത്തിലെ ക്രമസമാധാനം ഞങ്ങൾ തകർക്കുന്നുവെന്ന്. കലാലയങ്ങളിൽ നിങ്ങളുടെ വിദ്യാർത്ഥി സംഘടനക്ക് മാത്രമേ പ്രവർത്തിക്കാവൂ എന്ന് ആരോ ഇവിടെ പറഞ്ഞു. നിർമ്മലഗിരി കോളേജിൽ പോലീസ് നോക്കിനിൽക്കെ വൈദികനായ പ്രിൻസിപ്പാളിനെ നിങ്ങൾ കസേരകൊണ്ട് അടിച്ചു. അതിനെതിരെ മാനേജുമെന്റ് പ്രതികരിച്ചപ്പോൾ വൈദികനായ അദ്ധ്യാപകനെതിരെ സ്വഭാവഹത്യ നടത്തി ദുഷ്പ്രേരണവുമായി സാക്ഷാൽ അച്യുതാനന്ദൻ തന്നെ രംഗത്തുവന്നു. വിശ്വാസികൾ ഒറ്റക്കെട്ടായി അവിടെ പ്രതിഷേധിക്കുന്നത് കണ്ടപ്പോൾ, ബിഷപ്പുമാരും കന്യാസ്ത്രീകളും തെരുവിലിറങ്ങിയപ്പോൾ പി.ജെ. ജോസഫിനെ അയച്ച് സാഷ്ടാംഗപ്രണാമം ചെയ്യിച്ചു. ഞാൻ നിർമ്മലഗിരി കോളേജിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട ഒരു കെട്ട് പേപ്പർ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതൊന്നും വായിക്കുന്നില്ല. എന്തെല്ലാം അക്രമങ്ങളായിരുന്നു ? അവസാനം പറഞ്ഞു, നിർമ്മലഗിരിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന്. എന്താണുണ്ടായത് ? പിണറായി വിജയനും മുഖ്യമന്ത്രി നായനാരും ഈ സംസ്ഥാനത്ത് വിരളാൻ കാരണം, ചങ്ങനാശ്ശേരി എസ്.ബി. കോളേജിലും തൃശ്ശൂർ സെന്റ് തോമസ് കോളേജിലും അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിലും കൊല്ലം തങ്ങൾകുഞ്ഞ് മുസലിയാർ കോളേജിലുമെല്ലാം നിങ്ങൾ അക്രമം അഴിച്ചുവിട്ടപ്പോൾ നിങ്ങളുടെ സംഘടിതമായ ആക്രമണത്തിൽ സംഘടനാശക്തികൊണ്ട് അല്ലാതെ നിയമം കൊണ്ട് തടഞ്ഞ് നിറുത്താൻ കഴിയുകയില്ലെന്ന് ഈ സംസ്ഥാനത്തിലെ ഈ വിഭാഗം ജനങ്ങൾക്ക് ബോധ്യമായി. അവർ സംഘടിക്കാൻ തയ്യാറായപ്പോൾ നിങ്ങൾ തോറ്റ് പുറകോട്ടുപോയി. അതാണ് എസ്.എൻ. കോളേജിലും ഈ കോളേജുകളിലും ഉണ്ടായത് തമ്മിലുള്ള വ്യത്യാസം. നിങ്ങൾ നിർമ്മലഗിരി കോളേജ് പ്രശ്നത്തിൽ പുറകോട്ടുപോയി. നിങ്ങൾ സെന്റ് തോമസ് കോളേജ് പ്രശ്നത്തിൽനിന്ന് പുറകോട്ടുപോയി. നിങ്ങൾ ചങ്ങനാശ്ശേരി എസ്.ബി. കോളേജ് പ്രശ്നത്തിൽ നിന്ന് പുറകോട്ടുപോയി. നിങ്ങൾ തങ്ങൾകുഞ്ഞ് മുസലിയാർ കോളേജ് പ്രശ്നത്തിൽ നിന്നു പുറകോട്ടുപോയി. എത്രനാളായി, ഇവിടെയെല്ലാം നടന്ന അക്രമ പരമ്പരയിലൂടെ കേരള ജനത മനസ്സിലാക്കിയിരിക്കുന്ന ഒരു കാര്യം ഇവിടെ നിയമം കൊണ്ട് നിങ്ങളെ തടയാൻ കഴിയുകയില്ലെന്നാണ്. ഹൈക്കോടതിയിൽ പോയാലും സുപ്രീംകോടതിയിൽ പോയാലും നിങ്ങൾക്ക് അറിയാം ഇവിടെനിന്ന് സെക്രട്ടേറിയറ്റ് മെമ്പർ അവിടെ പോയി പ്രസംഗിക്കും. സെക്രട്ടറി മെമ്പർമാരെ നയിക്കും. ഞങ്ങൾ ഈ കോടതിയെയൊന്നും വകവയ്ക്കുകയില്ലെന്ന് പറഞ്ഞ്. അങ്ങനെ ക്രമസമാധാനം തകർക്കുന്ന ഒരു പാർട്ടി, നാട്ടിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട, ആ സംരക്ഷണത്തെ താറുമാറാക്കുന്ന ഒരു പാർട്ടി, ഈ സമൂഹത്തെ വെല്ലുവിളിക്കുന്ന ഒരു പാർട്ടി, ഏത് പോലീസ് സ്റ്റേഷന്റേയും ഏത് കേസ് രജിസ്റ്ററെടുത്ത് പരിശോധിച്ചാലും നിങ്ങൾതന്നെയാണ് അക്രമങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യെല്ലാം പിന്നിൽ കൊലപാതകങ്ങളുടെയെല്ലാം പിന്നിൽ, ബോംബേറിന്റെയെല്ലാം പിന്നിൽ, കഠാര രാഷ്ട്രീയത്തിന്റെയെല്ലാം പിന്നിൽ കേരളത്തിലെ കോൺഗ്രസല്ല, കേരളത്തിലെ യു.ഡി.എഫ്. അല്ല പ്രവർത്തിക്കുന്നത്. അതുപോലെ എന്താണ് എസ്.എൻ. കോളേജിലുണ്ടായത് ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എസ്.എഫ്.ഐ. സമരത്തിൽ നിങ്ങൾക്ക് ജയിക്കാൻ നിങ്ങൾക്ക് അവിടത്തെ നിയമത്തെ അട്ടിമറിക്കാൻ അവിടെ കോടതി ഉത്തരവുകളെ കാറ്റിൽ പറത്താൻ നിങ്ങൾ അവിടത്തെ പ്രിൻസിപ്പലിനെ ബന്ദിയാക്കി. ശ്രീ. പിണറായി വിജയൻ, മാർക്സിസ്റ്റു പാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടറി ഈ സഭയിൽവന്ന്, കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് വിശേഷിപ്പിക്കുന്ന ഈ സഭയിൽവന്ന് നടത്തിയ പ്രസംഗം ഒരു ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളെ അപഹസിക്കുന്നതിന് തുല്യമാണ്. അവരെ പരിഹാസപാത്രമാക്കുന്ന സമീപനമാണ്. ഞാൻ ഒന്ന് ചോദിക്കട്ടെ, ശ്രീ. എ.കെ. ആന്റണിയും മാതാ അമൃതാനന്ദമയിയും ഒരു മാസത്തിനു മുമ്പ് കൊല്ലത്ത് സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്തു എന്നു പറഞ്ഞു. എന്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിമ തകർത്ത സ്ഥലത്ത് പോകാത്തത് ? ശ്രീ. അനിരുദ്ധന്റെ നിയോജകമണ്ഡലത്തിലെ പരിപാടിക്ക് കഴിഞ്ഞ ആഴ്ച പോയല്ലോ. കൊല്ലത്തുണ്ടായിരുന്നല്ലോ, നമ്മുടെ മുഖ്യമന്ത്രി പ്രതിമ തകർത്ത സ്ഥലത്ത് പോയില്ല. മാത്രമല്ല, ഈ സംസ്ഥാനത്തിലെ ഇതിന്റെയെല്ലാം കുത്തക അവകാശപ്പെടുന്ന ഒരു നേതാവിന്റെ ശബ്ദം ഇപ്പോൾ കേൾക്കുന്നില്ല. എനിക്ക് അദ്ദേഹത്തോട് ബഹുമാനമാണ്. ശ്രീനാരായണ പ്രസ്ഥാനങ്ങളും ശ്രീനാരായണ ഗുരുദേവനും ആയിട്ടൊക്കെയുള്ള കേരളത്തിലെ ജനങ്ങളുടെ ബന്ധത്തെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ടതായിട്ടില്ല. ബഹുമാനപ്പെട്ട അച്ചുതാനന്ദൻ എവിടെ ? എൽ.ഡി.എഫ്-ന്റെ കൺവീനർ എവിടെ ? ഞങ്ങളോട് പോകാത്തതെന്താണെന്ന് ചോദിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് അവിടെ പോകാത്തത് ? ശ്രീനാരായണ ദർശനങ്ങളെക്കുറിച്ച് ശിവഗിരിയിൽ ചെന്ന് വാതോരാതെ പ്രസംഗിച്ചാൽ മതിയോ ? ലേഖനമെഴുതിയാൽ മതിയോ ? പോര. ആദ്യമായി ശ്രീനാരായണഗുരുദേവന്റെ പ്രതിമ കേരളത്തിൽ തകർക്കപ്പെടുന്നത് കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാന മന്ദിരത്തിന്റെ മുൻപിലിരുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് എത്ര തവണ കൊല്ലത്തുപോയി. അവിടെയിറങ്ങി ഇത് എങ്ങനെ സംഭവിച്ചുവെന്ന് ഒന്ന് അന്വേഷിക്കണ്ടേ ? അങ്ങ് വളരെ ബുദ്ധി കാണിച്ചു, അങ്ങ് ബഹുമാനപ്പെട്ട മന്ത്രി വി.പി. രാമകൃഷ്ണപിള്ളയെ അങ്ങോട്ട് പറഞ്ഞയച്ചു. കശാപ്പുകാരുടെ കൈകളിൽ വളയണിയിച്ചു കൊടുക്കുന്ന ഒരു സമീപനമാണ് നിങ്ങൾ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. എന്തിനാണ് ഞങ്ങളെ കുറ്റം പറയുന്നത് ? കോൺഗ്രസ്സുകാരെ എന്തിനു കുറ്റം പറയുന്നു ? നിങ്ങൾ പ്രതിപക്ഷത്തെ എന്തിനു കുറ്റം പറയുന്നു ? നിങ്ങൾക്ക് ആരെയെങ്കിലും പ്രശംസിക്കണമെങ്കിൽ, ഞങ്ങൾ 15 ദിവസം ചെറുതായി സമരം തുടങ്ങിയപ്പോൾ, നിങ്ങളുടെ സമീപനമാണ് ഞങ്ങളുടെ സമീപനമെങ്കിൽ കേരളത്തിൽ ഐക്യമുന്നണി അധികാരത്തിൽ വന്നദിവസം മുതൽ ആ കാലാവധി തീരുന്നതുവരെ കേരളത്തിലെ തെരുവീഥികളിൽ മന്ത്രിമാരെ തടയുകയും മന്ത്രിയുടെ യാത്രാസ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയും

അട്ടിമറി സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന ഡി.വൈ.എഫ്.ഐ.യും മാർക്സിസ്റ്റ് പാർട്ടിയുമുള്ള സംസ്ഥാനത്ത് ഈ 4 വർഷക്കാലം ഞങ്ങൾ മിണ്ടാതിരുന്നതാണ്. അളമുട്ടിയാൽ ചേരയും കടിക്കും. ആ ഘട്ടം വന്നപ്പോൾ ഞങ്ങൾ ചെറുതായിട്ട് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, ഐക്യജനാധിപത്യ മുന്നണി ജനങ്ങളുമായിട്ട് ബന്ധമുള്ള ഒരു പ്രസ്ഥാനം എന്ന നിലയിൽ ഈ പ്രിൻസിപ്പാളിനെ ബന്ദിയാക്കിയ നടപടി തെറ്റാണെന്ന് പറഞ്ഞുപോയതാണോ ഞങ്ങൾ ചെയ്ത പാതകം ? നിങ്ങൾ ഈ നാല് വർഷക്കാലം വെടിവയ്പ്പിന്റെ എണ്ണം കുറച്ചുവെങ്കിൽ, നിങ്ങൾ വർഗ്ഗീയ കലാപം കുറച്ചുവെങ്കിൽ ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന തരത്തിൽ ഈ സംസ്ഥാനത്തെ ക്രമസമാധാനനില സംരക്ഷിച്ചുവെങ്കിൽ അതിന്റെ ഉത്തരവാദിത്വം മാറ്റാർക്കുമല്ല ; മി. നായനാർ, അതിന്റെ ഉത്തരവാദിത്വം ശ്രീ. എ.കെ. ആന്റണിക്കാണ്. അത് നിങ്ങൾ വിസ്മരിച്ചു കളയരുത്. നിങ്ങൾ ഓരോ സംസ്ഥാനങ്ങളും കാണുന്നില്ലേ ? ഇവിടെ ഇതിനുത്തരവാദി ശ്രീ. എ.കെ. ആന്റണിയാണ്. നിങ്ങൾക്ക് കിട്ടിയിരിക്കുന്ന എല്ലാ അധികാരങ്ങളും നിങ്ങൾ ആകെ കേന്ദ്രീകരിച്ചുകൊണ്ട് മുന്നോട്ട് പോയപ്പോഴാണ് നിൽക്കാനാവാത്ത സ്ഥിതി വന്നത്. ഞാൻ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കട്ടെ, എന്ത് ധാർഷ്ട്യമനോഭാവമാണ് ശ്രീ. പിണറായി വിജയന്. ആരാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ. അങ്ങ് ഇരിക്കുന്ന കസേരയിലിരുന്ന സ്പീക്കർ. ഈ സംഭവമുണ്ടായ ഉടനെതന്നെ ശ്രീ. വി. പി. രാമകൃഷ്ണപിള്ളയോടൊപ്പം ശ്രീനാരായണ പ്രതിമ തകർത്തത് കാണാൻ പോയത് ശ്രീ. വർക്കല രാധാകൃഷ്ണനാണ്. ആ വർക്കല രാധാകൃഷ്ണൻ അവിടെച്ചെന്ന് ആ പ്രതിമ കണ്ടതിനുശേഷം പറഞ്ഞു ; 1967-ന് ശേഷം ഞങ്ങൾ ഐരാവോ ചെയ്യുന്നതിനെ അംഗീകരിച്ചിട്ടില്ല. ആ ഐരാവോ തെറ്റാണ്. ശ്രീ. വർക്കല രാധാകൃഷ്ണന്റെ ആ പ്രസ്താവനക്ക് ശ്രീ. പിണറായി വിജയൻ പറഞ്ഞ മറുപടി എന്താണെന്ന് അറിയാമോ ? സാംസ്കാരിക കേരളമെന്നു പറയുന്ന നമ്മുടെ സംസ്ഥാനത്ത്, നിങ്ങൾക്ക് അറിയാം, മാർക്സിസ്റ്റ് പാർട്ടിയെപ്പോലെ ഉന്നതമായ ഒരു സംഘടനയുടെ സെക്രട്ടറി സ്ഥാനത്തിരിക്കുന്ന ശ്രീ. പിണറായി വിജയൻ പറഞ്ഞത് 'അയാൾക്ക് ചെവിയും കേട്ടുകൂട കണ്ണും കണ്ടുകൂട' എന്നാണ്. ഒന്ന് ആലോചിക്കണം. പാർട്ടിയുടെ സെക്രട്ടറി പറഞ്ഞതാണ്. പാർലമെന്റ് മെമ്പറാണ്. അയാൾക്ക് കണ്ണും കണ്ടുകൂടാ ചെവിയും കേട്ടുകൂടാ'യെന്ന് പാർട്ടിയുടെ സെക്രട്ടറി പറഞ്ഞു. ഇതാണോ ശ്രീനാരായണീയ ദർശനങ്ങൾ. അവിടെ മുഖ്യമന്ത്രി ഓടിയെത്തിയില്ല. ശ്രീ. പിണറായി വിജയൻ എന്നാണ് പോയതെന്ന് ഞങ്ങൾക്ക് അറിയാം. ശ്രീ. അച്ചുതാനന്ദൻ അവിടെ യാത്രയൊന്നും ക്യാൻസൽ ചെയ്ത് വന്നില്ല, അവാർഡ് വാങ്ങാൻ പോയതാണ്. പോയത് എന്തിനാണെന്ന് ഞങ്ങൾക്ക് അറിയാം. ഞങ്ങൾ ഈ സമ്മേളനത്തിൽ അത് പറയും. എന്നിട്ട് അവിടെ ഓടിയെത്തിയ, ശ്രീനാരായണ ദർശനത്തിലൂടെ വളർന്നുവന്ന ശ്രീ. വർക്കല രാധാകൃഷ്ണനെ വികലാംഗനാണെന്ന് ആക്ഷേപിച്ച ഈ പിണറായി വിജയന് എന്ത് ധാർഷ്ട്യമനോഭാവമാണ് സർ. ഇതിന് അറുതി വരുത്താൻ ഞങ്ങൾക്ക് കഴിയുകയില്ല ; കേരളത്തിലെ ജനങ്ങൾക്കു മാത്രമേ കഴിയുകയുള്ളു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ ഒരു പുതിയ ക്ലാസ് ഉയർന്നു വരികയാണ്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കണം. ആ ക്ലാസ് മറ്റൊന്നുമല്ല പവറിന്റെയും സമ്പത്തിന്റെയും ക്ലാസാണ്. നമ്മൾ ബ്യൂറോക്രസിയെക്കുറിച്ച് പറയുന്നു. പൊളിറ്റിക്കൽ ബ്യൂറോക്രസി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുകയാണ്. യുഗോസ്ളോവ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വൈസ് പ്രസിഡന്റും ടിറ്റോയുടെ വലംകൈയുമായിരുന്ന മിലോവൻ ഡി. ജയ്ലാസ് അങ്ങേയ്ക്കറിയാം അദ്ദേഹത്തിന്റെ 'എ ന്യൂ ക്ലാസ് എന്ന പുസ്തകത്തിൽ "The new class grows stronger while State grows weaker" എന്നു മാത്രമല്ല പറഞ്ഞത് ഈ ന്യൂ ക്ലാസ് അധികാരത്തിൽ വരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടികൾ എവിടെയെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അവിടെയെല്ലാം "It is the inescapable fate of every Communist Party in top power. The State grows weaker, the new class grows and grows stronger." ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ കാരണം അതാണ്. എല്ലായിടത്തും നടന്നത്. സോവിയറ്റ് റഷ്യയിൽ, ചെക്കോസ്ലോവക്യയിൽ, റുമേനിയായിൽ ഇവിടെയെല്ലാം When the new class leaves the historical scene and this must happen there will be no sorrow over its passing നിങ്ങളുടെ ഈ സംസ്കാരമല്ലേ ഈ സമ്പത്തിന്റെയും അധികാരത്തിന്റെയും ശ്രീ. പിണറായി വിജയൻ ശ്രീ. വർക്കല രാധാകൃഷ്ണനോട് കാണിച്ച ധാർഷ്ട്യമനോഭാവം ? ഈ ബന്ദി സംഭവത്തെ സംബന്ധിച്ച് ഇവിടെ വന്ന് മനോഹരമായി ആളുകളെ കബളിപ്പിക്കുന്ന ഒരുചിത്രം അവതരിപ്പിച്ച് ഇറങ്ങിപ്പോയി. ഈ ധാർഷ്ട്യ മനോഭാവം ആടിനെ പട്ടിയാക്കുന്ന മനോഭാവം, കള്ളം പറയുന്ന സമീപനം ആ സമീപനം അധികം സമയം നിങ്ങൾക്ക് വേണ്ട അതിന് കേരളത്തിലെ ജനങ്ങൾ മറുപടി കൊടുക്കും. റിയൽ എസ്റ്റേറ്റ് ഓണർമാരെപ്പോലെയല്ലേ ഈ പാർട്ടി ? പ്രഭുക്കൻമാരായി ജൻമിത്ത മൂരാച്ചി പ്രസ്ഥാനമെന്നൊക്കെ പണ്ട് ഞങ്ങളെക്കുറിച്ച് പറയുന്നത് ഇന്ന് ഈ പ്രസ്ഥാനത്തിന് വലിയ ഒരു അലങ്കാരമായി മാറിയിരിക്കുന്നു. ലികിഡ് കാഷും ലാന്റഡ് പ്രോപ്പർട്ടിയുടെയും നിക്ഷിപ്ത താൽപ്പര്യത്തിന്റെയും.....അതാണ് പറഞ്ഞത്, അതാണ് ഈ സംസ്ഥാനത്ത് ന്യൂ ക്ലാസ് ഉയർന്നു വന്നിരിക്കുന്നു എന്ന് പറയുന്നത്. സഖാവ് എ.കെ. ഗോപാലന്റെയും ഇ. എം. എസിന്റെയും പി. കൃഷ്ണപിള്ളയുടെയും പാർട്ടി, അവർ വളർത്തിക്കൊണ്ടു വന്ന ഒരു പാർട്ടി ഇന്ന് നിക്ഷിപ്ത താൽപ്പര്യത്തിന്റെയും ലാന്റഡ് പ്രോപ്പർട്ടിയുടെയും സമ്പത്തിന്റെയും അധികാരത്തിന്റെയും പാർട്ടിയായി ഈ സംസ്ഥാനത്ത് മാറിയിരിക്കുന്നു. ഒരു ന്യൂ ക്ലാസ് ഉയർന്നു വന്നിരിക്കുന്നു. അതാണ് ഇവിടെ കാണുന്നത്. മറ്റാരെയും വകവയ്ക്കാതെ ജനങ്ങളെ വകവയ്ക്കാതെ, പ്രതിപക്ഷത്തെ വകവയ്ക്കാതെ, നിങ്ങൾ കോടതിയെ വകവയ്ക്കാതെ, നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ നിങ്ങൾ കോടതി....ഇവിടെ ശ്രീ. പിണറായി വിജയൻ ഗവർണ്ണർ അല്ലല്ലോ. ഇവിടെ നമ്മുടെ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ നമ്മുടെ കേരള സർക്കാറിന്റെ സംവരണ സംരക്ഷണത്തെ കുറിച്ച് ഞങ്ങളെ ഒറ്റപ്പെടുത്തി കൊണ്ട് ഇവിടെ അദ്ദേഹം വളരെ വികാരപരമായി പ്രസംഗിച്ചു. ഇ. എം. എസിന്റെ വിമർശനം തരംതാഴുന്നു. പി. കെ. വി. കേരള സർക്കാർ പാസ്സാക്കിയ സംവരണ സംരക്ഷണ നിയമത്തിന്റെ ശിക്ഷ പി. കെ. വി. യും ശ്രീ. ബേബി ജോണും അനുഭവിക്കണമെന്ന് എഴുതിയ ഇ.എം.എസ്. സത്യത്തിന്റെയും വസ്തുതകളുടെയും നേർക്ക് കണ്ണ് അടക്കുക

LIBRARY ARCHIVES Kerala Legislative Assembly

ആണെന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറി പി.കെ. വാസുദേവൻ നായർ വിമർശിച്ചു. പിന്നോക്ക ജാതിക്കാരുടെ ക്രീമിലെയറിനെ കൂട്ടുപിടിച്ച് സി.പി.എം.നെ ഒറ്റപ്പെടുത്താമെന്ന് പി.കെ.വി.യും ശ്രീ. ബേബി ജോണും കണക്കുകൂട്ടിയെന്ന അതീവ ഗുരുതരമായ ഒരു ആരോപണം ഉന്നയിച്ച ഇ.എം.എസ്. നടത്തിയത് നിഴൽ യുദ്ധമാണെന്ന് പി.കെ.വി. കുറ്റപ്പെടുത്തി. ദേശാഭിമാനി പ്രതിവാര കുറുപ്പുകളിൽ സി.പി.ഐ., ആർ.എസ്.പി. എന്നിവരുടെ സംവരണ നയം പാപ്പരാക്കണമായിരുന്നുവെന്ന് ആവർത്തിച്ച് ഇ.എം.എസിന്റെ ലേഖനത്തിനുള്ള മറുപടിയാണ് പി.കെ.വി. ഇ.എം.എസിനെ അതിരൂക്ഷമായ ഭാഷയിൽ വിമർശിച്ചിട്ടുള്ളത്. വലിയൊരു നേതാവ് തരംതാഴ്ന്നതിന്റെ പ്രകടനമാണ് ഇ.എം.എസിന്റെ ലേഖനം. പി.കെ.വി. തുറന്നടിച്ചു. മണ്ഡൽ കമ്മീഷന്റെ കാര്യത്തിൽ മേൽത്തട്ട് വ്യവസ്ഥ വേണമെന്ന് സുപ്രീം കോടതി വിധിയോട് വിയോജിക്കുന്നതാണ് സി.പി.ഐ.യുടെ നയം. എന്നാൽ വിധിയെ അനുകൂലിക്കുന്നതാണ് സി.പി.എം.ന്റെ സമീപനം. രണ്ട് പാർട്ടികളുടെ നയവും സ്വതന്ത്രമാണ്. സ്വതന്ത്രമെന്ന് പരസ്പരം അംഗീകരിക്കണം, ബാക്കി ഞാൻ വായിക്കുന്നില്ല. എന്താണ് സർ. ഇത് ഞങ്ങളാണോ ? അപ്പുറത്തിരിക്കുന്ന നിങ്ങളുടെ കൂടെ ഇരിക്കുന്ന ജനതാദൾ, ആർ.എസ്.പി., സി.പി.ഐ. നിങ്ങൾ ഒഴിച്ച് നിങ്ങളുടെ കൂടെയുള്ള മുഴുവൻ ആളുകളും യോജിച്ചിട്ട് ഇവിടെ വന്ന്, ശ്രീ. പിണറായി വിജയന്റെ പ്രഖ്യാപനം കണ്ടില്ലേ. ഞങ്ങൾ ഈ സംസ്ഥാനത്തോട് എന്ത് കുറ്റം ചെയ്തു. ഒരു വാക്ക് പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. മറ്റൊന്നുമല്ല. 1961-ലെ സെൻസസിൽ വികസനത്തെക്കുറിച്ച് ആണല്ലോ നിങ്ങൾ ആവേശം കൊള്ളുന്നത്. സാക്ഷരതയിൽ നാം ഒന്നാം സ്ഥാനത്ത്. 56.85 ശതമാനം. അന്ന് ദേശീയ ആവറേജ് 28 ശതമാനം. 1991-ൽ 93 ശതമാനം. 4 വർഷം പിന്നിട്ടപ്പോൾ ആൻഡമാൻ 97 ശതമാനം. ലക്ഷദ്വീപ് 96 ശതമാനം. മിസോറാം 95 ശതമാനം. ആസ്സാം, അരുണാചൽപ്രദേശ്, സിക്കിം, നാഗാലാന്റ് എല്ലാം കഴിഞ്ഞ്, നമുക്കറിയാം ലോകത്തിന്റെ ഭൂപടത്തിൽ ഉണ്ടായിരുന്ന നമ്മുടെ സാക്ഷരത ഇന്ന് 9-ാം സ്ഥാനത്തേയ്ക്ക്, നിങ്ങളുടെ 4 വർഷക്കാലത്തെ ഭരണം കൊണ്ട് ചെന്നെത്തിച്ചിരിക്കുന്നു. ഈ നാല് വർഷം നിങ്ങൾ സാക്ഷരതയുടെ കാര്യത്തിൽ എന്തു ചെയ്യുകയായിരുന്നു. ഈ നാല് വർഷക്കാലം കൊണ്ട് നിങ്ങൾക്ക് അറിയാം Physical Quality of Life Index... അങ്ങനെ ഒരു P.Q.L.I ഉണ്ട്. എന്താണ് ആ Physical Quality of Life Index ? അവയിൽ വിദ്യാഭ്യാസം, ആയൂർദൈർഘ്യം, ആരോഗ്യം, പരിസര ശുചീകരണം ഇതെല്ലാം കൂടി ചൂണ്ടിക്കാണിക്കുന്ന ആ P.Q.L.I-ൽ നമ്മൾ എല്ലാത്തിലും പുറകോട്ടു പോയി. നിങ്ങൾക്ക് അറിയാമോ ഇവിടെ നയപ്രഖ്യാപന പ്രസംഗം നടത്തിയ കേരള ഗവർണ്ണർ, തിരുവനന്തപുരത്ത് യോഗത്തിൽ പ്രസംഗിച്ചുകൊണ്ടു പറഞ്ഞു, നിങ്ങൾ ആലോചിക്കണം, നിങ്ങൾ ബീഹാറിനേക്കാളും പുറകിലാണെന്ന്. ഇത് എങ്ങനെ സംഭവിച്ചുവെന്നുള്ള വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ കുമാരനാശന്റെ രണ്ടു വരി പറയാതെ കടന്നുപോകുന്നത് ശരിയല്ല. അപ്പുറത്ത് നന്ദി പ്രമേയം അവതരിപ്പിച്ചുകൊണ്ട് ചില വരികൾ ഇവിടെ ഉദ്ധരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

"ദൈവത്തിൻ മനമാരുകണ്ടു,
പിഴുതാൻ ദന്തീന്ദ്രന പത്മിനീം..."

കുമാരനാശാൻ "ദുരവസ്ഥ"യിൽ എഴുതിയിട്ടുള്ളത്. "പിൻപേ സ്മൃതികളാൽ കോട്ടകെട്ടി മുന്നോട്ടുകാലം കടന്നു പോയിടാതെ" നിങ്ങളെ കുറിച്ചാണ് പറഞ്ഞത്. ഈ തരത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യമായ സാങ്കേതികമായ വിദ്യാഭ്യാസപരമായ കാർഷികമായ വ്യാവസായികമായ അങ്ങനെ ഏത് രംഗം എടുത്തുനോക്കിയാലും പുരോഗതി, ഓരോ കാലഘട്ടങ്ങളിൽ ധൂമകേതു വരും. ഇപ്പോൾ ടി.വി. ചാനൽ വന്നിട്ടുണ്ട്. ഇവരുടെ ധൂമകേതുവാണ്. ചില പ്രത്യേക കാലഘട്ടങ്ങളിൽ ധൂമകേതു വരുമെന്ന് പറയാറുണ്ട്. നിങ്ങളുടെ രാഷ്ട്രീയം നിങ്ങളുടെ ഈ അഹങ്കാരം നിങ്ങളുടെ ഈ അനീതി, നിങ്ങളുടെ ഈ അക്രമം, ഇവിടെ ധാർഷ്ട്യ മനോഭാവത്തോടുകൂടി ഒരു പ്രകടനം കാഴ്ച വച്ചുപോയില്ലേ ശ്രീ. പിണറായി വിജയൻ ? നിങ്ങളുടെ ധൂമകേതുവാണ് ഈ ടി.വി. ചാനൽ. നിങ്ങൾ ഓരോരുത്തരെ വിളിച്ചുവരുത്തി, ഇ.എം.എസ്. അക്കാഡമിയുടെ പേരിൽ, അവിടത്തെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ പേരിൽ, നിങ്ങൾ ഏതിന്റെ എല്ലാം പേരിലാണ് ചെയ്തിരിക്കുന്നത്. 20 ലക്ഷം രൂപയുടെ പിരിവ്, 10 ലക്ഷം രൂപയുടെ പിരിവ്, നിങ്ങളുടെ ബക്കറ്റ് പിരിവ്. അവസാനം നിങ്ങൾ 100 കോടി രൂപ പറഞ്ഞുകൊണ്ട് ഈ സംസ്ഥാനത്ത് ടി.വി. ചാനൽ എന്നുപറയുന്നില്ലേ, അത് നിങ്ങൾ ചാലിൽ വീഴുന്ന, നിങ്ങളുടെ പ്രസ്ഥാനം, മാർക്സിസ്റ്റ് പാർട്ടി ചാലിൽ വീഴുന്ന സമ്പത്തിന്റെയും അഹങ്കാരത്തിന്റെയും ഒരു പ്രസ്ഥാനമായി ഇന്ന് മാർക്സിസ്റ്റ് പാർട്ടി മാറിയിരിക്കുകയാണ്. ഇവിടെ ഗുരുദേവ ദർശനത്തെക്കുറിച്ച് പറഞ്ഞു. ആ ദർശനങ്ങളെ ആരാധിക്കുന്ന ഒരാളാണ് ഞാൻ. "അലകളും ആഴിയും എന്നുവേണ്ട ഉലകും ഉയർന്നു അറിവായി മാറിടും." എത്രയോ വർഷങ്ങൾക്ക് മുമ്പ് ഇൻഫർമേഷൻ ടെക്നോളജിക്ക് ദീർഘദർശനം ചെയ്ത ഗുരുദേവൻ, അത് കാണാൻ ശ്രീ. നായനാർ താമസിച്ചു പോയി, ബഹുമാന്യനായ ഇ.എം.എസ്. കാണാൻ താമസിച്ചുപോയി. നമ്മുടെ ദാർശനികൻമാരായ പലരും കാണാൻ മറന്നുപോയി. പത്തെഴുപത് വർഷങ്ങൾക്കു മുമ്പ് ഈ അലകളും ആഴിയും എന്നുവേണ്ട എല്ലാ ഉലകും ഉയർന്ന് അറിവായി മാറിടുമെന്ന് ഈ ലോകത്തോട് വിളിച്ചു പറഞ്ഞ ഈ ഗുരുദേവൻ, ആചാരത്തിലും അന്ധവിശ്വാസത്തിലും കിടന്ന ജനതയെ കൈകോർത്ത് ഉയർത്തിയ ശ്രീനാരായണ ഗുരുദേവൻ, ആ ഗുരുദേവൻ ഉഴുതുമറിച്ചിട്ട ആ കേരള ഭൂമിയെ കുറിച്ച് പറയുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയെ ഞാൻ Sir Issac Newton-ന്റെ ഒരു വാക്ക് നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു. 'I am what I am on the shoulder of Sir Issac Newton' നിങ്ങൾ അത് ഓർമ്മിച്ചിരിക്കണം. നിങ്ങൾ ദർശനത്തെക്കുറിച്ച് പ്രഖ്യാപനം നടത്തിയാൽ മാത്രം പോരാ, നിങ്ങൾ ദർശനത്തെക്കുറിച്ച് പ്രസംഗിച്ചാൽ മാത്രം പോരാ നിങ്ങൾ ശ്രീനാരായണഗുരുദേവനെന്നുള്ള ആ ആദർശത്തിന്റെയും സമ്പത്തിന്റെയും അധികാരത്തിന്റെയും മുകളിൽനിന്ന് കൊണ്ട് പ്രസംഗിച്ചാൽ മാത്രം പോരാ കഴിഞ്ഞ 20 വർഷക്കാലമായി ദർശനങ്ങളെ ഒരുപിടി തെമ്മാടികൾ ഈ സംസ്ഥാനത്ത് അമ്മാനമാടുമ്പോൾ നിങ്ങൾ ഞൊണ്ടിയെ പിടിച്ചു എന്നാണ് അപ്പുറത്ത് ശ്രീ. ജയരാജൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ഞൊണ്ടിയെ പിടിച്ചു. ഈ മുഖ്യമന്ത്രിയുടെ മുമ്പിലും പുറകിലും പോലീസില്ലേ, ഈ നാട്ടിലെ ഓരോ മന്ത്രിമാരുടെയും മുമ്പിലും പുറകിലും പോലീസില്ലേ ? നിങ്ങളുടെ ഓരോ എം.എൽ.എ.മാരുടെ മുമ്പിലും പിറകിലും പോലീസില്ലേ, നിങ്ങൾ എല്ലാ പാർട്ടികളുടെ മുമ്പിലും പോലീസില്ലേ, കേരളത്തിലെ ദർശനങ്ങളുടെ നിദാനമായി നില്ക്കുന്ന ശ്രീനാരായണഗുരുദേവന്റെ ദർശനങ്ങളെ സംരക്ഷിക്കാൻ കഴിയാത്ത നിങ്ങൾ രാജിവച്ച് പോകണം. നിങ്ങൾ ഈ നാടിന് അപമാനമാണ്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. സ്വതന്ത്ര ഇന്ത്യ 52 വർഷം പിന്നിടുമ്പോൾ ജനാധിപത്യം അട്ടിമറിക്കപ്പെടുന്ന ചിത്രമാണ് നമ്മൾ ഭാരതത്തിൽ കാണുന്നത്. ജനാധിപത്യത്തെ അട്ടിമറിക്കുന്നതിന്റെ ഭാഗമായി ഈ രാജ്യം ഭരിക്കുന്ന വർഗ്ഗീയവാദികൾ ഭരണഘടനാ പുനഃസംഘടനയെ കുറിച്ച് ആലോചിക്കുകയാണ്. രാജ്യത്തിന്റെ മതേതരത്വം പിച്ചിച്ചീന്തപ്പെടുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടന വിദേശികൾക്ക് തീർ എഴുതി കൊടുക്കുന്നു. എന്തിന് ഏറെ പറയുന്നു, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കാൻ ഒരു വകുപ്പുപോലും ഭാരതത്തിൽ ഉണ്ടാക്കിയിരിക്കുന്നു. അതാണ് രാജ്യത്തിന്റെ പൊതുസ്ഥിതിയെങ്കിൽ അപ്പുറത്തുനിന്നും സംസാരിച്ച നമ്മുടെ തങ്കച്ചായൻ മുതൽ പാലോട് രവി വരെയുള്ളവർ സംസാരിച്ചതിൽ ഈ രാജ്യം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ ചെറിയ നിഴലാട്ടം പോലും ആ പ്രസംഗങ്ങളിൽ കണ്ടില്ല. ഇവരൊക്കെ ഏത് ലോകത്താണ് ജീവിക്കുന്നതെന്ന് അത്ഭുതപ്പെടുകയാണ്. ഈ രാജ്യം ഇന്ന് അകപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് കാണുവാൻ ആവാത്തവിധം അന്ധൻമാരായി പോയോ നമ്മുടെ പ്രതിപക്ഷം ? പോയിപോയി ബി.ജെ.പി. ഗവൺമെന്റ് രാജ്യത്തിന്റെ സമ്പത്ത് തീർ എഴുതിയതിന് കൈപൊക്കിയ പ്രതിപക്ഷമായി പാർലമെന്റിലെ പ്രതിപക്ഷം അധഃപതിച്ചിരിക്കുകയാണ്. 5 കോടി രൂപയുടെ ആസ്തിയിൽ തുടങ്ങിയ എൽ.ഐ.സി.യുടെ ആസ്തി ഇപ്പോൾ ഒരു ലക്ഷത്തി നാല്പത്തി രണ്ടായിരം കോടിയാണ്. കഴിഞ്ഞവർഷം എൽ.ഐ.സി.യുടെ ലാഭവിഹിതമായി കേന്ദ്രഗവൺമെന്റിന് നല്കിയത് മൂവായിരം കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ വാർഷിക ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റിന് 52,000 കോടി രൂപയാണ്. സ്വർണ്ണമുട്ടയിടുന്ന താറാവിനെയാണ് 27 ശതമാനം ബഹുരാഷ്ട്ര കുത്തകകൾക്ക് വിറ്റിരിക്കുന്നത്. ബഹുരാഷ്ട്രകുത്തകകൾക്ക് വിൽക്കണമെന്ന് നിർബന്ധിച്ച അമേരിക്കയിൽ അവരുടെ ഇൻഷ്വറൻസിന് 4 ശതമാനം മാത്രമേ സ്വകാര്യവ്യക്തികൾക്ക് ഷെയർ ഉള്ളൂ. വിമാനത്താവളങ്ങൾ വില്ക്കുന്നു, തുറമുഖങ്ങൾ വില്ക്കുന്നു, ഇമ്മാതിരി രാജ്യത്തെ വിറ്റ് തുലയ്ക്കുന്നു. അതിനെക്കുറിച്ച് കമാ എന്നൊരക്ഷരം ഉരിയാടാൻ ആവാത്ത തരത്തിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം അധഃപതിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ ഈ രാജ്യത്തെ ജനങ്ങളുടെ ഭാവി എന്താണ് ? ഈ ദുരവസ്ഥയിൽ അല്ലെങ്കിൽ ഈ പശ്ചാത്തലത്തിൽ കേരള നിയമസഭയിൽ ഗവർണ്ണർ നടത്തിയ പ്രഖ്യാപനം ഒരു സ്വർണ്ണരേഖയാണ്. ഈ സാമ്പത്തിക പ്രതിസന്ധിക്ക് നടുവിൽ കേരളത്തിലെ ഗവൺമെന്റ് പറയുകയാണ് റേഷൻ അരിയുടെ പോലും സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറച്ചാൽ അത് പരിഹരിക്കുന്നതിന് ഞങ്ങളുടെ പരിധിക്കുള്ളിൽനിന്ന് തന്നെ ചെയ്യാവുന്നത് ചെയ്യും. ഇത് കണ്ടില്ലെന്ന് നടിക്കുവാൻ കഴിയുമോ ? കേന്ദ്രത്തിൽ പൊതുമേഖല വില്ക്കാൻ ഒരു വകുപ്പ് കേന്ദ്രഗവൺമെന്റ് വയ്ക്കുമ്പോൾ കേരള ഗവൺമെന്റ് പൊതുമേഖലയെ പുനരുദ്ധരിക്കുന്നതിന് ഒരു നിധി തന്നെ പ്രത്യേകമായി രൂപീകരിച്ചു. അത് കണ്ടില്ലെന്ന് നടിക്കുവാൻ ഇവർക്ക് കഴിയുമോ ? കാർഷികരംഗത്തെ സബ്സിഡി ഒന്നൊന്നായി കേന്ദ്രഗവൺമെന്റ് വെട്ടിക്കുറയ്ക്കുമ്പോൾ ഇപ്പോൾ അമേരിക്കയ്ക്ക് കാർഷിക ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ അനുമതി കൊടുത്തതോടുകൂടി കാർഷിക മേഖല തകർച്ചയെ നേരിടുമ്പോൾ കേരളാ ഗവൺമെന്റ് പറയുകയാണ് തങ്ങൾ അടുത്തവർഷം പതിനായിരം ഹെക്ടറിൽ കൂടി പുതിയതായി നെൽക്കൃഷി വ്യാപിപ്പിക്കും. അവിടെ ബോണസ് 300 രൂപ എന്നത് 1000 രൂപയായി വർദ്ധിപ്പിക്കും. അതിനെ എതിർക്കാൻ കഴിയുമോ നിങ്ങൾക്ക്. അടുത്തകാലത്ത് പ്രസിദ്ധീകരിച്ച ഒരു സർവ്വേയിൽ പറഞ്ഞത് 5 കോടി കുടുംബങ്ങൾക്ക് ഭാരതത്തിൽ സ്വാതന്ത്ര്യം നേടി 52 വർഷം പിന്നിടുന്ന ഈ സാഹചര്യത്തിലും കുടിക്കാൻ വെള്ളമില്ല. 15 കോടിയെന്ന് പറഞ്ഞാൽ സർക്കാരിന്റെ കണക്കാണ്. ഒരു കുടുംബത്തിൽ 5 ആൾ ആണ്. 15 കോടി കുടുംബമെന്നുപറഞ്ഞാൽ 75 കോടി ജനതയ്ക്ക് 100 കോടിയോളം ജനസംഖ്യ വരുന്ന ഭാരതത്തിൽ 75 കോടി ജനതയ്ക്ക് 52 വർഷത്തിനകവും കുടിവെള്ളമില്ല എന്ന സ്ഥിതി ആണെങ്കിൽ 40 കോടി കുടുംബങ്ങൾക്ക് പാർപ്പിടമില്ല. പാർപ്പിടം ഇല്ലാത്തതാണ് ഭാരതത്തിലെ സ്ഥിതി. 40 കോടി കുടുംബങ്ങൾ വഴിയാധാരമാകുന്ന ഭാരതത്തിൽ കേരള സർക്കാർ നയപ്രഖ്യാപനത്തിൽ പറയുകയാണ് ഞങ്ങൾ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലേയ്ക്ക് പോകും, സമ്പൂർണ്ണ പാർപ്പിടപദ്ധതി ഈ ഗവൺമെന്റിന്റെ പട്ടികജാതിവകുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞു. ദുർബലരായ മുഴുവൻ ജനവിഭാഗങ്ങൾക്കും തുടക്കത്തിൽ നാല് ജില്ലകളിൽ മാത്രമായിട്ട് എടുത്തുകൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രഖ്യാപിക്കുകയാണ്. അത് നിങ്ങൾക്ക് കണ്ടില്ലെന്ന് നടിക്കുവാൻ കഴിയുമോ ? ഈ വർഷം അവതരിപ്പിച്ച നയപ്രഖ്യാപനപ്രസംഗം പ്രതീക്ഷയുടേതാണ് അതിനെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് കാടടച്ച് വെടിവച്ച് എന്തൊക്കെ സ്വപ്നം കാണുന്നു. ശ്രീ. നായനാർ രാജിവയ്ക്കണമെന്നു ശ്രീ. പാലോട് രവി പറയുന്നു. നിങ്ങളുടെ സ്വപ്നം എവിടെയാണെന്ന് ഞങ്ങൾക്ക് അറിയാം. പക്ഷേ, അത് നടക്കാൻ പോകുന്നില്ല. ആ വച്ച വെള്ളം വാങ്ങിവയ്ക്കുകയല്ലാതെ കേരളത്തിൽ രക്ഷയില്ല. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ജനകീയാസൂത്രണം ഗാന്ധിജിയുടെ സ്വപ്നമല്ലായിരുന്നോ അധികാര വികേന്ദ്രീകരണം. അത് നടപ്പിലാക്കിയത് ആരാണ് ? കേരളത്തിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കി എന്നുമാത്രമല്ല അഴിമതിരഹിതമായ ഒരു ഭരണം കാഴ്ച വച്ചതിന്റെ ഭാഗമായി ജനങ്ങൾക്ക് അധികാരം കൊടുത്ത ഗവൺമെന്റാണ്. 40 ശതമാനം പണം താഴേയ്ക്ക് കൊടുത്തില്ലേ ? നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയുമോ ? ഇരുളിലായിരുന്ന കേരളത്തെ വെളിച്ചത്തിലേയ്ക്ക് നയിച്ചതിന്റെ ഭാഗമായി ഈ മൂന്നര വർഷത്തിന് ഇടയിൽ 845 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചു എന്നത് നിഷേധിക്കാൻ കഴിയുമോ ? ഇതാണ് വസ്തുത എന്നിരിക്കെ ഇപ്പോൾ കാടടച്ച്

LIBRARY ARCHIVES Kerala Legislative Assembly

വെടി വെയ്ക്കലല്ലേ ? ഇപ്പോൾ ഇരുട്ടാക്കാനാണ് ശ്രമിക്കുന്നത്. ഇനി കേരളത്തിൽ ക്രമസമാധാനപ്രശ്നം സൃഷ്ടിക്കണം. ഇത് എന്നു തുടങ്ങിയ ഏർപ്പാടാണ്. കേരളത്തിൽ 1957 മുതൽ തുടങ്ങിയതല്ലേ ? 1957-ൽ ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്ന ഗവൺമെന്റിനെ, വിദ്യാഭ്യാസ ബിൽ കൊണ്ടുവന്ന ഗവൺമെന്റിനെ..... ഭൂപരിഷ്കരണം ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ മുദ്രാവാക്യം ആയിരുന്നില്ലേ സ്വാതന്ത്ര്യ സമരകാലത്ത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സ്വാതന്ത്ര്യ സമരകാലത്ത് ഭൂപരിഷ്ക്കരണം നടപ്പിലാക്കും എന്നു പറഞ്ഞുവെങ്കിലും നടപ്പിലാക്കിയത് കേരളത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ഗവൺമെന്റാണ്. തുടർച്ചയായി 45 വർഷം ഭരിച്ച ഏതെങ്കിലും സ്റ്റേറ്റുകളിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ? പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയ ഗവൺമെന്റിനെ അട്ടിമറിക്കാൻ കുപ്രസിദ്ധമായ വിമോചന സമരം നടത്തുന്നതിന് ഉപയോഗിച്ച അതേ ക്രമസമാധാന ആയുധമാണ് ഇന്നിപ്പോൾ നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീമാൻ എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ കൊല്ലത്ത് പ്രഖ്യാപിച്ചത്. പഴയ ആയുധത്തിന് അന്ന് തിളക്കമുണ്ടായിരുന്നു. അന്ന് എന്താണ് പറഞ്ഞത് ? വിദ്യാഭ്യാസനിയമത്തിന് എതിരെ, ഭൂപരിഷ്ക്കരണത്തിന് എതിരെ അന്നിവർ പറഞ്ഞത്, കേരളത്തിൽ പള്ളിക്കും അമ്പലത്തിനും രക്ഷയില്ല. അമ്മപെങ്ങൻമാരില്ല കേരളത്തിൽ. അമ്മപെങ്ങൻമാർ കമ്മ്യൂണിസ്റ്റുകാർക്കെല്ലാം ഭാര്യമാരാണ് എന്ന്. ഇമ്മാതിരി നുണ പറഞ്ഞുകൊണ്ടാണ് അന്ന് രാജ്യത്ത് കലാപങ്ങൾ അഴിച്ചുവിട്ട് തെക്ക് തെക്ക് ഒരു ദേശത്ത് അങ്കമാലിയും കല്ലറയുമൊക്കെ പറഞ്ഞ് രാജ്യത്ത് കുപ്രസിദ്ധമായ വിമോചന സമരം നടത്തിയത്. ആ വിമോചന സമരത്തെക്കുറിച്ച് അമേരിക്കയുടെ നയതന്ത്ര ഉദ്യോഗസ്ഥൻ പറഞ്ഞത് എന്താണ് ? മോയിനിഹാൻ ചരിത്ര പുസ്തകത്തിൽ എഴുതിവച്ചു. സി.ഐ.എ.യുടെ പണം കേരളത്തിൽ വിമോചന സമരം നടത്തുന്നതിന് ഉപയോഗിച്ചിരുന്നുവെന്ന്. കോൺഗ്രസ് നിഷേധിച്ചിട്ടുണ്ടോ ? അതൊരു വസ്തുത അല്ലേ ? അന്ന് സി.ഐ.എ.യുടെ പണവും കൂടി ഉപയോഗിച്ച് കൊണ്ട് അന്നത്തെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അട്ടിമറിച്ച കോൺഗ്രസിന് ഇപ്പോൾ അതു കഴിയുമോ ? കഴിയില്ല എന്നത് വസ്തുതയാണ്. ഇന്ന് കേരളത്തിലെ ജനത ഈ പറയുന്ന പ്രയോഗങ്ങളൊക്കെ തള്ളിക്കളഞ്ഞതല്ലേ. പുഴയിൽക്കൂടി കുറെയധികം വെള്ളം ഒഴുകിപ്പോയി. എനിക്കുതന്നെ അനുഭവമുണ്ട്. ഞാനിപ്പോൾ തെരഞ്ഞെടുപ്പിൽ നേരിട്ടപ്പോൾ ഒരു പള്ളിയുടെ മുറ്റത്തുവന്ന് ഒരു 80 വയസ്സുള്ള വൃദ്ധൻ പറഞ്ഞു. കുഞ്ഞേ ഈ പള്ളിയിലെ ചപ്പാത്തിയും തിന്ന് ഇവരുടെ കുറുവടിയുമെടുത്ത് എന്റെ കമ്മ്യൂണിസ്റ്റ് സഹോദരരെ തല്ലാൻ പോയവനാണു ഞാൻ. ഇന്ന് ഞാൻ തിരിച്ചറിയുന്നു. അവർ എന്റെ സഹോദരൻമാരാണെന്ന്. 1959-ൽ പള്ളിയിൽനിന്ന് ചപ്പാത്തിയും തിന്ന് കുറുവടിയുമെടുത്ത് കമ്മ്യൂണിസ്റ്റുകാരെ തല്ലാൻപോയ ജനത ഇന്ന് തിരിച്ചറിയുന്നു. കമ്മ്യൂണിസ്റ്റുകാർ അവരുടെ സഹോദരൻമാർ ആണെന്ന്. ഇതറിയാത്തതാണോ ശ്രീ. പാലോട് രവി. നിങ്ങൾ എന്തെല്ലാം കലാപങ്ങൾ ഉണ്ടാക്കിയാലും, നിങ്ങൾ എന്തെല്ലാം പ്രഹസനങ്ങൾ ഇവിടെ സൃഷ്ടിച്ചാലും കേരളത്തിൽ ഈ ആയുധം വിലപ്പോവില്ല എന്ന് തിരിച്ചറിയാനുള്ള വിവേകം നിങ്ങൾക്കുണ്ടാകുന്നത് ഭാരതത്തിന്റെയും കേരളത്തിന്റെയും ഭാവിക്കു നല്ലതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതാണ് എനിക്കു പയാനുള്ളത്. ഈ മൂന്നര വർഷക്കാലം എന്തെല്ലാം സമരാഘോഷങ്ങളാണ് നടത്തിയത്. പയ്യാവൂർ എടുത്തു, കണ്ണൂർ എടുത്തു, ഇപ്പോൾ എല്ലാം പോയി. ഒന്നും കൂച്ച് പിടിക്കുന്നില്ല എന്നു കണ്ടപ്പോൾ കൊല്ലത്തെ എസ്.എൻ. കോളേജ് പ്രശ്നമാണ്. എന്താണ് എസ്.എൻ. കോളേജിൽ സംഭവിച്ചത് ? ഇവിടെ കുറേ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കുട്ടികൾ അവിടെ ഈ വർഷം ആദ്യം ചില മുദ്രാവാക്യങ്ങൾ ഉയർത്തി. ഒന്ന്, കോളേജിൽ ഇപ്പോൾ ക്യാന്റീൻ ഇല്ല. നാലായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന കോളേജാണ്. നാലായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന കോളേജിൽ ഉണ്ടായിരുന്ന ക്യാന്റീൻ ഇപ്പോൾ ശങ്കേഴ്സ് ആശുപത്രിയിലെ ജീവനക്കാർക്ക് താമസിക്കാനുള്ള ഡോർമെറ്ററി ആക്കി മാറ്റിയിരിക്കുകയാണ്. ക്യാന്റീൻ തുറക്കണമെന്ന് കുട്ടികൾ പറഞ്ഞാൽ അത് പിന്നോക്കക്കാർക്ക് എതിരായ മുദ്രാവാക്യമാണോ ? അത് കോളേജിനെ തകർക്കുന്ന മുദ്രാവാക്യമാണോ ? കുട്ടികൾ പറഞ്ഞത് ക്യാന്റീൻ തുറക്കണമെന്നാണ്. രണ്ടാമത് അവർ പറഞ്ഞത് അവിടത്തെ കോളേജ് ആഡിറ്റോറിയത്തെപ്പറ്റിയാണ്. കോളേജ് യൂണിയന്റെ ഫണ്ട് എന്താണെന്ന് ഇവിടെയിരിക്കുന്നവർക്ക് എല്ലാം അറിയാം. ഒരു രൂപയോ, രണ്ട് രൂപയോ അഡ്മിഷൻ സമയത്ത് കുട്ടികളിൽനിന്നും പിരിക്കുന്നതാണ് യൂണിയന്റെ ഫണ്ട്. ആ യൂണിയന്റെ ഫണ്ട് ഒരു കോളേജ് യൂണിയൻ ഇനാഗുറേഷനോടുകൂടി തീരും. പന്തൽ കെട്ടി ഇനാഗുറേഷൻ നടത്തുമ്പോൾ ഫണ്ട് തീരും. അപ്പോൾ സെമിനാർ നടത്താൻ, സിംപോസിയം നടത്താൻ, ഡിബേറ്റ് നടത്താൻ, കലാവാസനയുമായി ബന്ധപ്പെട്ട ഇതര ആക്ടിവിറ്റീസിന് പണമില്ലാത്ത സാഹചര്യത്തിൽ കുട്ടികൾ പറയുകയാണ് ഞങ്ങൾക്ക് ഒരു ആഡിറ്റോറിയം വേണമെന്ന്. പ്ളാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട് ആഡിറ്റോറിയം നിർമ്മിക്കാൻ ഒരു കോടി 40 ലക്ഷം രൂപ പിരിച്ചിരുന്നു. തുകയെപ്പറ്റി ഞാൻ വിശദീകരിക്കുന്നില്ല. ആഡിറ്റോറിയത്തിന് വേണ്ടി പണം പിരിച്ച സാഹചര്യത്തിൽ ആ പണം പിരിച്ച് ആഡിറ്റോറിയം പണിയണമെന്ന് കുട്ടികൾ ആവശ്യപ്പെട്ടാൽ അതൊരു അപരാധമാണോ ? അതാണ് കുട്ടികൾ ഉന്നയിച്ച രണ്ടാമത്തെ വിഷയം. മൂന്നാമത്തെ പ്രശ്നം എന്താണ് ? അവിടെ യു.ജി.സി.യുടെ ഗ്രാന്റോടുകൂടി ഒരു ജിംനേഷ്യയും കെട്ടിയിട്ടുണ്ട്. നമുക്കറിയാം. ഭാരത്തിലും കേരളത്തിലുമുള്ള കായിക പ്രതിഭകളുടെ എണ്ണം എത്രയാണെന്ന്. കൊച്ചു രാജ്യങ്ങൾ സ്വർണ്ണപ്പതക്കവുമായി ഉയരങ്ങളിൽനിന്നും ഉയരങ്ങളിലേയ്ക്ക് പോകുമ്പോൾ 100 കോടി ജനതയുള്ള ഭാരതം ലജ്ജിച്ചു തലതാഴ്ത്തുന്നു. യു.ജി.സി.യുടെ ഗ്രാന്റോടുകൂടി പണിത ജിംനേഷ്യത്തിന്റെ കെട്ടിടത്തിൽ ഇപ്പോൾ എന്താണ് പ്രവർത്തിക്കുന്നത് എന്നറിയാമോ ? അൺ എയ്ഡഡ് സ്കൂൾ. ശ്രീനാരായണ പബ്ലിക് അൺ എയ്ഡഡ് സ്കൂളാണ് യു.ജി.സി.യുടെ ഗ്രാന്റോടുകൂടി പണിത ജിംനേഷ്യത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. ഏതു മാനേജുമെന്റിനും അൺ എയ്ഡഡ് സ്കൂളുകൾ തുറക്കാം. യു.ജി.സി.യുടെ ഗ്രാന്റോടുകൂടി നിർമ്മിച്ച കെട്ടിടം ഞങ്ങൾക്ക് ജിംനേഷ്യമായി വിട്ടുതരണമെന്ന് കുട്ടികൾ പറഞ്ഞാൽ അതെങ്ങനെയാണ് ഏതെങ്കിലും സമുദായങ്ങൾക്കെതിരായ മുദ്രാവാക്യം ആകുന്നത് ? അതെങ്ങനെയാണ് കോളേജിനെ തകർക്കുന്ന മുദ്രാവാക്യം

LIBRARY ARCHIVES Kerala Legislative Assembly

ആകുന്നത് ? ഈ മൂന്നു കാര്യങ്ങളാണ് കുട്ടികൾ ഉന്നയിച്ചത്. ആ സമരം നടക്കുന്ന ഘട്ടത്തിലാണ്..... ഈ പറയുന്ന ആഗസ്റ്റ് 10-ന് സമരമില്ല. ആ ദിവസമാണ് 26 വയസ്സുള്ള ഷാജി എന്നുപറയുന്ന ഒരാൾ പ്രീഡിഗ്രിക്ക് ചേരുന്നത്. പ്രീഡിഗ്രിക്കു ചേരേണ്ട വയസ്സ് എത്രയാണെന് പ്രതിപക്ഷ നേതാവിന് അറിയാമല്ലോ. 15 വയസ്സിൽ എസ്.എസ്.എൽ.സി. പാസ്സാകുമല്ലോ. ഒരിക്കൽ തോറ്റാൽ 16 വയസ്സല്ലേ ആകു. 2 പ്രാവശ്യം എസ്.എസ്.എൽ.സി. തോറ്റാൽ 17-ാമത്തെ വയസ്സിൽ പ്രീഡിഗ്രിക്കു ചേരണ്ടെ ? 26-ാമത്തെ വയസ്സിൽ പ്രീഡിഗ്രിക്ക് ചേരുന്നു എന്നുപറയുന്നത് പഠിക്കാനാണോ ? മറ്റു ചില വിക്രിയകൾ കൂടി അദ്ദേഹത്തിനുണ്ട്. ആ വിക്രിയകളുടെ ഭാഗമായി കുട്ടികൾ അയാളെ പറഞ്ഞുവിടുന്നു. പറഞ്ഞുവിട്ടയാൾ പുറത്തുപോയി തില്ലേരി പ്രദേശത്തെ ക്രിമിനലുകളുമായി അകത്തുവന്ന് കുട്ടികളുടെ പേരിൽ അക്രമം അഴിച്ച് വിടുകയാണ്. അക്രമത്തിൽ പരിക്കേറ്റ് ഒരു കുട്ടിയെ പോലീസാണ് ആശുപത്രിയിൽ ആക്കിയത്. വേറൊരു കുട്ടിയുടെ ബാപ്പ മെഡിക്കൽ കോളേജാശുപത്രിയിൽ കിടക്കുന്നതുകൊണ്ട് ഒരാഴ്ചകൊണ്ട് ആ കുട്ടി കോളേജിൽ വരുന്നില്ല. ഒരു കുട്ടി പരിക്കേറ്റ് ആശുപത്രിയിൽ പോയി. ഒരു കുട്ടി ഒരാഴ്ചയായി കോളേജിൽ വരുന്നില്ല. അങ്ങനെ രണ്ടാൾ ഉൾപ്പെടെ 4 പേരെയാണ് മാനേജുമെന്റ് പുറത്താക്കിയത്. അന്നേ കോളേജടച്ചു. ഇവിടെ ചിലർ പറഞ്ഞു, കുട്ടികളെ പുറത്താക്കി. കോളേജടച്ച സമയത്ത് സമരം ചെയ്തില്ല എന്ന്. അത് തെറ്റിദ്ധാരണയാണ്. അന്ന് പുറത്താക്കിയില്ല. ഈ സംഘർഷത്തോട് കൂടി കോളേജടച്ചു. കോളേജ് തുറന്നുകഴിഞ്ഞിട്ടാണ് പുറത്താക്കൽ നടപടി. പുറത്താക്കുമ്പോഴാണ് കോളേജിൽ വരാത്തയാൾ. അതുപോലെ പരിക്കേറ്റ് ആശുപത്രിയിലായ ആൾ.....2-ാം നിലയിൽ അക്രമം നടന്നതിന്റെ പേരിൽ പരിക്കേറ്റ തറയിൽ വീണയാളെ പുറത്താക്കുന്നു എന്നുപറഞ്ഞാൽ എസ്.എഫ്. ഐ.യെ തകർക്കുക എന്ന ഗൂഢമായ ലക്ഷ്യത്തോടുകൂടി നടന്ന നടപടിയാണിത്. അത് ഏതെങ്കിലും ഒരു വിദ്യാർത്ഥി സംഘടനയ്ക്ക് അംഗീകരിക്കാൻ കഴിയുമോ ? അതാണ് ഇവിടത്തെ പ്രശ്നം. ആ പ്രശ്നത്തെ എങ്ങനെയാണ് മാനേജുമെന്റ് കണ്ടത് ? മാനേജുമെന്റ് അതിനെ ജാതീയമായി മാറ്റി. ഞാൻ കോൺഗ്രസ്സിനോട് ചോദിക്കട്ടെ. കോൺഗ്രസ് സംഘടനയിലെ വിദ്യാർത്ഥികൾ നയിക്കുന്ന ഏതെങ്കിലും ഒരു സമരത്തെ ജാതീയമായി മാനേജുമെന്റ് കണ്ടാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം. ജാതീയമായാണോ നിങ്ങൾ കരുതുന്നത് ? അങ്ങനെയാണോ ശ്രീ. പാലോട് രവി കരുതുന്നത് ? ജാതീയമായിട്ടാണ് കരുതുന്നതെങ്കിൽ എനിക്ക് ആക്ഷേപമില്ല. അല്ല, എങ്കിൽ നിങ്ങൾ ഈ വിക്രിയകളൊക്കെ ഇവിടെ കാട്ടിക്കൂട്ടണോ? ജാതീയമായി കണ്ടുകൂടാ എന്നാണ് ഒരു ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ ഞങ്ങളുടെ അഭിപ്രായം. അതു പാടില്ല. ഈ വിഷയത്തെ ജാതീയമായിട്ടാണ് കണ്ടത്. കൊല്ലം എസ്.എൻ.ഡി.പി. യൂണിയനിൽ ചില ആളുകൾ ബി.ജെ.പി.യുടേയും കോൺഗ്രസ്സിന്റേയും വാലായിട്ടാണ് പ്രവർത്തിക്കുന്നത്. ഇവിടെ പലരും ചോദിച്ചു. എന്തിനാണ് ഈ പ്രശ്നം ഇത്ര വഷളാക്കുന്നത് എന്ന്. ശരിയാണ്. ഞങ്ങളും അതാണ് ചോദിക്കുന്നത്. എന്തിനാണ് ഈ പ്രശ്നം ഇത്ര വഷളാക്കുന്നത് ? അവിടെ കുട്ടികളുമായുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചില പ്രശ്നം. അത് പ്രിൻസിപ്പലിനും മറ്റ് അദ്ധ്യാപകർക്കുമായി ചർച്ച ചെയ്ത് തീർക്കാം എന്നതേയുള്ളൂ. എന്തിനാണ് മാനേജുമെന്റ് ഇടപെടുന്നത്. മാനേജുമെന്റ് സി.പി.എം.ന്റെ നേതാക്കൻമാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുകയാണ്. ആളുകൾക്ക് ഇപ്പോൾ ശ്വാസത്തിൽപ്പോലും ജാതിയാണ്. കേരളം എവിടെയാണ് പോകുന്നത് ? ജാതിതിരിച്ചു മാത്രമേ കാര്യങ്ങളെ കാണുന്നുള്ളൂവെങ്കിൽ കേരളം എവിടെയാണ് പോകുന്നത് ? ശ്രീനാരായണീയ ദർശനം ഉൾക്കൊള്ളുന്ന ഒരാൾക്ക് ജാതി തിരിച്ചുകൊണ്ട് കേരളത്തിൽ വർത്തമാനം പറയാൻ കഴിയുമോ ? ശ്രീനാരായണ ദർശനങ്ങൾ അതിനെതിരാണ്. ജാതി ഏതായാലും മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് ഉദ്ഘോഷിച്ച ഗുരുദേവന്റെ പേരിലാണ് ജാതി വച്ചുള്ള കളി. ശ്രീനാരായണ ദർശനത്തെ തകർക്കുന്ന ഒന്നായി ഇന്ന് അവിടത്തെ എസ്.എൻ.ഡി.പി. യൂണിയനിലെ ചില ആളുകൾ മാറുകയാണ്. ഞങ്ങൾ അവരെ ശക്തമായി ചോദ്യം ചെയ്തു. ചോദ്യം ചെയ്യാതെ പുരോഗമന പ്രസ്ഥാനത്തിന്റെ പ്രതിനിധി എന്നനിലയിൽ പോകാൻ കഴിയില്ല. കോൺഗ്രസിന് ഒരു നയമുണ്ടോ ? ഇതുമായി ബന്ധപ്പെട്ട് കൊല്ലത്ത് ഞങ്ങൾ നേരിട്ടു കണ്ട ഒരു വസ്തുത. കേരളത്തിൽ ഒരു പുതിയ അവിഹിത കൂട്ടുകെട്ട് ഉടലെടുക്കുകയാണ്. ബി.ജെ.പി.യും കോൺഗ്രസ്സുമായി ഒത്തുചേരുന്നതിന്റെ വൃത്തികെട്ട മുഖമാണ് കൊല്ലത്ത് ഞങ്ങൾ കണ്ടത്. ശ്രീ. എ.കെ. ആന്റണി അവിടെവന്ന് വഴി തടഞ്ഞു. വഴി തടയലിനെ ക്കുറിച്ച്, ഹർത്താലിനെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്ന ശ്രീ. എ.കെ. ആന്റണിയടക്കമുള്ളവരുടെകൂടെ എത്ര പേരാണ് ഉണ്ടായിരുന്നത്. ശ്രീ. എം.വി. രാഘവൻ. പിന്നെ ആർ ബാലകൃഷ്ണപിള്ള, പിന്നെ ഉമ്മൻചാണ്ടി. ഒരു പ്രതിപക്ഷപ്പടതന്നെ. നേതാക്കളുടെ പട വന്നപ്പോൾ കൂടെ ആൾ ഇല്ലാത്തത് എന്തുകൊണ്ടാണ്. അവിടെ എത്രപേരാണ് വഴി തടയാൻ കൂടെയുണ്ടായിരുന്നത് ? ഇരുന്നൂറോളം ആളുകൾ. പത്തുമുപ്പത് പ്രതിപക്ഷ നേതാക്കൻമാരുടെകൂടെ ആളെ കിട്ടിയില്ല. ജനങ്ങളെ കിട്ടില്ല അവിടെ. കുറെ പത്രക്കാരും കുറെ ഇത്തരത്തിലുള്ള കുപ്രചരണവും അഴിച്ചുവിട്ടുകൊണ്ട് ഹംപക്ക് നടത്തുമ്പോൾ ജനങ്ങളെയിളക്കാൻ നിങ്ങൾക്കു കഴിയില്ല. കഴിഞ്ഞിട്ടില്ല എന്ന സത്യം നിങ്ങൾ തിരിച്ചറിയുന്നത് നല്ലതാണ്. അന്ന് ആളെ കിട്ടിയോ ? കിട്ടിയില്ലല്ലോ. ആ തരത്തിലാണ് ബി.ജെ.പി.യുടെ സി.കെ. പത്മനാഭന്റേയും എ.കെ. ആന്റണിയുടേയും പ്രസംഗം. രണ്ടു പേരുടെ പ്രസംഗങ്ങൾ രണ്ടും ഒന്നായിരുന്നില്ലേ ? യാദൃശ്ചികമാണോ അത് ? രണ്ടുപേരുടേയും സ്വരം ഒരേ തരത്തിൽ വരുന്നത് യാദൃശ്ചികം എന്ന് ഞങ്ങൾ കരുതുന്നില്ല. ആരാണ് ഈ സാമൂഹ്യവിരുദ്ധന്മാർ. അത് പറയണ്ടേ ? അവർ പ്രകടനത്തിന് കൊണ്ടുപോകുന്ന ആളുകൾ.....ചില സാമൂഹ്യവിരുദ്ധന്മാർ കയറിയെങ്കിൽ ആരാണ് ഈ സാമൂഹ്യവിരുദ്ധന്മാരെന്ന് പറയാനുള്ള ബാധ്യതയില്ലേ. പോലീസ് ക്യാമ്പിലേയ്ക്കാണ് എറിയുന്നത്. ക്യാമ്പിലേയ്ക്ക് എറിഞ്ഞാൽ പോലീസ് ഇടപെടുമെന്നും വെടിവയ്പിലേ കാര്യം കലാശിക്കുവെന്നും കരുതിക്കൂട്ടി വെടിവയ്പ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തന്നെയാണ് ഈ കാര്യങ്ങൾ കാട്ടിക്കൂട്ടിയതെന്നുമറിയാം. പക്ഷേ, എന്ത് അഴിഞ്ഞാട്ടം നടത്തിയാലും കേരളത്തിന്റെ മുഖ്യമന്ത്രി ഇടപെടേണ്ടതില്ല. പോലീസ് ഇടപെടേണ്ടതില്ല എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചുകൊണ്ടുമാത്രമാണ് അവിടെ മറ്റൊരു സംഘർഷമുണ്ടാകാതിരുന്നത്. അതല്ലേ വസ്തുത. നിങ്ങൾ വെടിവയ്പ്പിക്കാനല്ലേ നിന്നത്. ഞങ്ങളെ വെടിവയ്ക്ക്, അല്ലെങ്കിൽ അടിയ്ക്ക് എന്നുപറഞ്ഞല്ലേ നിങ്ങൾ കാര്യങ്ങൾ കാട്ടിക്കൂട്ടിയത്. ആ പേക്കൂത്തുകൾ കണ്ട കൊല്ലം പട്ടണത്തിലെ ജനത കോൺഗ്രസിന്റെ തനിനിറം എന്താണെന്ന് കാണുകയായിരുന്നു. കോൺഗ്രസിന്റെ മുഖംമൂടി ഒന്നൊന്നായി പിച്ചിച്ചീന്തപ്പെട്ടതാണ് കൊല്ലത്തെ ജനങ്ങൾ കണ്ട ചിത്രം. പത്മനാഭൻ വരുന്നു. അദ്ദേഹം പത്രസമ്മേളനം വിളിക്കുന്നു. ഗുരുദേവ പ്രതിമ തകർത്തു. ഇവിടെ പ്രിൻസിപ്പാളിനെ ബന്ദിയാക്കി എന്നാണ് പറയുന്നത്. എന്ത് ബന്ദിയാക്കിയെന്നാണ്. മനോരമ തന്നെ എഴുതിയിട്ടുണ്ടല്ലോ. ഫെബ്രുവരി 2 കഴിഞ്ഞപ്പോഴാണ് മനോരമയ്ക്ക് ബോധോദയമുണ്ടായത്. മനോരമ എഴുതിയിട്ടുണ്ട്, പ്രിൻസിപ്പാൾ പ്രൊഫ. വി.കെ. വിജയൻ ഒത്തുതീർപ്പ് വ്യവസ്ഥയ്ക്ക് മുൻകൈ എടുക്കുകയായിരുന്നുവെന്ന് മനോരമയ്ക്ക് 2-ാം തീയതി പറയേണ്ടിവന്നു. പിന്നെ സമരം 98-ാം ദിവസം കഴിഞ്ഞപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി പോലും വിളിച്ചു സംസാരിച്ചപ്പോൾ അന്ന് തീർക്കാമെന്ന് ശ്രീ. വെള്ളാപ്പള്ളി സമ്മതിച്ചില്ലേ. കുറച്ചു നേതാക്കൾ കൊല്ലത്ത് പത്രസമ്മേളനത്തിൽ സംസാരിക്കുകയാണ്. മുഖ്യമന്ത്രിയല്ല, പ്രധാനമന്ത്രി പറഞ്ഞാലും ഞങ്ങൾ തീർക്കുകയില്ല. ഇങ്ങനെ കേരളത്തിൽ ഇപ്പോൾ ഇടതുമുന്നണിയായാലും വലതു മുന്നണിയായാലും ആയിക്കൊള്ളട്ടെ ഒരു ഗവൺമെന്റിന്റെ മുഖ്യമന്ത്രി പറഞ്ഞാൽ ആ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുമെന്നു പറയുന്ന മാനേജ്മെന്റിന്റെ ചരിത്രം കേരളത്തിലുണ്ടോ. അങ്ങനെ ഉണ്ടായിട്ടില്ല. അവിടെ ബദൽസമരം പ്രഖ്യാപിക്കാൻ എസ്.എൻ.ഡി.പി.യുടെ കുറെപ്പേർ പറഞ്ഞപ്പോൾ എന്താണ് കൊല്ലത്ത് ബദൽസമരം നടത്താതെ പോയത്. ഇവരുടെ പിന്നാലെ അല്ല അവിടത്തെ എസ്. എൻ. ഡി. പി. എന്നതുകൊണ്ടാണ്. ഏതായാലും രണ്ടുമൂന്നുപേർ പേക്കൂത്തു നടത്താനിറങ്ങി പുറപ്പെടുമ്പോൾ കൊല്ലത്ത് എസ്. എൻ. ഡി. പി. യുടെ മുഴുവൻ ആളുകളും അവരോടൊപ്പമല്ല എന്നതുകൊണ്ടാണ് പ്രഖ്യാപിച്ച ബദൽസമരം ചീറ്റിപ്പോയത്. അതിന് ആളെ കിട്ടിയില്ല. അതല്ലേ വസ്തുത ? ബദൽസമരം പ്രഖ്യാപിച്ച സാഹചര്യത്തിലാണ് എസ്.എഫ്.ഐ.യുടെ സംസ്ഥാന സെക്രട്ടറി നിരാഹാരം കിടക്കുന്നത്. നിരാഹാരം 9-ാം ദിവസം കടന്നു. അങ്ങേയറ്റം ക്ഷീണിതനായി സംസ്ഥാന സെക്രട്ടറി രാജേഷ് 98 ദിവസം തുടർച്ചയായ സമരം. പിന്നെ മുഖ്യമന്ത്രി വിളിച്ചാലും തീരുകയില്ല എന്നു പ്രഖ്യാപിക്കുന്ന മാനേജ്മെന്റ്. കുട്ടികൾ എന്തു ചെയ്യണമെന്നാണ്. കുട്ടികൾ പോയി കുത്തിയിരുന്നു. അതൊരു വസ്തുതയാണ്. പ്രിൻസിപ്പാളിന്റെ മുന്നിൽ കുത്തിയിരുന്നു. ഏഴ് മണിയായപ്പോൾ അങ്ങേയറ്റം ക്ഷീണിതനായ രാജേഷ് ക്ഷീണിതനാണെന്നറിഞ്ഞ് കൊല്ലം പട്ടണത്തിലെ പൗരാവലി അവിടെ തടിച്ചുകൂടി. സത്യമാണത്. അവർ പുറത്തിരുന്നു. അകത്ത് കുട്ടികളിരുന്നു. പ്രിൻസിപ്പാൾ ഞങ്ങളെ വിളിച്ചു. ഞാനും കൊല്ലം എം.പി.യുമടക്കം പുറത്തു നിന്നവരാണ്. അധ്യാപകരും പ്രിൻസിപ്പാളും നടത്തിയ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന അഭിപ്രായങ്ങൾ പുറത്തുനിന്ന ഞങ്ങളെ വിളിച്ച് അകത്തുകൊണ്ടുപോയി തീർക്കുകയായിരുന്നു വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതല്ലേ സത്യം. സമരം തീർന്നപ്പോൾ മനോരമ 29-ാം തീയതി എഴുതി 'എസ്.എഫ്.ഐ.യുടെ സമരം അക്രമാസക്തമാകും തിങ്കളാഴ്ച മുതൽ' അങ്ങനെ ഇടപെടാനുള്ള വകുപ്പുപയോഗിച്ച് മനോരമ ഇങ്ങനെ കോൺഗ്രസിനെ ആയുധമണിയിച്ചുവെങ്കിൽ ആ പണി നടന്നില്ലായെന്ന് കണ്ടാണ് ബേജാറായത്. സമരം ഒരു പ്രശ്നവുമില്ലാതെ തീർന്നതുകണ്ടപ്പോൾ ആണ് ഗുരുദേവ പ്രതിമയുടെ നേരെ കയറിയത്. ഗുരുദേവപ്രതിമയെ തകർത്തവനെ കൈയോടെ പിടിച്ചില്ലേ. ഇപ്പോൾ മനോരമയ്ക്ക് ഭയങ്കര ബേജാറാണ്. രാജൻ അല്ലെന്ന് പറയണം. രാജനെ പിടിച്ചില്ലേ ? കടവൂർ ശിവദാസൻ. നിങ്ങൾ നിഷേധിക്കുമോ കടവൂർ ശിവദാസൻ കോൺഗ്രസുകാരനല്ലെന്ന്. കടവൂർ ശിവദാസൻ പത്രസമ്മേളനം നടത്തി ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചു. ഈ രാജൻ എന്ന് പറയുന്നവനെ ഞങ്ങൾ ഒരുവർഷം മുമ്പ് കോൺഗ്രസിൽ നിന്ന് പുറത്താക്കി എന്ന് കടവൂർ ശിവദാസൻ പത്രസമ്മേളനം നടത്തിയില്ലേ. എന്തിനാണ് നിങ്ങൾ വെറുതെ അറിയാത്ത കഥ പറയുന്നത്. ഈ കടവൂർ ശിവദാസൻ കോൺഗ്രസ്സുകാരനല്ലേ. കോൺഗ്രസ്സുകാരനായ കടവൂർ ശിവദാസൻ പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചു രാജനെ ഞങ്ങൾ കോൺഗ്രസിൽ നിന്ന് പുറത്താക്കിയെന്ന്. എന്തിനാണ് പ്രഖ്യാപിച്ചത് ? രാജനെ തൊണ്ടിയോടെ പിടിച്ചപ്പോൾ കടവൂർ ഒരു പ്രസ്സിന്റെ പേരില്ലാത്ത നോട്ടീസുമായി "ഇയാളിപ്പോൾ ഞങ്ങളുടെ പാർട്ടിയിലില്ല. ഞങ്ങൾ പുറത്താക്കി" എന്ന് പറഞ്ഞിരിക്കുന്നു. തൊട്ടടുത്ത ദിവസം മനോരമ എഴുതുകയാണ്. രാജൻ പറയുന്നു ഞാൻ ഇപ്പോഴും കോൺഗ്രസ്സുകാരൻ തന്നെ. ആരു പറയുന്നതാണ് ശരി? മനോരമ രാജന്റെ പടം കൊടുത്തു. കൈയിൽ എത്ര മസിലാണ്. മനോരമയ്ക്ക് ഇത്രമാത്രം ഭ്രാന്താണോ എന്നാണ് ഞാൻ അത്ഭുതപ്പെടുന്നത്. മസിലുള്ള പടമാണ് കൊടുത്തത്. എന്നിട്ട് അടിക്കുറിപ്പ് 'വികലാംഗനായ രാജൻ' വികലാംഗർക്ക് കൈയിൽ മസിൽ പിടിക്കുകയാണ്. പുതിയ കണ്ടുപിടിത്തമാണത്. മസിലുള്ള കൈയും കാണിച്ച് വികലാംഗൻ. എന്തു വിധത്തിലും വിദ്യാർത്ഥി സംഘടനയെ കരിതേയ്ക്കാൻ പെടാപാടുപെടുന്ന മനോരമയ്ക്ക് ആ പെടാപാട് കൊല്ലം ജില്ലയിൽ കൂച്ചു പിടിക്കുകയില്ല എന്ന് തിരിച്ചറിയാൻ ഞങ്ങൾ മുന്നറിയിപ്പു നൽകുകയാണ്. അതുകൊണ്ട് അവിടെ അത് നടക്കുകയില്ല. മാണിച്ചായൻ വന്നില്ലേ. നിങ്ങൾ എത്ര ഇണങ്ങിയാലും ഇണങ്ങുന്നവരല്ല കൊല്ലത്തെ തൊഴിലാളി വർഗ്ഗമെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുകയില്ല. അടിയുറച്ച തൊഴിലാളി വർഗ്ഗത്തിന്റെ പിന്തുണയുള്ള ജില്ലയിൽ ഏതു ജാതി കോമരങ്ങൾ ഉറഞ്ഞുതുള്ളിയാലും അവിടെ അണയാൻ ആളെ കിട്ടുകയില്ല എന്ന സത്യം തിരിച്ചറിയുന്നതാണ് നല്ലത്. ഗുരുദേവപ്രതിമയുടെ നേർക്കാണ് ഇപ്പോൾ. മാർക്സിസ്റ്റുകാരോട് എതിർപ്പ് ഉണ്ടെങ്കിൽ അങ്ങോട്ട് പറഞ്ഞാൽ പോരേ. അതിന് ഗുരുദേവ പ്രതിമ എന്ത് പിഴച്ചു. എറിഞ്ഞു പൊട്ടിക്കുകയാണിപ്പോൾ. ആറന്മുളയിൽ പൊട്ടിച്ചയാളെ കൈയോടെ പിടിച്ചില്ലേ ? ശ്രീനാരായണ പ്രസ്ഥാനത്തിന്റെ.....കോൺഗ്രസ്സുകാരും യൂത്തും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. കേരളത്തിൽ നടക്കുന്ന ഗുരുദേവ പ്രതിമ തല്ലിത്തകർക്കുന്ന യൂത്ത് മൂവ്മെന്റിന്റേയും കോൺഗ്രസിന്റേയും പ്രവർത്തകരെ ഇപ്പോൾ അറസ്റ്റു ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻ കൈയോടെ പിടിക്കുകയാണ്.

അത്തരത്തിൽ ഗുരുദേവപ്രതിമ തകർക്കാൻ യൂത്ത് മൂവ്മെന്റിന്റെ ഒരു പ്രവർത്തകന് കൈ പൊങ്ങുന്നുവെന്നുപറഞ്ഞാൽ എന്തു ദർശനത്തിന്റെ പിൻതുണയാണ് അദ്ദേഹത്തിനുള്ളത്. അത്ഭുതമാണ് ഞങ്ങൾക്ക്. ശ്രീനാരായണീയർക്ക് കമ്മ്യൂണിസ്റ്റുകാരെ എതിർക്കാൻ കഴിയുകയില്ല. കാരണം മനുഷ്യനെ മനുഷ്യനാക്കാൻ പ്രയത്നിച്ച നവോത്ഥാനനായകനായ ശ്രീനാരായണഗുരുവിനെ കമ്മ്യൂണിസ്റ്റുകാർക്ക് എതിർക്കാൻ കഴിയുകയില്ല എന്നത് ഇപ്പോൾ ഗുരുവിന്റെ ദർശനം ആദരിക്കുന്നവർക്ക് കമ്മ്യൂണിസ്റ്റുകാരെ എതിർക്കാൻ കഴിയുകയില്ല. പരസ്പരപൂരകമാണ് രണ്ടും. കമ്മ്യൂണിസ്റ്റുകാർക്ക് എങ്ങനെ ഗുരുദർശനത്തെ എതിർക്കാൻ കഴിയും ? ഗുരുദർശനം ആദരിക്കുന്നവർക്ക് എങ്ങനെ കമ്മ്യൂണിസ്റ്റുകാരെ എതിർക്കാൻ കഴിയും? ഗുരുദർശനത്തിന്റെ മേലങ്കിയണിഞ്ഞ കപട വേഷക്കാർക്കുമാത്രമേ കമ്മ്യൂണിസ്റ്റുകാരെ എതിർക്കാൻ കഴിയൂ. ആ സത്യം കേരളത്തിലെ ജനത തിരിച്ചറിയുകയാണ് എന്നതുകൊണ്ട് ശ്രീനാരായണീയ ദർശനങ്ങളെ വിറ്റ് കാശ് വാങ്ങുന്നവരെ ജനങ്ങൾ ഒറ്റപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല എന്നതുകൊണ്ടും കേരളത്തിൽ മറ്റൊരു വകുപ്പുമില്ലാത്തതുകൊണ്ട് മതസൗഹാർദ്ദം തകർക്കാൻ ആസൂത്രിതമായി ബി.ജെ.പി.യുമായി പങ്കുചേർന്നുകൊണ്ട് കേരളത്തിൽ കോൺഗ്രസ് നടത്തുന്ന തീക്കളി അപകടകരമായ നിലയിലേയ്ക്കാണ് പോകുന്നത്. അത് നിർത്തുന്നതാണ് നിങ്ങൾക്ക് നല്ലത് എന്ന മുന്നറിയിപ്പു തന്നുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതുണയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഭാരതം റിപ്പബ്ലിക്കായിട്ട് 50 വർഷമായി. 50-ാം വാർഷികാഘോഷത്തിൽ ഇൻഡ്യൻ പ്രസിഡന്റ് രാഷ്ട്രത്തോട് ചെയ്ത ഒരു പ്രസംഗമുണ്ട്. ആ പ്രസംഗത്തിൽ അദ്ദേഹം വളരെ വേദനയോടും, തെല്ല് പ്രതിഷേധത്തോടുംകൂടി ഇൻഡ്യയിൽ ഇന്ന് നിലനിൽക്കുന്ന സാമൂഹ്യ, സാമ്പത്തിക അസമത്വത്തിന്റെ കാരണങ്ങളെക്കുറിച്ച് സ്വയം വിമർശനപരമായി നാം ചിന്തിക്കണമെന്ന് നമ്മളെ ഉത്ബോധിപ്പിച്ചു. തീർച്ചയായും ഭരണഘടന മാറ്റുന്നതുകൊണ്ട് മാത്രം അത് പ്രയോജനകരമായിരിക്കുകയില്ല. മറിച്ച് ഭരണഘടനയ്ക്കല്ല കുറ്റം. ഭരണഘടനയുടെ നടത്തിപ്പുകാരാണ് കുറ്റക്കാർ എന്നാണ് രാഷ്ട്രപതി നമ്മെ ഉത്ബോധിപ്പിച്ചത്. ഭരണഘടനയുടെ നടത്തിപ്പുകാരെക്കുറിച്ച് പറയുമ്പോൾ ഇൻഡ്യയിൽ ഇതഃപര്യന്തം നടന്ന ഭരണത്തിന്റെ നാൽപ്പത്, നാല്പത്തഞ്ച് വർഷം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആണ് ഭരണം കൈയാളിയത്. പ്രസിഡന്റ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കുറ്റപ്പെടുത്തിയതിൽ ഭൂരിഭാഗവും യഥാർത്ഥത്തിൽ കോൺഗ്രസിനെ തന്നെയാണ്. സ്വതന്ത്ര ഇൻഡ്യയിൽ സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും ഒരു വിഭാഗം ജനങ്ങൾ പിന്നോട്ടുപോകുന്നു എന്നും അങ്ങനെ പിന്നോക്കം പോകുന്ന ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് രാജ്യത്ത് കലാപകലുഷിതമായ അന്തരീക്ഷം സൃഷ്ടിക്കുവാൻതന്നെ സാഹചര്യം ഒരുക്കുകയും ചെയ്യുന്നു എന്നും അദ്ദേഹം നമ്മോട് പറയുകയായിരുന്നു. ഈ സ്വയംവിമർശനത്തെ തീർച്ചയായും ഇൻഡ്യയിലെ, സ്വതന്ത്ര പരമാധികാര

മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിലെ ജനങ്ങൾ ഗൗരവപൂർവ്വം കണക്കാക്കണമെന്ന് നിങ്ങൾക്ക് അഭിപ്രായം ഉണ്ടോ ? നിഷ്പക്ഷമായി ചിന്തിക്കുന്ന ഇൻഡ്യയിലെ ഏത് പൗരനും ആ പ്രസ്താവനയിൽ പ്രതികരിക്കാതെയിരിക്കുവാൻ കഴിയുകയില്ല. 1991 വരെ ഇൻഡ്യയിൽ സ്വാശ്രയത്തിൽ അധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുത്തു. മാത്രമല്ല ഒരു പൊതുമേഖല വളർത്തിക്കൊണ്ടുവന്നു. ഒരു വിദേശനയം ചേരിചേരായ്മയിൽ അധിഷ്ഠിതമായി ഉണ്ടാക്കി. മാത്രമല്ല മതേതര ഭരണം എന്ന് ഉൽഘോഷിക്കുകയും അത് നടപ്പാക്കുവാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണെന്ന് കാണുകയും ചെയ്തിരുന്നു. ഭരണഘടനയിൽ 'സോഷ്യലിസം' എന്നുകൂടി എഴുതിച്ചേർത്തപ്പോൾ ഇൻഡ്യ ഒരു സോഷ്യലിസ്റ്റ് രാജ്യമാകുമെന്ന് നമ്മൾ പ്രതീക്ഷിച്ചു. ഈ പ്രതീക്ഷകൾ നടപ്പാക്കുന്നതിന് കര, കടൽ, വ്യോമസേനയെയും എത്രയോ കുപ്പിണി പോലീസിനെയും ബ്രജനാവിന്റെ താക്കോലും ഏല്പിച്ചത് മറ്റാരെയും അല്ല കോൺഗ്രസ്സിനെത്തന്നെയാണ്. 1991 ആയപ്പോൾ അവർ ആ നയത്തിൽനിന്നും മാറി. ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും പാത സ്വീകരിക്കണമെന്ന് നമ്മളോടോ പാർലമെന്റിനോടുപോലുമോ ആലോചിക്കാതെ അന്നത്തെ നരസിംഹറാവു ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നെഹ്റു തുടങ്ങിവച്ച നയങ്ങൾ, ഇന്ദിരാഗാന്ധി നടപ്പാക്കിയ നയങ്ങൾ അപ്പാടേ തള്ളുന്നതിന് കോൺഗ്രസ്സിന് ഒരു മനഃസാക്ഷിക്കുത്തും ഉണ്ടായില്ല. ഇൻഷ്വറൻസ് കമ്പനി ദേശസാൽക്കരിച്ച ജവഹർലാൽ നെഹ്റുവിനു ശേഷം വന്ന ശ്രീമതി സോണിയാഗാന്ധി ഇൻഷ്വറൻസ് കമ്പനി സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി വോട്ട് ചെയ്യുന്ന സ്ഥിതിവന്നു. ബാങ്ക് ദേശസാൽക്കരണം നടത്തി ഖ്യാതി നേടിയ ഇന്ദിരാഗാന്ധിയുടെ പിൻതലമുറക്കാരിയായ ശ്രീമതി സോണിയാഗാന്ധി ബാങ്ക് പ്രൈവറ്റ് ഏജൻസികൾക്ക് വിൽക്കുന്നതിനുവേണ്ടിയുള്ള ബി.ജെ.പി.യുടെ നയങ്ങൾക്ക് അനുകൂലമായി കൈപൊക്കി. ഇൻഡ്യയിലെ മതേതരത്വത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഭരണം, ഫാസിസ്റ്റ് വർഗ്ഗീയ ഭരണം, ഇന്ത്യയിൽ കൊണ്ടുവന്നതിനു അപ്പുറത്തിരിക്കുന്ന നിങ്ങൾകൂടി ഉത്തരവാദികളാണ് എന്നു പറഞ്ഞാൽ നിഷേധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെ വന്ന ഭരണത്തിന്റെ പരിണിതഫലമായി ഇന്ത്യ ഇന്ന് മതേതര ഇന്ത്യ ആണോ എന്ന് ആവശ്യപ്പെടുന്നതിന് സധൈര്യം മുന്നോട്ടുവരാൻ എത്ര കോൺഗ്രസ്സുകാർ ഉണ്ട് എന്നതാലോചിക്കേണ്ട വിഷയമല്ലേ. ഇത് ഇൻഡ്യയുടെ മുഖത്ത് അടിച്ചതുപോലെ നിൽക്കുന്ന ചോദ്യചിഹ്നമാണ്. സ്വതന്ത്രപരമാധികാര സോഷ്യലിസ്റ്റ് മതേതര റിപ്പബ്ലിക്കിൽ സോഷ്യലിസത്തിനുവേണ്ടി ആരെങ്കിലും ഇപ്പോൾ വാദിക്കുന്നുണ്ടോ ? ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും പേരിൽ സ്വാശ്രയത്തിൽ അധിഷ്ഠിതമായ സമ്പദ്ഘടനയെ ഇല്ലായ്മ ചെയ്യുന്നത് നിങ്ങളുടെ കൺമുൻപിൽ വെച്ചല്ലേ ? നിങ്ങൾ അതിൽ വേണ്ടവണ്ണം പ്രതിരോധിക്കുന്നില്ല എന്നുമാത്രമല്ല കോൺഗ്രസ്സ് അതിനെ മുച്ചൂടും പിന്താങ്ങുന്നു എന്നാണ് ഞങ്ങളുടെ ആരോപണം. നമ്മൾ വളർത്തിക്കൊണ്ട് വന്ന സ്വാശ്രയത്തിൽ അധിഷ്ഠിതമായ ഒരു സമ്പദ്ഘടന, പൊതുമേഖല ഇവയെ

LIBRARY ARCHIVES Kerala Legislative Assembly

5 P.M.] നശിപ്പിക്കുന്നത് കണ്ടുകൊണ്ട് നിൽക്കേണ്ട ഗതികേടിലാണ് ഇന്ന് കോൺഗ്രസ്സ്. അതുകൊണ്ടാണ് ഒരു മതേതര പാർട്ടി എന്നു പറയുന്ന കോൺഗ്രസ്സുമായി യോജിച്ച് ബി.ജെ.പി.യെ എതിർക്കുവാൻ പല ആളുകളും തയ്യാറാകാത്തത്. കോൺഗ്രസ്സ് തന്നെ നിലനിൽക്കുമോ എന്നത് സംശയമാണ്. ഇൻഡ്യയുടെ ഈ സാഹചര്യത്തിലാണ് കേരളത്തിൽ ഗവർണ്ണർ കഴിഞ്ഞ ദിവസം ഈ സഭയിൽ നയപ്രഖ്യാപനം നടത്തിയത്. വലിയ ജാഡയോ പ്രജണ്ടമായ പ്രചാരവേലയോ അതോടൊപ്പം സാങ്കൽപിക മേഖലയിൽ നടക്കാത്ത ഉട്ടോപ്യൻ പ്രകോപനങ്ങളോ ആ നയത്തിൽ ഉണ്ടാവുകയില്ല ; അത് തീർച്ചയാണ്. പക്ഷേ, അതിനകത്ത് ചില കാര്യങ്ങൾ ഉണ്ട്. രാഷ്ട്രപതിയുടെ പ്രസംഗത്തിൽ അന്തർഭവിച്ചിരുന്ന Disparity of economic and social conditions-ന്റെ അടിസ്ഥാനത്തിലാണ് യഥാർത്ഥത്തിൽ ഈ നയപ്രഖ്യാപനത്തിൽ പ്രധാനമായും പറഞ്ഞിരിക്കുന്നത്. രാഷ്ട്രപതി വികാരാധീനനായി ഇൻഡ്യയിലെ പാവപ്പെട്ടവന്, സാമൂഹ്യനീതി നിഷേധിക്കുന്ന, മഹാഭൂരിപക്ഷത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാതെ ഇൻഡ്യയെ ഒരു ഇഞ്ച് മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുകയില്ല എന്ന് ഓർമ്മിപ്പിച്ചപ്പോൾ അത് ഏറ്റെടുക്കുവാൻ കോൺഗ്രസ്സിന്റെ സംസ്ഥാനമല്ല കേരള സംസ്ഥാനമാണ് ആദ്യം മുന്നോട്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ജനസംഖ്യയിൽ മഹാഭൂരിപക്ഷം വരുന്നവർക്ക് ശുദ്ധമായ പച്ചവെള്ളം കുടിക്കുവാനുള്ള പദ്ധതിക്ക് പ്രയോറിറ്റി കൊടുത്ത് നടപ്പാക്കുവാനുള്ള പ്രഖ്യാപനം ഈ നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചത് മാത്രമല്ല പാർപ്പിടമില്ലാത്ത, കടത്തിണ്ണയിൽ അലയുന്ന മഹാ ഭൂരിപക്ഷം, ദാരിദ്ര്യരേഖയ്ക്ക് താഴെകഴിയുന്നവർക്ക് പ്രയോറിറ്റി നിശ്ചയിച്ച് വീടുവച്ച് കൊടുക്കും എന്ന പ്രഖ്യാപനം ഇതിൽ ഇല്ലേ സ്നേഹിതരേ ? ഈ രണ്ട് പ്രഖ്യാപനങ്ങൾ മാത്രമല്ല People's planning-ജനകീയാസൂത്രണം, തീർച്ചയായും നമ്മുടെ രാജ്യത്ത് ഒരു പുതിയ വികസന സംസ്ക്കാരം നല്കുന്നില്ലേ. ആഗോള കമ്പോള വ്യവസ്ഥിതിയിൽ മാനവികതയ്ക്ക് ഒരു സ്ഥാനവും ഇല്ല. കമ്പോളത്തിൽ എല്ലാം ചരക്കാണ്. ലാഭമാണ് മുഖമുദ്ര. ലാഭം എന്ന മുഖമുദ്രയ്ക്കുവേണ്ടി ചരക്കുകൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന പരക്കം പാച്ചിലിൽ ഭാരതത്തിലെ മനുഷ്യരുടെ മനുഷ്യത്വം നഷ്ടപ്പെട്ടുപോയി. മാനവികത! അതു വീണ്ടെടുക്കണം. അത് വീണ്ടെടുക്കണമെങ്കിൽ ഇല്ലായ്മക്കാരനെ രക്ഷിക്കുവാൻ ആരെങ്കിലും ഉണ്ടാകണ്ടേ? ആ ഇല്ലായ്മക്കാരുടെ രക്ഷകരാണ് ഇടതുപക്ഷജനാധിപത്യ മുന്നണി എന്നാണ് ഈ പ്രഖ്യാപനം. അതു നിങ്ങൾക്ക് ചിലപ്പോൾ ഇഷ്ടപ്പെടുകയില്ല. 45-46 കൊല്ലം ഒന്നിച്ച് ഭരിച്ചിട്ട് ചെയ്യുവാൻ കഴിയാത്ത കാര്യങ്ങളിൽ ഒരു എളിയ തുടക്കം എന്നുള്ള നിലയിൽ ഇവിടെ തുടങ്ങുന്നു ; പ്രയോറിട്ടി നിശ്ചയിക്കുന്നു. ഇൻഡ്യയിൽ ഒരു വർഷം ഏകദേശം 90-98 ആയിരം കോടി രൂപ സബ്സിഡി ആയിട്ട് നൽകുന്നുണ്ട്. അതിൽ 7,000 കോടി രൂപയാണ് ഭക്ഷ്യ-കാർഷിക സബ്സിഡിയായിട്ട് കൊടുക്കുന്നത്. 7,000 കോടി രൂപയിലാണ് ഗവൺമെന്റിന് ഇപ്പോൾ പിടിത്തം. ഈ സബ്സിഡി കൊടുക്കുവാൻ പാടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഭക്ഷണം കൊടുക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സബ്സിഡിയിൽ ലോക ബാങ്കിന്റെ പിടിവാശിമൂലം ബി.ജെ.പി. പിടിത്തം മുറുക്കുമ്പോൾ എങ്ങനെയാണ് അതിന് അനുകൂലമായി കൈ പൊക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഇത് മാനവികതയ്ക്ക് എതിരാണ് എന്നതാണ് എന്റെ വാദം. അതുകൊണ്ടാണ് മാനവികതയിൽ അധിഷ്ഠിതമായ പുതിയ സംസ്കാരം വേണ്ടത്. അതിനായി വികസന സംസ്കാരം വേണം. ആ മാനവികതയിൽ അധിഷ്ഠിതമായ വികസന സംസ്കാരമാണ് ജനകീയാസൂത്രണം. അതിന്റെ നടത്തിപ്പിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാം. നടത്തിപ്പിലെ അഭിപ്രായ വ്യത്യാസം അതിന്റെ സത്ത ഇല്ലായ്മ ചെയ്യുന്നില്ല. ആ സംസ്കാരം എന്താണ് ? 500 ആളുകളുള്ള ഒരു വാർഡിൽ 500 പേരെയും വിളിച്ചുകൂട്ടി 100 വീടിന് അപേക്ഷ ക്ഷണിച്ച് അതിൽ 40 വീട് നിർമ്മിച്ചു കൊടുക്കുന്നുണ്ട് എന്ന് സങ്കല്പിക്കുക. ഈ 40-ൽ പ്രയോറിറ്റി ആർക്കെന്ന് 500 ആളുകൾ ഇരുന്ന് തീരുമാനിക്കും. ഒന്ന് കുഞ്ഞുലക്ഷ്മിയാണ്. അവർ പ്രായമുള്ള സ്ത്രീയാണ്. വിധവയാണ്. പ്രായപൂർത്തിയായ രണ്ട് പെൺകുട്ടികളുണ്ട്. അതുകൊണ്ട് അവർക്ക് ആദ്യത്തെ പ്രയോറിറ്റി കൊടുക്കണമെന്ന് വീണ്ടും വീടുവേണ്ടുന്നവർ ഇരുന്ന് തീരുമാനിക്കുക എന്നുപറഞ്ഞാൽ അതാണ് മനുഷ്യത്വം. ഇല്ലായ്മക്കാരന്റെ അർഹത കണക്കാക്കി ജനങ്ങൾ കൂടിയിരുന്ന് തീരുമാനിച്ച് കൊടുക്കുന്നതാണ് ജനകീയാസൂത്രണം. അതുകൊണ്ടുവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി പൂർവ്വാധികം ഭംഗിയായി ഇത് നടപ്പാക്കും എന്ന് എഴുതി വച്ചിരിക്കുന്നതിൽ പ്രസക്തി ഇല്ലെന്നാണോ വാദം ? തീർച്ചയായും ഉണ്ടെന്നാണ് ന്യായവാദം. റേഷൻ അരിക്ക് സബ്സിഡി, കേന്ദ്ര ഗവൺമെന്റ് എടുത്തു കളയും. ബി.ജെ.പി. ഗവൺമെന്റ്, നിങ്ങൾ 1991-ൽ തുടങ്ങിയ അതേ സാമ്പത്തികനയം വാശിയോടുകൂടി തുടരുന്നതിനെ നിങ്ങൾ പിന്തുണ നല്കുന്നതുകൊണ്ട് റേഷൻ സമ്പ്രദായം ഇല്ലായ്മ ചെയ്യും. കോൺഗ്രസ്സ് കൂടി അനുകൂലിച്ചുകൊണ്ട് റേഷൻ സമ്പ്രദായം ഇല്ലായ്മ ചെയ്യുന്നതിന് ശ്രമിക്കുമ്പോൾ കേരളത്തിൽ ഈ അസംബ്ലിയിൽ നിങ്ങൾ സഖാവ് ഇ. ചന്ദ്രശേഖരൻ നായരെ ചൂണ്ടിക്കൊണ്ട് "നിങ്ങൾ സബ്സിഡി കൊടുത്തുകൊള്ളണം. കേന്ദ്രം വില കൂട്ടിയതിനെക്കുറിച്ച് ഞങ്ങൾ ചിന്തിക്കുകയില്ല." എന്ന നിലപാട് സ്വീകരിക്കുന്നത് ന്യായമല്ല, മിതമായ ഭാഷയിൽ പറഞ്ഞാൽ മഹാഭൂരിപക്ഷം വരുന്ന ഡിസ്പാരിറ്റിയിൽ കഴിയുന്ന പാവപ്പെട്ടവരെ വഞ്ചിക്കലാണ്. അതിന് ബദലായിട്ടുള്ള ഒരു സംസ്ക്കാരം വളർത്തിയെടുക്കുന്നതിനുള്ള നടപടിയാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. ഞങ്ങളും നിങ്ങളും കൂടിയല്ലേ ഇത് നടത്തിക്കുന്നത് ? 40 ശതമാനത്തോളം പഞ്ചായത്തുകളിൽ ജനകീയാസൂത്രണം നടത്തുന്നത് യു.ഡി.എഫ്-ലെ ആൾക്കാരല്ലേ ? അവർ കൂടിച്ചേർന്ന് വൃത്തിയായി നടത്തിക്കാണിച്ചിട്ട് നിങ്ങളും ഇങ്ങനെ നടത്തണം എന്നു പറയുകയല്ലേ വേണ്ടത്. പീപ്പിൾസ് പ്ലാനിംഗ് മോശമാണെന്ന് പറയുവാൻ സാധിക്കുകയില്ല. സാമൂഹികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവർക്ക് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമെന്ന് ഈ നയപ്രഖ്യാപനത്തിലുണ്ട്. ആ പ്രയോറിറ്റി നിശ്ചയിച്ചതിനുതന്നെ ഈ ഗവൺമെന്റിനെ നിങ്ങൾ തീർച്ചയായും അഭിനന്ദിക്കേണ്ടതാണ്. ഈ ഗവൺമെന്റിന്റെ നയപരിപാടികളിൽ നിങ്ങൾ തീർച്ചയായും ക്രമസമാധാന വിഷയത്തെക്കുറിച്ച് പറയുമെന്നറിയാം. 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിലേറിയപ്പോൾ Dhebar എന്ന കോൺഗ്രസ് പ്രസിഡന്റ് മൂന്നുമാസം തികയുന്നതിനു മുമ്പ് കേരളത്തിൽ വന്ന് ക്രമസമാധാനനില അപകടത്തിലാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. ആ ആയുധം നിങ്ങൾ അനുസ്യൂതമായി ഇന്നും പ്രയോഗിക്കുന്നു. എനിക്ക് ഒരു കാര്യം പറയാനുള്ളത് ക്രമസമാധാനനില അപകടത്തിലാകുന്നതിന്റെ ഈറ്റില്ലമായി നിങ്ങൾ കൊല്ലം തെരഞ്ഞെടുത്തിട്ടുണ്ട്. കൊല്ലത്ത് ഇത് പ്രയോഗിച്ച് വിജയിക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. സി.പി.എം.ഉം സി.പി.ഐ.യും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് പറഞ്ഞ് കൊല്ലത്ത് മുതലെടുക്കാമെന്നു തീരുമാനിച്ചാൽ നിങ്ങൾക്ക് അബദ്ധം പറ്റും. ഞങ്ങൾക്ക് അഭിപ്രായവ്യത്യാസങ്ങളില്ലെന്നല്ല പറയുന്നത്. ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. അതുകൊണ്ടാണ് രണ്ടു പാർട്ടിയായിത്തന്നെ ഞങ്ങൾ നിൽക്കുന്നത്. അല്ലെങ്കിൽ ഒരൊറ്റ പാർട്ടിയാകുമായിരുന്നു. അഭിപ്രായ വ്യത്യാസങ്ങൾ വിമർശനപരമായും സ്വയംവിമർശനപരമായും പറഞ്ഞ് തീർക്കുന്നതിനുള്ള ശേഷിയും നിശ്ചയദാർഢ്യവും പ്രതിബദ്ധതയും ഈ മുന്നണിയുടെ നേതാക്കൻമാർക്കുണ്ട്. അതു ഞങ്ങൾ അശേഷം നിങ്ങൾക്ക് വിട്ടുതരില്ല. അതിൽ സംശയമില്ല. അങ്ങനെ നിൽക്കുമ്പോൾ ക്രമസമാധാന വിഷയത്തെക്കുറിച്ച് വാ തോരാതെ പ്രസംഗിക്കുന്ന നിങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ നടത്തിക്കൂട്ടിയ കാര്യങ്ങൾ, 12-1-1995-ൽ ബന്ദിനെതിരെ ശ്രീ. ഹസ്സൻ നടത്തിയ ഉപവാസമുണ്ട്. കേരളകൗമുദി പത്രത്തിൽ വന്ന വാർത്തയാണ്. ഹസ്സൻ ബന്ദിനെതിരേയും എ.കെ. ആന്റണി മെയിൻ റോഡ് തടഞ്ഞുകൊണ്ടുള്ള ഘോഷയാത്ര നടത്തുന്നതിനെതിരായിട്ടും ഉറഞ്ഞുതുള്ളിയതാണ്. അതിപ്രഗൽഭമതികളായ ആളുകളാണ് ശ്രീ. ഹസ്സനെ അഭിനന്ദിക്കാൻ അന്ന് എത്തിച്ചേർന്നത്. ഗുപ്തൻ നായർ സർ തുടങ്ങിയ സാംസ്കാരിക നായകൻമാർ ബന്ദിനും സമരത്തിനുമെതിരെ ഹസ്സൻ നടത്തിയ സത്യാഗ്രഹത്തെ അഭിനന്ദിച്ചു. ഇത് നടത്തുന്നത് 1995-ലാണ്. ഇന്ന് ഹസ്സനല്ലേ ഇവിടെ അക്രമസമരത്തിന് നേതൃത്വം കൊടുത്തത് ? എ.കെ. ആന്റണി കൊല്ലത്തു വന്ന് നാഷണൽ ഹൈവേ തടഞ്ഞപ്പോൾ ഞാൻ നെഞ്ചത്തു കൈവച്ചു നിന്നുപോയി. കാരണം, ദേശീയ പാതയിൽ തടസ്സമുണ്ടാക്കുന്നത് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി വിലക്ക് കല്പിച്ചിരിക്കുകയാണ്. അപ്പോൾ, വിലക്കു കൽപ്പിച്ചാലും ചിലപ്പോൾ നിയമം നിഷേധിക്കേണ്ടിവരുമെന്ന് എനിക്കറിയാം.

ഘെരാവോ നിയമവിരുദ്ധമാണ്. പക്ഷേ, ചില സന്ദർഭങ്ങളിൽ നടത്തിപ്പോകും. അതുകൊണ്ട് അതൊരു മഹാപരാധമാണെന്നു പറയുന്നതിൽ കാര്യമില്ല. കാരണമെന്താണെന്ന് വച്ചാൽ, "पहले करो तब कहो" എന്നൊരു കാര്യമുണ്ട്. അതായത്, ആദ്യം ചെയ്യണം, പിന്നെ പറയണം. എ. കെ.ആന്റണി ആദർശധീരനാണ്. അദ്ദേഹം ഹൈക്കോടതി ഉത്തരവ് ലംഘിച്ചുകൊണ്ട് ഞാൻ നോക്കിനിൽക്കുമ്പോൾ കൊല്ലം നഗരത്തിലെ നാഷണൽ ഹൈവേ തടഞ്ഞു. തടഞ്ഞപ്പോൾ അദ്ദേഹം നേരത്തെ പറഞ്ഞതു, അന്നു വരെ ഞാൻ വിശ്വസിച്ചിരുന്നത് എ.കെ. ആന്റണി ആദർശധീരത കുറച്ചധികമുള്ള ആളാണെന്നാണ്. അതിപ്പോൾ എനിക്കു കുറച്ച് കുറഞ്ഞു. ഹസ്സന്റെ സമരത്തിനു അനുഭാവമായി മാതൃഭൂമി പത്രം ഒരു എഡിറ്റോറിയലെഴുതി. 'വേണ്ട ബന്ദും പ്രകടനവും' എന്നു പറഞ്ഞ് എഡിറ്റോറിയലെഴുതി ശ്രീ. ഹസ്സനെ ശ്ലാഘിച്ചിരിക്കുകയാണ്. ശ്രീ. ഹസ്സനെപ്പോലെ ഒരു നേതാവ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ലോകത്ത് ഇനി ജനിച്ചു വരണമെന്നാണ് ഇതിനകത്ത് എഴുതിയിരിക്കുന്നത്. അതു ചെയ്തു കെ.പി.സി.സി. സെക്രട്ടറി ആയതുകൊണ്ടല്ല. ആ സെക്രട്ടറിയുടെ പാർട്ടി ഇപ്പോൾ അക്രമസമരം നടത്തുന്നു. നിങ്ങൾ നാലു കൊല്ലം സമരം നടത്താതിരുന്നത് ഞങ്ങളുടെ ഔദാര്യമാണെന്നു പറഞ്ഞപ്പോൾ ചിരിച്ചുപോയി. ഔദാര്യമല്ല. നിങ്ങൾക്കു വയ്യാത്തതുകൊണ്ടാണ്. കാരണം നിങ്ങൾ യോജിച്ചിട്ടല്ലേ സമരം ചെയ്യാനൊക്കുകയുള്ളൂ ? സമരം ചെയ്യണമെങ്കിൽ നിങ്ങൾ രണ്ടും കൂടി യോജിക്കണം. അതു യോജിക്കുകയില്ല അതുകൊണ്ട് സമരം ചെയ്തില്ല. അകത്തും പുറത്തും സമരത്തിന്റെ ആക്കം പോരാത്തതു ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷനേതാവായതുകൊണ്ടാണെന്ന് കെ. കരുണാകരൻ പ്രസ്താവിച്ചു. പക്ഷേ, ആ കരുണാകരൻ ഈയിടെ ഇറങ്ങി. ചൂടു പോരാ, ചൂടാക്കാൻ ഇറങ്ങിയിരിക്കുകയാണ്. എന്താണെന്നാൽ കേന്ദ്രം കേരളത്തിലിടപ്പെട്ടാൽ അതിനെ സ്വാഗതം ചെയ്യും. കോൺഗ്രസ്സുകാർക്ക് പറയാൻ കൊള്ളാവുന്ന വർത്തമാനമാണോ അത് ? ബി.ജെ.പി ഗവൺമെന്റ്, വർഗ്ഗീയ ഫാസിസ്റ്റ് ഗവൺമെന്റ് ഇവിടത്തെ ഗവൺമെന്റിനെ പിരിച്ചുവിടുന്നതിനെ അദ്ദേഹം സ്വാഗതം ചെയ്യുമെന്ന് പറഞ്ഞാൽ 'പൂച്ച ചാക്കിനു പുറത്തായത്' അല്ലേ, നിങ്ങൾ തമ്മിലുള്ള അണ്ടർസ്റ്റാന്റിംഗാണ്. അതിനു ചിലപ്പോൾ ശ്രീ. ആന്റണിയെ കിട്ടിയെന്നിരിക്കില്ല. അദ്ദേഹം ചിലപ്പോൾ അതിനെ അനുകൂലിക്കില്ല. അപ്പർഹാന്റ് അടിക്കാൻ വേണ്ടി ശ്രീ. കരുണാകരൻ കരുതിക്കൂട്ടി പറഞ്ഞതാണ്. അതു പോകട്ടെ, പക്ഷെ ശ്രീനാരായണഗുരുവിനെ ദയവുചെയ്ത് വെറുതെ വിട്ടേയ്ക്കണം. കളിച്ച് കളിച്ച് മുറത്തിൽക്കയറി കൊത്തുന്ന ഏർപ്പാടുണ്ട്. നിങ്ങൾ അങ്ങനെ ചെയ്യരുത്. നിങ്ങൾക്ക് വലിയ അബദ്ധം പറ്റും. കമ്മ്യൂണിസ്റ്റുകാരാണ് ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്തതെന്ന് നിങ്ങൾ പുരപ്പുറത്തുകയറിയിരുന്ന് പറഞ്ഞാലും ജനങ്ങൾ വിശ്വസിക്കുകയില്ല. കാരണം, കേരളത്തിലുൾപ്പെടെ ഭാരതത്തിൽ അശരണരും അവശരും തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരും തമ്മിൽക്കെട്ടിപ്പിടിക്കാത്തവരും കൂടി ചേർന്ന ജാതിക്കോമരങ്ങളുടെ നാട്ടിൽ 'ഒരു ജാതി ഒരു മതം, ഒരുദൈവം' എന്നുപറഞ്ഞ്, ആ സന്ദേശത്തിന്റെ പ്രവാചകനായി നടന്ന് അവശവിഭാഗങ്ങളെ മാത്രമല്ല, മനുഷ്യസ്നേഹികളെ മുഴുവൻ യോജിപ്പിച്ചുകൊണ്ട്, ജാതിക്കോമരങ്ങൾക്ക് എതിരെ പോരാടി നേടിയെടുത്ത വലിയൊരു ഒസ്യത്തുണ്ട്. ആ ഒസ്യത്ത് ഈ കേരളത്തിനുള്ളതാണ്, അതുകൊണ്ടാണ് 'കേരളാ മോഡൽ' ഇപ്പോഴും വരുന്നത്. സാമ്പത്തികമായി നമ്മൾ ഒൻപതാമത്തേയോ, പത്താമത്തേയോ സ്ഥാനത്താണ് പക്ഷേ, ആതുരശുശ്രൂഷ വിദ്യാഭ്യാസം, സാംസ്ക്കാരികം, സോഷ്യൽ സെക്യൂരിറ്റി, ലെജിസ്ലേഷൻ തുടങ്ങിയ രംഗങ്ങളിലെല്ലാം മിക്കവാറും ഒന്നാം സ്ഥാനത്ത് അല്ലെങ്കിൽ അടുത്ത സ്ഥാനത്താണ്. ശ്രീ. പാലോട് രവിയെപ്പോലെ ഞാൻ കണക്ക് കൃത്യമായിട്ട് കുറിച്ചില്ല. എത്ര ആളുകൾക്ക് സാക്ഷരതയുണ്ടെന്നുള്ളതിനെപ്പറ്റി, അതൊക്കെ ഓട്ടക്കണക്കല്ലേ ? ബീഹാറിൽ അതിൽ നാലുപേർ കൂടി എന്ന് പറഞ്ഞാൽ അതു വലിയ കാര്യമല്ല. അവിടെ ട്രൗൺ വിട്ടാൽ പിന്നെ താമസിക്കുന്നത് ഏതു രാജ്യക്കാരനാണെന്നുപോലും അറിയുകയില്ല. അവന്റെ കണക്കവിടെ കാണുകയില്ല. അവൻ പള്ളിക്കൂടത്തിൽ പോയോ, പോയിട്ടില്ലേ, തുണിയുടുത്തോ, തുണിയുടുത്തില്ലേ അവൻ ഭക്ഷണം കഴിച്ചോ, കഴിച്ചില്ലേ, ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ആരറിയുന്നു ? ഇതാണ് ശ്രീ. കെ. ആർ. നാരായണൻ പറഞ്ഞത് "Disparity in Economic and social set-up" എന്ന്. അദ്ദേഹം പറഞ്ഞത് വായിച്ചാൽ മനസ്സിലാകുന്ന ആളുകൾക്ക് വളരെ വിഷമം തോന്നും. സോഷ്യലിസം ഭരണഘടനയിൽ എഴുതിവച്ചുകൊണ്ട്, അതു നടത്തിക്കാൻ 45 വർഷം കോൺഗ്രസ്സിനെ ഏൽപ്പിച്ചിരുന്നു ചെയ്തില്ല. ചെയ്തില്ല എന്നു മാത്രമല്ല, ഭരിച്ചു ഭരിച്ച് അവസാനം കൊണ്ടുചെന്നു കൊടുത്തതോ ? വർഗ്ഗീയ-ഫാസിസ്റ്റ് ശക്തികളുടെ കയ്യിൽ നിന്നാണെങ്കിൽ ഞാൻ ഭരിക്കുകയില്ല നിന്നെ ഭരിക്കാൻ സമ്മതിക്കുകയുമില്ല എന്നു പറഞ്ഞ് പിണങ്ങിപ്പോയതല്ലേ ? അല്ലെങ്കിൽ ഇപ്പോൾ രാജ്യം കയ്യിലിരിക്കുമായിരുന്നില്ലേ ? ഒരു രാജ്യം തരാമെന്നു പറഞ്ഞിട്ട് വാങ്ങിക്കാത്തവരാണ് കേരളത്തിലെ ഭരണം എടുക്കാമെന്ന് പറയുന്നത്. നിങ്ങൾ എടുക്കാൻ പോകുന്നില്ല. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ, കൗൺസിലർമാരെ തന്നില്ലേ ? എത്ര സിൻഡിക്കേറ്റ് മെമ്പറുണ്ട്. തന്നാൽ എടുക്കുമോ ? എടുക്കത്തില്ല. ഭരണം കയ്യിൽ തരാമെന്നു പറഞ്ഞാലും നിങ്ങൾക്ക് എടുക്കാൻ പറ്റില്ല. അതു നിങ്ങളുടെ കുറ്റമല്ല. കിടപ്പ് അങ്ങനെയാണ്. നിങ്ങൾ എത്ര ആഗ്രഹിച്ചാലും പറ്റില്ല. നാലു കൊല്ലം കൊണ്ട് നിങ്ങൾക്ക് വയ്യാത്തത് കൊണ്ടാണ് സമരം വേണ്ട എന്നു നിങ്ങൾ വച്ചത്. നിങ്ങൾക്കു വയ്യ. പറ്റുന്നത് ചെയ്യണം. അതിനു ശ്രീനാരായണഗുരുവിനെ പിടിക്കരുത്. അത് വളരെ നിർബന്ധമാണ് അതു ചെയ്യരുത്. സി.പി.എം ആണ് പ്രതിമ തകർത്തതെന്ന് പറഞ്ഞാൽ നിങ്ങൾ പറയുന്നത് സ്വയംകൃതാർഥനായിരിക്കും. അത് ഓർമ്മയിരിക്കണം. ഞങ്ങൾ താക്കീത് ചെയ്യുന്നതല്ല, നിങ്ങൾ ഓർമ്മിക്കണം അത് വളംവച്ചുകൊടുക്കുന്നത് ആർക്കാണ് ? ബി.ജെ.പി-ക്കാർക്കാണ്. ഈ അവസരം നമുക്കൊന്നു മുതലാക്കിയാൽ കോൺഗ്രസ്സിന്റെ കൂടെ എതിരു വന്നാൽ, പത്രങ്ങളുടെ എതിരുകൂടിയുണ്ടായാൽ, സി.പി.എം.നെ കോർണർ ചെയ്യാമല്ലോ എന്ന് അവർ വിചാരിക്കും. ആ വിചാരം നമുക്ക് ഉണ്ടാകാത്തതെന്താണ് ? ഈ സാമൂഹ്യ അനീതിയ്ക്കെതിരായ പോരാട്ടത്തിന് വിത്തു വിതയ്ക്കാൻ കേരളത്തിൽ അവസരമുണ്ടാക്കികൊടുത്ത മഹാവിപ്ലവകാരിയാണ് ശ്രീനാരായണ ഗുരു. ആ വിപ്ലവകാരിയുടെ ചുവടു പിടിച്ചാണ് ഇവിടെ ഇടതുപക്ഷങ്ങൾ പോയത്. ഭാരതത്തിൽ ബി.സി. അഞ്ചും ആറും നൂറ്റാണ്ടിൽ ഇതുപോലൊരു വലിയ മാനവീകതയുണ്ടായിരുന്നു. ആ മാനവികത തൂത്തെറിഞ്ഞിട്ടു ഹിന്ദു റിവൈവലിസത്തിന്റെ കാലഘട്ടത്തിൽ സവർണബ്രാഹ്മണ മേധാവികൾ ഈ രാജ്യത്തെ പാവപ്പെട്ടവനെ ആട്ടിഅകലെയാക്കി. മഹാഭൂരിപക്ഷത്തിന് അവകാശമില്ലാതെ മാറ്റി നിർത്തിയതിന്റെ ഫലമായിട്ടാണ് ബ്രിട്ടീഷുകാരൻ ഇവിടെ വന്നത്. അന്ന് ആരും അനങ്ങിയില്ല. മഹാഭൂരിപക്ഷം ഹിന്ദുവാണ്. അവൻ തൊട്ടുകൂടാത്തവനാണ്, ചണ്ടാലനാണ്, അവൻ ശൂദ്രനാണ്. അവന് അവകാശമില്ല, അവൻ വിചാരിച്ചു; ആരുഭരിച്ചാൽ എനിക്കെന്താണ് ? ബ്രീട്ടീഷുകാർ ഭരിച്ചാലും എനിക്കൊന്നുമില്ല, ആരു ഭരിച്ചാലും ഒന്നുമില്ല. എനിക്കൊരു അവകാശവുമില്ല. മഹാഭൂരിപക്ഷത്തിന്റെ അവകാശം ഇല്ലെന്നു വന്നപ്പോൾ അവൻ പറഞ്ഞു ആരു വേണമെങ്കിലും ഭരിച്ചോ, ഞാൻ ഇവിടെ കിടന്നുകൊള്ളാം. ബ്രിട്ടീഷുകാർ ഭരിച്ചു. നൂറ്റാണ്ടു പിന്നെ അവനെ തട്ടിയുണർത്തി, പാവപ്പെട്ടവരെ തട്ടിയുണർത്തി കൊണ്ട് വന്നപ്പോൾ ഗാന്ധിജിയുടെ സമരവും വിജയിച്ചു. അതിനു മുമ്പ് പ്രമേയം പാസ്സാക്കിയതേയുള്ളു. ആ സമരത്തിൽ വലിയ പങ്കു വഹിച്ചവരാണ് കമ്മ്യൂണിസ്റ്റുകാർ. 1920 മുതൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം ഈ സമരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വലിയ പങ്കുവഹിച്ചിട്ടുള്ളതാണ്. വളരെയധികം ത്യാഗികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ട്. ഞങ്ങൾക്കൂടി പടുത്തുയർത്തിയ ഈ സൗധത്തിന്റെ ഭരണാധികാരമേൽപ്പിച്ച കോൺഗ്രസ് പാവപ്പെട്ടവനെ മറന്നുകളഞ്ഞു. കോൺഗ്രസ്സിന്റെ മന്ത്രിയായിക്കൂടി ഇരുന്നിട്ടുള്ള ഇന്ത്യയുടെ ഒന്നാമത്തെ പൗരൻ പറഞ്ഞു: "ഈ ഡിസ്പാരിറ്റിക്കെതിരെയുള്ള സമരം നടത്തിയില്ലെങ്കിൽ ഒരു ഭരണവും ഒരു പ്രയോജനവും ചെയ്യില്ല" എന്ന് അതിന് നിങ്ങൾ തയ്യാറുണ്ടോ? അല്ലാതെ പുരപ്പുറത്തു കയറിയിരുന്നിട്ട് ലോകബാങ്ക്, അല്ലെങ്കിൽ നാണയനിധി കൊണ്ടു തരുമെന്നുപറഞ്ഞ് ഇരുന്നാൽ മതി, കിട്ടും. ചക്കി കുത്തും അമ്മ വയ്ക്കും ഞാൻ ഉണ്ണുമെന്ന് പറഞ്ഞിരുന്ന മടിയന്റെ ബുദ്ധിയല്ലേ അത്? അവരാരും കൊണ്ടുതരില്ല. അവർ തരുന്ന എല്ലാ പൈസയ്ക്കും ചരടുണ്ട്. രാജ്യത്തിന്റെ പരമാധികാരത്തിന് മുകളിലാണ് അവർ നിൽക്കുന്നത്. അതിനെതിരെയുള്ള പോരാട്ടത്തിൽ ഈ പാവപ്പെട്ടവൻ വരണമെങ്കിൽ അവന് ഒരുനേരത്തെ ഭക്ഷണത്തിനുള്ള വഴിയുണ്ടാക്കികൊടുക്കണം. അതാണ് ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പറയുന്നത്. ഇവിടെ കെ. നാരായണക്കുറുപ്പ് പറഞ്ഞതുപോലെ ഇതിൽ വലിയ പ്രഖ്യാപനമൊന്നുമില്ല. അണ്ഡകടാഹം എന്നൊക്കെ എഴുതിവയ്ക്കണോ ഇതിൽ? ഒന്നുമില്ല, ഇത് കഞ്ഞികുടിക്കാൻ മാർഗ്ഗമില്ലാത്ത, ദാരിദ്ര്യരേഖയ്ക്ക് താഴെ താമസിക്കുന്നവന് കുറഞ്ഞവിലയ്ക്ക് അരികൊടുത്ത് കഞ്ഞികുടിക്കാൻ അവസരമുണ്ടാക്കണമെന്നാണ്. അത് നിങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട്, ഈ നയപ്രഖ്യാപനത്തിൽ ഒന്നുമില്ലെന്നൊക്കെ പറയുന്നത് വെറുതെ ഒരു നേർച്ച പ്രസംഗത്തിൽ പറയുന്നതുപോലെയാണ്. ഇവിടെ ശ്രീനാരായണഗുരുവിന്റെ കാര്യം വളരെയധികം ചർച്ച ചെയ്യപ്പെട്ടതാണ്. അതിൽ എന്റെ പാർട്ടിയുടെ അഭിപ്രായംകൂടി പറയണ്ടേ? തീർച്ചയായും ശ്രീനാരായണപ്രതിമ തകർക്കുന്നതു സാമൂഹ്യ ദ്രോഹികളാണ്. ഈ സമൂഹം പാവപ്പെട്ടവന്റെ ഡിസ്പാരിറ്റി ഇല്ലായ്മ ചെയ്ത ജനങ്ങളെ ഒന്നിച്ചു നിർത്തുവാൻ സമ്മതിക്കാത്തവരാണ്. വർഗ്ഗീയ ഫാസിസ്റ്റ് കക്ഷികൾക്കല്ലാതെ ഒരാൾക്കും ഇങ്ങനെ ചെയ്യാൻ കഴിയുകയില്ല. ഇവിടെ പറഞ്ഞതുപോലെ പിടികൂടപ്പെട്ടവർ ഒരുപക്ഷേ, കോൺഗ്രസ്സുകാരനായിരിക്കും അല്ലെങ്കിൽ വേറെ ഏതെങ്കിലും പാർട്ടിക്കാരനായിരിക്കാം. പക്ഷേ, ഉള്ളിന്റെ ഉള്ളിൽ ഒരു ഫാസിസ്റ്റ് പ്രവണതയില്ലാത്തവന് ശ്രീനാരയണ പ്രതിമയുടെ അടുത്തു ചെല്ലുമ്പോൾ കൈവിറയ്ക്കും, കാരണം ഈ നാടിനെ ഈ സംസ്ക്കാരിക നിലവാരത്തിലെത്തിച്ചതിന്റെ ഉടമസ്ഥത പേറുന്ന പ്രസ്ഥാനമാണത്. അതിനെ തകർക്കാൻ അവന്റെ കൈ അറയ്ക്കും. പക്ഷേ, ഒരുകൂട്ടർക്ക് അത് ചെയ്യാൻ കഴിയും. ഫാസിസമെന്നുപറഞ്ഞാൽ എന്താണെന്ന് ഞാൻ പറയേണ്ടകാര്യമില്ല, നിങ്ങൾക്ക് അറിയാം. മതമൗലികവാദികളും ഫാസിസ്റ്റു ശക്തികളും കൂടി ചേർന്നാൽ ഈ ഭാരതത്തെ ഡിസ്ഇന്റഗ്രേറ്റ് ചെയ്യുന്നതിന് ഒരുപാടുമില്ല. മതമൗലിക വാദികൾ മതത്തിന്റെ പേരിൽ ഊറ്റംകൊണ്ട് അന്യമതസ്ഥരെ ആക്രമിച്ച് കീഴ്പ്പെടുത്താനുള്ള തത്വശാസ്ത്രം അംഗീകരിക്കുന്ന മതമൗലീകവാദികളും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളും കൂടിചേർന്നുള്ള കളിയാണ് കളിക്കുന്നത്. പൊട്ടൻകളി കളിക്കരുത്; അബദ്ധം വരും. ഞാൻ ഉപദേശിക്കുകയൊന്നുമല്ല, ഒരു അഭിപ്രായം പറയുകയാണ്. തീർച്ചയായും അങ്ങനെ ചെയ്യരുത്. ശ്രീനാരയണഗുരുദേവന്റെ ഇന്ത്യയിലെ ഏക മതേതരസ്ഥാപനമാണ് ശിവഗിരി. കാഞ്ചി കാമകോടി മഠത്തിൽ ശ്രീ. ചെർക്കളം അബ്ദുള്ള സാഹിബിന് പോകാമോ? അവിടെ കയറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

പുരിശങ്കരാചാര്യരെ ഒരു ഹാരം അണിയിക്കാമോ ? നടക്കില്ല. പാലക്കാട് സ്വീകരണത്തിന് ശങ്കരാചാര്യർ വന്നപ്പോൾ മാല എൻ.എസ്.എസ്-ന്റെ ജനറൽ സെക്രട്ടറി അയ്യരുടെ കയ്യിൽ കൊടുത്താണ് ഇട്ടത്. നേരെ ഇടാൻ പറ്റിയില്ല. ഇന്ത്യയിലെ ഏക മതേതര മഠമെന്നുപറയുന്നത് ശിവഗിരി മഠമാണ്. ശിവഗിരി മഠത്തിന്റെ മതേതരത്വത്തിന്റെ ഉടമസ്ഥൻ ശ്രീനാരായണഗുരുവാണ്. മതേതര ഇന്ത്യയുടെ അടിസ്ഥാനം ഈ തത്വങ്ങളിൽ അധിഷ്ഠിതമാണ്. ആ ഏക മതേതര മഠത്തെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി ശ്രീ. ആന്റണി പ്രവർത്തിച്ചു എന്നൊന്നും ഞാൻ പറയുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, അങ്ങ് ഇഷ്ടമുള്ളതെല്ലാം പറയുകയാണ്. പക്ഷെ മറ്റുള്ളവരെ ഇടിച്ചുതാഴ്ത്തുന്നത് ശരിയല്ല, അത് കേട്ടുകൊണ്ടിരിക്കുന്നതും ശരിയല്ലാത്തതുകൊണ്ടാണ് ഞാനിതു പറയുന്നത്. കാഞ്ചി മഠത്തിൽ പരമാചാര്യർ മരിച്ച അവസരത്തിൽ അന്ന് ആ മഠത്തിൽ പോയി അവിടുത്തെ ശവസംസ്കാര ചടങ്ങിൽ മുഴുവൻ ഞാൻ പങ്കെടുത്തതാണ്. അവിടെ ആർക്കും തടസ്സമില്ലായിരുന്നു. അന്യ മതസ്ഥരായ ധാരാളം ആളുകളുണ്ടായിരുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുമുണ്ടായിരുന്നു. നേരിട്ട് അന്നത്തെ ചടങ്ങിൽ മുഴുവൻ പങ്കെടുത്ത ആളാണ് ഞാൻ. അതുകൊണ്ട് ആ ആരോപണം ശരിയല്ല. അവരെയെല്ലാം അങ്ങനെ ഇടിച്ചുതാഴ്ത്തുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഞാൻ തിരുത്താം, പക്ഷേ അങ്ങ് കേന്ദ്രമന്ത്രിയായിരുന്നു, അതിന്റെ ഇമ്മ്യൂണിറ്റിയിലാണ് അങ്ങ് പോയത് അല്ലാതെ പോകില്ല, എനിക്ക് അനുഭവമുണ്ട്. ഇതുരണ്ടും രണ്ടാണ്. ഞാൻ വിവരമില്ലാതെ ഒരു കാര്യം പറയില്ല, എനിക്കറിയാവുന്ന കാര്യം മാത്രമേ പറയുകയുള്ളൂ. മതേതര പ്രസ്ഥാനത്തിന് മാതൃകയായി നിൽക്കുന്ന ശിവഗിരി മഠത്തിൽ നടന്നത് നമുക്കറിയാമല്ലോ, ആ രീതിയിൽ പോകുന്നതിൽ, ശ്രീനാരായണഗുരുവിന്റെ നാമധേയം ഉപയോഗിക്കുന്നതിൽ നിങ്ങൾ കൂടി അതിനെ എതിർക്കേണ്ടതാണ്. എതിർക്കുന്നത് നമ്മുടെ നാടിന്റെ മതേതരത്വത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്.

ശ്രീ. ബി. വിജയകുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ, ആദിശങ്കരന്റെ ജൻമനാടാണ് കേരളം. ആ ആദിശങ്കരന്റെ നാലു മഠങ്ങളിൽ രണ്ടു മഠങ്ങളെ കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവാസ്തവമായി പ്രസ്താവന നടത്തി. അതിലൊരു മഠമാണ് ശൃംഗേരി ശങ്കരാചാര്യരുടെ മഠം. അതിൽ ഭാരതീതീർത്ഥ സ്വാമികൾ കേരളം സന്ദർശിച്ചപ്പോൾ അബ്രാഹ്മണരായ ശ്രീ. ടി. എച്ച്. മുസ്തഫയുടേയും ശ്രീ. പി. പി. ജോർജിന്റേയും വീടുകളിൽ പോയി പാദകാണിക്ക സ്വീകരിച്ച പാരംപര്യമാണ് ആദിശങ്കരന്റെ മഠത്തിനുള്ളത്. ഇത് അവാസ്തവമാണ്. എൻ. അനിരുദ്ധന് തെറ്റുപറ്റിയെങ്കിൽ തിരുത്തണം. ആദിശങ്കരന്റെ മഠങ്ങളാണ് കാഞ്ചി, പുരി, ശൃംഗേരി തുടങ്ങിയ മഠങ്ങൾ. അതിൽ ശൃംഗേരി മഠത്തിന്റെ ഭരണാധിപതി കേരളത്തിൽ വന്നപ്പോൾ പി. പി. ജോർജിന്റേയും ടി.എച്ച്. മുസ്തഫയുടേയും ശ്രീ. ഉമ്മൻചാണ്ടിയുടേയും ശ്രീ. എ.കെ. ആന്റണിയുടേയും വീടുകളിൽ പോയി അവരുടെ പാദകാണിക്ക സ്വീകരിച്ച് പാരമ്പര്യമാണ് കേരളത്തിനുള്ളത്. .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടിസ്പീക്കർ : ഇവിടെ ഒരു മഠത്തെക്കുറിച്ചും ദുഃസ്സൂചനയായി ആരും പ്രസംഗിച്ചിട്ടില്ല.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഇവിടെ ശൃംഗേരി മഠത്തിന്റെ കാര്യമൊന്നും ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ, ബി.ജെ.പി.യുടെ ഫാസിസ്റ്റ് നയത്തിനെതിരെ സംസാരിക്കുമ്പോൾ പ്രതിപക്ഷത്തിരിക്കുന്ന പല സ്നേഹിതന്മാരും വളരെയധികം പ്രകോപിതരാകാറുണ്ട്, അത് സ്വാഭാവികമാണ്. പക്ഷേ, രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും ഇന്ന് ഇന്ത്യയിൽ അനിവാര്യമായിരിക്കുന്ന സാമൂഹ്യ സുരക്ഷയ്ക്കും അതുപോലെ തന്നെ സാമ്പത്തിക ഡിസ്പാരിറ്റി ഇല്ലായ്മ ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു നയപ്രഖ്യാപനമാണ് കേരളാ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് അതിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് നയപ്രഖ്യാപന പ്രസംഗം നടത്തിച്ചു അതിൽ പുതുതായി ഒന്നുമുണ്ടായിരുന്നില്ല എന്നുള്ളത് ഒരു സത്യം മാത്രമാണ്. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും തൊഴിലില്ലാത്തവർക്കും തൊഴിൽ നൽകുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനുമൊക്കെ എന്തുണ്ടായി ? ഈ നയപ്രഖ്യാപനത്തിൽ ഒന്നുമുണ്ടായില്ല. ഇവിടെ ഗവർണ്ണർ പറഞ്ഞു, സംസ്ഥാനത്തെ ക്രമസമാധാന നില പൊതുവെ ശാന്തമാണ്, ലോക്കപ്പ് മരണമോ വെടിവയ്പു മരണമോ ഈവർഷം ഉണ്ടായിട്ടില്ല. ഈ വർഷം എന്നത് കൊണ്ടുദ്ദേശിച്ചത് രണ്ടായിരാമാണ്ടാണ്. രണ്ടായിരമാണ്ടിൽ ഒന്നരമാസത്തെ ഭരണത്തിനിടയിൽ ഇവിടെ ലോക്കപ്പ് മരണവും വെടിവയ്പു മരണവുമുണ്ടായിട്ടില്ല എന്നാണ് പറയുന്നത്. ഈ ഭരണത്തിന്റെ നേട്ടത്തെയും കോട്ടത്തെയും കുറിച്ച് വിലയിരുത്തുന്നതിന് ലോക്കപ്പ് മരണവും വെടിവയ്പ്പു മരണവും കൊണ്ടാണെന്നുപറയുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. വാചകക്കസർത്തുകൊണ്ട് ഇവിടെ പലതും പറയാം, ഇവിടെ പലതും പറഞ്ഞു കൊണ്ടിരിക്കുകയാണ്. രാവിലെ ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ തുടങ്ങി ഇതുവരെ സംസാരിച്ച എല്ലാവരും വാചകക്കസർത്തുകൊണ്ട് കളിക്കുകയായിരുന്നു. ഈ രാജ്യത്തെ മുഴുവൻ ജനങ്ങളെയും വാചകക്കസർത്തിൽ ഒതുക്കി നിർത്താൻ കഴിയുകയില്ല എന്നുള്ളത് ഗവൺമെന്റും ഭരണത്തിലിരിക്കുന്ന ആളുകളും മനസ്സിലാക്കുന്നതു നന്നായിരിക്കുമെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. സ്വർണ്ണരേഖയാണ് ഇവിടെ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനമെന്നു ചിലർ പറഞ്ഞു. വെള്ളി രേഖയാണെന്നു മറ്റൊരു വിഭാഗം പറഞ്ഞു. ഓട്ടു രേഖയാണെന്നു പറയാതിരുന്നത് ഭാഗ്യമായി. ഭാരതത്തിന്റെ 40 കോടി കുടുംബങ്ങൾക്കു വീടുകളില്ല എന്ന് ഇവർ വാചകക്കസർത്തു നടത്തി. ഇന്ത്യയിൽ എത്ര കോടി ജനങ്ങളാണുള്ളത് ? ഞാനിതു പറഞ്ഞപ്പോൾ ഓർത്തു പോയത് മറ്റൊരു കണക്കിന്റെ കാര്യമാണ്. തൊപ്പികച്ചവടത്തിന്റെ പ്രധാന കേന്ദ്രമാണ് കാസർകോട്. അവിടെ ഒരു കോടി തൊപ്പി എന്നു പറഞ്ഞാൽ 20 തൊപ്പിയാണ്. 40 കോടി കുടുംബങ്ങൾക്ക് ഇന്ത്യയിൽ വീടില്ലെന്നു പറഞ്ഞാൽ ഈ നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ച, ഭരണഭാഗത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചു എന്തു പറയണം എന്ന് എനിക്കറിയില്ല. ഇവിടെ ഇന്നു പറഞ്ഞ പ്രമാദമായ വിഷയം ക്രീമിലെയറിനെ സംബന്ധിച്ചാണ്. ക്രീമിലെയർ സംബന്ധിച്ചു അപ്പുറത്തു നിന്നു പ്രഖ്യാപനം ഉണ്ടായി. 1995-ൽ ബഹുമാനപ്പെട്ട ആന്റണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് സംവരണ സംരക്ഷണ നിയമം പാസ്സാക്കിയപ്പോൾ എതിർത്ത മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോഴും അതേ നയത്തിലുറച്ച് നിൽക്കുന്നുവെന്ന് മറ്റൊരു പ്രഖ്യാപനവും ഇവിടെ നടത്തുകയുണ്ടായി. സംവരണം ആരുടേയും ഔദാര്യമല്ല; അവകാശമാണ്. സാമൂഹികമായും വിദ്യഭ്യാസപരമായും സാമ്പത്തികമായും അടിച്ചമർത്തപ്പെട്ട ഒരു വിഭാഗം ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടിയാണ് സംവരണം ഏർപ്പെടുത്തിയത്. സാമുദായിക സ്ഥിതി നോക്കി വേണം സംവരണം നടപ്പിലാക്കാൻ, അല്ലാതെ സാമ്പത്തികം മാത്രം നോക്കിയല്ല സംവരണം ഏർപ്പെടുത്തേണ്ടത് എന്നുള്ളത് വളരെ വ്യക്തമാണ്. ഇന്നു നിലവിലുള്ള ഉദ്യോഗ നിയമനങ്ങളിൽ പലതിലും സംവരണ തത്വങ്ങൾ പാലിക്കപ്പെടുന്നില്ലെന്നുള്ളത് സത്യമായി അവശേഷിക്കുകയാണ്. സംവരണ പ്രശ്നം ഇവിടെ സങ്കീർണ്ണമാണ്. 1995-ലെ പിന്നോക്ക സമുദായ സംവരണ സംരക്ഷണ നിയമം കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചതാണ്. നിയമത്തിൽ യാതൊരു അപാകതയുമില്ല. സുപ്രീംകോടതിയിൽ കേരളത്തിന് വേണ്ടി ശരിയാംവണ്ണം വാദിക്കാത്തതാണ് ഈ സംവരണത്തിനെതിരായി മേൽത്തട്ട് വ്യവസ്ഥകൊണ്ട് വരണമെന്നു സുപ്രീംകോടതി വിധിക്കാനുള്ള കാരണമെന്ന് ഞാൻ ആവർത്തിച്ച് ഇവിടെ പറയുകയാണ്. അതുകൊണ്ട് പിന്നോക്കക്കാർക്ക് സംവരണം നഷ്ടപ്പെട്ടു. സംസ്ഥാനത്തെ ഉദ്യോഗ നിയമനങ്ങളിലെ പിന്നോക്ക സാമുദായിക പ്രാതിനിധ്യം സംബന്ധിച്ചു, പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷനെ തെറ്റിദ്ധരിപ്പിച്ചു, എന്നുള്ള ആരോപണം സംബന്ധിച്ച് ഇന്നു രാവിലെ ഇവിടെ ചോദ്യോത്തരമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ സംബന്ധിച്ചു വ്യക്തമായ ഉത്തരം നൽകിയിട്ടില്ല. വിശദമായി അക്കാര്യത്തെക്കുറിച്ച് പറയാൻ മിനക്കെട്ടില്ല. പിന്നോക്കക്കാരെ എന്നന്നേയ്ക്കുമായി പിന്നോക്കം തള്ളി വിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം. അതിനെ ന്യായീകരിക്കുവാൻ നിർവാഹമില്ല. ഇതു സംബന്ധിച്ച് അന്വേഷണം നടത്തണം. പി.എസ്.സി. തെറ്റിദ്ധാരണാജനകമായ റിപ്പോർട്ട് ജോസഫ് കമ്മീഷനു സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇതെല്ലാവരുടേയും ആവശ്യമാണ്. ഓരോ വകുപ്പിലും നടത്തിയ നിയമനം സംബന്ധിച്ച് കണക്കുകൾ വർഷങ്ങളായി ചോദിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വകുപ്പിലെങ്കിലും സംവരണാനുകൂല്യം ലഭിക്കേണ്ട ഇത്ര ആളുകൾക്ക് സംവരണാനുകൂല്യം ലഭിച്ചുവെന്നുള്ള വ്യക്തമായ കണക്കു ഗവൺമെന്റു നൽകിയിട്ടില്ല. ഇതിന്റെ പിന്നിൽ എന്തോ ഒളിച്ചുകളി നടക്കുന്നുണ്ട് ഇപ്പോഴും. അതു വളരെ വേദനാജനകമാണെന്നു സൂചിപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു. വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കണക്കുകൾ എന്തുകൊണ്ട് നിയമസഭയിൽ ചോദിച്ചാലും പുറത്തു ചോദിച്ചാലും മറ്റെവിടെ ആവശ്യപ്പെട്ടാലും നൽകുന്നില്ല എന്നുള്ളതിന്റെ കാരണം വ്യക്തമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചു, ലിസ്റ്റ് സുപ്രീംകോടതിയിൽ കൊടുത്തുവെന്ന്. സുപ്രീംകോടതിയിൽ കൊടുത്തിട്ടുള്ള ഒരു രേഖ എന്തുകൊണ്ടു പ്രസിദ്ധീകരിക്കുന്നില്ല ? അത് പ്രസിദ്ധീകരിക്കണം. സുപ്രീംകോടതിയിൽ കൊടുത്തിട്ടുള്ള കാര്യങ്ങൾ രഹസ്യമല്ല. പരസ്യമായി ഒരു ഡോക്യുമെന്റ് കോടതിയിൽ സമർപ്പിച്ചു കഴിഞ്ഞാൽ, കോടതിയിൽ അതുഡോക്യുമെന്റ് അല്ലേ ? ആ ഡോക്യുമെന്റ് എന്തുകൊണ്ട് പ്രസിദ്ധീകരിക്കുന്നില്ല ? ബഹുമാനപ്പെട്ട ഗവൺമെന്റ് അത് പരിശോധിക്കാൻ തയ്യാറാകണം. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണം ലഭിച്ചിട്ടുണ്ടോ എന്നുള്ളത് പരിശോധനയ്ക്കു വിധേയമാക്കാൻ പറ്റിയ അവസരം കൂടി ഇപ്പോൾ ലഭ്യമായിരിക്കുന്നു. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ പ്രവർത്തനപരിധിയിൽ ഇക്കാര്യങ്ങളെ സംബന്ധിച്ചെല്ലാം വളരെ വിശദമായി പഠിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ടേംസ് ഓഫ് റെഫറൻസിൽ ഉൾപ്പെടുത്തിക്കൊണ്ട് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന്

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതുപോലെ ഇവിടെ മറ്റൊരു കമ്മീഷനുണ്ടായിരുന്നു. 1993-ൽ ജസ്റ്റീസ് എസ്.കെ. ഖാദർ ചെയർമാനായി കേരളാ സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്വേഡ് ക്ലാസ് രൂപീകരിച്ചു. ടി.എൻ. ജയചന്ദ്രനും ഡോ. ഹെൻട്രി ഓസ്റ്റിനും പി.എ. മൃത്യുഞ്ജയനും അംഗങ്ങളായിരുന്ന ആ കമ്മീഷന്റെ സ്ഥിതിയെന്താണ് ? അന്ന് യു.ഡി.എഫ് ഗവൺമെന്റു നിയമിച്ച ആ കമ്മീഷനെ ഇന്നു ഒന്നുമല്ലാതാക്കിയിരിക്കുന്നു ഈ ഗവ്ൺമെന്റ് എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ പരിധിയിൽ സംവരണ തത്വങ്ങൾ പാലിച്ചു കൃത്യമായി ഓരോ വകുപ്പിലും നിയമനം നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടത് വളരെ അനിവാര്യമായ ഒരു കാര്യമാണ്. ഏതെങ്കിലും കണക്കുകൾ പരിശോധിച്ചാൽ അബ്ദുള്ള മുഹമ്മദ്, ജോസഫ്, നാരായണൻ എന്നൊക്കെ പറയുന്നതുപോലെ അല്ലാതെ ശരിയായ ഇനിഷ്യൽ പോലും ആ രേഖയിൽ കാണിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നുള്ളതു പരസ്യമായ രഹസ്യമാണ്. ഇക്കാര്യങ്ങൾ അന്വേഷിച്ച് അവശ്യം ബാക്ക് ലോഗ് ഫിൽ ചെയ്യുന്നതിനാവശ്യമായ നടപടി ഈ കമ്മീഷന്റെ റിപ്പോർട്ടു വരുന്നതോടുകൂടിയുണ്ടാകണമെന്നു ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പിന്നോക്ക സമുദായക്ഷേമത്തിനു പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചു. നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്ന പലതും നടപ്പിലാക്കി കാണാത്ത കേരളത്തിനു ഇതും ദുരൂഹമായ ഒരു വസ്തുവായി മാറിപോകരുതെന്ന് ഒരു അഭ്യർത്ഥനയുണ്ട്. അടിയന്തിരമായി പിന്നോക്ക വിഭാഗക്ഷേമത്തിനുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ക്രമസമാധാനനില ആകെ തകർന്നിരിക്കുന്നുവെന്ന് ഇപ്പുറത്തുനിന്നു പ്രസംഗിച്ച പലരും പറഞ്ഞു. നയപ്രഖ്യാപനത്തിനുള്ള കാര്യങ്ങൾ വായിച്ചു നോക്കിയാൽ അതു വ്യക്തമാകും. കണ്ണൂർ ജില്ലയിൽ തളിപറമ്പിൽ മുസ്ലീംലീഗുകാരെ തെരഞ്ഞുപിടിച്ചു ആക്രമിക്കുകയും മാരകമായി പരിക്കേൽപ്പിക്കുകയും ചിലരുടെ സ്വത്തുക്കൾ നശിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആക്രമങ്ങൾ നടത്തി ലക്ഷക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങളുണ്ടാക്കിയിരിക്കുകയാണ്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യത്തെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നില്ല. തളിപ്പറമ്പിലുണ്ടായ നാശനഷ്ടങ്ങൾക്കു അടിയന്തിരമായി നഷ്ടപരിഹാരം നൽകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. തളിപ്പറമ്പിലുണ്ടായ സംഭവം ദിവസങ്ങളോളം നീണ്ടുനിന്നു. പിന്നീട് ജില്ലാകമ്മറ്റികൾ ഇടപെട്ട് പ്രശ്നത്തിന് സമാധാനമുണ്ടാക്കാനുള്ള ശ്രമം നടത്തി. സമാധാനമുണ്ടായതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. കണ്ണൂർ ജില്ലയിലാകമാനം പടർന്നു പിടിച്ചിരുന്ന ആർ.എസ്.എസ്.-മാർക്സിസ്റ്റ് സംഘട്ടനം ഒഴിവാക്കുന്നതിന് ശ്രമിച്ചതും പ്രവർത്തിച്ചതും എന്റെ പാർട്ടിയാണ് എന്നുള്ള കാര്യത്തിൽ ഞാൻ വളരെ അധികം സന്തുഷ്ടനാണ്. മുസ്ലീംലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. ഇ. അഹമ്മദ് സാഹിബ് ഇടപ്പെട്ടതുകൊണ്ട് ആ പ്രശ്നത്തിന് രമ്യമായ പരിഹാരം ഉണ്ടായി. പക്ഷേ, ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുള്ളത് ഗവൺമെന്റ് പരിശോധനയ്ക്കു വിധേയമാക്കേണ്ടിയിരിക്കുന്നു. കൊല്ലത്തുണ്ടായ സംഭവങ്ങൾ, എസ്.എൻ. കോളേജ് സമരത്തെ സംബന്ധിച്ച്, പ്രിൻസിപ്പാളിനെ ബന്ദിയാക്കിയതിനെ സംബന്ധിച്ച്, ഗുരുദേവന്റെ പ്രതിമ തകർത്തതിനെ സംബന്ധിച്ചൊക്കെ പലരും ഇവിടെ സംസാരിക്കുകയുണ്ടായി. സമാധാനഭംഗം ഉണ്ടാകുന്നത് തടയേണ്ട ബാധ്യത, ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ആ കടമ നിർവഹിക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ളത് ഒരു വസ്തുത മാത്രമാണ്. ഇവിടെ സംസാരിച്ച ഓരോരുത്തരും ഓരോ വിധത്തിൽ അക്കാര്യത്തെ സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് പറഞ്ഞപ്പോൾ തന്നെ അതിനിടയിൽ പല ദുരൂഹതകളും കണ്ടു വരുന്നുവെന്നുള്ളത് സത്യമാണ്. ഇപ്പോൾ പുതിയതായി രൂപീകരിക്കപ്പെടുന്ന ജനകീയ പോലീസ് നയം വരുന്ന സന്ദർഭത്തിൽ. പ്രത്യേകമായി ശ്രദ്ധിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. കൊല്ലത്ത് പോലീസ് പാർഷ്യലായി പെരുമാറി എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. അങ്ങനെ പാർഷ്യലായി പെരുമാറുന്ന ഒരു നയവും സമീപനവും പോലീസ് വച്ചു പുലർത്തിയാൽ എങ്ങനെ ഈ രാജ്യത്ത് ക്രമസമാധാനമുണ്ടാകുമെന്നുള്ള കാര്യം വളരെയധികം ആലോചിക്കേണ്ട ഒന്നാണ്. കൊല്ലത്തു നടന്ന ദാരുണമായ സംഭവങ്ങളെക്കുറിച്ചെല്ലാം ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറാകണം. വിദ്യാഭ്യാസരംഗത്തു പിന്നോക്ക സമുദായങ്ങളെയും പിന്നോക്ക വിഭാഗങ്ങളെയുംപാടെ അവഗണിച്ചുകൊണ്ടിരിക്കുകയാണ്. പ്ലസ് ടു നൽകുന്ന കാര്യത്തിൽ മാത്രമല്ല വിദ്യാഭ്യാസരംഗത്തു നിൽക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളെ ഗവൺമെന്റ് ലാഘവബുദ്ധിയോടുകൂടിയാണ് കാണുന്നത്. പലപ്പോഴായി പലപല കാര്യങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യാമെന്ന് പറയുകയും ആ ചർച്ച ചെയ്തു തീരുമാനിക്കപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന വളരെ മോശമായ അവസ്ഥയും നിലനിൽക്കുന്നു. അതുകൊണ്ട് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം തള്ളപ്പെട്ടുപോയ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ എന്നും പിന്നോക്കമായി നിൽക്കണമെന്ന് ആഗ്രഹിക്കുന്നത് ശരിയല്ലെന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുസംബന്ധിച്ച് കേരളത്തിന്റെ എല്ലാ വിഭാഗങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പരാതി ഉയർന്നുകൊണ്ടിരിക്കുകയാണ്. മുസ്ലീംലീഗ്, മുസ്ലീംയൂത്ത് ലീഗും, മുസ്ലീം വിദ്യാർത്ഥി ഫെഡറേഷനും ഈ സംസ്ഥാനത്തു മാസങ്ങളായി നിരന്തരമായി സമരം നടത്തി. ആ സമരമാരംഭിക്കുന്ന സന്ദർഭത്തിലെല്ലാം വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച്, ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച്, അത് പരിഹരിക്കുന്നതിനാവശ്യമായ ചർച്ച നടത്താമെന്ന് വാഗ്ദാനം നൽകിയിരുന്നുവെങ്കിലും ചർച്ച നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ ബന്ധപ്പെട്ട മറ്റു മന്ത്രിമാരോ തയ്യാറായിട്ടില്ലെന്നുള്ളത് വളരെ വേദനാജനകമാണ്. ദയവുചെയ്ത് അടിയന്തിരമായി ചർച്ച നടത്തി പിന്നോക്ക ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രൈവറ്റ് സ്കൂളുകളിലെ നിയമനത്തിൽ സംവരണം പ്രതിപക്ഷത്തിരിക്കുന്നവർ അംഗീകരിക്കുമോ എന്ന് സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ വളരെ വ്യക്തമായി പറയട്ടെ, പ്രൈവറ്റ് സ്കൂളുകളിലും അതാതു സമുദായം നടത്തുന്ന സ്കൂളുകളുടേതായ സമുദായത്തിന് റിസർവേഷൻ നൽകണമെന്ന കാര്യത്തിൽ മുസ്ലീംലീഗ് യോജിക്കുന്നു. നിങ്ങൾ ഇതിനനുസൃതമായി നടപടിക്രമങ്ങൾ ആരംഭിച്ചാൽ തീർച്ചയായും ഗവൺമെന്റിന്റെ നയത്തെ ഞങ്ങൾ അനുകൂലിക്കുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. വ്യവസായ രംഗത്തു കേരളത്തിന്റെ സ്ഥിതി എന്താണ് ? വ്യവസായ രംഗത്ത് കേരളത്തെ ശവപറമ്പാക്കി മാറ്റിയിരിക്കുന്ന ദയനീയമായ അവസ്ഥയുണ്ട്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 68 എണ്ണമുള്ളതിൽ 48 എണ്ണവും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിലാണ്. അത് എപ്പോൾ പൂട്ടുമെന്ന് അറിയില്ല. കേന്ദ്ര ഗവൺമെന്റ് പല പൊതുമേഖലാസ്ഥാപനങ്ങളും പ്രൈവറ്റ് മേഖലയ്ക്കു വിറ്റുകൊണ്ടിരിക്കുകയാണ്. അതിനെ ഞങ്ങൾ അനുകൂലിക്കുന്നില്ല. അതുപോലുള്ള ഒരു സാഹചര്യം കേരളത്തിലുണ്ടാകരുത് എന്നാണ് ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാല് വർഷമായിട്ടും നമ്മുടെ സംസ്ഥാനത്തു വ്യവസായനയമോ, തൊഴിൽനയമോ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു ദുഃഖകരമാണ്. ബി.ജെ.പി. കേരള നിയമസഭയിൽ അക്കൗണ്ട് തുറക്കുമെന്ന് അപ്പുറത്തിരിക്കുന്നവർ പറഞ്ഞു. ഈ രാജ്യത്തുള്ള ആളുകൾ ബി.ജെ.പി.ക്കു കൂട്ടുനിന്നുകൊണ്ട് അക്കൗണ്ട് തുറപ്പിക്കുവാനുള്ള ഒരു സാഹചര്യമുണ്ടാക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അക്കാര്യത്തിൽ കേരളത്തിൽ ഏറ്റവും മുന്നിട്ട് നിൽക്കുന്ന പാർട്ടി മുസ്ലീംലീഗ് ആണെന്നുള്ള വസ്തുത ഞാൻ പറയാതെ എല്ലാപേർക്കും അറിയാവുന്നതാണ്. മഞ്ചേശ്വരത്തുനിന്ന് അവരെ കടന്നുകയറാൻ സമ്മതിക്കാതിരുന്നത് മുസ്ലീംലീഗാണ്. അത് ഇപ്പുറത്തിരുന്ന ആളുകളുടെ സഹായം കൊണ്ടാണ്. അക്കാര്യത്തിൽ നിങ്ങൾകൂടി സഹായിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : അങ്ങ് പറഞ്ഞ ഈ അഭിപ്രായത്തിന് കോൺഗ്രസ്സ് പിന്തുണ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : കോൺഗ്രസ്സിന്റെ പിൻതുണയോടുകൂടിയാണ് ബി.ജെ.പി.യെ തള്ളിമാറ്റികൊണ്ട് മഞ്ചേശ്വരത്തുനിന്ന് ഞാൻ വിജയിച്ചു വന്നത് എന്നുള്ള വസ്തുത ശ്രീ. സി. പി. ബാലൻ വൈദ്യരെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫാസിസ്റ്റുകളുടെ കടന്നുകയറ്റത്തിൽ മുസ്ലീംലീഗ് ഒഴിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പങ്കുണ്ട്. തങ്ങൾക്ക് പങ്കില്ലയെന്നുപറഞ്ഞ് കൊണ്ട് കൈ കഴുകികളയുവാൻ അപ്പുറത്തുനിന്നു ആരു ശ്രമിച്ചാലും സാദ്ധ്യമല്ല. രണ്ടു സീറ്റിൽ നിന്നും ലോകസഭയിൽ 8 സീറ്റിലേയ്ക്ക് ബി.ജെ.പി.യെ കൊണ്ട് വരാനും ആദ്യം 13 ദിവസവും പിന്നെ 13 മാസവും ഇപ്പോൾ സ്ഥിരമായിയെന്ന് പറയാവുന്ന സ്ഥിതിയിലും അധികാരത്തിൽ തുടരാൻ ബി.ജെ.പി.ക്ക് അവസരമൊരുക്കികൊടുത്തതിൽ ഇടതുപക്ഷമടക്കമുള്ള പല രാഷ്ട്രീയപാർട്ടികൾക്കും പങ്കാളിത്വമുണ്ടെന്നുള്ളത് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ പരിപൂർണ്ണമായി അനുകൂലിക്കുകയാണ്. നന്ദിപ്രമേയത്തെ അനുകൂലിക്കുമ്പോൾ ഭരണപക്ഷത്തായതുകൊണ്ട് അനുകൂലിക്കുക, പ്രതിപക്ഷത്താണെങ്കിൽ എതിർക്കുക എന്നുള്ള നിലപാട് സ്വീകരിച്ചുകൊണ്ടല്ല ഞാൻ ഇതിനെ സമീപിക്കുന്നത്. പ്രതിപക്ഷത്തിരിക്കുന്നവർ ഇന്നു രാവിലെ മുതൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവർ ഓരോരുത്തരായിട്ട് പറഞ്ഞത് ഈ നയപ്രഖ്യാപനപ്രസംഗത്തിൽ ഒന്നും ഇല്ല എന്നാണ്. അവർ ഒന്നുകിൽ ഇതൊന്നും ഗൗരവപൂർവ്വം പരിശോധിച്ചിട്ടില്ല, അല്ലെങ്കിൽ ബോധപൂർവ്വം ആ കാര്യങ്ങൾ അവതരിപ്പിക്കുന്നില്ല. പിന്നെ വർഗ്ഗീയപരമായി നമുക്ക് തമ്മിൽ വ്യത്യസ്തമുണ്ട്. സ്വാഭാവികമായും കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അല്പം മുന്നോട്ട് പോകുവാൻ സഹായകമാവും. സമ്പൂർണ്ണമായിട്ടൊന്നും പ്രശ്നപരിഹാരം ആവുകയില്ല. അങ്ങനെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതുതന്നെ അബദ്ധമാണ്. വളരെ ചെറിയ രീതിയിലുള്ള മാറ്റമുണ്ടാക്കുവാൻ മാത്രമേ ഇതുപോലുള്ള സംവിധാനത്തിലുള്ളൂവെന്ന് ഈ സംവിധാനത്തെപ്പറ്റി മനസ്സിലാക്കുന്നവർക്ക് അറിയാം. ആ പരിമിതിക്കകത്തുനിന്നുകൊണ്ടാണ് ഇന്നത്തെ കേരളം രൂപമെടുത്തത്. ഈ കേരളം രൂപമെടുക്കുന്നതിന് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പങ്ക് എത്രത്തോളമുണ്ടെന്ന് വ്യക്തമായി വിശദീകരിക്കുവാൻ കഴിയുന്നതാണ്. അതൊന്നും വിശദീകരിക്കുവാൻ കുറച്ച് സമയം കൊണ്ട് സാധിക്കുകയില്ല. അതുകൊണ്ട് വിശദീകരിക്കുന്നില്ല. ഈ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചിട്ടുള്ള ശ്രീ. ആനത്തലവട്ടം ആനന്ദൻ തന്നെ നമ്മുടെ ക്ഷേമപദ്ധതികളെ സംബന്ധിച്ച് ആമുഖമായി പറയുകയുണ്ടായി. കേരളം ലോകരാജ്യങ്ങൾക്ക് ഒരു മാതൃകയാണ്. ആ മാതൃകയിലെ പ്രധാനപ്പെട്ട ഒന്ന് കേരളത്തിന്റെ സാക്ഷരതയും ജനന-മരണ നിയന്ത്രണവുമാണ്. ശുചിത്വമാണ്; ആരോഗ്യപരിപാലനത്തിന്റെ കാര്യങ്ങളാണ് ; അതുപോലെതന്നെ സാമൂഹ്യക്ഷേമത്തിന് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ്. ഇതെല്ലാം ചേർന്നതാണ് കേരളാമോഡലെന്നു കേരളത്തെ പഠിക്കുന്ന മുഴുവൻ ആളുകളും

അംഗീകരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായിട്ടാണ് തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന പ്രക്രീയകൾ. ഈ വർഷം ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽതന്നെ ഒന്നരലക്ഷത്തോളം വരുന്ന ഭൂമിയില്ലാത്ത പാവപ്പെട്ടവർക്കു ഭൂമികൊടുക്കുമെന്ന് പ്രഖ്യാപിച്ചു. നിങ്ങൾക്കാർക്കും അതൊരു പ്രധാനപ്പെട്ട വിഷയമല്ലല്ലോ ഭൂമിയില്ലാത്ത ഒന്നരലക്ഷത്തോളം വരുന്ന പാവപ്പെട്ടവർ യു.ഡി.എഫ്.നു ഒരു പ്രശ്നമേയല്ല. അതുപോലെ ആദിവാസികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും 2002 ആകുമ്പോഴേക്കും ഇന്ത്യയ്ക്കു മാതൃകയാകുന്ന തരത്തിൽ, സമൂഹത്തിന്റെ പിന്നണിയിൽ കിടക്കുന്നവർക്കെല്ലാം വീടുണ്ടാകുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു. അതും നിങ്ങൾക്കു പ്രശ്നമല്ല. കാരണം ആദിവാസികൾ, പട്ടികാതി വിഭാഗങ്ങൾ അവരൊക്കെ നിങ്ങൾക്കു പ്രധാനപ്പെട്ട ഒന്നല്ല. ഗവർണ്ണർ നയപ്രഖ്യാപനപ്രസംഗം നടത്തിയപ്പോൾ നിങ്ങളെല്ലാപേരും കണ്ടിരിക്കും ഈ ഗ്യാലറി മുഴുവൻ നിറഞ്ഞുകവിഞ്ഞു നിൽക്കുന്ന ആ കാഴ്ച. ഇതിനെക്കുറിച്ച് ആരെങ്കിലും അന്വേഷിച്ചോയെന്നനിക്കറിയില്ല. അതിൽ മഹാഭൂരിഭാഗവും ആദിവാസികളായിരുന്നു. പത്ത് മുന്നൂറോളം വരുന്ന യൂണിഫോം അണിഞ്ഞ് ആദിവാസികൾ കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നു സ്വയം സമർപ്പിതരായി സമൂഹത്തെ സേവിക്കുന്നതിനുവേണ്ടി സെലക്ട് ചെയ്ത പ്രവർത്തകരെന്നുള്ള നിലയിൽ ഇവിടെ വന്നിരുന്നു. അന്ന് മുഖ്യമന്ത്രിയെ കണ്ടു. ഗവർണ്ണറുടെ പ്രസംഗം കേട്ടു. അവർ ഒരു ക്യാമ്പിൽ പങ്കെടുത്തുകൊണ്ടിരിക്കുകയായിരുന്നു. അത് ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ മുന്നോട്ട് നയിക്കാൻ വേണ്ടി ശ്രമിച്ചപ്പോൾ തടയിട്ട് നിന്ന സംഭവമുണ്ടായിട്ടുണ്ട്. പക്ഷേ, പട്ടികവർഗ്ഗ വിഭാഗത്തെ, പണിയാർ, കുറിച്ചിയാർ, അടിയാർ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനുവേണ്ടി അവരെ ഉന്നതിയിലേക്ക് നയിക്കുന്നതിന് നമ്മൾ ഇതാ സമർപ്പണബോധത്തോടുകൂടി ഈ ഗവൺമെന്റിന്റെ പിൻതുണയോടുകൂടി സംരക്ഷിക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി തയ്യാറാണ് എന്നുപറഞ്ഞ് സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള ആളുകൾ രംഗത്തുവന്ന കാഴ്ച ഈ ഗ്യാലറിയിൽ നിങ്ങൾ പലരും കണ്ടിട്ടുണ്ടാകുകയില്ല. അല്ലെങ്കിൽ ശ്രദ്ധിച്ചിട്ടുണ്ടാവുകയില്ല. ഇതൊരു പുതിയ പദ്ധതിയാണ്. എന്തേ ഇതിനുമുമ്പ് ഇങ്ങനെയൊരു ക്യാമ്പു നടത്താൻ സാധിക്കാതിരുന്നത്? ഒരായിരം വരുന്ന സന്നദ്ധ പ്രവർത്തകരെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നു എന്തുകൊണ്ട് ഈ കാലമിത്രയുമായിട്ടും ഈ കേരളത്തിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ മാത്രം സാധിച്ചു അപ്പോൾ വർഗ്ഗീയപരമായ നിലപാടുണ്ടെന്ന് പറയുമ്പോൾ കോപിച്ചിട്ട് കാര്യമില്ല. അതുപോലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മുഴുവൻ വീടുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. നിങ്ങൾ ഇന്നേവരെ പറഞ്ഞ സാക്ഷരതയുടെ കൂടെ ഒന്നുകൂടി പറയാം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും കിടന്നുറങ്ങാൻ വീടുള്ള ഒരു സംസ്ഥാനമായി കേരളം മാറിയെന്ന് ശ്രീ. എ.കെ. ആന്റണി ഉൾപ്പെടുന്ന യു.ഡി.എഫ്. നേതാക്കൻമാർക്കും കേരളത്തിലെ മുഴുവൻ ആളുകൾക്കും അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഇത് കേരളാ മോഡലിന്റെ ഒരു പുതിയതലമാണ്. ആ പുതിയ തലമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ഇവിടെ വിശദീകരിച്ചിട്ടുള്ളത്. അവർക്കു മാത്രമല്ലപിന്നണിയിൽ
6 P.M.] കിടക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് 2002 ആകുമ്പോൾ വീട് ഉണ്ടാക്കികൊടുക്കുന്ന സംവിധാനം ഉണ്ടാക്കുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. നിങ്ങൾക്ക് കേന്ദ്രഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയത്തെക്കുറിച്ച് അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾതന്നെ ആരംഭിച്ച സാമ്പത്തിക നയത്തിന്റെ ഫലമായി റേഷൻ സമ്പ്രദായം തകർക്കാൻ ശ്രമിക്കുകയാണ്. സബ്സിഡി പൂർണ്ണമായും ഒഴിവാക്കാൻ ശ്രമിക്കുകയാണ്. എന്നാൽ അതിനുള്ള ശ്രമം ഉണ്ടായാലും കേരളത്തിലെ റേഷൻ സംവിധാനം തുടരാൻ എന്റെ ഗവൺമെന്റ് തയ്യാറാണെന്നു ഗവർണ്ണർ പരസ്യമായി പറഞ്ഞപ്പോൾ നിങ്ങൾക്കാർക്കും യാതൊരു പ്രത്യേകതയും കാണാൻ സാധിക്കുന്നില്ല. കാരണം നിങ്ങൾ അതിനെതിരായി നിൽക്കുന്നവരാണ്. അപ്പോൾ സ്വാഭാവികമായും ഇക്കാര്യങ്ങൾ അനുകൂലമായി കാണാൻ നിങ്ങൾക്കു കഴിയുകയില്ല. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്ക് അറിയാമല്ലോ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ ഉണ്ടായിരുന്നത് 1505 മെഗാവാട്ട് വൈദ്യുതി ആയിരുന്നു. അതിൽ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ശ്രീ. ജി. കാർത്തികേയൻ ഉൾപ്പെടെ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ 17 മെഗാവാട്ട് വൈദ്യുതി മാത്രമാണ് കൂട്ടിചേർക്കാൻ സാധിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 845 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു. നിങ്ങൾ 17 മെഗാവാട്ട് വൈദ്യുതി മാത്രമേ കൂടുതലായിട്ടു 5 വർഷം കൊണ്ട് ഉൽപ്പാദിപ്പിച്ചിട്ടുള്ളു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മൂന്നുകൊല്ലം കഴിഞ്ഞ് നാലാമത്തെ കൊല്ലം ആയപ്പോൾ 845 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിച്ചുവെന്നും കാലാവധി കഴിയുമ്പോഴേക്ക് ഏതാണ്ട് ഇത്രത്തോളം ഉല്പാദനം നടത്താനുള്ള പ്രവർത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നതെന്നും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ ഒരു മിച്ച സംസ്ഥാനമായി രൂപപ്പെടുത്താനാണ് ശ്രമിക്കുന്നതെന്നു പറയുമ്പോൾ അതിനകത്ത് പുതുമകാണാൻ നിങ്ങൾക്കു ആകുന്നില്ല. അതിന്റെ നയപരമായ ഉള്ളടക്കത്തിന്റെ പ്രത്യേകത മനസ്സിലാക്കാൻ യു.ഡി.എഫ്-ന് സാധിക്കുന്നില്ല. വ്യാവസായിക മേഖല പരിശോധിച്ചുനോക്കിയാൽ 19236 ചെറുകിട വ്യവസായ യൂണിറ്റുകൾ മൂന്ന് കൊല്ലം കൊണ്ട് രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇനി അടുത്ത കൊല്ലം 20,000 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ തകർക്കാനും വിൽക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് നേരിടുന്ന തകർച്ചയെ അഭിമുഖീകരിക്കുന്നതിന്, ഇന്നുള്ള വ്യവസായങ്ങളെ മുന്നോട്ടു നയിക്കുന്നതിന് ആവശ്യമായ സംവിധാനം ഇടതുപക്ഷജനാധിപത്യമുന്നണി ആവീഷ്കരിച്ചിരിക്കുകയാണ്. രാജ്യവ്യാപകമായി പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നുകൊണ്ടിരുന്നപ്പോഴാണ്, വിറ്റുകൊണ്ടിരുന്ന സന്ദർഭത്തിലാണ്, നഷ്ടമുള്ളത് പൂട്ടുക, ലാഭമുള്ളതെല്ലാം വിൽക്കുക എന്നുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരുന്നപ്പോഴാണ്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടി പ്രത്യേകിച്ച് ഒരു മന്ത്രിയെ ചുമതലപ്പെടുത്തിയിരിക്കുമ്പോഴാണ് കേരളത്തിൽ പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുന്നത് എന്നുള്ളത് വ്യക്തമാണ്. രാജ്യത്തിന്റെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന നഴ്സുമാർ ഉൾപ്പെടെയുള്ളവർ ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുകയാണ്. ഈ നേട്ടങ്ങളൊന്നും യു.ഡി.എഫ്-ന് കാണാൻ സാധിക്കുന്നില്ല. ഇന്ത്യയിലെ കുത്തക മുതലാളിമാർക്കും ഭൂപ്രമാണിമാർക്കും ബഹുരാഷ്ട്ര കമ്പനികൾക്കും മറ്റ് സാമ്രാജ്യത്വശക്തികൾക്കുമായി അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്ന യു.ഡി.എഫ്-ലെ ഏറ്റവും പ്രധാനപ്പെട്ട കക്ഷിയായ കോൺഗ്രസ്സ് (ഐ)ക്ക് ഈ കാര്യങ്ങളൊന്നും പ്രധാനപ്പെട്ട പ്രശ്നമല്ല. പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ റേഷൻ വാങ്ങി ജീവിക്കുന്ന പാവപ്പെട്ട മനുഷ്യർ വീടില്ലാത്ത ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് ക്ഷേമകരങ്ങളായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നത്. ഇന്നത്തെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ വലിയ പ്രശ്നങ്ങൾ തന്നെയാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വളരെ ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഭാഗമായി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വളർന്നുവരികയല്ല ചെയ്തത്. കെയൻസിന്റെ സിദ്ധാന്തം നിങ്ങൾക്ക് അറിയാമല്ലോ. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് കെയൻസിന്റെ സാമ്പത്തികനയം അംഗീകരിച്ച് മുന്നോട്ടുവന്ന 1945 മുതൽ 1975 വരെയുള്ള പത്തു മുപ്പതു വർഷക്കാലമാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ മുതലാളിത്വത്തിന്റെ സുവർണ്ണകാലം. 1975-കഴിഞ്ഞാൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഗുരുതരമായ പ്രതിസന്ധി നേരിടുകയായിരുന്നു. രാഷ്ട്രീയ കുഴപ്പങ്ങൾ പരിഹരിക്കാൻ സാമ്രാജ്യത്വ ശക്തികൾ മൂന്നാം ലോക രാഷ്ട്രങ്ങളെ ഉപയോഗിച്ചിരുന്നു എങ്കിൽ ആ മൂന്നാം ലോകരാജ്യങ്ങളെ ഉപയോഗിക്കാനുള്ള കഴിവും കരുത്തും നമ്മെപോലുള്ള ഒരു രാജ്യത്തിന് ഉണ്ടായിരുന്നില്ല. അതിന്റെ ഭാഗമായി ഇന്ത്യ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുക ആയിരുന്നു. ആ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്നു പറഞ്ഞുകൊണ്ട് ആണല്ലോ പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കാൻ ശ്രീ. പി. വി. നരസിംഹറാവു ഉൾപ്പടെയുള്ളവർ മുന്നോട്ടുവന്നത്. നിങ്ങൾ നടത്തിയിട്ടുള്ളതും ഇപ്പോൾ ബി.ജെ.പി. ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നതുമായ പുത്തൻ സാമ്പത്തിക നയത്തെതുടർന്ന് ഇൻഡ്യയിലെ കാർഷിക വ്യാവസായികമേഖല മുന്നോട്ടു നീങ്ങിയോ? ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. ഇന്ത്യൻ കാർഷിക മേഖലയും വ്യാവസായിക മേഖലയും മുരടിച്ചുവെന്ന് മാത്രമല്ല യഥാർത്ഥത്തിൽ പിന്നോക്കം പോകുകയാണുണ്ടായത്. പുത്തൻ സാമ്പത്തിക നയത്തിന്റെ വക്താക്കളായി മുന്നോട്ടുവന്ന കോൺഗ്രസ്സിനു അത് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തികനയത്തിന്റെ ഫലമായി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ മുന്നോട്ടു നയിക്കാൻ സാധിച്ചിട്ടില്ലാ എന്നുമാത്രമല്ല ഇന്ത്യയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമപരമായ പ്രവർത്തനങ്ങൾ മുഴുവൻ പിൻവലിച്ച റേഷൻ സബ്സിഡി ഉൾപ്പെടെയുള്ളത്

ഇല്ലായ്മ ചെയ്ത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ കഴുത്തറുപ്പൻ മത്സരത്തിലേക്ക് ബഹുരാഷ്ട്ര കമ്പനികൾക്ക് പൂർണ്ണമായും ഈ രാജ്യത്ത് കടന്നാക്രമിക്കാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുന്ന ഒരു പ്രത്യേക പഞ്ചാത്തലമാണ് ഇപ്പോൾ ഒരുക്കിക്കൊണ്ടിരിക്കുന്നത്. ഈസ്റ്റ് ഇന്ത്യാകമ്പനികൾ ഇന്ത്യയിലേക്ക് വന്നത് ഇന്ത്യയിൽ കച്ചവടം നടത്താനാണ്. ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യയിലേക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നത് ഇന്ത്യയിൽ കച്ചവടം, വ്യവസായം, കാർഷിക ഊഹകച്ചവടം എന്നിവ നടത്താൻ വേണ്ടിയാണ്. മൂലധന നിക്ഷേപത്തിന്റെ ഭാഗമായിട്ടാണ് ബഹുരാഷ്ട്ര കമ്പനികൾ കടന്നുവരുന്നത് എന്നാണ് സാധാരണ നമ്മൾ പറയുന്നത്. യഥാർത്ഥത്തിൽ ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യയിൽ കടന്നുവരുന്നത് ഈ രാജ്യത്തിന്റെ സമ്പത്ത് ചോർത്തിയെടുക്കാൻ വേണ്ടിയാണ്. അവർ കാർഷിക മേഖലയിൽ കൈ കടത്തുകയാണ്. വ്യവസായിക മേഖലയിൽ ഇപ്പോൾ ഷെയർ വാങ്ങിക്കൂട്ടുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തുകയാണ്. അതുപോലെ ഷെയർ മാർക്കറ്റ് കയ്യടക്കുകയാണ്. വ്യവസായങ്ങൾ കയ്യടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഈ രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ ചോർത്താൻ ശ്രമിക്കുന്ന ബഹുരാഷ്ട്ര കുത്തകകളുടെ കയ്യിലേയ്ക്ക് ഈ രാജ്യത്തെ ഏൽപ്പിച്ചു കൊടുക്കുക എന്ന കാര്യത്തിൽ കോൺഗ്രസ്സ്(ഐ)-ക്ക് ബി.ജെ.പി.യോട് അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ വർഗ്ഗീയനിലപാടുകൾ ഒന്നാക്കിക്കൊണ്ട് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തകർക്കാൻ, ഇന്ത്യയുടെ സ്വാശ്രയത്വത്തെ തകർക്കാൻ ബോധപൂർവ്വമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനു നിങ്ങൾ പരസ്പരപൂരകമായി യോജിച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. അവിടെയാണ് നിങ്ങൾ തമ്മിൽ വേർതിരിവില്ലായെന്ന് മനസ്സിലാക്കുന്നത്. നിങ്ങളുടെ നയപരമായ ഐക്യമാണ് പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ടാണ് ഇന്നലത്തെ കോൺഗ്രസ്സുകാരൻ ഇന്ന് ബി.ജെ.പി.ക്കാരനാകുന്നതും ഇന്നലത്തെ ബി.ജെ.പി.ക്കാരൻ ഇന്ന് കോൺഗ്രസ്സുകാരനാകുന്നതും. നിങ്ങൾക്ക് പരസ്പരം യോജിക്കാൻ കഴിയുന്ന തരത്തിലാണ് കാര്യങ്ങൾ എത്തിക്കൊണ്ടിരിക്കുന്നത്. വാജ്പേയിയും സോണിയാ ഗാന്ധിയും എ.കെ. ആന്റണിയും തമ്മിലുള്ള പരസ്പര ഐക്യത്തിന്റെ അടിസ്ഥാനം ഈ നയം തന്നെയാണ്. ഇത് വളരെ ഗൗരവതരമായ അപകടമാണ്. സംസ്ഥാനത്തിനു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഓരോന്നോരോന്നായി ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന് ടാക്സിന്റെ ഭാഗമായി കിട്ടേണ്ടിയിരുന്ന 1000 കോടി രൂപ ഇപ്പോൾ ലഭിക്കാതാവുകയാണ് വിവിധ രീതിയിൽ. അങ്ങനെ ഓരോതരത്തിലും നഷ്ടം വന്നുകൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തെ അതിജീവിക്കാൻ നമുക്ക് സാധിക്കണമെങ്കിൽ ശരിയായ നിലപാട് കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയുന്ന നിലപാട് എടുത്ത് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. വർഗ്ഗീയ ഭ്രാന്ത് ഇന്ത്യയിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. ആർ.എസ്.എസ്സും സംഘപരിവാറും അത്തരം പരിപാടികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പ്രസിഡൻഷ്യൽ ഭരണ സംവിധാനത്തിലേക്ക് ഈ രാജ്യത്തെ നയിക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ വിവിധങ്ങളായ രീതിയിലുള്ള പ്രവർത്തനങ്ങളുമായി ആർ.എസ്.എസ്സും സംഘപരിവാറും അതിനൊപ്പം ചേർന്ന് കോൺഗ്രസ്സും മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അതിനെയെല്ലാം ചെറുത്ത് പരാജയപ്പെടുത്താൻ സാധിക്കുന്ന തരത്തിൽ ഇടതുപക്ഷ ശക്തികൾ നമ്മുടെ രാജ്യത്ത് വ്യാപകമായി വളർന്നു വരേണ്ടതിന്റെ ആവശ്യകത കൂടി കണക്കിലെടുത്തുവേണം നമുക്കു കേരളത്തിന്റെ സ്ഥിതിയിലേക്കുകടക്കാൻ.

കേരളത്തെ സംബന്ധിച്ച് പറയുമ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ നയത്തിന്റെയെല്ലാം ഫലമായി ഒരു പുതിയ കേരളമായി രൂപാന്തരപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇനിയും നമുക്ക് ഈ കേരളത്തെ മുന്നോട്ടു നയിക്കാനും സാധിക്കണം. കണ്ണൂർ ലൈൻ, കണ്ണൂർ ലൈൻ എന്നു പറഞ്ഞിട്ടു കണ്ണൂരിനെ കോൺകർ ചെയ്യാൻ ശ്രമം ആരംഭിച്ചിട്ടു വർഷങ്ങളായി. കണ്ണൂർ എന്നുപറയുന്നത് ഒരു ഭൂമിശാസ്ത്രപരമായ പ്രദേശത്തോടുള്ള വിരോധമല്ല. നന്നായിട്ട് നമുക്ക് അറിയുന്നതാണ്. കണ്ണൂർ എന്നുപറയുന്നതു ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ കോൺഗ്രസ്സുമായി, കോൺഗ്രസ്സ് സോഷ്യലിസ്റ്റായി തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും കർഷക പ്രസ്ഥാനത്തിന്റെയും കേന്ദ്രമായി മുന്നോട്ടു വന്ന പ്രദേശമാണ്. വെറുതെ വന്നതല്ല. 1940 സെപറ്റംബർ മാസം 15-ാം തീയതി മോറാഴ സംഭവവും തലശ്ശേരി സംഭവവും ഉണ്ടായപ്പോൾ ആദ്യമായിട്ട് കമ്മ്യൂണിസ്റ്റ് രക്തസാക്ഷി ഉണ്ടായത് അബു, ചാത്തുക്കുട്ടി എന്നു പറയുന്ന രണ്ടു സഖാക്കളാണ്. ആ രണ്ടു സഖാക്കളാണ് ആദ്യമായിട്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായിട്ട് രക്തസാക്ഷികളായത്. ആ തലശ്ശേരി മുതൽ ഇപ്പോഴും എത്രയെത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കരുവള്ളൂരും, മുനയംകുന്നും തില്ലാകിയും പാടിക്കുന്നും ഉൾപ്പെടെ നിരവധി രക്തസാക്ഷികൾ ധീരരായ പോരാളികൾ, സാമ്രാജ്യശക്തികൾക്കെതിരായി തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും ഉജ്വലപോരാളികളായി സ്വന്തം ജീവിതം തന്നെ സമർപ്പിച്ച ഉജ്വലമായ പാരമ്പര്യത്തിൽ നിന്നാണ് കണ്ണൂർ എന്നു പറയുന്ന പ്രദേശം തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും കേന്ദ്രമായിട്ട് വളർന്നുവന്നത്. നിങ്ങളുടെ ലക്ഷ്യം എന്തായിരുന്നു ? കണ്ണൂരിനെ തകർക്കുക എന്നുള്ളതായിരുന്നു. ശ്രീ. എ.കെ. ആന്റണിയും ശ്രീ. കരുണാകരനും ഭരിച്ച യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് നിങ്ങൾ കണ്ണൂർ ജില്ലയിലെ പ്രസ്ഥാനത്തെ തകർക്കുവാൻവേണ്ടി ആവനാഴിയിലുള്ള മുഴുവൻ അസ്ത്രങ്ങളുമെടുത്ത് എല്ലാകളിയും നടത്തിയിട്ടുണ്ട്. ആ കളി നടത്തിയപ്പോൾ നിങ്ങളുടെ പ്രധാനപ്പെട്ട കേന്ദ്രം, കണ്ണൂർ ലക്ഷ്യമാക്കി കൊണ്ടായിരുന്നു. കാരണമെന്താണ്? കണ്ണൂരിലെ തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തെയും ഇടതുപക്ഷ പ്രസ്ഥാനത്തെയും തകർക്കാൻ കഴിഞ്ഞാൽ അതുവഴി കേരളത്തിലെ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തേയും ഇടതുപക്ഷപ്രസ്ഥാനത്തേയും ജനാധിപത്യ പ്രസ്ഥാനത്തേയും തകർക്കാൻ കഴിയുമെന്ന ലാക്കുവച്ചുകൊണ്ടുള്ള കളിയാണ് നിങ്ങൾ ഈ കാലമത്രയും നടത്തിയത്. അതിന്റെ ഭാഗമായിട്ട് നിങ്ങൾ ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ടിരിക്കുകയാണ്. പറഞ്ഞുകൊണ്ടിരിക്കുന്നത് കണ്ണൂർ മോഡൽ, അല്ലെങ്കിൽ കണ്ണൂർ ലോബി, അല്ലെങ്കിൽ കണ്ണൂർ ലൈൻ എന്നൊക്കെയാണ്. കണ്ണൂർ ലൈനിനെ സംബന്ധിച്ച് ഒരു കാര്യം പറയാം. ഇപ്പോൾ ഇവിടെ പ്രസംഗിക്കുന്ന യു.ഡി.എഫ്-കാരോട് ഞാൻ ചോദിക്കട്ടെ, അവിടെ എല്ലാ രാഷ്ട്രീയ പാർട്ടികളും ചേർന്നുകൊണ്ട് ഒരു യോഗം നടന്നല്ലോ. മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ വിളിച്ചു ചേർത്ത സമാധാനയോഗം. എല്ലാ രാഷ്ട്രീയ പ്രതിനിധികളും ആ യോഗത്തിൽ പങ്കുചേർന്നു. പങ്കെടുത്തതിന്റെ ഭാഗമായിട്ട് ഒരു തീരുമാനമെടുത്തു. ഇനി ഒരു പാർട്ടിയും പരസ്പരം ഏറ്റുമുട്ടാനും അതുപോലെ കൊല ചെയ്യാനും പാടില്ല. ഇടതുപക്ഷ പാർട്ടികളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും ആർ.എസ്.എസും ബി.ജെ.പി.യും കോൺഗ്രസ്സും യു.ഡി.എഫിന്റെ ഭാഗമായി നിൽക്കുന്ന ലീഗും എല്ലാ പാർട്ടികളും അത് അംഗീകരിച്ചു. എന്നിട്ട് എന്തു സംഭവിച്ചു ? സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി ശ്രീ.പിണറായി വിജയൻ ഇതേപ്പറ്റി വിശദീകരിച്ചതാണ്. ഇങ്ങോട്ട് കടന്ന് ആക്രമിച്ചാലും അതേ രീതിയിലല്ല അതിനെ നേരിടേണ്ടത് എന്ന് വളരെ വ്യക്തമായി ചൂണ്ടികാണിച്ചതാണ്. കണ്ണൂർ ജില്ലയിൽ പൂർണ്ണമായി ഞങ്ങൾ ക്യാമ്പെയ്ൻ ചെയ്തതാണ് ആ ക്യാമ്പെയ്ൻ ചെയ്തതിന്റെ ഭാഗമായി സമാധാനം സ്ഥാപിച്ചു മുന്നോട്ടു പോകുമ്പോൾ രണ്ടു ദിവസം മുമ്പ് അവിടെയുള്ള ഇടതുപക്ഷപ്രസ്ഥാനത്തിന്റെ സി.പി.എം പ്രവർത്തകൻ സജീവനെ മൃഗീയമായിട്ട് ആർഎസ്.എസ്.കാർ വെട്ടിക്കൊന്നു. വെട്ടിക്കൊന്നപ്പോൾ സാമാന്യ മര്യാദയനുസരിച്ച് ശ്രീ. എ. കെ. ആന്റണി പ്രതികരിക്കണ്ടേ? ശ്രീ. ആര്യാടൻ പ്രതികരിക്കണ്ടേ ? എതെങ്കിലും പാർട്ടിയിൽ നിന്നും ആരെങ്കിലും പ്രതികരിച്ചോ ?

ശ്രീ. എ. കെ. ആന്റണി : കണ്ണൂർ കൊല നടന്നതിന്റെ തലേദിവസമാണ് കുട്ടനാട് ആർ.എസ്.എസ്. പ്രവർത്തകരെ കുത്തിക്കൊന്നത്. അതുപോലെ തന്നെ കുന്നംകുളത്തു ആർ.എസ്.എസ്.കാരൻ മരിച്ചു. കൊട്ടരക്കരയിലെ കോൺഗ്രസ്സുകാരനെ കൊലപ്പെടുത്തി. പ്രതികരിച്ചോ ? മൂന്നുപേരെ കൊന്നില്ലേ ? ഏറ്റവും ഒടുവിൽ എന്റെ നാട്ടിൽ ചേർത്തല നിയോജകമണ്ഡലത്തിലെ പഞ്ചായത്തു പ്രസിഡന്റ് ഹരിദാസിനെ റോഡിലിട്ട് കയ്യും കാലും വെട്ടിയിട്ട് നിങ്ങൾ പ്രതികരിച്ചോ ? നടപടിയെടുത്തോ ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : കുറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇനി മുതൽ യു.ഡി.എഫിന്റെ ആളുകൾ പ്രസംഗിക്കുമ്പോൾ കണ്ണൂരിന്റെ കാര്യം എടുത്തു പറയാൻ പാടില്ല. കണ്ണൂരിനെപ്പറ്റി പറയുമ്പോൾ നിങ്ങൾ ചുടാവുകയാണ്. ഈ അസംബ്ലിയിലെ നേതാക്കന്മാർ ഉൾപ്പടെ എല്ലാവരും കണ്ണൂരിനെക്കുറിച്ച് ചർച്ച ചെയ്തതല്ലേ ? മുഖ്യമന്ത്രി വിളിച്ചുചേർത്തിട്ടുള്ള സമാധാന സമ്മേളനത്തിലും ചർച്ച ചെയ്തിട്ടുണ്ട്. ആ ചർച്ചയുടെ ഭാഗമായിട്ട് എല്ലാവരും വ്യക്തമായി ഒരു തീരുമാനമെടുത്തു. ആ തീരുമാനം ലംഘിച്ചതാരാണ് ? ആ ലംഘിച്ചത് തെറ്റാണെന്നു പറയാനുള്ള ആർജ്ജവം കാണിക്കണം. അത് കാണിക്കാൻ നിങ്ങൾ തയ്യാറായോ ? അത് കാണിക്കാൻ നിങ്ങൾ തയ്യാറായില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കൊലപാതകം ആരു നടത്തിയാലും ഞങ്ങൾ എതിരാണ്. ബി.ജെ.പിക്കാരനെ കൊന്നാലും മാർക്സിസ്റ്റുകാരനെ കൊന്നാലും കോൺഗ്രസ്സുകാരനെ കൊന്നാലും ഞങ്ങൾ എതിരാണ്. പക്ഷേ, നിങ്ങളിൽ ഒരാളെ കൊന്നാൽ പ്രതികരിക്കണം. ബാക്കിയുള്ളതൊക്കെ വന്നാൽ നിങ്ങൾ മിണ്ടാതിരിക്കണം എഗ്രിമെന്റിനുശേഷം ചെയ്തത് തെറ്റായി. കൃഷ്ണഗിരി എഗ്രിമെന്റ് ഉണ്ടാക്കിയിട്ട് നിങ്ങൾ മൂന്നാംദിവസം ജയകൃഷ്ണനെ കൊന്നില്ലേ ? അതുപോലെ ഇതു തെറ്റാണ്.

ശ്രീ. എം വി. ഗോവിന്ദൻ മാസ്റ്റർ : ജയകൃഷ്ണൻ ഉൾപ്പടെ ഒരുപാടുപേർ മരിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : ഇവിടെ അദ്ദേഹം പറഞ്ഞത് പ്രസക്തിയുള്ള ഒരു കാര്യമല്ല. കണ്ണൂർ എന്നതു കേരളത്തിലെ ഏറ്റവും വലിയ കലാപമേഖലയായി മാറിയ ഒരു സാഹചര്യത്തിൽ നമ്മളെല്ലാവരും സഹകരിച്ച് ഒരു എഗ്രിമെന്റ് ഉണ്ടാക്കി കൊലപാതകം പാടില്ലെന്നു തീരുമാനിച്ചു. ആ കൊലപാതകം രാഷ്ട്രീയത്തിനെതിരെ പാർട്ടികൾ പ്രതികരിച്ചു. സി.പി.എം. ഉൾപ്പെടെ ആ എഗ്രിമെന്റ് ലംഘിച്ചുകൊണ്ട് ഒരു മാർക്സിസ്റ്റുകാരനെ കൊലനടത്തിയിട്ട് അതിന് ഒരക്ഷരം പോലും അപലപിക്കാൻ തയ്യാറായിട്ടുണ്ടോ ? ന്യായീകരണം ചോദിക്കാൻ നിങ്ങൾക്ക് നാണമില്ലല്ലോ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഞാൻ പറഞ്ഞത്, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ആര്യാടൻ ഉൾപ്പെടെയുള്ള ആളുകളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാക്കാൻവേണ്ടി എന്തു വിലകൊടുക്കാനും മാർക്സിസ്റ്റ് ഇടതുപക്ഷ ശക്തികൾ തയ്യാറാണ്. അങ്ങനെ ഒരു നിലപാടിന് രാജ്യത്തെ പ്രചരണം നടത്തി, ക്യാമ്പെയ്ൻ നടത്തി മുന്നോട്ടു വരുമ്പോൾ ഏകപക്ഷീയമായി ഒരാൾക്കും മലയാള മനോരമ ഉൾപ്പെടെയുള്ള പത്രങ്ങളുടെ ഭാഗത്തു നിന്ന് എന്തെങ്കിലും കാര്യമുണ്ടെന്ന് പറയാൻ സാധിക്കാത്ത രീതിയിൽ ഒരു കടന്നാക്രമണം. സി.പി.എം. പ്രവർത്തകനെ കൊല്ലുന്ന അവസ്ഥയിലേക്ക് വന്നപ്പോൾ, ഞങ്ങളുടെ പ്രവർത്തകരെ ആക്രമിച്ചപ്പോൾ യാതൊരു പ്രശ്നവുമില്ലാതെ വെയിറ്റിംഗ് ഷെഡിൽ ഇരിക്കുക ആയിരുന്ന ആളുകളെ കടന്നാക്രമിക്കാൻ ശ്രമിച്ചപ്പോൾ ആ കടന്നാക്രമണത്തെ ശക്തിയാക്കി അപലപിക്കുന്നതിനുള്ള ധാർമ്മിക ഉത്തരവാദിത്വം നിങ്ങൾക്കാണ്. ആ ധാർമ്മിക ഉത്തരവാദിത്വം നിങ്ങൾ നിർവഹിച്ചില്ല. .....(ബഹളം).....

ശ്രീ. എ. കണാരൻ : കണ്ണൂർ എന്നു പറയുന്നതു ഏറ്റവും വലിയ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ കോട്ടയാണ്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ശ്രീ. ആന്റണി പറഞ്ഞു. ഫാസിസം കാണണമെങ്കിൽ കണ്ണൂരിൽ വരണമെന്ന്. എന്നിട്ടിപ്പോൾ രാജ്യത്തൊട്ടാകെ ഫാസിസം നടമാടുന്ന ഒരു പ്രദേശം കണ്ണൂരായി. എന്നിട്ട് എന്തു ചെയ്തു ? ഇലക്ഷൻ കഴിഞ്ഞപ്പോൾ ആ കണ്ണൂർ ജില്ലയിൽ മുഴുവൻ കമ്മ്യൂണിസ്റ്റുകാരാണ് ജയിച്ചത്. കാസർകോഡ്, തലശ്ശേരി, ഇവിടെയെല്ലാം ജയിച്ചു. അപ്പോൾ നിങ്ങൾക്ക് സഹിക്കുന്നില്ല. അതാണ് ഇതിന്റെ യാഥാർത്ഥ്യം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : അതാണ് ഞാൻ പറഞ്ഞത് ഇടതുപക്ഷ പ്രസ്ഥാനത്തെ കടന്നാക്രമിക്കാൻവേണ്ടി കിട്ടാവുന്ന മുഴുവൻ വടിയും ആയുധങ്ങളും നിങ്ങൾ എടുത്ത് ഉപയോഗിക്കുമെന്ന്.

ശ്രീ. ആര്യാടൻ മുഹമ്മദ് : തൊഴിലാളി പ്രസ്ഥാനവും കർഷകപ്രസ്ഥാനവും ഏറ്റവും ശക്തിയായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻകീഴിൽ വന്നതു പ്രത്യേകിച്ച് ആലപ്പുഴയിലാണ്. എന്തിനാണ് ആലപ്പുഴയെ അവഗണിക്കാൻ അങ്ങ് ഇതൊക്കെ കൊണ്ടുവരുന്നത് ?

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : ആലപ്പുഴയും കണ്ണൂരും എല്ലാ പ്രദേശങ്ങളിലും തൊഴിലാളി വർഗ്ഗത്തിൽ നിന്നു വളർന്നു മുന്നോട്ടു പോകാനുള്ള പശ്ചാത്തലമൊരുക്കാൻ ബോധപൂർവ്വം പ്രവർത്തിച്ചു ഒരുപാട് ത്യാഗവര്യൻമാരായ നേതാക്കൻമാരുടെ രക്ത സാക്ഷിത്വം ഉണ്ട്. നിങ്ങൾ ഒറ്റപ്പെടുത്തി അതിനെ തകർക്കാൻ ശ്രമിച്ചപ്പോൾ ഞങ്ങൾ ചെറുത്തു നിൽക്കുന്നുവെന്നേ ഞാൻ നേരത്തെ പറഞ്ഞതിനു അർത്ഥമുള്ളൂ. എനിക്ക് വളരെ വ്യക്തമായിട്ട് ചൂണ്ടിക്കാണിക്കാനുള്ളത് സമാധാനപരമായ ഒരന്തരീക്ഷം ഈ കേരളത്തിൽ ഉണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ല എന്നുള്ളതാണ്. അതാണ് പ്രശ്നം. ഇതിന്റെ മൗലികമായ പ്രധാനപ്പെട്ട പ്രശ്നം, ശ്രീ. ആര്യാടനും ശ്രീ.എ. കെ. ആന്റണിയും ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതാക്കൻമാർ കേരളത്തിൽ സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നില്ല. മറിച്ച് കേരളത്തിൽ സമാധാനം ഉണ്ടായിക്കൂടാ എന്നാണ് മനസ്സിൽ ആഗ്രഹിക്കുന്നത്. നിങ്ങൾ ഇവിടെ പ്രസംഗിക്കുമ്പോൾ പറഞ്ഞല്ലോ, ജനാധിപത്യത്തിന്റെയൊക്കെ പ്രധാനപ്പെട്ട വക്താക്കളായിട്ട്. നിങ്ങൾ ഇപ്പോൾ എത്ര ബന്ദ് നടത്തി ? ആർജ്ജവം ഉണ്ടെങ്കിൽ. ധൈര്യമുണ്ടെങ്കിൽ നടത്തുന്നത് ബന്ദാണെന്ന് പറയാനുള്ള തന്റേടം കാണിക്കണം, നട്ടെല്ല് ഉണ്ടാവണം. ബന്ദിന് എതിരായിട്ട് കോടതി പറഞ്ഞപ്പോൾ കോടതി പറയുന്നതിനനുസരിച്ച് സമരം നടത്താനും കോടതി പറയുന്നത് അനുസരിച്ച് സമരം നിറുത്താനും വർഗ്ഗസമരത്തിന്റെ ഭാഗമായിട്ട് സാധിക്കില്ല എന്ന് വ്യക്ത തയോടുകൂടി ചൂണ്ടികാണിച്ച പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒഫ് ഇന്ത്യ (മാർക്സിസ്റ്റ്). ഞാൻ ഒന്നുകൂടി ആവർത്തിച്ച് പറയുകയാണ് കോടതി പറയുന്നതിനനുസരിച്ച് സമരം ആരംഭിക്കുക, കോടതി പറയുന്നതനുസരിച്ച് സമരം അവസാനിപ്പിക്കുക ആ രീതിയിൽ കോടതിവിധിയെ അടിസ്ഥാനപ്പെടുത്തി വർഗ്ഗസമരം തുടങ്ങാനും, കോടതിവിധി അടിസ്ഥാനപ്പെടുത്തി ഇല്ലായ്മചെയ്യാനും കഴിയുമെന്ന യാതൊരു തെറ്റിദ്ധാരണയും ഉള്ളൊരു പാർട്ടിയല്ല ഞങ്ങളുടേത്. എന്നാൽ നിങ്ങൾ എന്താ ചെയ്തത് ? നിങ്ങൾ കോടതിയെ പൂർണ്ണമായിട്ട് ന്യായീകരിക്കുകയാണ്. ന്യായികരിച്ചോ, പക്ഷേ, അന്തസ്സുണ്ടെങ്കിൽ, അഭിമാനമുണ്ടെങ്കിൽ, നട്ടെല്ലുണ്ടെങ്കിൽ ഞങ്ങൾ നടത്തുന്നത് ബന്ദാണ് എന്നുപറയാനുള്ള ആർജ്ജവം ഉണ്ടാവണം. നിങ്ങൾ കാണിച്ചോ ? എട്ട് ബന്ദ് നടത്തിയല്ലോ നിങ്ങൾ എന്തിനാ ബന്ദ് നടത്തിയത്. ബന്ദ് നടത്താൻ തീരുമാനിക്കുക, എന്നിട്ട് ഹർത്താൽ എന്ന പേര്

LIBRARY ARCHIVES Kerala Legislative Assembly

പറയുക, കോടതിയിൽ നിന്നും രക്ഷപ്പെടാൻ വേണ്ടിയിട്ട്. നട്ടെല്ല് വേണം വാഴപ്പിണ്ടി ആയാൽ പോരാ. ഹർത്താൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പൊതുജനങ്ങളേ എന്ന് ഉച്ചത്തിലും, എന്നിട്ട് ബന്ദായിക്കോ എന്ന് മെല്ലെപ്പറയുകയും ചെയ്യുന്നു അതല്ലേ? എന്നിട്ട് ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെയുള്ള ആളുകൾ വഴി തടയുക, കല്ലെറിയുക, ജനങ്ങൾക്കുനേരെ എറിയുക. പോലീസുകാർക്ക് നേരെ എറിയുക, പൂട്ടിയിട്ട കടകൾക്കുനേരെ എറിയുക, സ്ഥാപനങ്ങൾക്കുനേരെ കടന്നാക്രമണം നടത്തുക (ബഹളം.....) അപ്പോൾ നിങ്ങൾ എറിയുന്നതൊക്കെ ജനാധിപത്യപരമായ ഏറ്. ശ്രീ. വേണുഗോപാലിന്റെ ഏറൊക്കെ ജനാധിപത്യപരമായ ഏറ്. വേണുഗോപാലിനെ തല്ലി എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. എന്തിനാണ് ? അതിനെ ന്യായീകരിക്കുന്നു. പക്ഷേ, നിങ്ങൾ ഗൗരവപൂർവ്വം ആലോചിക്കണം. ശ്രീ. ഇ. പി. ജയരാജനെ വെടിവച്ചുകൊല്ലാൻ തീരുമാനിച്ച് അതിനുവേണ്ടി ആളുകളെ കണ്ടെത്തി ആർ.എസ്.എസിൽ നിന്നുതന്നെ വിലയ്ക്കു വാങ്ങി ആളുകളെ അയച്ചത് നിങ്ങളാണ്, യു.ഡി.എഫ്. നിയമസഭാസമാജികൻ തന്നെ ആയിരുന്നല്ലോ അന്ന് ശ്രീ. ഇ. പി. ജയരാജൻ. ശ്രീ. ഇ. പി. ജയരാജനെ കൊല്ലാൻ ആളെ വിട്ടവരാണ് നിങ്ങൾ, ആർ.എസ്.എസ്.കാരൻ ദിനേശനെയും ശശിയെയും വിലക്കുവാങ്ങിയിട്ട് പണം കൊടുത്ത് തോക്ക് വാങ്ങിക്കൊടുത്ത് ജയരാജനെ കൊല്ലാൻ അവരെ വിട്ടവർ നിങ്ങളാണ്. യു.ഡി.എഫ്ന്റെ ആളുകൾ. ശ്രീ. ഇ. പി. ജയരാജനെ എ.കെ.ജി. ആശുപത്രി തെരഞ്ഞെടുപ്പിന്റെ ഭാഗമായിട്ട് തിരുവനന്തപുരത്തുനിന്നു കൊണ്ടുപോയ പോലീസിനെക്കൊണ്ടു ചവിട്ടി ഉരുട്ടിയതു നിങ്ങളാണ്. നിങ്ങളുടെ ഭരണകാലത്താണ്, പിണറായി വിജയൻ എന്ന സി.പി.ഐ.(എം)ന്റെ സംസ്ഥാന സെക്രട്ടറിയുടെ കാൽ ഇപ്പോൾ പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. പോലീസ് ആ കാൽ അടിച്ചുപൊളിച്ചതാണ്. അപ്പോഴും പിണറായി എം.എൽ.എ. ആരായിരുന്നല്ലോ. എത്രയെത്ര പ്രവർത്തകർക്കെതിരായിട്ട്. കുഞ്ഞാലിയെ വെടിവച്ചു കൊന്നവർ ആരാ ? ഞാൻ ചോദിക്കുന്നില്ല, എല്ലാവർക്കും അറിയാം ആരാണെന്ന്. ശ്രീ. ആര്യാടനു ശരിയായിട്ടറിയാം ആരാണ് കുഞ്ഞാലിയെ വെടിവച്ചു കൊന്നതെന്ന്. അതേ ഞാൻ പറഞ്ഞുള്ളൂ. ഏറനാട്ടിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ പ്രിയപ്പെട്ട നേതാവിനെ വെടിവച്ച് വീഴ്ത്തിയത് കോൺഗ്രസ്സ് സംസ്കാരത്തിന്റെ ഭാഗമായിട്ടാണ്. 1948-ൽ മൊയാരത്ത് ശങ്കരനെ ഉരിച്ച തേങ്ങ കൊണ്ട് ഇടിച്ചുകൊന്നത് ഈ കോൺഗ്രസാണ്. ഈ കോൺഗ്രസിന്റെ ചരിത്രം എഴുതിയിട്ടുള്ള ചരിത്രകാരനായിരുന്നു മൊയാരത്ത് ശങ്കരൻ. കണ്ണൂർ ജില്ലയിൽ ആദ്യമായിട്ട് ബോംബ് ഉപയോഗിച്ചത് കോൺഗ്രസാണ്. കുളങ്ങരത്ത് രാഘവനെ അടിയന്തിരാവസ്ഥക്കാലത്താണ് ബോംബ് എറിഞ്ഞുകൊന്നത്. നിങ്ങളാണ് ആദ്യമായിട്ട് അവിടെ തൊഴിലാളികളെ, പാവപ്പെട്ട മനുഷ്യരെ കൊല്ലാൻ വേണ്ടിയിട്ട് തോക്ക് ഉപയോഗിച്ചത്. അവിടെ നാൽപ്പാടി വാസുവിനെ കൊല്ലാൻ ശ്രീ. സുധാകരന്റെ ഗുണ്ടകളാണ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

284. A member while speaking shall not-

(1) refer to any matter of fact on which a judicial decision is pending.

നാൽപ്പാടി വാസുവിന്റെ കേസിൽ ജുഡീഷ്യൽ ഡിസിഷൻ പെന്റിംഗിലാണ്. അതുപോലെ ശ്രീ. ഇ. പി. ജയരാജന്റെ കേസും ജുഡീഷ്യൽ ഡിസിഷൻ പെന്റിംഗിലാണ്. അത് ഞങ്ങൾ ചെയ്തു എന്നുപറഞ്ഞ് നിലവിലുള്ള കേസ്, ജുഡീഷ്യൽ ഡിസിഷൻ പെന്റിംഗായത് ഇവിടെ while speking shall not എന്നാണ്. അത് ഇവിടെ പറയാൻ പാടില്ല, രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് റൂൾ 284 (1) ന് എതിരാണ്.

മി. സ്പീക്കർ : പരിശോധിച്ചിട്ട് പറയാം, രണ്ടും നോക്കാം†.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കൊല്ലത്തെപ്പറ്റി പറഞ്ഞതും പരിശോധിച്ചേക്കണം. ഇതിനിടയ്ക്ക് അതും പറഞ്ഞോളണം. പരിശോധിച്ചാൽ മതി.

മി. സ്പീക്കർ : അതും പരിശോധിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ.നായനാർ) : അതും പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ, അത് ജുഡീഷ്യറിയാണ്, അതും പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ. അതാ പറഞ്ഞത്.

മി. സ്പീക്കർ: അതും പരിശോധിക്കാം, രാവിലെ പറഞ്ഞതും പരിശോധിക്കാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഞാൻ പറഞ്ഞത് ക്രമസമാധാനം തകർന്നു എന്ന് വരുത്താൻവേണ്ടി നിങ്ങൾ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന കോപ്രായങ്ങൾ മുഴുവൻ ഈ കേരളത്തിലെ ഉൽബുദ്ധ ജനത ശരിയായ രീതിയിൽ മനസ്സിലാക്കിയിട്ടുണ്ട്. മനസ്സിലാക്കിയതിനൊപ്പം ഇവിടെ എല്ലാവരും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ് ശ്രീനാരായണഗുരുവിനെ സംബന്ധിച്ച്, ശ്രീനാരായണഗുരു കേരളത്തെ കേരളമാക്കി രൂപപ്പെടുത്താനുള്ള അടിസ്ഥാനമിട്ട സാമൂഹ്യ പരിഷ്കർത്താക്കളിൽ ഏറ്റവും പ്രധാനപ്പെട്ട ആളാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇതേവരെ തൊഴിലാളിവർഗ്ഗ രാഷ്ട്രീയ പ്രസ്ഥാനത്തിനു അടിത്തറ പാകുന്ന നിലപാട് സ്വീകരിച്ച ശ്രീനാരായണഗുരുവിന് എതിരായി ഒരു നിലപാടും കമ്മ്യൂണിസ്റ്റുകൾ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ശരിയായ നിലപാട് സ്വീകരിച്ച് മുന്നോട്ടേക്ക് പോകാൻ ഞങ്ങൾക്ക് ഇനിയും സാധിക്കും, അങ്ങനെ വരുമ്പോൾ ശ്രീനാരായണഗുരു പ്രതിമകൾ തകർക്കാൻ

† പരാമർശവിധേയമായ ഭാഗം നീക്കം ചെയ്യേണ്ടതില്ലെന്ന് ഉത്തരവായി. (ഫയൽ നമ്പർ 268/EB/2000/Leg : dated 23-3-2000

LIBRARY ARCHIVES Kerala Legislative Assembly

നടത്തികൊണ്ടിരിക്കുന്ന കോൺഗ്രസിന്റെ, ബി.ജെ.പി.യുടെ, കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രചരണത്തിനുവേണ്ടി ഉപയോഗിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ എല്ലാത്തരം ചെയ്തികളെയും ചെറുത്ത് പരാജയപ്പടുത്താൻ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിനു, കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന് ബാദ്ധ്യതയുണ്ട് എന്നു മാത്രമല്ല, ഇനിയങ്ങോട്ട് ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർക്കാൻ ശ്രമിക്കുന്ന കൈകൾ അരിഞ്ഞുവീഴ്ത്താനുള്ള ശക്തിമത്തായ പ്രസ്ഥാനമായി രാജ്യവ്യാപകമായി തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനും ഇടതുപക്ഷപ്രസ്ഥാനത്തിനും ജനാധിപത്യ ശക്തികൾക്കും ബാദ്ധ്യതയുണ്ട് എന്നു പറഞ്ഞാൽ കുറ്റപ്പെടുത്താൻ പറ്റില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തെ പൂർണ്ണമായിട്ട് അംഗീകരിച്ചുകൊണ്ട് ഞാൻ നിറുത്തുകയാണ്. (ബഹളം.....)

മി. സ്പീക്കർ : അതൊക്കെ പ്രസംഗത്തിൽ ഉള്ളതാണ്. പ്രസംഗമാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ശ്രീനാരായണഗുരുദേവന്റെ പ്രതിമകളെ അടിച്ച് തകർത്തവർ ആരായിരുന്നാലും കണ്ടെത്തണം, നടപടി എടുക്കണം, തുറങ്കിലടയ്ക്കണം. അത് പോലീസാണ് ചെയ്യേണ്ടത്. അവരെ കണ്ടെത്തി കൈകൾ അരിഞ്ഞുവീഴ്ത്തുമെന്ന് സി.പി.ഐ.(എം)ന്റെ ഉന്നത നേതാവ് ഇവിടെ പ്രസംഗിച്ചുവല്ലോ. ഇതാണോ കണ്ണൂർ ലൈൻ ? പിന്നെ പോലീസ് വേണ്ടല്ലോ. പിന്നെ ഇവിടെ എന്തിനാണ് നിയമ സമാധാനത്തിനു പോലീസ്. നിലനിൽക്കുന്ന ഭരണ സംവിധാനത്തിനെതിരെയുള്ള കൊലവിളിയാണ് ഈ നടത്തുന്നത്. ഞാൻ മുഴുവൻ കേട്ടിട്ടുതന്നെയാ പറഞ്ഞത്. ഞാൻ കേട്ടു.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇത് നിയമസഭയാണ്. ഞാൻ ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്ററോട് തന്നെ പറയുകയാണ്. ഇത് നിയമസഭയാണ്, അത് പിൻവലിക്കണം. അരിഞ്ഞുമാറ്റുക എന്നുള്ളത് പിൻവലിക്കണം. അത് നമ്മുടെ നിയമസഭയ്ക്കു നല്ലതല്ല. ഈ നിയമസഭയിൽ നിന്നു അങ്ങനെ ഒരു മെസേജ് പുറത്തുപോകുന്നത് നല്ലതല്ല. ആ വാക്ക് ദയവുചെയ്ത് അങ്ങ് പിൻവലിക്കണം അല്ലെങ്കിൽ അത് രേഖയിൽ നിന്നു നീക്കം ചെയ്യണം. അത് നല്ലതല്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഞാൻ പറഞ്ഞത് അരിഞ്ഞുവീഴ്ത്തുമെന്നു ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താൻ പറ്റില്ല എന്നാണ്.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, എനിക്ക് ഈ സഭയിൽ പ്രസംഗിക്കാൻ അനുമതി തന്നതിനു ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ നന്ദി പ്രമേയത്തെ എനിക്ക് ആകാവുന്നത്ര ശക്തിയായ ഭാഷയിൽ ഞാൻ എതിർക്കുന്നു. എതിർക്കുന്നതു മറ്റൊന്നും കൊണ്ടല്ല, ഈ നയപ്രഖ്യാപന പ്രസംഗം വില കുറഞ്ഞ രാഷ്ട്രീയ പ്രചാരണ പ്രഘോഷണമാക്കി കേരള സർക്കാർ അധഃപതിപ്പിച്ചതുകൊണ്ടാണ് (തടസ്സം). 1991-ലെ കോൺഗ്രസ്സ് (ഐ) സർക്കാരിന്റെ ആഗോളവൽക്കരണവും സ്വാതന്ത്ര്യവൽക്കരണവും സ്വകാര്യവൽക്കരണവും ഇതൊക്കെയാണ് പറഞ്ഞത്. ശ്രീ. റാവുവിനുശേഷം മൂന്നു പ്രധാനമന്ത്രിമാർ അഞ്ചു പ്രാവശ്യമായി ഇവിടെ സത്യപ്രതിജ്ഞ നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

ദേവഗൗഡ, ഗുജറാൾ എന്നിവർ പ്രധാനമന്ത്രിമാരായിരുന്നു. ഇന്ദ്രജിത് ഗുപ്ത കൂട്ടുമന്ത്രിയായിരുന്നു. ഈ പറഞ്ഞ രണ്ടു പ്രധാനമന്ത്രിമാരുടേയും സോമനാഥ ചാറ്റർജി പിൻതുണ നൽകിയ പാർലമെന്റ് ഇവിടെയുണ്ടായിട്ടുണ്ട്. ശ്രീ. റാവുവിനു ശേഷം ആഗോളവൽക്കരണവും സ്വാതന്ത്ര്യവൽക്കരണവും, സ്വകാര്യവൽക്കരണവും തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇഷ്ടം പോലെ സംസാരിക്കാനുള്ള സന്ദർഭം ഇവർക്കൊക്കെ ഇല്ലായ്കയില്ല. പക്ഷേ, ഇപ്പോൾ ഭരിക്കുന്ന സർക്കാരിന്റെയൊക്കെ കക്ഷികളുടെ പ്രധാന ജോലി ഒരു അവിഹിത ബന്ധം കണ്ടുപിടിക്കലാണ്. ആദ്യം സംസാരിച്ചയാൾ തുടങ്ങി ഏറ്റവും ഒടുവിൽ സംസാരിച്ചയാൾവരെ പറഞ്ഞത് ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ അവിഹിതമായ കുട്ടുകെട്ടാണെന്നാണ്. ശ്രീ. ആനത്തലവട്ടം ആനന്ദനും ശ്രീ. പിണറായി വിജയനും ഒടുവിൽ ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മയും പറഞ്ഞത് ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ കൂട്ടുകെട്ടുണ്ടെന്നാണ്. ഇല്ലാത്ത കുട്ടുകെട്ടുണ്ടാക്കി, ജനങ്ങളെ പറ്റിക്കാനുള്ള ഏർപ്പാട് തുടങ്ങിയിട്ട് കുറച്ചുകാലമായി. അതിന്റെ അലയടികളാണ് ഈ നിയമസഭയ്ക്കകത്തും കാണുന്നത്. അതേസമയം ഈ ഒരു അവിഹിതബന്ധത്തെക്കുറിച്ചു പറഞ്ഞ് കേൾപ്പിക്കാൻ ബോധപൂർവ്വം ശ്രമിക്കുന്ന നിങ്ങൾ യഥാർത്ഥ അവിഹിത ബന്ധത്തിന്റെ കഥയൊക്കെ മറന്നുകളയുന്നു. അവിടെ കണ്ണടയ്ക്കുകയാണ്. സാംസ്കാരിക നായകൻമാരുണ്ടല്ലോ. പലപ്പോഴും ഇടതുപക്ഷത്തിനുവേണ്ടി ഉറക്കെ ഗർജ്ജിക്കുന്ന സിംഹങ്ങൾ-അവർ കണ്ണു തുറക്കേണ്ട സന്ദർഭമാണിത്. ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്റെ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ് എന്നു പറഞ്ഞിട്ടുണ്ട്. പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും, 'കാത്തുസൂക്ഷിച്ച കസ്തൂരി മാമ്പഴം കാക്കകൊത്തിപ്പോയി, കാക്കച്ചി കൊത്തിപ്പോയി' എന്ന് ഇവിടെ നാട്ടുകാർ വിലപിച്ചുകൊണ്ടിരിക്കുകയാണ്. എവിടെയാണ് നമ്മുടെ സാംസ്ക്കാരിക പൈതൃകമെന്ന് നിങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. സാംസ്ക്കാരിക കമ്മീഷണറേറ്റു വരാൻ പോകുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അത് സംസ്ക്കാരങ്ങളൊക്കെ ഉദ്ധരിക്കാൻവേണ്ടിയാണ്. പക്ഷേ, ഇവിടെ പീഡനം, സ്ത്രീ പീഡനം, എവിടംവരെ എത്തിനിൽക്കുന്നു ? പറയാൻ എനിക്കു ലജ്ജയുണ്ട്. ഇതുപോലുള്ള ഒരു സഭയിൽ വച്ച് പറയേണ്ട കാര്യങ്ങളല്ലെന്ന് എന്റെ മനസ്സ് പറയുന്നുണ്ട്. പക്ഷേ, നാണക്കേടു കൊണ്ട് ഞാൻ ചിലതൊക്കെ ഇവിടെ പറയാതിരുന്നാൽ ഇന്ന് നിയമസഭയിൽ ചർച്ച ആരംഭിക്കുന്ന ദിവസം ചവുട്ടി മെതിക്കപ്പെട്ട സ്ത്രീത്വത്തിന്റെ ദുഃഖത്തെക്കുറിച്ച് ഉറക്കെ ശബ്ദം കേൾക്കുമെന്ന് കാതോർത്ത് നിൽക്കുന്ന ലക്ഷക്കണക്കിനുള്ള വീട്ടമ്മമാർ ഈ നാട്ടിലുണ്ട്. അവരുടെ പ്രതീക്ഷയുടെ മേലായിരിക്കും ഞാനും കൂടി മിണ്ടാതിരുന്നാൽ പ്രഹരമേൽക്കുന്നത് അതുകൊണ്ടാണ്, അവരോട് ഈ നിയമസഭ ഉത്തരവാദിത്വരഹിതമായി പെരുമാറുന്നു എന്ന തോന്നൽ ഒഴിവാക്കേണ്ടതു കൊണ്ടു മാത്രമാണ് സഹജമായ ലജ്ജ മാറ്റി വച്ചുകൊണ്ട്, എന്റെ ഉള്ളിൽ ഊറിക്കൂടുന്ന ദുഃഖം മൂടി വച്ചുകൊണ്ട്, ഞാൻ അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ലെങ്കിലും, അദ്ദേഹത്തോടു ചോദിക്കുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സ്ത്രീകൾ സംരക്ഷിക്കപ്പെടുന്നുണ്ടോ? ഐ. എ. എ സ്. ഉദ്യോഗാർസ്ഥകൾക്കുവരെ ബഹുമാനപ്പെട്ട മന്ത്രിമാരുടെ മുമ്പിൽ ചെന്നു നിന്ന് അവരുടെ സ്വന്തം ചുമതലകൾ നിർവഹിക്കാൻ ആവശ്യമായ സാഹചര്യമാണോ ഇവിടെയുള്ളത് ? മാനവീയതയെക്കുറിച്ച് വാനോളം സംസാരിക്കുന്നു. രാക്ഷസീയമായ പ്രവൃത്തികളല്ലേ ഈ നാട്ടിൽ നടക്കുന്നത് ? നാലുകൊല്ലം മുമ്പ് ഈ നാട്ടിൽ മുഴുവൻ കാർട്ടൂൺ വരച്ചില്ലേ തെരഞ്ഞെടുപ്പുവേളയിൽ ? മന്ത്രി വരുന്നു ഓടിയ്ക്കോ എന്ന്. തെരെഞ്ഞെടുപ്പ് ഇനിയും വരുന്നുണ്ട്. അന്നത്തെ ബോർഡൊക്കെ സൂക്ഷിച്ചു വച്ചിട്ടുണ്ടല്ലോ. മന്ത്രി വരുന്നു ഓടിക്കോ എന്നു ആ ബോർഡൊക്കെ ഉപയോഗിക്കാം. പക്ഷേ, അത് ഉപയോഗിക്കുന്ന ഗതികേടിലേയ്ക്ക് നമ്മുടെ നാടിന്റെ തലയെ കീഴ്ക്കാം തൂക്കായി മറിച്ചിടരുതെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്. ലൈംഗിക തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതാണ് ഈ കാലഘട്ടം. നമ്മുടെ കേരളത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരേർപ്പാട്. സാംസ്ക്കാരിക കേരളത്തിലാണ് സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്ത് സൂക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കേരളത്തിലാണ് ഇതുവരെ കണ്ടിട്ടില്ലാത്ത രീതിയിൽ ലൈംഗിക തൊഴിലാളികളെ സംഘടിപ്പിക്കുന്നത്. അവരുടെ സേവന-വേതന വ്യവസ്ഥകൾക്കായി ഓരോരുത്തർ പാടുപെട്ട് നടന്നുകൊണ്ടിരിക്കുന്നത്. അപ്പോൾ പിന്നെ ഇതും ഇതിനപ്പുറവും നടക്കും. ഉന്നതൻമാർ 'ഒരു കൊല്ലമായി കൊതി അടക്കി വയ്ക്കുന്നു' എന്നൊക്കെ സ്ത്രീയുടെ മുഖത്തു നോക്കി പറയാനുള്ള തന്റേടം ഈ നാട്ടിൽ എപ്പോൾ കിട്ടി ? ഈ ഭരണത്തിന്റെ കീഴിൽ അല്ലേ ഇതു വന്നുള്ളു ? അന്വേഷിക്കേണ്ടിയിരിക്കുന്നു. ഭാരതസ്ത്രീയുടെ ഭാവശുദ്ധിയെക്കുറിച്ച് വാനോളം വാഴ്ത്തി പാടിയ പൈതൃകം എവിടെ നഷ്ടപ്പെട്ടു എന്നുള്ളതിനെക്കുറിച്ച് ശരിക്കും അന്വേഷിക്കേണ്ടിയിരിക്കുന്നു. പഴയ ചായ കുടിയുടെ അലയടിയൊന്നും ഇവിടെ അടങ്ങിയിട്ടില്ല. അന്വേഷണം നേരാം വണ്ണം തന്നെ നടത്തണം. സുപ്രീം കോടതിയുടെ കൃത്യമായ ഉത്തരവ് നമ്മുടെ മുമ്പിലുണ്ട്. ഇതുപോലെയുള്ള സാഹചര്യങ്ങളിൽ എന്താണ് ചെയ്യേണ്ടതെന്ന് കൃത്യം കൃത്യമായി സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. ആ വിധിയുടെ പകർപ്പ് സർക്കാരിന്റെ കയ്യിൽ ഇല്ലെങ്കിൽ എന്റെ കൈവശമുണ്ട്. അതു ടേബിളിൽ വയ്ക്കാൻ ഞാൻ തയ്യാറാണ്. സുപ്രീംകോടതിയുടെ നിർണ്ണായകമായ വിധിയുള്ളപ്പോൾ പരാതി പറയാൻ സ്വല്പം വൈകിപ്പോയി എന്നുവന്നാൽ ആ പരാതിയുടെ അസ്തിത്വം അവസാനിക്കുന്ന ഏർപ്പാട് ഈ നാട്ടിൽ കേട്ടിട്ടുണ്ടോ ? എനിക്ക് വളരെ പരിമിതമായ സമയമാണുള്ളത്. പറയാനുള്ള സ്വാതന്ത്ര്യം പരിമിതമാണ്. ഇവിടെ ക്രമസമാധാന നില പൊതുവേ ശാന്തമായിരുന്നുവെന്ന് നയപ്രഖ്യാപനം പറയുന്നു. ക്രമസമാധാന നില ശാന്തമായിരുന്നുവെന്ന പ്രസ്താവന ശരിയാണോ ? ഗവർണ്ണറുടെ പ്രസംഗത്തിലെ ഏറ്റവും വലിയ തമാശയെന്നു ശ്രീ. പി.പി. തങ്കച്ചൻ ഉൾപ്പെടെയുള്ളവർ പറഞ്ഞതു ശരിയല്ലേ ? ആനത്തലയോളം വലിപ്പമുള്ള അസത്യപ്രസ്താവനകൾ പറഞ്ഞ് ആടിനെ പട്ടിയാക്കാനുള്ള വാദിയെ പ്രതിയാക്കാനുള്ള ശ്രമം ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

വിജയകരമായി തന്റെ ദൗത്യം നിർവഹിച്ചുവെന്ന തൃപ്തിയോടെ സഖാവ് പിണറായി വിജയൻ സത്യത്തെ പിണമാക്കി മാറ്റി. അതാണ് ഇവിടെ നടന്നത് .....(തടസ്സം)..... ചില കാര്യങ്ങൾ പറയേണ്ടിവരുമ്പോൾ ചില അലങ്കാരങ്ങളും ചേർത്തു പറയേണ്ടിവരും. പക്ഷേ, കൈകൾ അരിഞ്ഞ് വീഴ്ത്താൻ തക്ക അലങ്കാരമൊന്നും ഞങ്ങൾ പറയില്ല. പറയേണ്ട കാര്യങ്ങൾ മാത്രമേ പറയൂ. ആർ.എസ്.എസ്., ബി.ജെ.പി., കോൺഗ്രസ്സ് പോലീസുകാർ എന്നു മുഖ്യമന്ത്രിയുടെ പോലീസുകാരെ തരംതിരിച്ചത് ആനത്തലവട്ടം ആനന്ദനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസുകാരെക്കുറിച്ച് നിയമസഭയ്ക്കകത്ത് ഇന്ന് രാവിലെയാണ് പറഞ്ഞത്. ഇവിടെ ആർ.എസ്.എസ്. പോലീസുകാരുണ്ട്. ബി.ജെ.പി. പോലീസുകാരുണ്ട്, കോൺഗ്രസ്സുകാരുണ്ട്, മാർക്സിസ്റ്റ് പോലീസുകാരെപ്പറ്റി പറഞ്ഞിട്ടില്ല. പറയുകയില്ല. കാരണം മാർക്സിസ്റ്റ് പോലീസുകാർ ഇവിടെയില്ല. അങ്ങനെ പറയേണ്ടിവരുമ്പോൾ നായനാർ പോലീസ്, അച്യുതാനന്ദൻ പോലീസ്, പിണറായി പോലീസ്, കോടിയേരി പോലീസ്, ഒടുവിൽ വർക്കല പോലീസ്, അല്ലെങ്കിൽ 'പൊട്ടൻ' പോലീസ് എന്നൊക്കെ പറയേണ്ടി വരും. പോലീസിനെപ്പറ്റി പറയാൻവേണ്ടി ആ തരത്തിലുള്ള വിശേഷങ്ങളൊക്കെ ഉപയോഗിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് തന്നെയാകാം അദ്ദേഹം മാർക്സിസ്റ്റ് പോലീസിനെക്കുറിച്ച് പറയാതിരുന്നത്. രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ കേരളം ഗതിമുട്ടിയിരിക്കുകയാണ്. നയപ്രഖ്യാപനപ്രസംഗത്തിൽ അതൊന്ന് തൊടാതെ പോകാൻ സാധ്യമാകുമായിരുന്നില്ല. രാഷ്ട്രീയ കൊലപാതകങ്ങളൊക്കെ സ്വല്പം കൂടിപ്പോയെങ്കിലും ഞങ്ങൾ അതൊക്കെ നിയന്ത്രിച്ചുകൊണ്ടുവരികയാണെന്നാണ് പറഞ്ഞത്. അപ്പോൾ സത്യം സമ്മതിച്ചു. രാഷ്ട്രീയ സംഘട്ടനങ്ങൾ കൂടിയിരിക്കുകയാണെന്നു പറഞ്ഞ്. സെന്റ് തോമസ്സ് കോളേജിൽ, എസ്.ബി. കോളേജിൽ, കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ, കൊല്ലം എസ്.എൻ. കോളേജിലൊക്കെ എന്താണ് നടന്നത് ? കൊല്ലം എസ്.എൻ കോളേജിനെ കുറിച്ച് പലരും പറഞ്ഞല്ലോ. വിമാനറാഞ്ചികളെക്കാൾ ക്രൂരമായിട്ടില്ല എസ്.എൻ. കോളേജിലെ പ്രിൻസിപ്പാളിനെ 12 മണിക്കൂർ നേരം വെള്ളം കുടിക്കാൻപോലും പുറത്തുവിടാതെ തടഞ്ഞുവച്ച് തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ ഒപ്പിടുവിച്ചത് ? രാഷ്ട്രീയ സമ്മർദ്ദത്തിന്റെ പുറത്തുനിന്നുകൊണ്ടാണത്. ഇതാണോ ഇവിടത്തെ ക്രമസമാധാനം പൊതുവെ ശാന്തമായി നിൽക്കുന്നതിന്റെ തെളിവ് ? ഹരിപ്പാട് സതീഷ്കുമാറിനെ ചവിട്ടി കൊന്നില്ലേ ? കൊല്ലം ഡി.സി.സി.ഓഫീസിൽ അതിക്രമിച്ച് കയറിയില്ലേ ? ഞാൻ വിശദീകരിക്കുന്നില്ല. ഇതൊക്കെ ഇവിടെ പറഞ്ഞു കഴിഞ്ഞതാണ്. ശ്രീ. കെ.സി. വേണുഗോപാലിനെ ബൂട്ട്സ് ഇട്ട് മർമ്മം നോക്കി ചവിട്ടി കൊല്ലാൻ നോക്കിയില്ലേ ? എന്നിട്ട് അതിനു ഒരു ഖേദപ്രകടനം നടത്തിയത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെട്ടതിനുശേഷം മാത്രമല്ലേ ? അദ്ദേഹത്തിനു ഒരു വിശദീകരണത്തിനു സമയം കൊടുത്തിട്ട് ഒരു ഖേദപ്രകടനം നടത്താനുള്ള സാമാന്യ മര്യാദ കാണിച്ചത് നിർബന്ധപൂർവ്വം പ്രതിപക്ഷ ആവശ്യപ്പെട്ടതിനുശേഷം മാത്രമായിരുന്നല്ലേ ? ആരെങ്കിലുമായിക്കൊള്ളട്ടെ പത്മനാഭസ്വാമി ക്ഷേത്രത്തിലെ കുളത്തിൽ ഒരാളെ മുക്കിക്കൊല്ലുന്നത് കണ്ണെടുക്കാതെ പോലീസ് നോക്കിക്കൊണ്ട് നിന്നില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ഇഷ്ടംപോലെ ന്യായീകരണങ്ങളുണ്ടാകും. പത്മനാഭസ്വാമി ക്ഷേത്രത്തിലെ വാച്ചറെയാണ് ജനം നോക്കിനിൽക്കെ ഒരുത്തൻ വെള്ളത്തിൽ മുക്കിക്കൊന്നത്. ഏറ്റവുമൊടുവിൽ ലൈവായിട്ട് ടി.വിയിൽക്കൂടിയൊക്കെ രംഗം ചിത്രീകരിച്ചു. മനസ്സാക്ഷിയുള്ളവന്റെ ഇടനെഞ്ച് പൊട്ടുകയാണ്. ഏറ്റവും ഒടുവിലാണ് ജനകീയപോലീസിനെക്കുറിച്ചുള്ള പ്രസ്താവനയൊക്കെ വന്നത്. പ്രതിപക്ഷനേതാവിന്റെ സ്പെസിഫിക്കായിട്ടുള്ള ചോദ്യം ഇന്ന് രാവിലെ ചോദ്യോത്തരവേളയിലുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചത് ഇതിന്റെ കരട്, ലാ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയതാണോ, മന്ത്രിസഭ ചർച്ച ചെയ്തതാണോ എന്നുള്ളതായിരുന്നു. ആണെന്നോ അല്ലെന്നോ മറുപടി പറഞ്ഞാൽ മതി. ലാ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയോ, മന്ത്രിസഭ ചർച്ച ചെയ്തോ; ചോദ്യം സ്പെസിഫിക്കായിരുന്നു. അപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പെസിഫിക്കായിട്ട് തന്നെ ഉത്തരം പറയുന്നുവെന്ന് പറഞ്ഞിട്ട് പറഞ്ഞത് ചർച്ച ചെയ്തിട്ടേ പാസാക്കൂവെന്നാണ്. ചോദ്യം അതല്ലായിരുന്നു. കരട് കോപ്പി ആര് തയ്യാറാക്കി ? ലാ ഡിപ്പാർട്ടുമെന്റാണോ ? അതോ മന്ത്രിസഭ ചർച്ച ചെയ്തോ എന്നുള്ളതായിരുന്നു. പൂച്ച കണ്ണടച്ച് പാൽ കുടിക്കുന്നതുപോലെയാണ് ഓരോ ഏർപ്പാടുകൾ. സൽഭരണത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെ സൽഭരണമല്ല നടക്കുന്നത്, പഴയ സെൽഭരണമാണ്. പണ്ടത്തെ സെൽ ഭരണം ജനങ്ങൾ മറന്നിട്ടില്ല. ആ സെൽഭരണത്തെ സൽഭരണമാക്കി ചിത്രീകരിക്കാൻ ശ്രമിച്ചാൽ നടക്കില്ല. വർഗ്ഗീയ കലാപമുണ്ടാക്കുന്നത് ആരാണ് ? അപ്പുറത്തുനിന്ന് സംസാരിച്ച ആളുകൾ മുഴുവൻ ശ്രീനാരായണ തത്വങ്ങളെക്കുറിച്ചൊക്കെ വാനോളം വാഴ്ത്തി പാടിയല്ലോ. ഞങ്ങൾക്കാർക്കും ഒരു ആക്ഷേപവുമില്ല. കേരളം കണ്ട മഹത്തായ ഒരു പ്രതിഭയാണ് ശ്രീനാരായണഗുരുവെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. പക്ഷേ, എന്തോ പാപം ചെയ്തിട്ട് കുമ്പസരിക്കുന്നതുപോലെ നിയമസഭയിൽ വന്ന് ഇടതുപക്ഷ മുന്നണിയിലെ ഓരോരുത്തരും ശ്രീ നാരായണഗുരുവിനെ തൊട്ട് കളിക്കല്ലെയെന്ന് ഇങ്ങോട്ട് നോക്കി പറയുന്നത് കേട്ടാൽ തോന്നും ഇവിടെ ആരോ ശ്രീനാരായണഗുരുവിനെ പുലഭ്യം പറഞ്ഞിരിക്കുകയാണ് എന്ന്, കുറ്റംബോധംകൊണ്ടുമാത്രം ഓരോന്ന് സംസാരിക്കുമ്പോൾ സൂക്ഷിക്കണം. ഞാനൊന്ന് ചോദിക്കട്ടെ, മന്നത്ത് പത്മനാഭനെ ഗോവിന്ദപിള്ളയെക്കൊണ്ട് പുലഭ്യം പറയിപ്പിച്ചില്ലേ ? ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്തത് ആരാണ് എന്ന് നിങ്ങൾക്കറിയില്ലേ ? തകർത്തത് ആരാണ് ? സ്ഥാനത്തും അസ്ഥാനത്തുമൊക്കെ സവർണ്ണനെന്നും അവർണ്ണനെന്നും പറഞ്ഞ് പറഞ്ഞ് ചെരങ്ങ് നുള്ളി സമുദ്രമാക്കരുത്. അങ്ങനെ സവർണ്ണനേയും അവർണ്ണനേയും കൊണ്ടുനടന്ന് ചെരങ്ങ് മാന്തി പൊളിച്ച് സമുദ്രമാക്കുന്ന പ്രക്രീയ നിങ്ങൾ നടത്തിയാൽ ഞങ്ങൾ സമ്മതിച്ചുതരില്ല. ഒടുവിൽ ഒരു മന്ത്രി നാണം കെട്ട പെണ്ണ് കേസ്സിൽ കുടുങ്ങി പുറത്ത് പോകുമ്പോഴും പിന്നോക്കവും മുന്നോക്കവും വലിച്ചിഴക്കാൻ ശ്രമിച്ചതാരാണ് ? വ്യഭിചരിക്കപ്പെടുന്ന സത്യത്തിന്റെ ശക്തി. ഇത് അറിയാൻ പോകുന്നതേയുള്ളൂ. സത്യത്തെ കുഴിച്ച് മൂടാമെന്നൊന്നും ആരും വ്യാമോഹിക്കണ്ട. അത് ഇവിടെ നടക്കുകയില്ല. എന്നായാലും സത്യം സത്യമായിതെളിയുമെന്നുള്ളത് ഉറപ്പാണ്. എന്റെ സർക്കാർ സമാരംഭിച്ച അധികാര വികേന്ദ്രീകരണ പ്രക്രീയ സംസ്ഥാനത്ത് മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തുടനീളമുണ്ടായിട്ടുള്ള ഒരു സമീപകാല മുഖ്യ പരിഷ്കരണ പ്രതിഭാസമായി മാറികൊണ്ടിരിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിലെ മറ്റൊരു വാചകമാണ് സമീപകാല മുഖ്യപരിഷ്കരണ പ്രതിഭാസം. നിങ്ങൾക്ക് നാണമില്ലേ ആരാന്റേയും കുഞ്ഞിനെ തോളിലേറ്റി നടക്കാൻ ? സമീപകാല മുഖ്യപരിഷ്കരണ പ്രതിഭാസമെന്താണ് ? ..... (തടസ്സം)..... വെളിച്ചം ദുഃഖമാണ് ഉണ്ണീ, തമസ്സല്ലോ സുഖപ്രദമെന്ന് പാടിയതിനെക്കുറിച്ച് ആർക്കെങ്കിലും സാംസ്ക്കാരികമായി വല്ലാത്ത വേലിയേറ്റമുണ്ടായിക്കാണും, അതുകൊണ്ടായിരിക്കാം വെളിച്ചത്തെ അപ്രത്യക്ഷമാക്കികളഞ്ഞത്. ഞാൻ പറഞ്ഞുവന്നത് സമീപകാല മുഖ്യപരിഷ്കരണ പ്രതിഭാസം എന്റെ വാക്കുകളല്ല. ഇത് ഗവർണ്ണറെക്കൊണ്ട് നിങ്ങൾ പറയിപ്പിച്ച വാക്കുകളാണ് ഇത് ഇങ്ങനെ അവകാശപ്പെടാൻ നാണമാവില്ലേ ? ഇത് പഞ്ചായത്ത് രാജ് ആക്ടിന്റെ ഫലമായുണ്ടായിട്ടുള്ള അധികാരവികേന്ദ്രീകരണത്തിന്റെ സത്ഫലമല്ലേ ? പഞ്ചായത്ത് രാജ് ആക്ട് ഇങ്ങോട്ട് വന്നില്ലായിരുന്നുവെങ്കിൽ ഓംപുട്സ്മാനെ കുറിച്ചും അപ്പലേറ്റ് ട്രിബ്യൂണലിനെക്കുറിച്ചും ആഡിറ്റ് കമ്മീഷനെകുറിച്ചുമൊക്കെ ഈ വർഷംതന്നെ ഉണ്ടാകുമെന്ന് ഊറ്റം കൊള്ളാൻ പറ്റുന്ന തരത്തിൽ എന്തെങ്കിലും പറയാൻ നിങ്ങൾക്ക് കഴിയുമായിരുന്നോ ? ഈ പറഞ്ഞ കാര്യങ്ങളൊക്കെ കോഴിക്ക് മുല വരുന്നുവെന്ന സ്റ്റൈലിൽ പറയുന്ന കാര്യങ്ങളല്ലാതെ ഇത് എന്തെങ്കിലും നടപ്പിലാക്കാൻ നിങ്ങളാരെങ്കിലും വിചാരിച്ചിട്ടുള്ള കാര്യങ്ങളാണോ ? ബഹുമാനപ്പെട്ട അനിരുദ്ധൻ ഇവിടെ കുഞ്ഞുലക്ഷ്മിയുടെ കാര്യം പറഞ്ഞല്ലോ. കുഞ്ഞുലക്ഷ്മിയും രണ്ട് കുട്ടികളും. കുഞ്ഞുലക്ഷമി വിധവയാണ്. അവരെ നീക്കിനിറുത്തികൊണ്ട് ഇവർക്ക് ആദ്യം വീട് കൊടുക്കണമെന്ന് പിന്നീട് വീട് കൊടുക്കുന്നവനും കൂടി ചേർന്നിരുന്ന് തീരുമാനിക്കുന്ന ഏർപ്പാടിനെക്കുറിച്ചൊക്കെ പറഞ്ഞല്ലോ. ഇത് ജനകീയാസൂത്രണമാണോ ? പഞ്ചായത്ത് രാജ് ആക്ടാണോ ? ഗ്രാമസഭകൂടി ഈ വക കാര്യങ്ങൾ തീരുമാനിക്കണമെന്ന് ഉറപ്പിച്ച് താഴെത്തട്ടിലേക്ക് അധികാരം പങ്കുവച്ചു കൊടുത്ത പഞ്ചായത്ത്രാജ് ആക്ട് 1994-ൽ പാസ്സായി. 1995-ൽ അതിനനുസരിച്ച് തെരഞ്ഞെടുപ്പ് നടന്നില്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് സമീപകാല മുഖ്യപരിഷ്കരണ പ്രതിഭാസവും എഴുന്നള്ളിച്ചുകൊണ്ട് നടക്കാൻ കഴിയുമായിരുന്നോ ? പ്രതിഭാസത്തെക്കുറിച്ചൊക്കെ അത്രയൊക്കെ ഊറ്റം കൊണ്ടാൽ മതി. കംപ്യൂട്ടർ മുഖാന്തിരം ബന്ധിപ്പിക്കുന്ന വിനിമയ ശൃംഖല ഈ വർഷം തന്നെ ഉണ്ടാകുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എം.എൽ.എ.മാർക്ക് കംപ്യൂട്ടർ കോഴ്സ് നടത്തിയതിന്റെ മധുരോപകാര സ്മരണകളുമായിട്ടാണ് ഞങ്ങൾ നിൽക്കുന്നത്. 1999-ൽ തന്നെ പേഴ്സണൽ കംപ്യൂട്ടർ എല്ലാ എം.എൽ.എ. മാർക്കും സ്വന്തം. കംപ്യൂട്ടർ വിപ്ലവം വരികയാണ്. എല്ലാവരും കംപ്യൂട്ടർ പോക്കറ്റിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടാകുമല്ലോ. ഭരണ സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർക്കുപോലും ഏത് രീതിയിൽ ഭരണസംവിധാനം .....

ശ്രീ. എൻ. അനിരുദ്ധൻ : സർ, ചെയറിനെതിരെ ദുഃസൂചനയോടുകൂടി സംസാരിക്കുന്നത് ഓർഡറിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, ഇവിടെ ഞാൻ അനിരുദ്ധന്റെ കുഞ്ഞുലക്ഷ്മിയെ പതുക്കെ തലോടിയതുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിനുണ്ടായ പേഴ്സണൽ വിരോധം തീർക്കാൻ വേണ്ടിയാണ് ആവശ്യമില്ലാതെ ഒരു ആരോപണവുമായി അദ്ദേഹം എഴുന്നേറ്റത്. അങ്ങേയ്ക്കെതിരെ ഒരക്ഷരം ഞാൻ ശബ്ദിച്ചിട്ടില്ല, സർക്കാർ ആവശ്യത്തിന് പണം കൊടുത്ത് എം.എൽ.എ.മാർക്ക് പേഴ്സണൽ കംപ്യൂട്ടർ ഉണ്ടാക്കിതരുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഇപ്പുറത്തെ എം.എൽ.എ.മാർ ഇരുന്നത്. ഇനി അപ്പുറത്തെ എം.എൽ.എ.മാരുടെ വിചാരം ഇപ്പോൾ എനിക്ക് സംശയം ഇനി എന്താണെന്നാണ് ; അതിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചുവെന്നുള്ളത് മാത്രമാണ്. അല്ലാതെ മനസ്സാവാചാ കർമ്മണാ അങ്ങയെപ്പറ്റി ദുഃസൂചനയോടുകൂടി ഒന്നും സംസാരിച്ചിട്ടില്ല. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ചിലതൊക്കെ പറയുന്നുണ്ട്. അവിടെയൊക്കെ നടപടികൾ കൈക്കൊള്ളും, പരിഗണനയിലാണ്, പരിഗണനയിലുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. സമഗ്രമായ ഒരു നിയമം സർക്കാരിന്റെ പരിഗണനയിലാണ്. ഇങ്ങനെ ഓരോരോ പരിഗണനയെക്കുറിച്ച് കേട്ടപ്പോൾ വലിയേട്ടന്റെ പരിഗണനയ്ക്കുവേണ്ടി മറിനിൽക്കുന്ന കുഞ്ഞനിയനെ എനിക്ക് ശരിക്കും ഓർമ്മ വന്നു. സർ, വിദ്യാഭ്യാസത്തെ സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് അൺഎയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു കൊടുക്കാനായിട്ട് ആലോചിക്കുന്നുവെന്ന് വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവന പുറത്തു വായിച്ചു. അൺഎയ്ഡഡ് സ്കൂളുകളിൽ ഇത് കൊടുക്കുമോ എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ സമ്മേളനത്തിൽ ഒരിക്കൽ ഇവിടെ വച്ച് ചോദിച്ചപ്പോൾ ഒരു കാരണവശാലും അത് കൊടുക്കുകയില്ലാത്തമട്ടിൽ മറുപടി പറഞ്ഞ് സർക്കാരിന് ഇപ്പോൾ കാശില്ലാത്ത ഗതികേടിൽപ്പെട്ട് നട്ടംതിരിയുമ്പോൾ മാന്യമായി നടക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു കൊടുക്കാമെന്ന് തോന്നൽ ഉണ്ടായിട്ടുണ്ടെങ്കിൽ അത് നന്ന്. പക്ഷേ ഈ കുഞ്ഞനിയനെ വല്യേട്ടൻ സമ്മതിക്കുമോ ഇല്ലയോയെന്നുള്ളത് കണ്ടറിയേണ്ടതാണ്. പി.ഡി.സി. അടുത്ത വർഷം നിർത്തുമെന്ന ഒരു പ്രഖ്യാപനം വേറെ കണ്ടു. പി.ഡി.സി. മൂന്നുകൊല്ലം കൊണ്ട് അടർത്തുമെന്നുള്ളത് സർക്കാരിന്റെ തീരുമാനമായിരുന്നു. അതൊക്കെ അവിടെയിരിക്കട്ടെ. ഇപ്പോൾ ഒരു വിവാദം നടക്കുന്നുണ്ട്. 40 മണിക്കൂർ അദ്ധ്യയന സമയം കോളേജിലെ അദ്ധ്യാപകർക്കു വേണം യു.ജി.സി. സ്കെയിൽ കൊടുക്കണമെങ്കിൽ 40 മണിക്കൂർ വേണം. 40 മണിക്കൂർ എങ്ങനെ വേണമെന്ന് അറിയിക്കാനായിട്ട് വിദ്യാഭ്യാസ മന്ത്രിതന്നെ ചിലതൊക്കെ കണക്കുകൂട്ടി പറഞ്ഞു. 9 മണിമുതൽ നാലര വരെ ഉച്ചയ്ക്ക് അര മണിക്കൂർ മാത്രം ഇന്റർവെൽ കൊടുത്തുകൊണ്ട്, എന്നാലും 35 മണിക്കൂറേ തികയൂ. ബാക്കി 5 മണിക്കൂർ പ്രിൻസിപ്പാൾ എങ്ങനെയെങ്കിലും കൂട്ടി തിട്ടപ്പെടുത്തി എടുക്കുകയെന്ന് പറയുകയാണ്. മുകളിൽ നിന്നും താഴെനിന്നും വശങ്ങളിൽ നിന്നുമൊക്കെ കൂട്ടിയിട്ട് കൂട്ടൽ ശരിയാകുന്നില്ലെന്നു കണ്ടപ്പോൾ സർക്കാർ പാവപ്പെട്ട പ്രിൻസിപ്പാളിന്റെ നേർക്ക് ഉത്തരവാദിത്വം ഇട്ടെറിഞ്ഞ് കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

40 മണിക്കൂർ 5 ദിവസംകൊണ്ടോ 6 ദിവസം കൊണ്ടോ ഉണ്ടാക്കേണ്ട ഗതികേട് പ്രിൻസിപ്പാൾമാർക്കാണെന്ന് പറഞ്ഞുകൊണ്ട് ഇവിടെ കോളേജിലെ അദ്ധ്യാപകർ ഒരോ ആഴ്ചയിലും എത്ര മണിക്കൂർ പഠിപ്പിക്കുന്നുവെന്ന് അവർക്ക് ശമ്പളം കൊടുക്കണമെങ്കിൽ എഴുതി അറിയിക്കണമെന്ന് ഉത്തരവ് വന്നിരിക്കുന്നു. ഓരോ ആഴ്ചയിലും പ്രിൻസിപ്പാളിന്റെ ജോലി അദ്ധ്യാപകർ എത്ര മണിക്കൂർ പഠിപ്പിച്ചുവെന്ന് നോക്കലാണ്. സെക്രട്ടറി എത്ര മണിക്കൂർ ഫയൽ നോക്കി, അല്ലെങ്കിൽ അവർ എത്ര മണിക്കൂർ ഫയൽ വച്ച് താമസിപ്പിച്ചുയെന്ന് പറഞ്ഞ് ഗവൺമെന്റ് ശമ്പളം കട്ട് ചെയ്യുമോ ? ഈ മണിക്കൂറുകൾ വച്ച് അതിൽ കുറവുണ്ടെങ്കിൽ ശമ്പളം കട്ട് ചെയ്യാനാണ് ഉത്തരവ് വന്നിരിക്കുന്നത്. ഞാൻ പറയട്ടെ, 1996 ഒടുവിൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു കോളേജിൽ നിന്ന് റിട്ടയർ ചെയ്ത നിയമസഭാംഗമായ ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ.യുടെ പെൻഷൻ അവർ അവസാനം വാങ്ങിക്കേണ്ട ശമ്പളത്തിൽ വച്ച് ഫിക്സ് ചെയ്ത് കൊടുത്തത് 1999 നവംബർ പകുതി കഴിഞ്ഞിട്ടാണ്. 1996 അവസാനം റിട്ടയർ ചെയ്ത അദ്ധ്യാപികയ്ക്ക് ന്യായമായി കിട്ടേണ്ട പെൻഷൻ തീരുമാനിച്ച് കൊടുത്തത് ക്യാബിനറ്റ് വരെ ഇടപെട്ടിട്ടാണ്. ഭരണകക്ഷിയിൽപ്പെട്ട അംഗമാണ്. പ്രതിപക്ഷത്തെ ആളല്ല. ഭരണകക്ഷിയിലെ അംഗമായിട്ടുള്ള എം.എൽ.എ.ക്ക് ന്യായമായി കിട്ടേണ്ട പെൻഷൻ അനുവദിച്ച് കൊടുക്കാൻ എല്ലാ ഫയലുകളും കെട്ടിപൂട്ടിയെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ക്യാബിനറ്റിൽ വച്ച് 1999 നവംബർ പകുതി കഴിഞ്ഞ് ഡിസിഷനിലേയ്ക്ക് നയിക്കുന്ന ഒരു തീരുമാനം എടുക്കേണ്ടി വന്നു. അതാണിവിടുത്തെ സർക്കാർ ഫയലുകളുടെ പോക്ക്. ആ സ്ഥിതിയിലാണ് ഈ വകുപ്പ് ഭരിക്കുന്ന കലാശാലകളിലെ പ്രിൻസിപ്പാൾമാർ വേണ്ടിവന്നാൽ ശമ്പളം കട്ട് ചെയ്യണമെന്ന് പറയുന്നത്. പുതിയ വ്യവസായങ്ങളെക്കുറിച്ചൊക്കെയുള്ള പ്രഖ്യാപനങ്ങൾ വിദേശയാത്രകളിലും അത് കഴിഞ്ഞ് വരുന്ന പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിച്ചിട്ട് നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുന്ന ജനങ്ങളെക്കൊണ്ട് തിങ്ങുന്ന ഒരു പ്രദേശം. ജനകീയാസൂത്രണത്തിൽ കോടിക്കണക്കിനു രൂപയുടെ ദുർവിനിയോഗമാണ് നടക്കുന്നത്. വാർഷികപദ്ധതിക്ക് തുക വകയിരുത്തുന്നതിൽ നാമമാത്രമായ വർദ്ധനവേ ഉണ്ടാകുന്നുള്ളൂ. തുക ലാപ്സാകുന്നില്ലേ? ഇന്ന് കേരളകൗമുദി പത്രത്തിലാണ് 423.26 കോടി രൂപയുടെ പദ്ധതി ആരോഗ്യവകുപ്പിന് നഷ്ടമായതായിട്ട് വാർത്ത വന്നത്. ലോകബാങ്കിന്റെ അടുക്കൽ നേരിട്ട് പോയി, കേന്ദ്ര സർക്കാർ അനുവദിക്കില്ലെന്ന് കണ്ടപ്പോൾ, കേന്ദ്രസർക്കാർ നമുക്ക് പുച്ഛമാണെന്ന മട്ടിൽ, ലോകബാങ്കിന്റെ അടുക്കൽ പോയി ഈ കാശ് കടംവാങ്ങാമെന്ന് വിചാരിച്ചു. ശ്രീ. അനിരുദ്ധൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞതാണ്. വളരെ നാടകീയമായി തലയൊക്കെ കുലുക്കി അല്ലേ 'ലോകബാങ്കിൽ നിന്ന്' കൊണ്ടുവരില്ലയെന്നൊക്കെ പറഞ്ഞത് ? ആ ലോകബാങ്കിന്റെ പിന്നാലെ എന്തിനാണ് പോയത് ? ഈ 423.26 കോടി രൂപയെ സംബന്ധിച്ച് കേരള കൗമുദി പത്രത്തിൽ എഴുതിയിട്ടുണ്ട്. വായിച്ചു നോക്ക്. കേന്ദ്രഗവൺമെന്റിന്റെ അനുവാദം കിട്ടുകയില്ലെന്നു കണ്ടപ്പോൾ സ്വകാര്യമായിട്ട് ലോകബാങ്കിനെ സമീപിക്കാൻ നോക്കി. ലോകബാങ്ക് പറഞ്ഞു പ്രോപ്പർ

LIBRARY ARCHIVES Kerala Legislative Assembly

ചാനലിൽ വരട്ടെ. കേന്ദ്രഗവൺമെന്റ് സമ്മതിച്ചാൽ പണം തരാം. ഇപ്പോൾ ലോകബാങ്കിനോട് അയിത്തമൊന്നുമില്ല. സമ്പൂർണ്ണ സാക്ഷരതാ പദ്ധതി ആണെങ്കിലും കുടുംബാസൂത്രണ പദ്ധതിയാണെങ്കിലും ഒക്കെ ആരംഭിച്ചത് ആരാണെന്ന് ഞങ്ങൾക്കൊക്കെ അറിയാം. കേരളാ കോൺഗ്രസ് ഒഴികെ ബാക്കി എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും മന്ത്രിമാർ ഈ സുസ്ഥിരഭരണത്തിൻ കീഴിൽ മാറിയില്ലേ ? ഭരണമുന്നണിയിൽനിന്നും മാറിയ 6-ാമത്തെ ആളല്ല ഇപ്പോൾ ഒടുവിൽ മാറിയ ആള് ? ഗജമേള വന്നപ്പോൾ കേരളാകോൺഗ്രസ് മന്ത്രിക്ക് ഇളക്കം വരാൻ തുടങ്ങിയതാണ്, പക്ഷേ, അദ്ദേഹം എങ്ങനെയോ പിടിച്ച് അങ്ങനെ ഉറച്ചു നിൽക്കുന്നുവെന്ന് മാത്രം. ഇഷ്ടംപോലെ അഴിമതികൾ നടക്കുന്ന നമ്മുടെ നാട്ടിൽ ഹൈക്കോടതിക്ക് തീപിടിച്ചാൽ പോലും ഒന്നും സംഭവിക്കാത്ത നമ്മുടെ നാട്ടിൽ, സെക്രട്ടേറിയറ്റിലേയ്ക്ക് സത്യൻ മൊകേരി മാർച്ച് നടത്തുന്ന ഈ നാട്ടിൽ, ആ മാർച്ചിന്റെ അലയൊലികൾ അങ്ങ് വടക്ക് നിന്ന് ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ, ഈ നയപ്രഖ്യാപനപ്രസംഗത്തിന് നന്ദി പറഞ്ഞുകൊണ്ടുള്ള പ്രമേയം ശ്രീ. ആനത്തലവട്ടം ആനന്ദൻ അല്ല ആര് അവതരിപ്പിച്ചാലും അനുകൂലിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അതിനെ ഒരിക്കൽകൂടി ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2000 ഫെബ്രുവരി 22-ാം തീയതി ചൊവ്വാഴ്ച വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly